ഒ മ്പ താം പ ദ്ധ തി ജ ന കീ യ പ ദ്ധ തി

അടാട്ട് ഗ്രാമപഞ്ചായത്ത്



വികസനരേഖ



86-1

3

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

വികസന രേഖ

അടാട്ട് ഗ്രാമ പഞ്ചായത്ത്

1996

എഡിറ്റർ
കെ.ജയസൂര്യ

പത്രാധിപ സമിതി
പി.ഡി.പ്രതീഷ്
മണികണ്ഠൻ. എൻ.എസ്.
ബൈജു ആൻറണി
ബിനയ് ബോസ്. ഇ.സി.
തൃതീഷ് കുമാർ. പി.ബി.

കീ നിസോഴ്സ് പേഴ്സൺ
സി.എൽ. സൈമൺ മാസ്റ്റർ

പ്രിൻറിംഗ്
മാർസ് കമ്മ്യൂണിക്കേഷൻസ്, തൃശ്ശൂർ. ✆ 336793



ചന്ദ്രികാ ചന്ദ്രൻ,
പ്രസിഡണ്ട്,
അടാട്ട് ഗ്രാമപഞ്ചായത്ത്

പ്രിയമുള്ളവരെ

'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന നൂതനകാഴ്ചപ്പാട് ഇവിടെ പ്രാവർത്തികമാവുകയാണല്ലൊ. ഏത് പദ്ധതിയും ആത്യന്തികമായി വിജയിക്കണമെങ്കിൽ ജനങ്ങളുടെ നിസ്വാർത്ഥമായ സഹകരണം കൊണ്ടേ കഴിയൂ. സംസ്കാരമുള്ളവരിലേ നിസ്വാർത്ഥതയും സ്നേഹവും, ഐക്യബോധവും വികസിതമാവൂ. മനുഷ്യന്റെ ഉൾത്തടങ്ങളിൽ നിന്നുറിവരുന്ന സ്നേഹത്തിന്റെ കണികകൾ ഒന്നിക്കുമ്പോൾ ഒരു കൈത്തോടുപോലെ, പിന്നീട് നദിയെപ്പോലെ സകല പ്രതിബന്ധങ്ങളെയും തട്ടി മാറ്റി ഹൃദയങ്ങളിൽനിന്ന് ഹൃദയങ്ങളിലേക്ക് മാനവികത ശക്തിയായി ഒഴുകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സമൂഹജീവിയായ മനുഷ്യൻ – എത്രയൊക്കെ സമ്പന്നനെങ്കിലും ഒറ്റയ്ക്ക് ഒരു നിലനില്പ് ദുഷ്കരമാണ്. മനസ്സിൽ സ്നേഹത്തിന്റെ നീരുറവയില്ലെങ്കിൽ, മറ്റെന്തൊക്കെയുണ്ടെങ്കിലും അയാൾ ദരിദ്രനാണ്. ജനിമൃതികൾക്കിടയിൽ ജീവിതം എന്ന മഹത്തായ പദ്ധതി തുടരുന്നു. വരും തലമുറയക്കുവേണ്ടി വേരുകളിൽ നിന്ന് ഊർജ്ജം ഉൾകൊണ്ട് ഒരു പുതിയ കരുത്ത് ഇവിടെ ആവിർഭവിക്കുകയാണ്. ഒറ്റപ്പെട്ട തുരുത്തുകളിൽ ശാന്തി ലഭിക്കാതെ അസ്വസ്ഥമാകുന്ന ഒരു ജനതയാണെവിടെയും. പരസ്പരം ശത്രുത പുലർത്തുന്നതിനേക്കാൾ എത്രയോ സുഖദമാണ് പരസ്പരം സ്നേഹിക്കുകയെന്നത്. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ മനുഷ്യന് അന്യമാകുന്നത് ഈ 'സ്നേഹമാണ്'. ഭൂമിയിൽ സ്വർഗവും, നരകവും സൃഷ്ടിക്കാൻ മനുഷ്യനു കഴിയും.

ചുരുങ്ങിയ സമയം കൊണ്ട് വികസനറിപ്പോർട്ട് തയ്യാറാക്കാൻ ഏറെപ്പേർ അഹോരാത്രം പരിശ്രമിച്ചിട്ടുണ്ട്. ഇതിൽനിന്ന് ഒന്നു മനസ്സിലായി. ഭഏത്ര വിഷമം പിടിച്ച ജോലിയും കൂട്ടായ്മയുണ്ടെങ്കിൽ വളരെ എളുപ്പമായിരിക്കും' എന്ന്. സാംസ്കാരികമായി ഉയർന്നു നില്ക്കുന്ന ഈ പഞ്ചായത്തിൽ ഞാനധികം കാണുന്നത് ഉത്തമജനങ്ങളെയാണ്. ഓരോ മനുഷ്യന്റെയും പ്രവൃത്തികളാണല്ലൊ അവനെ അധമനും ഉത്തമനുമാക്കുന്നത്. എത്ര വലിയ പദ്ധതികളും ഇഛാശക്തിയും, ജ്ഞാനശക്തിയും, ക്രിയാശക്തിയും ഒത്തിണങ്ങിയ ഓരോ മനുഷ്യരും വിചാരിച്ചാൽ വലിയ വിജയമാക്കി മാറ്റാനാവുമെന്നതിൽ സംശയമില്ല. അടിസ്ഥാനപരമായി കൃഷിയും, ചെറുകിട വ്യവസായങ്ങളും വികസിച്ചെങ്കിൽ മാത്രമെ നാടിന്റെ സാമ്പത്തിക സ്ഥിതിമെച്ചമാവുകയുള്ളു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ കാർഷിക രംഗത്തേക്ക് ശ്രദ്ധ കേന്ദ്രീകരിക്കണം. നവീന സാങ്കേതിക വിദ്യയുടെ സഹായം ഫലപ്രദമായി വിനിയോഗിക്കാൻ ഇന്നത്തെ യുവജനങ്ങൾ തയ്യാറാവണം. കൃഷി, വ്യവസായം, കുടിവെള്ളം, ദുർബ്ബലർക്ക് പ്രാഥമിക സൗകര്യങ്ങൾ തുടങ്ങിയവയാണ് ഒമ്പതാം പഞ്ചവത്സര പദ്ധതിയിലൂടെ ജനപങ്കാളിത്തത്തോടെ മുൻഗണനാക്രമത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

'നിങ്ങളെനിയ്ക്കേറ്റം പ്രിയമുള്ളോർ–
നിങ്ങളെനിയ്ക്കാത്മഹർഷം പകരുമ്പോൾ
സ്നേഹിക്കയില്ല ഞാനിത്രയ്ക്കഗാധമായാരെയും
എങ്കിലും സ്നേഹിച്ചു പോകുന്നുമതി മറന്നിപ്പൊഴും
വിശ്വം ജയിക്കുക നിങ്ങൾ.....
ഒരു സനേഹവിശ്വം ചമയ്ക്കുക നിങ്ങൾ...'

ഞങ്ങളോടൊപ്പം സഹകരിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി....!

ഒരിയ്ക്കൽ കൂടി അടാട്ട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം 'ജനകീയ പദ്ധതി' വിജയിപ്പിക്കാൻ പ്രതീക്ഷിച്ചുകൊണ്ട്...,

ഞങ്ങൾ ഈ വികസന റിപ്പോർട്ട് നിങ്ങൾക്കായ് സമർപ്പിക്കുന്നു.

11-11-96.

ചന്ദ്രികാ ചന്ദ്രൻ


വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. ടി.ആർ.രൻജു (കൃഷി ഓഫീസർ, അടാട്ട്)
2. ഡോ. ജെ.പി. ചിരിയങ്കണ്ടത്ത് (വെറ്റിനറി സർജൻ, പുറനാട്ടുകര)
3. ഡോ.വി.വി.ലക്ഷ്മി (പ്രൈമറി ഹെൽത്ത് സെൻറർ, അടാട്ട്)
4. പി.ബാലചന്ദ്രൻ
5. അശോകൻ പുറനാട്ടുകര
6. സി. നാരായണൻകുട്ടി
7. രാജു തോമസ്
8. പി.റ്റി.ഡേവിഡ്
9. ദാസ്കരൻ നായർ
10. ഫ്രാൻസിസ്. സി.ഡി.
11. സി.ശിവശങ്കരമേനോൻ
12. സി.എൻ. പ്രദീപ് കുമാർ
13. സി.കെ.ജോസ്
14. കെ.എസ്. മോഹനൻ
15. കെ.കെ.രാധാകൃഷ്ണൻ
16. കെ.സുധാകരൻമാസ്റ്റർ
17. യം.വി.രാജേന്ദ്രൻ
18. കെ.ബാലകൃഷ്ണൻ നായർ
19. കെ.സി.വേലായുധൻ മാസ്റ്റർ
20. കെ.ആർ.വിശാലാക്ഷി ടീച്ചർ
21. പ്രദാ ജേക്കബ്ബ്
22. ടി.എസ്.വിജയലക്ഷ്മി
23. മാധവി ഇ.കെ.
24. സരസ്വതി. കെ.എം.
25. വിലാസിനി. കെ.എ.
26. ചന്ദ്രികാ മോഹൻദാസ്
27. സാവിത്രി ചന്ദ്രൻ
28. പി.എം.രാജം ടീച്ചർ
29. എം.എൻ. മുരളീധരൻ
30. കെ.കെ.തങ്കപ്പൻ
31. റപ്പായ് അടാട്ട്
32. രാഘവൻ പി.എസ്.
33. അനന്ദൻ എം.വി.
34. എം.എ.സുബ്രഹ്മണ്യൻ
35. ബി.അയ്യപ്പൻ നായർ
36. സി.എൻ. പുരുഷോത്തമൻ
37. ഒ.ഐ.വിൻസൻറ്

വാർഡ് മെമ്പർമാർ



ടി.ഉണ്ണികൃഷ്ണൻ
ഒന്നാംവാർഡ്




പി.എൻ.മുരളീധരൻ
രണ്ടാം വാർഡ്




മോഹിനി മോഹനൻ
മൂന്നാം വാർഡ്




ജലജ വിജയൻ
അഞ്ചാം വാർഡ്



സി.എൻ.അയ്യപ്പൻ
(വൈസ് പ്രസിഡണ്ട്)
ആറാം വാർഡ്




കെ.വി.പുഷ്പൻ
ഏഴാം വാർഡ്



പി.എസ്.എൻ. നമ്പൂതിരി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
എട്ടാം വാർഡ്



മേഴ്സി ഡേവിഡ്
ഒമ്പതാം വാർഡ്



കെ.ബി.തിലകൻ
പത്താം വാർഡ്

മുൻ പ്രസിഡൻറുമാർ

കുറൂർ ദാമോദരൻ
ശങ്കരൻ നമ്പൂതിരിപ്പാട്



ജോസഫ് മാസ്റ്റർ
1930-1939



ഐ.സി.ശങ്കരൻകുട്ടി
എഴുത്തച്ഛൻ
1964-1972



കെ.പത്മജൻ
1979-1987


കുറൂർ അഷ്ടമൂർത്തി
പരമേശ്വരൻ
നമ്പൂതിരിപ്പാട്



സി.കെ.ഭട്ടതിരിപ്പാട്, അടാട്ട്
1939-1964




പി.എസ്. ഗോപാലൻ
1972-1979



സി.എസ്. രാമൻകുട്ടി
1987-1995

കെ. ജയസൂര്യ
കൺവീനർ
അടാട്ട് ഗ്രാമ പഞ്ചായത്ത്
വികസന സമിതി



JUL 7

നമ്മുടെ വികസന പ്രശ്നങ്ങൾ ഗുരുതരമാണ്. വിഭവങ്ങൾ പരിമിതവും. അതിനാൽ ഈ രണ്ടു ഘടകങ്ങളേയും സമന്വയിപ്പിച്ചുകൊണ്ട് പ്രായോഗികമായ ഒരു വികസനപാത ആവിഷ്ക്കരിക്കേണ്ടതുണ്ട്. അതിനായി ജനകീയാസൂത്രണത്തിലൂന്നിയ ഗ്രാമതല വികസന പ്രവർത്തനങ്ങളിൽ ജാതിമത കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായ ഒരു കൂട്ടായ്മ ആവശ്യമാണ്. വരും നാളുകളിൽ വിവിധങ്ങളായ പ്രശ്നങ്ങളെ നേരിടുമ്പോഴുണ്ടാകുന്ന മൂർത്തമായ സാഹചര്യങ്ങളിൽ ഈ കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യേണ്ടിവരും. ജനതയുടെ വൈകാരിക ഐക്യത്തിന്റെ പ്രതിഫലനമായി സാമൂഹ്യമായ ഒരു കൂട്ടായ്മ ഉണരേണ്ടിവരും. അപ്പോൾ മാത്രമേ ജനകീയാസൂത്രണപ്രസ്ഥാനം ഫലപ്രദവും, കുറ്റമറ്റതും, പ്രവർത്തനനിരതവും ആയിത്തീരുകയുള്ളൂ. അതിലേയ്ക്കുള്ള ഒരു നാന്ദി മാത്രമാണ് ഈ വികസന രേഖ. വരാനിരിക്കുന്ന അഞ്ചു വർഷങ്ങളിൽ നാം നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിലേയ്ക്കും അവയുടെ സാധ്യതകളിലേയ്ക്കും ഒരു കൈചൂണ്ടി.

ഈ നാടിന്റെ സമഗ്രവികസന പ്രശ്നങ്ങളിൽ പലതും ഇനിയും അറിയാനായിട്ടില്ല. അറിഞ്ഞതെല്ലാം തന്നെ പറയാനും കഴിഞ്ഞിട്ടില്ല. പറഞ്ഞതെല്ലാം തന്നെ പ്രയോജനകരങ്ങളുമല്ല. എങ്കിലും ഈ പുതിയ അവസരങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്ന പക്ഷം ഈ ഗ്രാമപഞ്ചായത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങളിൽ ഗുണപരമായ ഏറെ മാറ്റത്തിന് ജനകീയാസൂത്രണപ്രസ്ഥാനം കളമൊരുക്കും.

കെ.ജയസൂര്യ
എഡിറ്റർ

പഞ്ചായത്ത് സ്റ്റാഫ്






ടി.സി.ലക്ഷ്മി
പഞ്ചായത്ത് സെക്രട്ടറി

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതി
5. സാമൂഹ്യസാമ്പത്തിക മേഖലകൾ
   - 5.1 കൃഷി, ജലസേചനം
   - 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3 വ്യവസായം
   - 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.5 വിദ്യാഭ്യാസം
   - 5.6 കുടിവെള്ളവും, പൊതുജനാരോഗ്യവും
   - 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5.8 സംസ്ക്കാരം
   - 5.9 വനിത
   - 5.10 സഹകരണം
   - 5.11 പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം
   - 5.12 വിഭവസമാഹരണം
   - 5.13 ടൂറിസം
6. ഉപസംഹാരം

കേരളം



1. ആമുഖം


ആസൂത്രണം ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും, ആവശ്യങ്ങളുടെ പൂർത്തീകരണത്തിനുള്ള കർമ്മ പദ്ധതികൾ വികേന്ദ്രീകരണ സ്വഭാവത്തിലുള്ളതും ആകുമ്പോൾ അത് ഒരു യഥാർത്ഥ പരിപാടിയായി രൂപം പ്രാപിക്കുന്നു. അമ്പതുകളിൽ തുടങ്ങിയ ഇന്ത്യയുടെ ആസൂത്രണ പ്രക്രിയ, കേന്ദ്രീകൃതമായിരുന്നതിനാൽ ഉദ്ദേശിച്ച ഫലങ്ങൾ പൂർണ്ണമായും നേടിയിട്ടില്ല. നേടിയ ഫലങ്ങൾക്കാകട്ടെ യഥാർത്ഥത്തിൽ മുടക്കേണ്ടിയിരുന്നതിനേക്കാൾ വളരെ കൂടുതൽ റവന്യൂ ചെലവാക്കേണ്ടിയും വന്നു. സ്വന്തം നാടിന്റെ, പ്രദേശത്തിന്റെ, പരിസരത്തിന്റെ വികസനത്തിന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയേറിയ അഭിപ്രായങ്ങൾ പറയാൻ കഴിയുന്നവർക്ക് അതു പറയാനോ മുകളിലുള്ളവർക്ക് അത് കേൾക്കാനോ യാതൊരു സംവിധാനവുണ്ടായിരുന്നില്ല. ഈ സാഹചര്യം കണക്കിലെടുത്താണ് സംസ്ഥാന ഗവൺമെന്റ് ജനങ്ങളുടെ അഭിപ്രായങ്ങൾക്കും, നിർദ്ദേശങ്ങൾക്കും ആവശ്യങ്ങൾക്കും വില കല്പിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്.

ആസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡുകളിൽ നിന്നുള്ള പ്രതിനിധികൾക്കായി നമ്മുടെ പഞ്ചായത്തിൽ പരിശീലന ക്ലാസ്സുൾ നടത്തുകയും തുടർന്ന് 1996 സെപ്തംബർ 21 മുതൽ 29 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ വിശേഷാൽ ഗ്രാമസഭകൾ യോഗം ചേരുകയും കോർഗ്രൂപ്പുകൾ രൂപീകരിക്കുകയുമുണ്ടായി. വിശേഷാൽ ഗ്രാമസഭകൾ പങ്കാളിത്തത്തിന്റെ കാര്യത്തിൽ പൊതുവെ തൃപ്തികരമായിരുന്നു. ആകെ 1528 ആളുകൾ വിവിധ ഗ്രാമസഭകളിൽ പങ്കെടുക്കുകയുണ്ടായി. സ്ത്രീകളുടെ പ്രാതിനിധ്യവും പട്ടികജാതി വിഭാഗത്തിന്റെ സാന്നിധ്യവും ശ്രദ്ധേയമായിരുന്നു. അഞ്ച് ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ഗ്രൂപ്പു ചർച്ചകളും, അതിന്റെ ഫലമായി ഉരുത്തിരിഞ്ഞുവന്ന ഗ്രാമസഭാ റിപ്പോർട്ടുകളും ഈ നാടിന്റെ സമഗ്രവികസനത്തിനു തകുന്ന പല കാര്യങ്ങളും നിർദ്ദേശിക്കപ്പെട്ടവയായിരുന്നു.

തുടർന്ന് 1996 ഒക്ടോബർ 23, 24, 25 തീയതികളിൽ കുന്നംകുളം ടൗൺ ഹാളിൽ വച്ചു നടന്ന ജില്ലാതല പരിശീലനത്തിനു ശേഷം 27ന് അടാട്ടു സ്കൂളിൽ വച്ച് പഞ്ചായത്തു തല പരിശീലനം നടന്നു. 28ന് പതിനാറു പേരടങ്ങുന്ന ഒരു സംഘം ഈ പഞ്ചായത്തിന്റെ കിഴക്കേ അതിരു മുതൽ വിലങ്ങൻ കുന്നു വഴി വിവിധ ഭൂപ്രദേശങ്ങളിലൂടെ പടിഞ്ഞാറോട്ട് ഒരു പഠന പര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചു. വിവിധ ഗ്രൂപ്പുകൾ ശേഖരിച്ച പ്രാഥമിക സ്ഥിതി വിവരക്കണക്കുകളും, ദിവസങ്ങളോളം വിവിധ ഓഫീസുകളിൽ കയറിയിറങ്ങി ശേഖരിച്ച ദ്വിതീയ സ്ഥിതി വിവരക്കണക്കുകളും, പത്തു ഗ്രാമസഭകളിൽ നിന്നു ലഭിച്ച റിപ്പോർട്ടുകളും ചേർത്തുവച്ച് കോർഗ്രൂപ്പുകൾ ചർച്ച ചെയ്യുകയും അവ ക്രോഡീകരിച്ച് റിപ്പോർട്ടുകൾ എഴുതി തയ്യാറാക്കുകയും ചെയ്തു. ഒക്ടോബർ 29ന് ആരംഭിച്ച ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണവും ദ്വിതീയ സ്ഥിതിവിവരകണക്കുകളും ചേർത്ത് നവംബർ 11 വരെ പഞ്ചായത്തു ഭരണസമിതിയും മറ്റു 44 പേരടങ്ങുന്ന കോർ ഗ്രൂപ്പും രാപകലില്ലാതെ പ്രവർത്തിച്ചാണ് വികസനറിപ്പോർട്ട് തയ്യാറാക്കിയത്. അങ്ങിനെ ഈ പഞ്ചായത്തിന്റെ തനിമയായ വിവിധ ജാതിമതരാഷ്ട്രീയ വിഭാഗങ്ങളുടെ സഹകരണ മനോഭാവവും, ഒരുമയും, ഒരിക്കൽ കൂടി തെളിയിച്ചുകൊണ്ട് നമ്മുടെ വികസനറിപ്പോർട്ട് തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഇതിന് സ്തുത്യർഹമായ സേവനമനുഷ്ടിച്ച നമ്മുടെ പഞ്ചായത്തിലെ എല്ലാ ജീവനക്കാരും, അടാട്ട് കൃഷി ഓഫീസർ ശ്രീ. ടി.ആർ. രൻജുവും പുറനാട്ടുകരയിലെ വെറ്ററിനറി സർജൻ ഡോ.ജെ.പി. ചിരിയങ്കണ്ടത്തും, അടാട്ട് പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോ.വി.വി. ലക്ഷ്മിയും, അവിടുത്തെ ജീവനക്കാരും, ഈ പ്രദേശത്തെ മറ്റു സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും പ്രത്യേകമായ അഭിനന്ദനം അർഹിക്കുന്നു.

നാളെയുടെ ചരിത്രയാഥാർത്ഥ്യമാകുന്ന ജനകീയ ആസൂത്രണമെന്ന മഹായജ്ഞത്തിൽ പങ്കു ചേർന്നു എന്ന് നമുക്ക് അഭിമാനിക്കാം.


തൃശ്ശൂർ ജില്ല



2 പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	അടാട്ട് ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഹെഡ്ക്വാർട്ടേഴ്സ്	:	പുറനാട്ടുകര
ഉൾപ്പെടുന്ന വില്ലേജുകൾ	:	പുറനാട്ടുകര, ചിറ്റിലപ്പിള്ളി, പുഴയ്ക്കൽ, അടാട്ട്
ബ്ലോക്ക് പഞ്ചായത്ത്	:	പുഴയ്ക്കൽ
താലൂക്ക്	:	തൃശൂർ
ജില്ല	:	തൃശൂർ
നിയമസഭ മണ്ഡലം	:	കുന്ദംകുളം
ലോകസഭ മണ്ഡലം	:	ഒറ്റപ്പാലം
വിസ്തീർണ്ണം	:	23.02 ചതുരശ്ര. കി.മീ.
അതിരുകൾ കിഴക്ക്	:	അയ്യന്തോൾ, കോലഴി
പടിഞ്ഞാറ്	:	തോളൂർ, വെങ്കിടങ്ങ്
തെക്ക്	:	അയ്യന്തോൾ, അരിമ്പൂർ
വടക്ക്	:	കൈപറമ്പ്
ജനസംഖ്യ	:	23441
സ്ത്രീ	:	12286
പു	:	11155
ജനസാന്ദ്രത	:	1018
സാക്ഷരതാ നിരക്ക്	:	96.4
വാർഡുകളുടെ എണ്ണം	:	10
സ്ത്രീ സംവരണം	:	4
പട്ടികജാതി സംവരണം	:	1
ജനറൽ	:	5
പ്രസിഡന്റിന്റെ പേര്	:	ചന്ദ്രിക ചന്ദ്രൻ
വൈസ് പ്രസിഡണ്ടിന്റെ പേര്	:	C.N. അയ്യപ്പൻ
സ്റ്റാൻന്റീംഗ് കമിറ്റി ചെയർമാൻ	:	പി.എസ്. എൻ. നമ്പൂതിരി
മറ്റു മെമ്പർമാർ	:	
വാർഡ – 1	:	ഉണ്ണികൃഷ്ണൻ ടി.
വാർഡ – 2	:	മുരളീധരൻ പി.എൻ.
വാർഡ – 3	:	മോഹനി ടീച്ചർ
വാർഡ – 5	:	ജലജാ വിജയൻ
വാർഡ – 7	:	പുഷ്പൻ കെ.വി.
വാർഡ – 9	:	മേഴ്സി ഡേവീസ്
വാർഡ – 10	:	തിലകൻ കെ.ബി.

അടാട്ട് പഞ്ചായത്ത്


ഗുരുവായൂർ
പഴംപുഴക്ഷേത്രം
കുന്ദംകുളം
ഐ.ഇ.എസ്.എസ്
വി.വി.എൽ.പി.എസ്.
തൃശ്ശൂർ
പറപ്പൂർ
അമല ആശുപത്രി
പ്രാഥമികാരോഗ്യകേന്ദ്രം
വിലങ്ങൻകുന്ന്
ജി.യു.പി.എസ്
സെൻട്രൽ സ്കൂൾ
വിദ്യുത്പീഠം
അമ്പലം
പള്ളി
ബ്ലോക്ക്
ബാങ്ക്
പഞ്ചായത്ത്
ഉടലക്കാവ്
എസ്സ്.എസ്സ്.ജി.എച്ച്.എസ്സ്.
ശ്രീരാമകൃഷ്ണ എച്ച്. എസ്സ്.
ആശ്രമം
ചെട്ടിക്കുന്ന്
അടാട്ട് കുന്ന്
സ്കൂൾ
പള്ളി
തൃശ്ശൂർ
മാണ്ടം ആമ്പക്കാട് റോഡ്
അടാട്ട് സ്കൂൾ
അമ്പലം കാവ്
കുറൂർ പാറ
പി.ഡബ്ലിയു.ഡി. റോഡ്
പഞ്ചായത്ത് റോഡ്
റെയിൽപാത

3. ചരിത്രം

തൃശൂർ ജില്ല ആസ്ഥാനത്തുനിന്നും 6 കി ലോമീറ്റർ വടക്കു പടിഞ്ഞാറു ഭാഗത്തായി സമുദ്ര നിരപ്പിൽനിന്നും താഴ്ന്ന കോൾനിലങ്ങളാൽ ചുറ്റ പ്പെട്ട്, അന്താരാഷ്ട്രപ്രശസ്തിയാർജ്ജിച്ച വില ങ്ങൻകുന്നിനേയും അടാട്ട്, ചെട്ടി എന്നീ കുന്നുക ളെയും ഉൾക്കൊണ്ട് പ്രക-തിരമണീയമായി വർത്തിക്കുന്ന പ്രദേശമാണ് അടാട്ട് ഗ്രാമപഞ്ചായ ത്ത്. ഭൂജുദൈർഘ്യം ഉദ്ദേശം 15 കി.മീ. ദൂരത്തായി തൊട്ടടുത്ത കടൽത്തീരവും 16 കി.മീ അകലത്താ യി പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ ഗുരുവായൂരും സ്ഥിതിചെയ്യുന്നു. ഫലഭൂയിഷ്ഠമായ കോൾനില ങ്ങളെ കടൽവെള്ളത്തിൽ നിന്നും സംരക്ഷിച്ചു നിർത്തുന്നത് ഏനാമാക്കൽ ചിറയാണ്.

കൃഷിയാണ് പ്രധാനതൊഴിൽ. നെല്ല്, നാ ളികേരം, അടയ്ക്ക, കുരുമുളക് എന്നീ പ്രധാനവിള കളും കൈവേല, കെട്ടിടനിർമ്മാണം, ഓഫീ സ്ജോലി, മറ്റു കൂലിപ്പണികൾ, എന്നിവ ചെയ്ത് ജീവിക്കുന്നവരും വലിയൊരു ശതമാനം വരും. ജ നസംഖ്യയുടെ ഭൂരിപക്ഷവും ഹിന്ദുക്കളും ശേഷി ക്കുന്നത് ക്രിസ്ത്യാനികളുമാണ്. അംഗുലീപരിമി തമായ സാന്നിദ്ധ്യമൊഴികെ മുസ്ലീം വിഭാഗ ത്തിൽപ്പെടുന്ന ജനങ്ങൾ ഇവിടെയില്ല. ജനങ്ങൾ പൊതുവെ വിദ്യാസമ്പന്നരും സമാധാനപ്രിയരുമാ ണ്. രാഷ്ട്രീയ സാമുദായികരംഗങ്ങളിൽ നിലനി ല്ക്കുന്ന സൗഹൃദാന്തരീക്ഷം എടുത്തപറയേണ്ടു ന്ന ഒരു സവിശേഷതയാണ്.

അടാട്ട് പഞ്ചായത്ത് പ്രദേശത്തിന്റെ പൂർവ്വ കാല ചരിത്രത്തിലെത്തിനോക്കുമ്പോൾ കേരളച രിത്രത്തിലെ പ്രധാന അദ്ധ്യായങ്ങളായ തലപ്പിള്ളി, ചിറ്റിലപ്പിള്ളി, വന്നിലശ്ശേരി, എന്നീ നാട്ടുരാജ്യങ്ങ ളുടെ ചരിത്രം പരാമർശിക്കാതെ തരമില്ല. കേരള ത്തിലെ ആദ്യകാലഭരണാധികാരികളായിരുന്ന ചേ രചക്രവർത്തിമാരുടെ (പെരുമാക്കന്മാർ) കാല ത്തോളം നീണ്ടുകിടക്കുന്നതാണ് മേൽപ്പറഞ്ഞ രാ ജ്യങ്ങളുടെ ചരിത്രം. പെരുമാക്കന്മാരോട് നിരന്ത രം പോരാടിക്കൊണ്ടിരിക്കുന്നവരായിരുന്നു തലപ്പി ള്ളി രാജാക്കന്മാർ. 12 വർഷം കൂടുമ്പോൾ നാട്ടു കൂട്ടങ്ങളുടെ അംഗീകാരത്തോടുകൂടി അധികാര ത്തിൽ വന്നിരുന്ന പെരുമാക്കനമാരിൽ അവസാന ത്തെ പെരുമാൾ ദുർഭരണം നടത്തിവന്നിരുന്നതി നാൽ അദ്ദേഹത്തെ വധിച്ച് കേരളത്തിൽ പെരുമാ ക്കന്മാരുടെ ഭരണം അവസാനിപ്പിച്ചത് തലപ്പിള്ളി യിലെ ഒരു രാജാവായിരുന്നുവെന്ന് ചരിത്രമുണ്ട്.

ഇപ്പോഴത്തെ തലപ്പിള്ളി താലൂക്കിലെ മു ഖ്യഭാഗങ്ങളും തൃശൂർ താലൂക്കിലെ ചിറ്റിലപ്പിള്ളി ഫർക്കയും, ചാവക്കാട് താലൂക്കിലെ ചാവക്കാട് ഫർക്കയും ഉൾപ്പെട്ടതായിരുന്നു പഴയതലപ്പിള്ളി രാജ്യം. ഇത് യഥാക്രമം തലപ്പിള്ളി, ചിറ്റിലപ്പിള്ളി, വന്നിലശ്ശേരി എന്നീ പ്രവശ്യകളായി ഭരിക്കപ്പെട്ടുവ ന്നിരുന്നു. തലപ്പിള്ളിരാജകുടുംബത്തിലെ ഇളയ രാജാവിനാൽ ഭരിക്കപ്പെട്ടു വന്നിരുന്നതുകൊണ്ട് ചെറിയ തലപ്പിള്ളി (ചിറ്റ് തലപ്പിള്ളി) എന്നർത്ഥം വരുന്ന ചിറ്റിലപ്പിള്ളി ഉത്ഭവിച്ചു. 26 മുറികൾ (ദേ ശങ്ങൾ) ഉൾപ്പെട്ടിരുന്ന ചിറ്റിലപ്പിള്ളി നാട്ടിലെ 5 മു റികൾ ചേർന്നാണ് ഇപ്പോഴത്തെ അടാട്ട് പഞ്ചായ ത്ത് പ്രദേശം. പുറനാട്ടുകര, അടാട്ട്, ചിറ്റിലപ്പിള്ളി, ചൂരക്കാട്ടുകര, പുഴയ്ക്കൽ എന്നിങ്ങനെ വില്ലേജു കളായിരിക്കുന്നു ദേശങ്ങൾ. മറ്റുദേശങ്ങൾ തോ ളൂർ, കൈപറമ്പ്, അവണൂർ പഞ്ചായത്തുകളിലാ ണ് ഉൾപ്പെട്ടുകിടക്കുന്നത്.

തലപ്പിള്ളിയിലെ വലിയ രാജാവിന് തലപ്പി ള്ളി ഉടയ ആര്യ ശ്രീകണ്ഠൻ എന്നും, ചിറ്റിലപ്പി ള്ളി ഭരിച്ചവന്നിരുന്ന ഇളയരാജാവിന് ചിറ്റിലപ്പിള്ളി ഉടയകണ്ഠൻ കോത എന്നും സ്ഥാനപ്പേരുകൾ ഉ ണ്ടായിരുന്നു. തലപ്പിള്ളി രാജകുടുംബതതിലെ ശാഖകളായ പുന്നത്തൂർ, ചിറളയം, മണക്കുളം രാ ജകുടുംബക്കാർ ഇപ്പോഴും ഈ സ്ഥാനപ്പേരുകൾ ഉപയോഗിച്ചുവരുന്നുണ്ട്. 14-ാം നൂറ്റാണ്ടിലും 15 -ാം നൂറ്റാണ്ടിലും രചിയ്ക്കപ്പെട്ടിട്ടുള്ള പ്രശസ്ത മ ണിപ്രവാള ഗ്രന്ഥങ്ങളായ മയൂരദൂത്, കോകിലസ ന്ദേശം, ഉണ്ണിയാർച്ചചരിതം, ചന്ദ്രോത്സവം എന്നി വകളിൽ തലപ്പിള്ളിയിയേയും, ചിറ്റിലപ്പിള്ളിയെ

യും പറ്റി ധാരാളം പരാമർശങ്ങളുണ്ട്. ചിറ്റിലപ്പിള്ളിയുടെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയചരിത്രങ്ങളിലേക്ക് ഏറ്റവും കൂടുതൽ വെളിച്ചം വീശുന്ന ചന്ദ്രോത്സവത്തിൽ ചിറ്റിലപ്പിള്ളി നാടിന്നധിപനായ കണ്ഠൻ കോത എന്ന സ്ഥാനപ്പേരുള്ള രാജാവിന്റെ അപദാനങ്ങൾ വാഴ്ത്തപ്പെട്ടിരിക്കുന്നു. സർവ്വകലാശാല തലത്തിൽ മലയാള പാഠപുസ്തകമായ ചന്ദ്രോത്സവം സാഹിത്യപരമായും, ചരിത്രപരമായും പ്രത്യേകതകളുള്ളതാണ്.

എ.ഡി. 1762ൽ തലപ്പിള്ളി രാജാക്കന്മാരിൽനിന്നും ഭരണം കൊച്ചി രാജാവ് ഏറ്റെടുക്കുകയും കൊച്ചിരാജ്യത്തെ പലകോവിലകത്തും, വാതുക്കലുകളായും, പ്രവൃത്തി (പ്രവിശ്യ)കളായും ഭാഗിച്ചു. ചിറ്റിലപ്പിള്ളിനാടിനെ ചിറ്റിലപ്പിള്ളി പ്രവൃത്തി (പ്രവിശ്യ) എന്നപേരിൽ പുനർനാമകരണം ചെയ്യുകയും ചെയ്തു. 1914ൽ ആധുനികരീതിയിൽ സർവ്വെ നടത്തി കൊച്ചിരാജ്യത്തെ താലൂക്കുകളായും ഫർക്കകളായും, വില്ലേജുകളായും പുനസംവിധാനം ചെയ്തപ്പോൾ ചിറ്റിലപ്പിള്ളി ഫർക്കയാക്കുകയാണുണ്ടായത്. അത് ഇന്നും തുടർന്നു വരുന്നു.

ചിറ്റിലപ്പിള്ളി നാടിന്റെ ഭരണസിരാകേന്ദ്രം പണ്ടുകാലത്ത് ചിറ്റിലപ്പിള്ളി ദേശത്ത് ആയിരുന്നു. ഇന്ന് ഈ പ്രദേശത്തിന്റെ കിഴക്കേ അറ്റത്ത് കാണപ്പെടുന്ന കോട്ടപ്പറമ്പും, കോട്ടക്കുളവും ഇതിന് ദൃഷ്ടാന്തങ്ങളാണ്. ഉദ്ദേശം ഒരേക്കറോളം വരുന്ന കോട്ടക്കുളം ഇപ്പോഴും പ്ചായത്ത് അധീനതയിലാണ്. സ്വകാര്യവയക്തികളുടെ കൈവശത്തിലുള്ള കോട്ടപ്പറമ്പിൽ കോട്ടയുടെ പല അവശിഷ്ടങ്ങളും അടുത്തകാലം വരെ ഉണ്ടായിരുന്നു. പ്രതിരോധാവശ്യങ്ങൾക്കായി സൈന്യത്തേയം ഭരണകാര്യങ്ങൾക്കുള്ള ഉദ്യോഗസ്ഥരേയും ഇവിടെയാണ് പാർപ്പിച്ചിരുന്നത്. കോവിലകത്ത് വളപ്പ് എന്നറിയപ്പെടുന്ന ചിറ്റിലപ്പിള്ളിയിലെ ഒരു പറമ്പിൽ പണ്ട് ഒരു കോവിലകം ഉണ്ടായിരുന്നതായി പല രേഖകളിൽനിന്നും മനസ്സിലാക്കുന്നുണ്ട്.

പൂത്തേഴത്ത് രാമൻ മേനോന്റെ പ്രശസ്തമായ 'ശക്തൻ തമ്പുരാൻ' എന്ന ചരിത്രഗ്രന്ഥത്തിലെ ഒരദ്ധ്യായം (XXV) ചിറ്റിലപ്പിള്ളിയെപറ്റിയുള്ളതാണ്. ചിറ്റിലപ്പിള്ളി നാട്ടിലുൾപ്പെട്ട അയിനിക്കാട്, അകത്തുരുത്ത് ചാല, പെരിഞ്ചാല, പ്രദേശങ്ങൾക്കുവേണ്ടി സാമൂതിരിയും കൊച്ചരാജാവും തമ്മിൽ ദീർഘനാൾ നിലനിന്ന അവകാശത്തർക്കങ്ങളെപ്പറ്റി ഈ അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഈ രാജാക്കന്മാർ തമ്മിൽ നടന്ന പല യുദ്ധങ്ങൾക്കും വേദിയായിട്ടുണ്ട് ഈ പ്രദേശം.

കെ. പത്മനാഭമേനോന്റെ 'കൊച്ചി രാജ്യചരിത്രം' എന്ന ഗ്രന്ഥത്തിൽ ക്ഷേത്ര സങ്കേതങ്ങളെപ്പറ്റി പറയുന്നകൂട്ടത്തിൽ ഈ പഞ്ചായത്തിന്റെ ഇന്നത്തെ ആസ്ഥാനങ്ങളായ പുറനാട്ടുകരയെപ്പറ്റി പരാമർശിക്കുന്നുണ്ട്. ആദ്യകാലത്തെ ശക്തമായ അധികാരകേന്ദ്രങ്ങളായിരുന്ന ക്ഷേത്രസങ്കേതങ്ങളിൽ പ്രധാനമായ വടക്കുന്നാഥൻ സങ്കേതത്തിൽ കാനാട്ടുകര, അരണാട്ടുകര, മുക്കാട്ടുകര എന്നീ പ്രദേശങ്ങൾക്കൊപ്പം പുറനാട്ടുകരയും ഉൾപ്പെട്ടിരുന്നതായി പറയുന്നു. പുറനാട്ടുകരയിലെ ഇന്നത്തെ ശ്രീ മഹാവിഷ്ണുക്ഷേത്രവും പരിസരവും പ്രസ്തുത ക്ഷേത്രസങ്കേതപരിധിക്കുള്ളിലെ പ്രധാന ക്ഷേത്രസമുച്ചയങ്ങളിലൊന്നായിരുന്നു.

ചരിത്രസാധുതയല്ലെങ്കിലും ഈ പ്രദേശത്തെ സ്ഥലനാമങ്ങളെപ്പറ്റി അറിയപ്പെടുന്ന ചില ഐതിഹ്യങ്ങൾ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

അടാട്ട് എന്ന സ്ഥലനാമം പ്രശസ്തമായ കൂറൂർമനയും അവിടത്തെ അമ്മയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗുരുവായൂരപ്പന്റെ പൂജയ്ക്കായി നൈവേദ്യമൊരുക്കുന്ന കുറൂരമ്മയെ സഹായിക്കാനായി ഭഗവാൻ കൃഷ്ണൻ ബാലനായി അവിടെ എത്തുന്നു പൂജാദ്രവ്യങ്ങളൊരുക്കി പൂജാരിയായ വിലമംഗലം സ്വാമിയാരെ അമ്മ കാത്തിരിക്കെ, കൃഷ്ണൻ നൈവേദ്യം എടുത്തുകഴിക്കുന്നു. ഇതു കണ്ടെത്തിയ കുറൂരമ്മ കുസൃതിയായ ആ ഉണ്ണിയെ ഒരു കലത്തിന്നടിയിൽ അടച്ചിട്ടു. ഇങ്ങനെ കുറൂരമ്മ കൃഷ്ണനെ 'അടച്ച് ഇട്ട' സ്ഥലമായതിനാൽ ഈ സ്ഥലം അടാട്ട് എന്നപേരിലപിന്നീട് പ്രശസ്തമായി. തൃശൂർ നഗരം, ക്രമേണ അടുത്ത പ്രദേശങ്ങളിലേയ്ക്കു വികസിച്ചാണ് കാൽ - നാട്ടുകരയും, അര-നാട്ടുകരയും, മുക്കാൽ-നാട്ടുകരയും - (യഥാക്രമം കാനാട്ടുകര, അരണാട്ടുകര, മുക്കാട്ടുകര എന്നിവ) പുറംനാട്ടുകര എന്നോ പൂർണ്ണ നാട്ടുകര എന്നോ ഉള്ള അർത്ഥത്തിൽ പുറനാട്ടുകരയും ഉണ്ടായത്. പുഴയുടെ കരയായ പുഴക്കര പുഴയ്ക്കലും, ആമ്പൽക്കാട് നിറഞ്ഞ പ്രദേശം ആമ്പക്കാടും, ചൂരൽക്കാടു നിറഞ്ഞ കരഭാഗം ചൂരക്കാട്ടുകരയും, മൂസ്സതിനോട് ബന്ധപ്പെട്ടതും പാറയുള്ളതു

മായ സ്ഥലം മുതുപാറയും, പിന്നീട് ലോപിച്ച് മുതുവറയും ആയി. മഹാബലി ചുറ്റി നടന്ന സ്ഥലം ചിറ്റിലപ്പിള്ളിയായി എന്നാണ് ഐതിഹ്യം. ചരിത്രപരമായി മറ്റൊരു നാമോൽപ്പത്തി കഥയുണ്ടെങ്കിലും ചിറ്റിലപ്പിള്ളി ഭാഗത്ത് ഓണം ഒരു ദിവസം കൂടുതൽ ആഘോഷിക്കുന്നു എന്നത് വസ്തുതയാണ്.

അടാട്ട് പഞ്ചായത്തിലെ അടാട്ട് ഗ്രാമത്തിലുള്ള കുറൂർമന ഈ പ്രദേശത്തെ ഏറ്റവും വലിയ ജന്മി കുടുംബമായിരുന്നു. ഈ കുടുംബത്തിലെ നമ്പൂതിരിപ്പാടുമാർക്കും ചിറ്റിലപ്പിള്ളിയിലെ പുരാതന നാടുവാഴി കുടുംബമായ ചിറയ്ക്കൽ വീട്ടിലെ മൂത്തനായന്മാർക്കും, ചിറ്റിലപ്പിള്ളി രാജാവിന്റെ പ്രതിപുരുഷസ്ഥാനവും, രാജാവിന്റെ സ്ഥാനപ്പേരിന്റെ അംശമായ കണ്ഠൻ എന്ന സ്ഥാനപ്പേര് സ്വന്തം പേരിനോടൊപ്പം ഉപയോഗിക്കുവാനുള്ള അവകാശവും മറ്റു പല പ്രത്യേക അവകാശങ്ങളും നൽകിയിരുന്നതായിക്കാണാം.

മഠത്തിൽ, കുന്നത്തുള്ളി, പുളിഞ്ചേരി, കളത്തൂർ എന്നി നായർ കുടുംബക്കാർക്കും അടാട്ട്, പുറനാട്ടുകര പ്രദേശങ്ങളിൽ പ്രത്യേക അവകാശങ്ങളുണ്ടായിരുന്നു. പുറനാട്ടുകരയിലെ മാങ്കുഴി കുറുപ്പന്മാരുടെ കളരി പണ്ടുകാലത്ത് നായർ പട്ടാളക്കാരുടെ പരിശീലനകേന്ദ്രമായിരുന്നു. പുറനാട്ടുകരയിൽത്തന്നെ തോട്ടപ്പള്ളി പണിക്കരുടെ കളരിയും ഉണ്ടായിരുന്നതായറിയുന്നു. ഈഴവസമുദായക്കാർക്കിടയിൽ 'തരകൻ' എന്ന പേരിലുള്ള ചില സ്ഥാനികളുണ്ടായിരുന്നു. വ്യാപാരാഭിവൃദ്ധിയെ ലക്ഷ്യമാക്കി 'തരകൻ' എന്ന പേരിൽ ചില പ്രത്യേകാവകാശങ്ങളോടു കൂടി പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്ന ചില ക്രൈസ്തവ കുടുംബങ്ങളും ഉണ്ടായിരുന്നു. ചിറ്റിലപ്പിള്ളിയിൽ ചാലിയന്മാരുടെ ഒരു തെരുവ് ഇന്നും കാണാം. വളരെ പണ്ടുകാലത്തു തന്നെ ഇവർ വസ്ത്രം നെയ്യുന്നതിനുവേണ്ടി രാജാക്കന്മാരുടെ പ്രോത്സാഹനത്തോടെ മറ്റേതോ പ്രദേശത്തുനിന്ന് വന്ന് താമസമാക്കിയിട്ടുള്ളവരാണ്.

ദേശീയ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത് പ്രവർത്തിച്ചിരുന്ന നിരവധി പേരുണ്ട് ഈ പഞ്ചായത്തിൽ എടുത്തുകാട്ടുവാനായിട്ട്. കാലയവനികക്കുള്ളിൽ മറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ ധന്യാത്മാക്കളിൽ അഗ്രിമസ്ഥാനീയൻ സാക്ഷാൽ ശ്രീ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു തന്നെ. പ്രമുഖ ഗാന്ധി ശിഷ്യനും സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയും, പ്രഗത്ഭനായ പത്രപ്രവർത്തകനുമായിരുന്ന ഈ പുരുഷരത്നത്തിന്റെ ജന്മദേശമാണ് അടാട്ട്. ടി. ഗോപാലൻ നായർ, അച്ചുതൻനായർ, എം.കെ. ശങ്കരൻകുട്ടി എഴുത്തശ്ശൻ, അടാട്ട് നീലകണ്ഠൻ ഇളയത്, ടി. വി. ഗോവിന്ദവാര്യർ, ടി.പി. ചക്രപാണിവാര്യർ, എം. ആർ. കൃഷ്ണൻ, ടി.പി. മാധവവാര്യർ, കെ.പി. ശ്രീകുമാരൻ, മാങ്കുഴി ബാലക്കുറുപ്പ്, ബാലൻ മാസ്റ്റർ തുടങ്ങി സമരവുമായി ബന്ധപ്പെട്ട് ജയിൽവാസമനുഷ്ഠിച്ചു.മർദ്ദനമേറ്റും, സ്വാതന്ത്ര്യാനന്തരം താമ്രപത്രസമ്മാനിതരായും സാർത്ഥകമായ ജീവിതം നയിച്ച സമരസേനാനികൾ വളരെ പേരുണ്ട് ഈ പഞ്ചായത്തിൽ. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഹരിജൻ, ആദിവാസി സേവാ പ്രവർത്തനങ്ങളിൽ വ്യാപൃതരായും, രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചുവന്നിരുന്നവരുടെ കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയനായത് പൊറ്റക്കാട്ട് അച്ചുതനായരാണ്. ആദിവാസികളുടെയിടയിൽ സേവനനിരതനായി ഒരു ആദിവാസി വനിതയെ വിവാഹം ചെയ്ത് ഇന്നും അനുഗ്രഹീതമായ ഒരു ജീവിതം നയിച്ചു വരുന്നു. ഇദ്ദേഹം സാമൂഹ്യനീതിക്കുവേണ്ടിയുള്ള സമകാലിക പോരാട്ടങ്ങളിൽ വ്യാപൃതരായിരിക്കുന്നവർക്ക് മാതൃകയാവുന്ന ഉത്തമവ്യക്തിയാണ്.

രാഷ്ട്രപിതാവിന്റെ പാദസ്പർശത്താൽ പവിത്രമായിട്ടുണ്ട് ഈ ഭൂമി. മഹാത്മജി ഒരിക്കൽ ശ്രീരാമകൃഷ്ണാശ്രമം സന്ദർശിച്ചിട്ടുണ്ട്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തികളുടെ ജന്മനാടാണിതെങ്കിലും, തദ്ദേശീയവും, നിർണ്ണായകവുമായ സ്വാതന്ത്ര്യപ്രവർത്തനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടുണ്ടെന്നതിന് യാതൊരു തെളിവുകളുമില്ല. എല്ലാവരും തൃശൂരും മറ്റ് പ്രധാനകേന്ദ്രങ്ങളിലുമായാണ് പ്രവർത്തിച്ചിരുന്നത്. ബ്രിട്ടീഷ് പട്ടാളത്തിലേക്കുള്ള തിരഞ്ഞെടുപ്പുകേന്ദ്രവും നിരീക്ഷണകേന്ദ്രവുമായിരുന്ന വിലങ്ങൻകുന്നിന്റെ താഴ്വരയായിട്ടുപോലും എടുത്തുകാണിക്കാനാവുന്ന സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ ഇവിടെ നടക്കാതെ പോയതെന്തുകൊണ്ട് എന്നത് പ്രത്യേകം ചിന്തിക്കപ്പെടേണ്ട ഒരു സംഗതിയാണ്. അപ്പോൾ നിർണ്ണായകമായ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുണ്ടായില്ലെങ്കിലും നിസ്വാർത്ഥമായ സമരപ്രവർത്തകരെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് സമ്മാനിച്ച് ചരിത്രപരമായ കടമ നിർവ്വഹിച്ച ഒരു പഞ്ചായത്താണ് ഇത് എന്നു പറയാം.

സ്വാതന്ത്ര്യ സമരത്തോടൊപ്പം അയിത്തോച്ചാടനം, സഞ്ചാരസ്വാതന്ത്ര്യം, ഹരിജനോദ്ധാരാണം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളും നടന്നിട്ടുണ്ട് ഈ പ്രദേശത്ത്. നിരവധി വ്യക്തികളുടേയും, ശ്രീരാമകൃഷ്ണാശ്രമം തുടങ്ങിയ സ്ഥാപനങ്ങളുടേയും സേവനങ്ങൾ ഈ രംഗത്തുണ്ടായിട്ടുണ്ട്. കേരളത്തിലെ മറ്റുപ്രദേശങ്ങളിൽ നടന്നിട്ടുള്ളതുപോലെ കാർഷികരംഗത്ത് ശ്രദ്ധേയമായ സമരങ്ങളുടെ ചരിത്രമൊന്നും ഈ പഞ്ചായത്തിലുള്ളതായി അറിയില്ല. എൺപതുകളുടെ അവസാനത്തിൽ നടന്ന വിലങ്ങൻ സംരക്ഷണ സമരമാണ് സമരചരിത്രങ്ങളിൽ ഏറ്റവും ഒടുവിലത്തേത്. പൊതുജനങ്ങൾക്ക് അപ്രാപ്യമാക്കുവിധം വിലങ്ങൻകുന്നിനെ സ്വകാര്യസ്ഥാപനത്തിന് പാട്ടത്തിനുകൊടുത്ത സർക്കാർ നടപടിയെ ജാതി മതരാഷ്ട്രീയ വ്യത്യാസലേശമന്യേ എതിർത്തു നിർത്തലാക്കിയത് പൗരാവകാശപ്രശ്നങ്ങളിൽ പഞ്ചായത്ത് ജനത പുലർത്തുന്ന അതീവ ജാഗ്രതയ്ക്ക് ദൃഷ്ടാന്തമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ നിലവിൽ വന്ന നാട്ടുപഞ്ചായത്തിന്റെ രൂപത്തിലാണ് ഈ പഞ്ചായത്ത് സ്ഥാപിതമായത്. അടാട്ടുള്ള കുറൂർമനയിലാണ് അന്ന് ഈ പഞ്ചായത്ത് പ്രവർത്തിച്ചിരുന്നത്. അതിനാലായിരിക്കും ഒരു പക്ഷെ ' അടാട്ട് പഞ്ചായത്ത്' എന്ന പേരുവന്നത്. അറിയപ്പെടുന്ന ആദ്യപഞ്ചായത്ത് പ്രസിഡണ്ട് കുറൂർ ദാമോദരൻ ശങ്കരൻ നമ്പൂതിരിപ്പാടാണ്. അദ്ദേഹമാണ് അടാട്ട് ചന്ത - ചിറ്റിലപ്പിള്ളി റോഡ് സ്ഥാപിച്ചത്. പിന്നീട് കുറൂർ അഷ്ടമൂർത്തി പരമേശ്വരൻ നമ്പൂതിരിപ്പാട് പഞ്ചായത്തിന്റെ പ്രസിഡണ്ടായി. അടാട്ട് കുറൂർ പാറ റോഡ് അദ്ദേഹമാണ് സ്ഥാപിച്ചത്.

ഈ പഞ്ചായത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ആദ്യപ്രസിഡണ്ട് ആലപ്പാട്ട് ജോസഫ് മാസ്റ്ററാണ്. സർവ്വശ്രീ സി.കെ. കൃഷ്ണൻ ഭട്ടതിരിപ്പാട്, ഐ. സി. ശങ്കരൻകുട്ടി എഴുത്തശ്ശൻ, പി.എസ്. ഗോപാലൻ, കെ. പത്മജൻ, സി.എസ്സ്. രാമൻകുട്ടി (ഇപ്പോഴത്തെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ) എന്നിവരാണ് ആദ്യകാല പ്രസിഡണ്ടുമാർ. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീമതി ചന്ദ്രികാ ചന്ദ്രൻ ആണ്.

ശ്രീരാമകൃഷ്ണമഠം, വ്യാസപീഠം, അമല കാൻസർ ഹോസ്പ്പിറ്റൽ, ദേശീയ തലത്തിൽ ശ്രദ്ധേയമായ അടാട്ട് ഫാർമേഴ്സ് ബാങ്ക് ഗുരുവായർ സംസ്കൃതവിദ്യാപീഠം, തൃശൂർ കേന്ദ്രീയവിദ്യാലയം, വിലങ്ങൻ പവർലൂം എന്നിങ്ങനെ സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യമേഖലകളിലെ പ്രമുഖമായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനം ഈ പഞ്ചായത്തിലെ പുറനാട്ടുകരയിലാണ്.

ഇനിയും മറനീക്കപ്പെടേണ്ടിയിരിക്കുന്ന ഗതകാലസംസ്കൃതികൾ ഉറങ്ങുന്ന നാടാണിത്. അതുകൊണ്ട് തന്നെ ചരിത്രാന്വേഷണകുതുകികളുടേയും, ഗവേഷകരുടേയും, അവർക്ക് തണലായി സർക്കാരിന്റേയും സത്വര ശ്രദ്ധ പതിയേണ്ട ഒരു മേഖലയുമാണ്. പ്രസ്തുത സംരംഭങ്ങൾക്ക് ജനകീയാസൂത്രിതമായ വികസനപ്രവർത്തനങ്ങളുടെ പട്ടികയിൽ പ്രാധാന്യം ഒട്ടും കുറയാത്ത ഒരു സ്ഥാനം നൽകേണ്ടതുണ്ട്. ഈ പഞ്ചായത്ത് പ്രദേശങ്ങളുടെ പൂർവ്വകാല ചരിത്രത്തോട് നാം അത്രമേൽ കടപ്പെട്ടിരിക്കുന്നു.

4. ഭൂപ്രകൃതി

കോൾനിലങ്ങളാൽ ചുറ്റപ്പെട്ട അടാട്ടുകുന്ന്, ചെട്ടികുന്ന്, വിലങ്ങൻകുന്ന് എന്നീ മൂന്ന് കുന്നുകളും ചെരിവു പ്രദേശങ്ങളും താഴ്വരകളും സമതലങ്ങളും ചെറിയ ജലാശയങ്ങളും നിറഞ്ഞ ഒരു ഭൂപ്രദേശമാണ് അടാട്ട് ഗ്രാമപഞ്ചായത്ത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് തോളൂർ, വെങ്കിടങ്ങ് പഞ്ചായത്തും വടക്ക് കൈപറമ്പ് പഞ്ചായത്തും കിഴക്ക് കോലഴിയും അയ്യന്തോൾ തെക്ക് അയ്യന്തോൾ അരിമ്പൂർ പഞ്ചായത്തുമാണ് നാലതിരുകൾ.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 23.02 ചതുശ്രകിലോമീറ്ററാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്ത് 7 മേഖലകളായി തിരിക്കാം

1. കുന്നിൻമണ്ട
2. താഴ്വര
3. ചെരിവ്
4. ചെറിയചെരിവ്
5. സമതലം
6. നെൽപാടങ്ങൾ
7. കോൾനിലങ്ങൾ

ഉയർന്ന പ്രദേശങ്ങളിൽ ചിലഭാഗത്ത് ബലമുള്ള വെട്ടുകല്ലും ചെമ്മണും ചരൽമണ്ണും ഇടകലർന്നു കാണുന്നു. ബാക്കി പ്രദേശങ്ങളിൽ കൂടുതലും ചെമ്മണ്ണാണ്. സമതലങ്ങളിലും താഴ്വരകളിലും ഫലഭൂയിഷ്ഠമായ എക്കൽമണ്ണും നെൽപാടങ്ങളിൽ കളിമണ്ണും ഏക്കൽമണ്ണും കൂടി കലർന്നും. കോൾ നിലങ്ങളിൽ മണൽ കലർന്ന കളിമണ്ണും നിറഞ്ഞിരിക്കുന്നു.

കുന്നിൻ പ്രദേശങ്ങൾ കൂടുതലും തരിശായാണ് കിടക്കുന്നത്. കശുമാവ് മറ്റു ഫലവൃക്ഷങ്ങൾ എന്നിവ ചെരിവു പ്രദേശങ്ങളിൽ കാണുന്നു. സമതലങ്ങളിൽ തെങ്ങ്, വാഴ, മരച്ചീനി, കവുങ്ങ് എന്നിവയാണ് പ്രധാനമായും കൃഷിചെയ്യുന്നത്. പഞ്ചായത്തിലെ മുഖ്യവിള നെല്ലാണ്. കേരളത്തെ മൊത്തം 13 കാർഷിക മേഖലകളായി തിരിച്ചിട്ടുണ്ട് അതിൽ നാലാമത്തെ മേഖലയായ മധ്യഇടനാട് (Central Mid land) മേഖലയിലാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

കാലാവസ്ഥ : കാലാവർഷകാലത്ത് വാർഷികമഴയുടെ 60%വും തുലാവർഷകാലത്ത് 20%വും വേനൽകാലത്ത് 20% മഴ ലഭിക്കുന്നു സംസ്ഥാനശരാശരിയിൽ കൂടുതൽ മഴ ലഭിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ശരാശരി 3130 mm മഴ നമുക്ക് ലഭിക്കുന്നു. ശക്തിയായ കാലവർഷവും നീണ്ട വരൾച്ചയും നമ്മുക്കനുഭവപ്പെടുന്നു.

ഓരോ മാസത്തും നമ്മുക്കു ലഭിക്കുന്ന മഴയുടെ ശരാശരി (മില്ലീമിറ്ററിൽ) താഴെ പട്ടികയിൽ കൊടുക്കുന്നു

ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ
7	10	27	86	296	769
ജൂല:	ആഗ:	സെപ്ത:	ഒക്ടോ:	നവം:	ഡിസം
759	443	257	301	144	31

ഏറ്റവും കുറവ് മഴ ലഭിക്കുന്ന മാസങ്ങളാണ് ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് എന്നിവ ഏറ്റവും കൂടുതൽ ജൂൺ മുതൽ ഒക്ടോബർ വരെയുള്ള അഞ്ചു മാസങ്ങളിലാകുന്നു.

നമ്മുടെ പഞ്ചായത്തിലെ ശരാശരി ഉഷ്മാവ് ($^{\circ}C$)

	ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ
Max	30.2	32.3	32.6	33.3	31.9	30.2
Min	21.3	24.1	25.0	25.2	24.1	23.4
	ജൂല:	ആഗ:	സെപ്ത:	ഒക്ടോ:	നവം:	ഡിസ
Max	29.4	30.1	30.9	31.0	31.0	31.2
Min	23.3	23.0	23.0	23.0	23.1	22.8

മൺതരം

സമുദ്രനിരപ്പിൽ നിന്നും ഉള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഭൂവിഭാഗത്തെ മൂന്നുതരം മേഖലകളായി തിരിച്ചിട്ടുണ്ട്.

1. താഴ്ന്ന പ്രദേശം
2. ഇടത്തരം പ്രദേശങ്ങൾ
3. ഉയർന്ന പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ വരെ ഉയ

രത്തിൽ നിൽക്കുന്ന ഭൂവിഭാഗമാണ് താഴ്ന്ന പ്രദേശം. 7.5 മീറ്ററിനും 75 മീറ്ററിനും ഇടയ്ക്കുള്ള ഭൂവിഭാഗമാണ് ഇടത്തര പ്രദേശം. 75 മീറ്ററിനു മുകളിൽ ഉയർന്ന പ്രദേശം. നമ്മുടെ പഞ്ചായത്തിൽ 1537 ഹെക്ടർ താഴ്ന്ന പ്രദേശങ്ങളും. 765 ഹെക്ടർ സ്ഥലം ഇടത്തരം പ്രദേശങ്ങളിലും പെടുന്നു. ലാറ്ററൈറ്റ് മണ്ണാണ് ഇവിടെ കണ്ടുവരുന്നത്.

ഭൂഗർഭജലം

നമ്മുടെ കാർഷികമേഖലയെ വലിയൊരളവിൽ സ്വാധീനിക്കുന്ന ഘടകമാണ് ഭൂഗർഭജലം. ഒട്ടു മിക്കവാറും ഭൂഗർഭജലത്തിന്റെ ഉറവിടം ഉപരിതല ജലം തന്നെയാണ്. മഴയിൽ നിന്നും ജലസംഭരണികളിൽ നിന്നും ജലം ഭൂമിക്കടയിലേക്ക് കിനിഞ്ഞിറങ്ങുന്നു. മനുഷ്യന്റെ പ്രയ്തന ഫലമായും ജലത്തെ ഭൂമിക്കടിയിലേക്ക് നയിക്കാം. സാധാരണ കിണറുകൾ ഭൂഗർഭ ജലവിതാനത്തിനു തൊട്ടുതാഴെ വരെ കുഴിച്ചുണ്ടാക്കുന്നതാണ്. ഭൂഗർഭ ജലത്തിന്റെ ലഭ്യതക്കനുസരിച്ചുമാത്രമാണ്. നമ്മുടെ പഞ്ചായത്തിലെ മുഖ്യതോട്ട വിളകളായ തെങ്ങ്, കവുങ്ങ് തുടങ്ങിയവയുടെ വിള വർദ്ധനവ് ആശ്രയിച്ചിരിക്കുന്നത്. ഭൂഗർഭ ജലവിതാനത്തെ ഉയർത്താൻ നീർമറി വികസന പദ്ധതികൾ സഹായിക്കും.

ഭൂവിനിയോഗം

2302 ഹെക്ടർ വിസ്തൃതിയുള്ള അടാട്ട് പഞ്ചായത്ത് പ്രദേശത്ത് നല്ലൊരു ഭാഗം കോൾപാടശേഖരമാണ്. പുഞ്ചവിരിപ്പ്, മുണ്ടകൻ, കൃഷിഉദ്ദേശം 1535 ഹെക്ടർ സ്ഥലത്തുണ്ട്. 75 ഹെക്ടർ സ്ഥലം കുന്നിൻപ്രദേശമാണ്. 500 ഹെക്ടർ സമതലവുമാണ്. ജലദൗർലഭ്യമുള്ള 175 ഹെക്ടർ സ്ഥലം കഴിച്ചാൽ മറ്റെല്ലാസ്ഥലവും കൃഷിക്കും ജലസേചനത്തിനും സൗകര്യമുള്ള സ്ഥലങ്ങളാണ്.

വിവിധ വിഭാഗങ്ങൾ	വിസ്തീർണ്ണം ഹെക്ടർ	%
1. വനം	...	...
2. കൃഷി ചെയ്യാവുന്ന ചതുപ്പുനിലം ഉപയോഗ്യ ശൂന്യമായി കിടക്കുന്നത്	2.5	0.10
3. നെൽകൃഷി	1535	66.68
4. കരപ്രദേശം	546.5	23.76
5. കുന്നുപ്രദേശം	60	2.66
6. ചെരിവുപ്രദേശം	15	0.66
7. വീടുകൾ, റോഡുകൾ, സ്ഥാപനങ്ങൾ	143	6.22
മൊത്തം	2302	100.00

ജൈവസമ്പത്ത്

കാർഷികമേഖലയുടെ വിലമതിക്കാനാവാത്ത ഒന്നാണ് ജൈവസമ്പത്ത്. ഭൂമിയിലെ വിവിധതരത്തിലുള്ള എല്ലാ സസ്യങ്ങളുടേയും, മൃഗങ്ങളുടേയും സൂക്ഷമ ജീവികളുടേയും ശേഖരമാണ് ജൈവസമ്പത്ത്. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്താൽ മാത്രമേ നമുക്ക് ജൈവ വൈവിധ്യം ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ. ജൈവവൈവിധ്യതയ്ക്കുള്ള വളരെ അനുകൂലമായ കാലാവസ്ഥ, മണ്ണ്, മറ്റു ഭൗതിക സാഹചര്യങ്ങൾ എന്നിവയെല്ലാം ഇവിടെയുണ്ട്. പരിസ്ഥിതി വൈവിധ്യമാണ് കേരളത്തെ ജൈവ സമ്പന്നമാക്കിയത്. ഉപയോഗ്യമായ സസ്യസമ്പത്തിന്റെ കൂടുതൽ വിഭവങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജൈവ വൈവിധ്യത്തിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

1. സസ്യവർഗ്ഗങ്ങൾ
2. ധാന്യവർഗ്ഗങ്ങൾ
3. കിഴങ്ങുവർഗ്ഗങ്ങൾ
4. പയറുവർഗ്ഗങ്ങൾ
5. ഫലവർഗ്ഗങ്ങൾ
6. ഔഷധ – സുഗന്ധ സസ്യങ്ങൾ

മാനവരാശിയുടെ ഭാവി നിലനില്പ്പിന് ഇത്തരം വൈവിധ്യം നിലനിർത്താൻ ബഹുജനബോധവൽക്കരണം വളരെ അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്ന സസ്യജാലങ്ങളെ കുറിച്ചുള്ള വിശദപട്ടിക താഴെ ചേർക്കുന്നു.


ജൈവവൈവിധ്യവും ജനിതക വൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള സരളവും ലളിതവമായ മർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. അവയുടെ സംരക്ഷണം പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും നിലനില്പിനും അനിവാര്യമണ് ജൈവവൈവിധ്യത്തെ ആധാരമാക്കികൊണ്ടുള്ള സംയോജിത സമഗ്ര ഗ്രാമതലവികസന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്ന സസ്യവിഭാഗങ്ങൾ


1. ധാന്യവർഗ്ഗം	നെല്ല്, കഞ്ഞിപ്പുല്, ചോളം, ചാമ, നവര
2. പയറുവർഗ്ഗം	പയറ്, അമര, മുതിര, ഉഴുന്ന്, തുവരപരിപ്പ്
3. കിഴങ്ങുവർഗ്ഗ	ചേന, ചേമ്പ്, കാച്ചിൽ, മധുരകിഴങ്ങ്, ചെറുവള്ളിക്കിഴങ്ങ്, മരച്ചീനി, കൂർക്ക
4. ഫലവർഗ്ഗം	തെങ്ങ്, കവുങ്ങ്, പുളി, പൈനാപ്പിൾ, പ്ളാവ്, മാവ്, സപ്പോട്ട, അരിനെല്ലി, പേര, വാഴ, പപ്പായ, മുരിങ്ങ, നെല്ലിക്ക, ഞാവൽ, കുമ്പളം, ചാമ്പക്ക, ഇരുമ്പൻപുള്ളി, നാരകം, വഴുതന, ചെറുനാരകം, ബബ്ലൂസ് നാരങ്ങ, മാതളനാരങ്ങ, ഒടിച്ചുകുത്തി നാരകം, വടുകപുളി, കടപ്പിലാവ്
5. സസ്യവർഗ്ഗം	പൊടിനി, പൂമരം, കടപ്പാവുട്ട, പൂള, മൈലാഞ്ചി, കോളാമ്പി, മുയൽചെവിയൻ, പർപ്പിടകപുല്ല്, ശീമകൊന്ന, തീറ്റപ്പുല്ല്, നാടൻപുല്ല്, മുല്ല, മിച്ചകം, തേക്ക്, വീട്ടി, പാല, ശീതാർമുടി, ആനടിയൻ, കനകാമ്പരം, മന്താരം, മാങ്ങാനാറി, മല്ലിചെടി, ഡാലിയ, ലില്ലി, വാടർമല്ലി
6. ഔഷധ–സുഗന്ധ വർഗ്ഗം	കുറുന്തോട്ടി, കുറുക, ചെത്തി, തൊട്ടാവാടി, നീലമരി, കറ്റാർവാഴ, മുത്തിൾ, അവണക്ക്, കസ്തൂരി മഞ്ഞൾ, ഇഞ്ചി, ചിറ്റാമൃത്, ജാതിക്ക, കരയാമ്പൂ, അശോകം, ആടലോടകം, മഞ്ഞൾ, രാമച്ചം, ശംഖ്പുഷ്പം, കുപ്പമഞ്ഞൾ, ചെറുവഴുതിന, ഏലം, മയിലാഞ്ചി, പുത്തിരച്ചുണ്ട, ആര്യവേപ്പ്, കരിവേപ്പ്, തുളസി, ചെമ്പരത്തി 5 തരം, കെടുപ്പുളി, റബർ. മുക്കാപ്പിരിയൻ, കുരുമുളക്, കൂവ, ചീര, കറുവപ്പട്ട, ചക്കരചേമ്പ്, കാഞ്ഞിരം, കോലപ കുഞ്ഞിക്കൂമ്പ്, മഞ്ചാടി, കുത്തുണ്ണി, അരണമരം, കണികൊന്ന, കുവളം, ചെമ്പകം, അകിൽ, ചന്ദനം, മാവോടി, നന്ത്യാർവട്ടം, പൂവാകുന്നിനില, വെങ്ങ, ബ്രഹ്മി

നാട്ടറിവ് ശേഖരണം

ആധുനിക യുഗത്തിൽ നടന്ന പല കണ്ടുപിടുത്തങ്ങൾക്കും പിൻബലം നാട്ടറിവുകളായിരുന്നു. പ്രത്യേകിച്ചു ഔഷധ നർമ്മാണരംഗത്ത് ഇപ്പോൾ ഉപയോഗിക്കുന്ന ആസ്പിരൻ – ഹൃദ്രോഗത്തിനും അപസ്മാരത്തിനും ഉപയോഗിക്കുന്ന ഡിജിറ്റാലീൻ തുടങ്ങി ഒട്ടേറെ ഔഷധങ്ങളുടെ നിർമ്മാണം നാട്ടറിവിൽ നിന്നു ഉരിത്തിരിഞ്ഞു വന്നതാണ്. ഈ പ്രാധാന്യം ഉൾകൊണ്ട് നാശോൻമുഖമായി കൊണ്ടിരിക്കുന്ന നാട്ടറിവുകളുടെ ശേഖരണം, സംരക്ഷണം, ഗവേഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ ആവശ്യമാണ്.




ഓരൊ മാസവും ലഭിക്കുന്ന ശരാശരി മഴ



ഓരോ മാസത്തെയും ഉയർന്നതും താഴ്ന്നതുമായ ഊഷ്മാവ് - ഡിഗ്രി സെൽഷ്യസ്

പഠന പര്യടന പാത



	1	2	3	4	5	6	7	8	9
ഭൂപ്രകൃതി	വയൽ	സമതലം	താഴ്വര	ചെറിയ ചരിവ്	കുത്തനെ ചരിവ്	നിരപ്പായ കുന്നിൻ മണ്ട (വിലങ്ങൻ കുന്ന്)	കുത്തനെ ചരിവ് ചെറിയ ഇറക്ക മാകുന്നു	സമതലം	കോൾ നിലങ്ങൾ
വാർഡ്	5	5	5	6	10	10	10 & 4	10 & 4	1, 2 & 3
മൺതരം	കളിമണ്ണ്	ഫലഭൂയിഷ് ടമായ ചെമ്മണ്ണ് ഏക്കൽ മണ്ണ്	ചരൽമണ്ണ് ചെമ്മണ്ണ്	ചരൽമണ്ണ്	ചരൽമണ്ണ്	ചരൽമണ്ണ്, പാറ	ഫലഭൂയിഷ്ട മായ തരിശു ഭൂമി	ഫലഭൂയിഷ്ട ടമായ ചെമ്മണ്ണ്, തരിശു ഭൂമി	മണൽകല ർന്ന കളിമണ്ണ്
സസ്യാവരണം	നെല്ല്	തെങ്ങ്, കവുങ്ങ്, വാഴ, ഫലവൃക്ഷങ ങ്ങൾ, പാഴ്ചെടികൾ	വാഴ, കശുമാവ്, തെങ്ങ്, പാഴ് ചെടികൾ, ഫലവൃക്ഷ ങ്ങൾ, കൈത ത്തോട്ടം	കശുമാവ്, പാഴ്ചെടികൾ	പാഴ്ചെടികൾ, കശുമാവ്	...	പാഴ്ചെടികൾ, കശുമാവ്	തെങ്ങ്, കവുങ്ങ്, വാഴ, ഫലവൃക്ഷ ങ്ങൾ, പാഴ് ചെടികൾ	നെല്ല്
പരിസ്ഥിതി പ്രശ്നങ്ങൾ	ജൂൺ മുതൽ നവംബർ വരെ വെള്ള പൊക്കം	താഴ്ന്ന റെയിൽവേ ലൈൻ കാരണം നീർവാർച്ച	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	...	മണ്ണൊലിപ്പ്	...	വെള്ള പൊക്കം
ജലലഭ്യത	കൂടുതൽ	തൃപ്തികരം	കുറവ്	വളരെ കുറവ്	വളരെ കുറവ്	ഒട്ടുമില്ല	വളരെ കുറവ്	തൃപ്തികരം	വളരെ കൂടുതൽ

5

സാമൂഹ്യ സാമ്പത്തിക മേഖലകൾ

5 - ① കൃഷി, ജലസേചനം

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലം വരെ ഈ പഞ്ചായത്തിൽപ്പെടുന്ന കൃഷി ഭൂമികളെല്ലാം കുറൂർ മന, പുന്നത്തൂർകോട്ട, പഴമ്പുഴ ദേവസ്വം തുടങ്ങിയ ജൻമിമാരുടെ വകയായിരുന്നു. ഭൂപരിഷ്കരണ നിയമം വന്നതോടുകൂടിയാണ് യഥാർത്ഥ കർഷകർക്ക് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമായത്. ദുർവ്വഹമായ പാട്ടവും, വാരവും കർഷകരെ വല്ലാതെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരുന്നു. ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി രൂപ വൽക്കരിക്കപ്പെട്ട ലാൻറ് ട്രൈബ്യൂണലുകൾ വഴിയാണ് കുടിയാൻമാർക്കും, കുടികിടപ്പുകാർക്കും തങ്ങളുടെ ചിരകാലാഭിലാഷം സാക്ഷാത്കരിക്കാൻ കഴിഞ്ഞത്.

അടിസ്ഥാന മേഖലകളായ കൃഷി, വ്യവസായം എന്നിവയുടെ പുരോഗതിയാണ് രാഷ്ട്രത്തിന്റെ സമ്പൽ സമൃദ്ധിക്ക് നിദാനമായിട്ടുള്ളത്. ഒരു ഗ്രാമത്തിന്റെ വിശുദ്ധിയും, സ്നിഗ്ധതയും നിറഞ്ഞ അടാട്ട് ഗ്രാമ പഞ്ചായത്ത് പ്രദേശം കാലത്തിന്റെ പുരോഗതികൾ ഉൾക്കൊണ്ടുകൊണ്ട് ചെറിയ ഒരു പട്ടണത്തിന്റെ നിലവാരത്തിലേക്ക് ഉയർന്നുവെങ്കിലും ഇത് താൽക്കാലികം മാത്രാണ്. ഇന്ന് കാർഷിക രംഗത്ത് ഒരു കുതിച്ചു കയറ്റം അനിവാര്യമാണ്. ഗ്രാമത്തിന്റെ അടിസ്ഥാനപരമായ കാർഷികാഭിവൃദ്ധിയിലൂടെയല്ലാതെ രാഷ്ട്രം പുരോഗതിയിലാണെന്ന വാദം ശുദ്ധഭോഷത്തരമാണെന്നോർക്കുക.

കോൾപടവുകളാൽ ചുറ്റപ്പെട്ട ഒരു ചങ്ങലക്ക് മധ്യേയാണ് അടാട്ട് ഗ്രാമ പഞ്ചായത്ത് പ്രദേശം എന്നു പറയാം. നാലുമുറി, കർത്താണി, പായിപ്പടവ്, പുത്തൻകോള്, ഒമ്പതുമുറി, ചാത്തൻകോൾ, ചിരുകണ്ടത്ത് പടവ്, കരിക്കക്കോൾ, ആര്യമ്പാടം, പണ്ടാരക്കോൾ, ചൂരക്കോട്ടുകരപ്പാടം, മുതുവറത്താഴം തുടങ്ങി ഒന്നിനൊന്നു തൊട്ടുകിടക്കുന്ന കോൾപ്പടവുകളും, പാടശേഖരങ്ങളും, വീലങ്ങൻ കുന്ന്, ചെട്ടിക്കുന്ന്, അടാട്ട് കുന്ന് തുടങ്ങിയ കുന്നുകളും, ഇവയുടെ താഴ്വരയും ചേർന്നതാണ് അടാട്ട് ഗ്രാമപഞ്ചായത്ത്.

മിക്കപ്രദേശങ്ങളും ചെമണ്ണ് നിറഞ്ഞതാണ്. ചുവന്ന മണ്ണിനോടു ചേർന്നുള്ള കരിമണ്ണും വെട്ടുകൽപാറയും, മണലും, എക്കൽമണ്ണും ഉണ്ട്. മണൽ കലർന്ന കളിമണ്ണാണ് കോൾ നിലങ്ങളിലേത്.

23.02 ച. കി.മീ. വരുന്ന അടാട്ട് പഞ്ചായത്ത് പ്രദേശം വിശകലനം ചെയ്താൽ 142-82 ഹെ. വിരുപ്പും 242 ഹെ. വിരുപ്പും മുണ്ടകനും, 1150 ഹെ. പുഞ്ചയും 285 ഹെ. തെങ്ങും, 198 ഹെ. കവുങ്ങും, 50 ഹെ. വാഴയും, 10 ഹെ. മരച്ചീനിയും 20 ഹെ. കുരുമുളകും, 20 ഹെ. കശുമാവും തുടങ്ങി മറ്റു പല കൃഷികളും ചെയ്തുവരുന്നു. ഇതിൽ ഏറിയ പങ്കും നെൽകൃഷിയാണ്. തെങ്ങ്, കവുങ്ങ് തുടങ്ങിയവ കഴിഞ്ഞാൽ പച്ചക്കറി കൃഷിക്കു ഏറെ പ്രാധാന്യം നൽകേണ്ടതുണ്ട്. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ പച്ചക്കറിക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനാകും. അമിതമായ രാസവസ്തു പ്രയോഗങ്ങളും, കൃത്രിമഹോർമോണുകളും നൽകി കാഴ്ചക്ക് വളരെ ഭംഗിയും വലിപ്പവുമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ കെയ്യിലെത്തുന്ന പച്ചക്കറികൾ ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തെ ക്രമേണ നശിപ്പിക്കുന്നു.

ആഴ്ചകളോളം വിഷാംശം നിലനിൽക്കുന്ന കീടനാശിനികളുടെ പ്രയോഗം മൂലം വയലിലെ തവള, മണ്ണിര, പാമ്പ്, മിത്രകീടങ്ങൾ, മത്സ്യം, തുടങ്ങിയവ നശിക്കാനിടയാകുന്നു. കൊയ്ത്തിന് 15 ദിവസം പേലുമില്ലാത്ത നെൽപ്പാടങ്ങളിൽ ബ്രൗൺ ഹോപ്പറിനെതിരെ (ഈച്ചക്കേട്) ഫ്യൂറഡാൻ/തിമെമ്റ്റ് തുടങ്ങിയയവ വിതറുന്നതിനാൽ നെല്ലും, വൈക്കോലും വിഷാംശമുള്ളതാകുന്നു.

കൃഷിയുടെ പ്രസക്തിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇന്നു നമുക്ക് ഏറ്റവും വൂലിയ പ്രതിസന്ധിയായി നിൽക്കുന്നത് കാർഷികത്തൊഴിലാളികളുടെ ദൌർലഭ്യമാണ് . അമിതമായ കൂലിയും പ്രശ്നം സൃഷ്ടിക്കുന്നു. മറ്റു സംസ്ഥാനങ്ങിൽ നിന്നും ഇതരജില്ലകളിൽനിന്നും കാർഷിക തൊഴിലാളികൾ വന്നില്ലെങ്കിൽ നെൽകൃഷി മാത്രമല്ല മറ്റു കൃഷികളും ചെയ്യാനാവാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.

കാർഷികമേഖലയിലും മറ്റ് ഒട്ടുമിക്ക മേഖലകളിലും ഈ പഞ്ചായത്തിലേയും, സമീപ പ്രദേശങ്ങളിലെയും കർഷകർക്കും, കർഷകേതരർക്കും ആവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും, നെല്ല്, തേങ്ങ, അടക്ക എന്നീ കാർഷികോ

നിപന്നങ്ങളുടെ സംഭരണ, സംസ്ക്കരണ, വിപണന രംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്നതിലൂടെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ചെയ്തുവരുന്ന മഹത്തായ സേവനങ്ങൾ ശ്ലാഘനീയമാണ്. കോൾപടവ് മേഖലയിൽ ചാത്തൻ കോൾപ്പുപ്പിലക്കാട് പടവുകളിൽ മൂന്നുപൂവ്വൽ കൃഷി വിജയകരമായി നടത്തിവരുന്നു. പുതിയ തലമുറയെ കൃഷിയിലേക്കാകർഷിക്കുന്നതിനായി കൃഷിക്കും, കരഷകനും, കർഷകത്തൊഴിലാളിക്കും അർഹമായ അംഗീകാരം നൽകേണ്ടതാണ്. കർഷകത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ച കൂലി ഏകീകരിച്ചും ജോലി സമയ ക്ലിപ്തത ഉറപ്പുവരുത്തണം. നടീൽ, കൊയ്ത്ത്, മെതി മുതലായ എല്ലാകാർഷികവൃത്തികളിലും യന്ത്രവൽക്കരണം നടപ്പിലാക്കി കൃഷിക്ക് ഒരു നവചൈതന്യം പകരേണ്ടതാണ്.

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതികളാണ് നിലനിന്നിരുന്നത്. വിരിപ്പ്, മുണ്ടകൻ, പുഞ്ച തുടങ്ങിയ കൃഷി ചെയ്തിരുന്ന പാടങ്ങളിൽകാള, പോത്ത്, എന്നിവയെ ഉപയോഗിച്ച് നാടൻ കരിയും, ഞവുരിയും കൊണ്ടുള്ള ഉഴവു. സമ്പ്രദായമാണ് അവലംബിച്ചു പോന്നിരുന്നത്. ജലസേചനത്തിന് ചക്രം ചവിട്ട്, കയറ്റുകൊട്ട, തുലാത്തേക്ക്, കാളത്തേക്ക്തുടങ്ങിയരീതികളും ഉണ്ടായിരുന്നു.

ചാണകം, ചാരം, പച്ചില, ആട്ടിൻ കാഷ്ടം, തുടങ്ങിയ ജൈവ വളങ്ങൾ മാത്രമാണ് അക്കാലത്ത് കൃഷിക്ക് ഉപയോഗിച്ചിരുന്നത്.

വിരുപ്പുകൃഷിക്ക്, തവളക്കണ്ണൻ,വട്ടൻ, അയ്യൻ കോളി, കട്ടമോടൻ, പള്ളിയാൽ തുടങ്ങിയ വിത്തിനങ്ങൾ ഉപയോഗിച്ചിരുന്നു. മുണ്ടകൻ കൃഷിക്ക് ചിറ്റ്യാനി, ആര്യൻ, അതിയൻ, ഉണ്ടച്ചിറ്റ്യാനി എന്നിവയും, പുഞ്ചകൃഷിക്ക് ചീര, ചെമ്പാവ്, നവര, വെളുത്തരി, ആനക്കൊമ്പൻ എന്നിവയും ഉപയോഗിച്ചിരുന്നു. കൂടാതെ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കുട്ടാടൻ, കൊടിയൻ, പൊക്കാളി, കൊളപ്പാല തുടങ്ങിയ വിത്തുകളും കൃഷി ചെയ്തിരുന്നു. ജൈവവളങ്ങൾ മാത്രം ഉപയോഗിച്ച് കൃഷിചെയ്തിരുന്ന അക്കാലത്ത് പൊതുവെ കീടബാധ ഇല്ലായിരുന്നു. ചിതൽക്കേടിന് വെണ്ണീർ വിതറുകയും, പുഴുക്കേടിന് മുറവും ചൂലും ഉപയോഗിച്ചു പുഴുക്കളെ പിടിച്ചു നശിപ്പിക്കുന്ന രീതിയാണ് പൂർവ്വികർ അനുവർത്തിച്ചുപോന്നിരുന്നത്. നെൽകൃഷിക്കു പുറമെ തെങ്ങ്, കശുമാവ്, കവുങ്ങ്, വാഴ, കുരുമുളക്, ഇഞ്ചി, മരച്ചീനി, കാവത്ത്, പൊടിക്കിഴങ്ങ്, ചേമ്പ്, ചേന, കൂർക്ക, മധുരക്കിഴങ്ങ്, എള്ള്, നനക്കിഴങ്ങ്, മുതിര, ഉഴുന്ന്, തുവര, ചെറുപയർതുടങ്ങിയ ധാന്യങ്ങളും, പച്ചക്കറികളും കൃഷിചെയ്തു വന്നിരുന്നു. അക്കാലത്ത് കൃഷിചെയ്തിരുന്ന ചാമ, രാഗി തുടങ്ങിയവ ഇന്ന് നാമാവശേഷമായിരിക്കുന്നു. മേൽപറഞ്ഞകാർഷിക വിളകളിൽ സ്വന്തം ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള ഉൽപന്നങ്ങൾ വിറ്റ് വരുമാനമുണ്ടാക്കിയിരുന്നു. കവുങ്ങിൽ നിന്നും പഞ്ഞടക്ക(പച്ചടക്ക) പറിച്ച് വെട്ടി കളിയടക്ക ഉണ്ടാക്കുന്ന വ്യവസായവും ധാരാളമായി നാട്ടിൽ ഉണ്ടായിരുന്നു. ഇവ പഴഞ്ഞി, കേച്ചേരി, കൊക്കാല, ഓട്ടുപാറ തുടങ്ങിയ ചന്തകളിൽ കൊണ്ടുപോയി കച്ചവടം നടത്താറുണ്ട്. പഴുക്കടക്ക വെള്ളത്തിലിട്ട് നീറ്റടക്കയായാണ് കൂടുതലായും വിറ്റിരുന്നത്. കൊട്ടടക്കയാക്കുന്ന സമ്പ്രദായം നിലവിലില്ലായിരുന്നു. തേങ്ങ, എള്ള്,മരോട്ടിക്കുരു തുടങ്ങിയവ മരച്ചക്കുകളിലാട്ടി ആവശ്യത്തിനുള്ള വെളിച്ചെണ്ണയും, എണ്ണയും ഉണ്ടാക്കിയിരുന്നു.

മാവ്, പ്ലാവ്, ഞാവൽ, പുളി, കശുമാവ്, തെങ്ങ്, കവുങ്ങ്, തുടങ്ങിയ ഫലവൃക്ഷങ്ങളും, തേക്ക്, വീട്ടി, വേങ്ങ, അയിനി, കുന്നിവാക, പുന്ന, പുവ്വം, മുള്ളിലം, മയിലെള്ള്, താണി, ഉങ്ങ്, കാഞ്ഞിരം, കര തുടങ്ങിയ വൃക്ഷങ്ങളും സുലഭമായി വളർന്നിരുന്നു.

ഉത്പാദനക്ഷമത

ആധുനിക കൃഷി സമ്പ്രദായങ്ങൾ വേണ്ടതിലധികം പഞ്ചായത്ത് പ്രദേശങ്ങളിൽ നടപ്പിൽ വരുത്തിയിട്ടും; കോൾപാടശേഖരങ്ങളൊഴിച്ചാൽ ശരാശരി ഉത്പാദനക്ഷമത വളരെ കുറവാണ്. മണ്ണുസംരക്ഷണ രംഗത്തെ പരാജയമാണിതിനു കാരണം. വേണ്ടത്ര ജൈവവളങ്ങൾ ചേർക്കാതെ രാസവളങ്ങൾ കൂടുതലായി ഉപയോഗിച്ചു കൊണ്ടും, മണ്ണിലെ അമ്ലതക്കനുസരിച്ച് കുമ്മായം ചേർക്കാതിരുന്നതുമാണ് ഈ രംഗത്ത്വന്ന അപാകതകൾ. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ രാസവളങ്ങൾക്കുപുറമെ നാമമാത്ര മൂലകങ്ങൾ ചേർക്കാതിരുന്നതും ഉത്പാദനക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്.

വിളവിഭജനം

വിവിധ വിളകൾ		വിസ്തീർണ്ണം ഹെക്ടറിൽ	വിസ്തീർണ്ണം %
1.	നെൽകൃഷി വിരിപ്പ്	143	6.22
2.	നെൽകൃഷി മുണ്ടകൻ	242	10.54
3	നെൽകൃഷി പുഞ്ച	1150	50
4.	തെങ്ങ്	285	8.62
5.	കവുങ്ങ്	198	8.62
6.	വാഴ നേന്ത്രൻ	10	0.45
7.	കുരുമുളക്	20	0.82
8.	വാഴ മറ്റിനങ്ങൾ	40	1.80
9.	കശുമാവ്	20	0.82
10.	കപ്പ	20	0.82
11	പച്ചക്കറി	15	0.6
12.	കൈതച്ചക്ക	5	0.24
13.	പയറുവർഗ്ഗങ്ങൾ	5	0.24
14.	റബ്ബർ	2	0.09
15.	ജാതി	2	0.09
16.	മറ്റിനങ്ങൾ	145	6.28
		2302	100

സാങ്കേതിക ഘടകങ്ങൾ

കാർഷിക രംഗത്ത് വേണ്ട നിർദ്ദേശങ്ങളും, സാങ്കേതിക ഉപദേശങ്ങളും, സാമ്പത്തികാനുകൂല്യങ്ങളും പ്രധാനമായും നൽകിവരുന്നത് അടാട്ട് കൃഷിഭവനാണ്. നാളികേരവികസനബോർഡ്, മൈനർ ഇറിഗേഷൻ, ഇറിഗേഷൻ, കാഡ തുടങ്ങിയവകുപ്പുകളുടെ സഹായങ്ങളും, നിർദ്ദേശങ്ങളും ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളിലെ പദ്ധതികളെക്കുറിച്ചുള്ള അറിവുകുറവാണ് കർഷകർക്ക് വേണ്ടത്ര ആനുകൂല്യം ലഭിക്കാതിരിക്കാൻ കാരണം. റേഡിയോ, ടി.വി., കാർഷിക മാസികകൾ, മറ്റുവാർത്താമാധ്യമങ്ങൾ തുടങ്ങിയവയിൽനിന്നെല്ലാം കൃഷിയെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാണ്.

നിലവിലുള്ള ജലസേചനമാർഗ്ഗങ്ങൾ

കോൾപടവുകളിൽ ജലസേചനസൗകര്യങ്ങൾ ഉണ്ടെങ്കിൽ ചില പാടശേഖരങ്ങളിൽ വെള്ളമെത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. സമതലപ്രദേശങ്ങളിൽ ഭൂരിഭാഗം കർഷകരും ജലസേചനത്തിന് കിണറും, കുളങ്ങളുമാണ് ഉപയോഗിക്കുന്നത്. ചുരുക്കം ചിലർ കുഴൽകിണറിൽനിന്ന് ജലസേചനം നടത്തുന്നുണ്ട്. മോട്ടോർ, എഞ്ചിൻ എന്നിവയാണ് കൂടുതൽഭാഗങ്ങളിലും ജലസേചനത്തിനും ഉപയോഗിക്കുന്നത്. അപൂർവ്വം കാളത്തേക്കും, തുലാക്കൊട്ട സമ്പ്രദായവും ഇന്നും നിലവിലുണ്ട്. ജലസേചന സൗകര്യങ്ങളുടെ കണക്ക് താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	പൊതുജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയക്കെട്ട് (ഹെക്ടറിൽ)
1.		2	3	3	100Ha
2.		2	4	2	50Ha
3.		3	6	4	160Ha
4.		6	5		
5.		3	3	1	40Ha
6.		2	3	2	
7.		3	3	1	
8.		2	2	2	40Ha
9.		1	4		125 Ha
10.		2	3		
	മൊത്തം	26	35	15	515 Ha

ഉൽപന്നങ്ങളുടെ വിപണനം

പ്രധാന കാർഷികോത്പന്നങ്ങളായ നെല്ല്, നാളികേരം, അടക്ക, കുരുമുളക്, കശുവണ്ടി, ജാതി, ഗ്രാമ്പൂ തുടങ്ങിയവക്ക് അർഹമായ വില ലഭിക്കുന്നില്ല. പഞ്ചായത്തതിർത്തിയിൽ പെടുന്ന അടാട്ട് ഫാർമഴ്സ് ബാങ്ക് നെല്ല്, തേങ്ങ, അടക്ക തുടങ്ങിയ ഉത്പന്നങ്ങൾസംഭരിക്കുയും, സംസ്ക്കരിക്കുയും ചെയ്യുന്നുണ്ട്. എന്നാൽ കൃഷിച്ചിലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല. നേന്ത്രക്കായ, പച്ചക്കറികൾ, തുടങ്ങിയവയിൽ ഇടത്തട്ടുകാരാണ് കർഷകരെക്കാൾ ലാഭം നേടുന്നത്.

കാർഷികബന്ധങ്ങൾ

നെൽകൃഷിയുടെ ഉൽപാദനക്ഷമത ഒരു പരിധിവരെ കുറയാൻ കാരണം നമ്മുടെ കൃഷിഭൂമി തുണ്ടുകളായി മാറിയതിനാലാണ്. ഒരു വ്യക്തിക്കോ കുടുംബത്തിനോ കൃഷിയിൽനിന്നുള്ള

അറ്റാദായങ്ങൾകൊണ്ട് ജീവിക്കാനാവാത്തതിനാൽ സ്വാഭാവികമായും മറ്റുതൊഴിലുകളിലേർപ്പെടുവാൻ കർഷകർ നിന്ധിതരാകുന്നു. കോൾനിലങ്ങളിലെ ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതികൾ കുറെക്കൂടി ആധുനികവൽക്കരിച്ച് സഹകരണ മേഖലയിലുള്ള കൃഷിസമ്പ്രദായവും യന്ത്രവൽക്കരണടും യുവതലമുറയുടെ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കലുമാണ് ഈ രംഗത്തെ ഉണർത്തുവാൻ ഉതകുന്ന പദ്ധതികൾ.

സേവന വേതന വ്യവസ്ഥകൾ

കർഷകതൊഴിലാളികളുടെ ദൗർബല്യവും, ഈ രംഗത്തെ കൂലിക്കൂടുതലും കർഷകർക്ക് കൃഷിയോടുള്ള താൽപര്യം കുറഞ്ഞുവരുവാൻ വലിയൊരു കാരണമാണ്. കൂലി ഏകീകരിക്കുക. പണിയുടെ ദൈർഘ്യം ക്ലിപ്തപ്പെടുത്തുക, വേതനത്തോടു ബന്ധപ്പെട്ടസേവനം ചെയ്യുവാൻ കർഷകത്തൊഴിലാളികളെ ബോധവൽക്കരിക്കുക തുടങ്ങിയവയാണ് ഈ രംഗത്ത് ഉടനെ ചെയ്യേണ്ടത്. നിലവിലുള്ള കൂലി നിരക്കുകൾ

ക്രമനമ്പർ	പണിയുടെ വിവരങ്ങൾ	കൂലി	
1.	നാടൻഉഴവ്	200/	ദിവസം
2.	ട്രാക്ടർ	180/	മണിക്കൂർ
3.	ട്രില്ലർ	90/	മണിക്കൂർ
4.	കർഷകത്തൊഴിലാളി സ്ത്രീ	60/	ദിവസം
5.	കർഷകത്തൊഴിലാളി പുരുഷൻ	125/	ദിവസം
6.	കീടനാശിനിപ്രയോഗം പുരുഷൻ	160/	ദിവസം
7.	നാപ്സാക് സ്പ്രെയർ	15	ദിവസം
8.	റോക്കർ സ്പ്രെയർ	50/	ദിവസം
9.	പവ്വർ സ്പ്രെയർ	15/	മണിക്കൂർ
10.	മെതിയന്ത്രം	25/	മണിക്കൂർ

വളപ്രയോഗം

ആധുനിക കൃഷി സമ്പ്രദായങ്ങൾ നിലവിൽവന്നതോടുകൂടി രാസവളങ്ങളുടെ ഉപയോഗവും വളരെയധികം വർദ്ധിച്ചു. പഞ്ചായത്ത്പ്രദേശത്ത് രാസവളങ്ങളുടെ പ്രയോഗം താഴെ പറയും പ്രകാരമാണ്

കൃഷിഭവൻ വഴിനൽകിവരുന്ന പദ്ധതികളുടെ അവലോകനം

1. നെല്ല്

പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയനുസരിച്ച് 20 ക ലക്ഷം അനുവദിച്ചത് പാടശേഖരങ്ങൾക്ക് നൽകി. വിത്തുൽപാദന പദ്ധതിയുടെ ഭാഗമായി അംഗീകൃത പാടശേഖരസമിതിക്ക്. സൗജന്യ വിത്ത്, ഉത്പാദബോണസ്സ് എന്നീ ഇനത്തിൽ ഒരു ലക്ഷം രൂപ നൽകി. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം എന്നിവ നൽകിവരുന്നു. ഉത്പാദനബോണസ്സായി ഹെക്ടറിന് 250 രൂപ നിരക്കിൽ 3 ലക്ഷം രൂപ വിതരണം ചെയ്തു. നെൽകൃഷിക്കുള്ള മോട്ടോറിന്റെ വൈദ്യുതചാർജ്ജ് സൗജന്യമാക്കിയിട്ടുണ്ട്. നെല്ല് സംഭരണ, സംസ്ക്രണ, വിതരണ പദ്ധതിയനുസരിച്ച് സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് വിതരണം ചെയ്യുന്നതുമൂലം കൊയ്ത്തുകാലത്ത് നെല്ലിനുണ്ടായേക്കാവുന്ന വിലയിടിവിൽ നിന്നും നെൽകൃഷിക്കാരെ രക്ഷിക്കാനാകും. ഇതിന്റെ ഭാഗമായി ഓരോ വർഷവും 10 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

തെങ്ങ്

സമഗ്ര നാളികേര വികസനപദ്ധതിയുടെ ഭാഗമായി ചുരുങ്ങിയത് 30 സെന്റ് സ്ഥലത്തെങ്കിലും

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിവരം	1993 94			1994 95			1995 96		
		രാസവളം കിഗ്രാം	കീടനാശിനി		രാസവളം കിഗ്രാം	കീടനാശിനി		രാസവളം കിഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1.	സഹകരണം	1500 MT.	950 Ltr.	1000 Kg.	1580 Mt.	1060 Ltr.	915 Kg.	1600 Mt.	890 Ltr.	950 Kg
2.	സ്വകാര്യം	5000 Mt	200 Ltr.	250 Kg.	490 Mt	235 Ltr.	225 Kg	690 Mt	175 Ltr	215 Kg

കൃഷിചെയ്യുന്നവർക്ക് കിണർകുഴിക്കുന്നതിനും, പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും 33.5 % സബ്സിഡിനിരക്കിൽ പരമാവധി ഒരു വ്യക്തിക്ക് 2500 ക വച്ച് നൽകുന്നു. സാമൂഹ്യജലസേചന പദ്ധതിയുടെ ഭാഗമായി 5 ലക്ഷം രൂപവരെ സബ്സിഡിയായി നൽകിവരുന്നു. ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിക്കായി 10,000 ക നൽകിക്കഴിഞ്ഞു. WCT, TxD, DxT എന്നീ തെങ്ങിൻ തൈകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ പച്ചിലവളച്ചെടിയുടെ വിത്ത് 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്.

കവുങ്ങ്

മഹാളിരോഗത്തിനെതിരെ ഹെ. 400 ക കണക്കിൽ സബ്സിഡിനിരക്കിൽ 350 Kg തുരിശ് വിതരണം ചെയ്തു. സൗജന്യനിരക്കിൽ മംഗളതൈകൾ വിതരണം ചെയ്തു. കിണർ, പമ്പുസെറ്റ്, സ്പ്രെയർ, തുടങ്ങിയവ 50 % സബ്സിഡി നിരക്കിൽ വിതരണം ചൈയ്തു വരുന്നു.

വാഴ

ഈ കൃഷിയുടെ വികസനാർത്ഥം ഹെ. ഒന്നിന് 5100 രൂ സബ്സിഡിയായി നൽകിയിട്ടുണ്ട്.

കുരുമുളക്

വേരുപിടിപ്പിച്ച കുരുമുളക് വള്ളി, വളം, കീടനാശിനി തുടങ്ങി 50 % സബ്സിഡി നൽകിവരുന്നു. ഹെ. 10,000 ക നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്.

പച്ചക്കറി

സൽക്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറി വിത്തുകളും, തിരഞ്ഞെടുത്ത സ്ക്കൂളുകളിൽ മാതൃകാപച്ചക്കറിത്തോട്ടവും വച്ചുപിടിപ്പിക്കുന്നതിന് കിണർ, മോട്ടോർ തുടങ്ങിയവ സൗജന്യമായി നൽകിവരുന്നു.

ഫലവർഗ കൃഷി

മാവ്, പ്ലാവ്, ഗ്രാമ്പൂ, ചാമ്പ, ജാതി, നെല്ലി തുടങ്ങി സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

കണികജലസേചന പദ്ധതി

ഈ പദ്ധതിയനുസരിച്ച് തെങ്ങുകൃഷിക്കാർക്ക് 50 % നിരക്കിൽ ഒരു വ്യക്തിക്ക് പരമാവധി 15,000 ക വരെ സബ്സിഡി നൽകിവരുന്നു.

ഉദ്യാനകൃഷി

ഉദ്യാനകൃഷി വികസനത്തിനായി ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, തുടങ്ങിയ ചെടികൾക്ക് ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് 50% സബ്സിഡി നൽകി വരുന്നു

പ്രത്യേക പദ്ധതി

പ്രത്യേക ഘടകപദ്ധതിയനുസരിച്ച് ചെട്ടിക്കുന്ന് I.H.D.P കോളനിയിൽ ജലസേചന സൗകര്യത്തിന് 5 ലക്ഷം കയുടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി.

പ്രകൃതിക്ഷോഭ ദുരിതാശ്വാസം

പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾ നഷ്ടപ്പെട്ടവർക്ക് ബണ്ടുകൾ പൊട്ടിയാൽ പുനർ നിർമ്മാണത്തിന് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി 4 ലക്ഷം ക നൽകി ക്കഴിഞ്ഞു.

വിള ഇൻഷ്വറൻസ് പദ്ധതി

നിശ്ചിത പ്രീമിയം അടച്ച് വിവിധ കാർഷിക വിളകൾ ഇൻഷ്വർ ചെയ്യുന്നതിനായിട്ടാണ് ഈ പദ്ധതി. ഇതുപ്രകാരം 306 കൃഷിക്കാരെ 37588 ക പ്രീമിയം അടച്ച് 3 മുതൽ 5 വർഷത്തേക്ക് ഈ പദ്ധതിയിൽ ചേർത്തിട്ടുണ്ട്.

യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാനപദ്ധതി

യുവജനതൊഴിൽപദ്ധതി പ്രകാരം അംഗത്വം നേടിയിട്ടുള്ള യുവജനങ്ങൾക്ക് വിവിധ കാർഷീകാനുകൂല്യങ്ങൾ നടപ്പാക്കിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം 120 പേർ അംഗത്വം എടുത്തു. പ്രീമിയമായി 1,16000 ക നിശ്ചിത സമയത്തിനുള്ളിൽ അടച്ചുകഴിഞ്ഞു.

കാറ്റുവീഴ്ച സർവ്വെ പദ്ധതി

ഈപദ്ധതിപ്രകാരകം പഞ്ചായത്തിൽ കാറ്റു വീഴ്ച ബാധിച്ച തെങ്ങുകളുണ്ടോ എന്ന് സർവ്വെ നടത്തിയതിൽ ഈ രോഗം ബാധിച്ച തെങ്ങുകളില്ലെന്ന് കണ്ടെത്തി.

ബയോഗ്യാസ് വികസന പദ്ധതി

ഈ പദ്ധതിപ്രകാരം $1M^3$, $2M^3$. $3M^3$ എന്നീ അളവുകളിലുള്ള ബയോഗ്യാസ് പ്ലാൻറുകൾ കൃഷിവകുപ്പിന്റെ സബ്സിഡിയോടുകൂടി നടപ്പിലാക്കി വരുന്നു.

മണ്ണുപരിശോധന

ശാസ്ത്രീയമായി വളപ്രയോഗം ഉറപ്പുവരുത്തുന്നതിനായി കൃഷിവകുപ്പുമുഖേന മണ്ണുപരിശോധന സൗജന്യമായി ചെയ്തുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗം നടപ്പിലാക്കിവരുന്നു.

പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
1. നെൽവയലുകൾ നികത്തി കൃഷിക്ക് ഉപയോഗിക്കുന്ന പ്രവണത പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി കണ്ടുവരുന്നു	നെൽകൃഷി താരതമ്യേന ലാഭകരമല്ലാതെ വരുന്നതുകൊണ്ടാണ് ഈ പ്രവണത കണ്ടു വരുന്നത്. കൃഷി ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുയാണ് ഇതിനുള്ള പോംവഴി. നിയമം കർശനമായി നടപ്പാക്കി വയൽ നികത്തുന്നത് തടയേണ്ടതാണ്.
2. ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും ആവശ്യമായ തോടുകളും ചാലുകളും ആവശ്യമായ സ്ഥലങ്ങളിലില്ല.	വയലുകളുടെ കിടപ്പ് പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ വേണ്ടത്ര തോടുകൾ നിർമ്മിക്കുകയും ഉപയോഗശൂന്യമായുള്ള തോടുകൾ നന്നാക്കി ഉപയോഗ്യമാക്കി തീർക്കുകയും ചെയ്യുക.
3. നെല്ല്, നാളികേരം, അടക്ക, കശുവണ്ടി എന്നിവക്കുള്ള സംഭരണ യൂണിറ്റുകൾ കുറവാണ്. സംസ്ക്കരണ യൂണിറ്റുകൾ ഇല്ല.	കൂടുതൽ സംഭരണ യൂണിറ്റുകൾ ഏർപ്പെടുത്തുകയും, സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.
4. പാടശേഖരങ്ങളിലേക്ക് ആവശ്യമായ റോഡുകളില്ല.	നെൽ വയലുകളുടെ മദ്ധ്യത്തിൽ കൂടി ആവശ്യമായ ഫാം റോഡുകൾ നിർമ്മിക്കേണ്ടതാണ്.
5. കാർഷിക രോഗങ്ങള നിയന്ത്രണ വിധേയമാക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടിയുടെ അപര്യാപ്തത.	കാർഷിക രോഗങ്ങളേയും നിയന്ത്രണ മാർഗ്ഗങ്ങളേയും കുറിച്ച് വാർഡുതലത്തിൽ ബോധവത്കക്കരണ സെമിനാറുകൾ നടത്തേണ്ടതാണ്.
6. നെൽകൃഷിക്ക് ജലസേചനാവശ്യത്തിന് വേണ്ട ചീപ്പുകൾ കേടുവന്നയാണ്.	ചീപ്പുകളുടെ കേട്പാടുകൾ തീർത്ത് ഉപയോഗ്യമാക്കിത്തീർക്കുക.
7. പാടശേഖരങ്ങളിൽ ആവശ്യാനുസരണം മോട്ടോർ, പമ്പ്സെറ്റുകൾ/പെട്ടിപറ എന്നിവയുടെ അപര്യാപ്തത.	പാടശേഖരങ്ങളിലേക്ക് ആവശ്യമായ മോട്ടോർ പമ്പ് സെറ്റ്/പെട്ടിപറ സൗജന്യമായി വിതരണം ചെയ്യുക.
8. ഉഴവുയന്ത്രങ്ങളായ പവ്വർടില്ലറുകൾ/ട്രാക്ടർ എന്നിവ യഥാസമയം ലഭ്യമല്ലാത്തതുകൊണ്ട് വേണ്ടസമയത്ത് കൃഷിയിറക്കാൻ സാധിക്കുന്നില്ല.	പാടശേഖര കമ്മറ്റികൾക്ക് സബ്സിഡിയോടെ ട്രാക്ടർ/ടില്ലർ വിതരണം ചെയ്യുക.
9. കാർഷിക തൊഴിലാളികളുടെ ദൗർലഭ്യം മൂലം യഥാസമയം കൃഷിയിറക്കൽ/കൊയ്ത്ത് സാദ്ധ്യമല്ലാത്ത പരിസ്ഥിതി.	കാർഷികരംഗത്ത് നടപ്പാക്കാവുന്ന യന്ത്രവത്ക്കരണം കഴിയുന്നതും നടപ്പാക്കുക. പഞ്ചായത്ത് തലത്തിൽ കർഷകതൊഴിലാളികളുടെ കൂലിയും ജോലിസമയവും നിജപ്പെടുത്തുക.
10. ജൈവവളങ്ങൾ ആവശ്യാനുസാരണം ലഭ്യമല്ല. അവ നിർമ്മിക്കുന്നതിന് കർഷകർക്ക് സാങ്കേതികോപദേശവും, ലഭ്യമായ സാമ്പത്തിക സഹായവും അപര്യാപ്തമാണ്.	ജൈവവളം നിർമ്മാണത്തിനും ജൈവവാതക നിർമ്മാണത്തിനും ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്..

പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
11. വിള ഇൻഷ്വറൻസ് വേണ്ടത്ര വ്യാപകമായി നടപ്പാക്കാത്തതിനാൽ കർഷകർക്ക് പ്രകൃതി ക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നു.	സർക്കാർ തലത്തിൽ വിള ഇൻഷ്വറൻസ് എല്ലാ കാർഷിക വിളകൾക്കും ബാധകമാക്കുക.
12. പഞ്ചായത്ത് പ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിൽ ഔഷധച്ചെടികൾ വളർത്തുന്നതിന് വേണ്ടത്ര പ്രോത്സാഹനവും സഹായവും ലഭിക്കുന്നില്ല.	ഉദ്യാനകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, ഔഷധസസ്യങ്ങൾ അലങ്കാരച്ചെടികൾ എന്നിവ വളർത്തുന്നതിനും അവ വിപണനം നടത്തുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക.
13. കവുങ്ങിന് വർഷംതോറും മഹാളിരോഗവും, ചൊവ്വാക്കേടും മൂലം ഉത്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു.	മാഹാളിരോഗത്തെ പ്രതിരോധിക്കുന്നതിനുള്ള താമ്ര കുമിൾ സംഹാരി മരുന്ന് കൃഷിക്കാർക്ക് സൗജന്യമായി നൽകുകയും, ചൊവ്വക്കേട് ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റേണ്ടിവരുമ്പോൾ അതിന് നഷ്ടപരിഹാരം നൽകുകയും, പുതിയതായി കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുകയും വേണം.
14. ഉയർന്ന പാടങ്ങളിൽ മുണ്ടക വിള ജലദൗർലഭ്യം നേരിടുന്നു.	പഞ്ചായത്ത് പ്രദേശത്തിലെ പാടങ്ങളോട് ചേർന്ന് കിടക്കുന്ന കുളങ്ങൾ കേട് പാട് തീർത്ത് ആഴം കൂട്ടി 5 മുതൽ 10 എച്ച്പി വരെയുള്ള മോട്ടോർ പമ്പ് സെറ്റ് ഉപയോഗിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
15. പച്ചക്കറികൾക്ക് ദൗർലഭ്യവും അമിത വിലയും അനുഭവപ്പെടുന്നു.	എല്ലാ വീടുകളിലും അടുക്കളത്തോട്ടം ഉണ്ടാക്കുകയും വീട്ടമ്മമാർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി മത്സരവും, സമ്മാന വിതരണവും വാർഡ് തലത്തിലും, പഞ്ചായത്ത് തലത്തിലും ഏർപ്പെടുത്തുക. വാർഡ് തോറും മാതൃക പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുക. പച്ചക്കറി വിത്ത് ശേഖരണത്തിന് പഞ്ചായത്ത് തലത്തിൽ പച്ചക്കറി വിത്തുല്പാദക കേന്ദ്രങ്ങൾ സ്ഥാപിക്കുക.
16. കാർഷിക വിളകൾക്ക് എലിശല്യം വ്യാപകമായി അനുഭവപ്പെടുന്നു.	പഞ്ചായത്തിലെ എല്ലാ വീടുകളിലും ഒരേ സമയത്ത് എലി വിഷം വെച്ച് എലികളെ നശിപ്പിച്ച് എലി വിമുക്ത മേഖലയാക്കുക ഇതിനാവശ്യമായ വിഷം സൗജന്യമായി നൽകുക.

തെങ്ങ് കൃഷി

1. തെങ്ങ് കൃഷിക്ക് ജലസേചനം നടത്തുന്നതിനും, കിണർ കുഴിക്കുന്നതിനും, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും വേണ്ടതായ സാമ്പത്തിക സഹായം നൽകുക.
2. തെങ്ങുകയറ്റത്തൊഴിലാളികളുടെ കൂലി ഏകീകരിക്കുകയും, തൊഴിലാളികളുടെ സംഘടന രൂപീകരിക്കുകയും ചെയ്യുക.
3. തെങ്ങിന് സൗജന്യമായി ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
4. രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയതെങ്ങുകൾ നടുന്നതിന് സാമ്പത്തിക സഹായം നൽകുക.
5. തേങ്ങക്ക് നിലവിലുള്ള തറവില ഉയർത്തി നിശ്ചയിക്കുക.
6. സങ്കരയിനം തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക.
8. ചെറുകിട കൃഷിക്കാർക്ക് പൊതുജലസേചനം നടത്തുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തുക.

കവുങ്ങുകൃഷി

1. ചൊവ്വാക്കേടു ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റി പുതുതായി കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക.
2. മഹാളിക്കേട് പ്രതിരോധത്തിന് സൗജന്യമായി മരുന്നുതെളി ഏർപ്പെടുത്തുക.
3. ഉത്പാദനശേഷി കൂടുതലുള്ള സങ്കരയിനം കവുങ്ങിൻ തൈകൾ സൗജന്യമായി വിതരണം ചെയ്യുക.
4. അടക്ക സംസ്കരണവും, വിപണനവും പഞ്ചായത്ത് തലത്തിൽ തന്നെ നടപ്പാക്കുക.
5. കവുങ്ങു കൃഷിക്ക് ജലസേചനം നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുക.

കശുമാവ് കൃഷി

1. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടി സാമ്പത്തികമായും, സാങ്കേതികമായും ആവശ്യമായ സഹായങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുക.
3. സർക്കാർ വക തരിശുഭൂമിയിൽ മാതൃകാ കശുമാവിൻ തോട്ടങ്ങൾ ഏർപ്പെടുത്തുക.
4. വ്യാപകമായതോതിൽ കശുമാവുകളെ ബാധിക്കുന്ന തണ്ടുതുരപ്പൻ പുഴുവിന്റെ ഉപദ്രവം നിർമാർജ്ജനം ചെയ്യുന്നതിന് കീടനാശിനികളും, പ്രതിരോധനടപടികളും ലഭ്യമാക്കുക.
5. കശുവണ്ടി വിളവെടുപ്പുകാലത്ത് ഉയർന്ന വില ഉറപ്പുവരുത്തുകയും പഞ്ചായത്ത് തലത്തിൽ തന്നെ സംഭരണ കേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

വാഴകൃഷി

1. ജലസേചന സൗകര്യം ലഭ്യമാക്കാവുന്ന ഉയർന്ന നെൽപാടങ്ങളിൽ വേനൽക്കാലത്ത് വാഴകൃഷി വ്യാപകമായി നടത്തുന്നതിന് പൊതുജലസേച സൗകര്യം ഏർപ്പെടുത്തുക
2. വാഴകൃഷിക്ക് വ്യാപകമായി ബാധിച്ചുകൊണ്ടിരിക്കുന്ന് കുറുനാമ്പ് രോഗം, പിണ്ടിപ്പുഴുബാധ എന്നിവ തുടയുന്നതിന് സൗജന്യമായ പ്രതിരോധ നടപടികൾ ഏർപ്പെടുത്തുക.

സുഗന്ധവ്യഞ്ജനങ്ങൾ

1. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, എന്നിവ ഇടവിളയായി തെങ്ങിൻ തോട്ടങ്ങളിലും, കവുങ്ങിൽ തോട്ടങ്ങളിലും കൃഷിചെയ്യുന്നതിന് വ്യാപകമായ പ്രോത്സാഹനം നൽകേണ്ടിയിരിക്കുന്നു. ആതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കേണ്ടതാണ്.
2. കുരുമുളക് കൃഷിക്ക് പരക്കെ ബാധിക്കുന്ന ദ്രുതവാട്ടം, തണ്ടു ചീയൽ എന്നീരോഗങ്ങൾ ബാധിച്ചിട്ടുള്ള കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകണം. പുന:കൃഷിക്ക് സൗജന്യമായ വേരു പിടിപ്പിച്ച കുരുമുള കുവള്ളികൾ നൽകേണ്ടതാണ്.

കോൾ പാടശേഖരകമ്മറ്റി നിർദ്ദേശങ്ങൾ

പാടശേഖരത്തിന്റെ പേരും പ്രശ്നങ്ങളും	വാർഡ് നമ്പർ	പ്രയോജനം	എസ്റ്റിമേറ്റ് സംഖ്യ
1. പായിക്കോൾ പാടശേഖരത്തിൽ 50 എച്ച്. പി. 30 എച്ച്. പി. മോട്ടോർ ഒന്നു വീതവും അതിന് ആവശ്യമായ പെട്ടിപറ, ഷെഡ് എന്നിവ ആവശ്യമാണ്. കൂടാതെ പടവിന്റെ ഉള്ളിലുള്ള ചാൽ റിപ്പയർ ചെയ്യേണ്ടതാണ്	1	84-50 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ ഇത് കൊണ്ട് പരിഹരിക്കാവുന്നതാണ്	4 ലക്ഷം
2. പുത്തൻ കോൾ പാടശേഖരത്തിൽ 50 എച്ച്. പി. യുടെ രണ്ട് മോട്ടോർ പെട്ടിപറ, മോട്ടോർ ഷെഡ് എന്നിവ ആവശ്യമാണ്	1	116.8 ഹെക്ടർ സ്ഥലത്തെ കൃഷിക്കാർക്ക് ഇതുകൊണ്ട് പ്രയോജനം കിട്ടുന്നതാണ്.	4-25 ലക്ഷം
3 തിരുത്തിൽ താഴത്ത് 50 എച്ച്. പി. മോട്ടോർ ഒന്ന്, 40 എച്ച്. പി. മോട്ടോർ ഒന്ന് ഇവയുടെ പെട്ടിപറ, രണ്ട് ഷെഡ് എന്നിവ ആവശ്യമാണ്	1	36.67 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് പ്രയോജനം ലഭിക്കും	4 ലക്ഷം
4 ഒമ്പതുമുറി പാടശേഖരത്തിൽ 30 എച്ച്. പി., പെട്ടിപറ, മറ്റു ഉപകരണങ്ങളും ഒരു ഷെഡും ആവശ്യമാണ്	1	35 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് പ്രയോജനം കിട്ടുന്നതാണ്	1.5 ലക്ഷം
5. നാലുമുറി, കടവിൽ കോൾ ആക്കറ്റാൻ എന്നീപടവുകളിൽ നാല് 50 എച്ച്. പി. മോട്ടോർ അതിന്റെ പെട്ടിപറ എന്നിവയും ,6 ഷെഡ് എന്നിവ ആവശ്യമാണ്. കൂടാതെ ഉൾചാലുകളിൽ മണ്ണ് വന്ന് അടിയുന്നതുകൊണ്ട് ചാലിൽ കൂടി വെള്ളം ഒഴുകി പോകുന്നില്ല.	1 2 3	370 ഹെക്ടർ സ്ഥലത്തെ കൃഷിക്കാർക്ക് ഇത്കൊണ്ട് പ്രയോജനം കിട്ടുന്നു.	10 ലക്ഷം
6. കറുത്താണി പാടശേഖരത്തിന് രണ്ട് 50 എച്ച്. പി. മോട്ടോർ, ഒരു 30 എച്ച്. പി. മോട്ടോർ അതിനു വേണ്ട പെട്ടി പറ എന്നിവയും മറ്റു ഉപകരണങ്ങളും മോട്ടോർ ഷെഡും ആവശ്യമാണ്	7	178.05 ഹെക്ടർ നിലത്തിലെ കൃഷിക്കാർക്ക് ഗുണം ചെയ്യും	5 ലക്ഷം

32

പാടശേഖരത്തിന്റെ പേരും പ്രശ്നങ്ങളും	വാർഡ് നമ്പർ	പ്രയോജനം	എസ്റ്റിമേറ്റ് സംഖ്യ
7. ചൂരക്കാട്ടുകര പാടശേഖരത്തിന് രണ്ട് 30 എച്ച്പി മോട്ടോർ, പെട്ടിപറ, 10 എച്ച്. പി. മോട്ടോർ, പെട്ടി പറ എന്നിവ ആവശ്യമാണ്. കൂടാതെ പൊലുടിച്ചാൽ മുതൽ കരേക്കാട് വരെ കരയോട് ചേർന്ന് 3 മീറ്റർ വീതിയിൽ പടവിൽ കൂടി ഒരു ചാൽ ആവശ്യമാണ്. മെതിയന്ത്രം മെതിക്കളം എന്നിവ ആവശ്യമാണ്	5 6	103.79 ഹെക്ടർ നിലത്തെ കൃഷിക്കാർക്ക് പ്രയോജനം ഉണ്ടുകുന്നതാണ്	2ലക്ഷം
8. പണ്ടാറകോൾ, പാടശേഖരത്തിൽ 50 എച്ച്പി മോട്ടോർ ഒന്നും, 30 എച്ച്പി മോട്ടോർ ഒന്നും, ഇവയുടെ പെട്ടി പറ, മറ്റുപകരണങ്ങളും അത്യാവശ്യമാണ്	1	95 ഏക്കർ നിലത്തെ കൃഷിക്കാർക്ക് പ്രയോജനം ലഭിക്കും	2.5 ലക്ഷം
9 ചാത്തൻകോൾ പൂപ്പിലക്കാട് പാടശേഖരത്തിൽ 4 ഷെഡ് ആവശ്യമാണ്. മെയിൻ ചാൽ 15 മീറ്റർ വീതിയിൽ 75 സെ. മീറ്റർ താഴ്ചയിൽ ഉദ്ദേശം 2 കിലോമിറ്റർ നീളത്തിൽ മണ്ണ് എടുത്ത് മാറ്റണം. കൂടാതെ അയ്യപ്പൻകോൾ തറ മുതൽ ചാത്തൻകോൾ ബണ്ട് വരെയും, പുളിഞ്ചേരികുളത്തിൽ നിന്ന് ആരംഭിച്ച് തുറക്കുളം വരെയും ഫീൽഡ് ചാൽ നിർമ്മിക്കണം	3 2	150 ഹെക്ടർ നിലത്ത് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാം	5 ലക്ഷം
10. പുതൂർകരിക്ക പാടശേഖരത്തിന് ഒരു 10 എച്ച്പി. മോട്ടോർ, മറ്റു ഉപകരണങ്ങളും അത്യാവശ്യമാണ്. രണ്ട് മോട്ടോർ ഷെഡും. 400 മീറ്റർ മെയിൻ ചാൽ 10 മീറ്റർ വീതിയിൽ 1 മീറ്റർ താഴ്ചയിൽ ഉണ്ടാക്കണം. 51 തറമുതൽ വടക്കെ മുള്ളൂർകായൽ ഉദ്ദേശം 4 കി. മീ. മെയിൽചാൽ താഴ്ത്തണം	3 4	40 ഹെക്ടർ നിലത്തിലെ കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്നതാണ്. പീച്ചി ചിമ്മിണി ഡാമിൽ നിന്ന് വെള്ളം എത്തിക്കുന്നതിന് സാധിക്കുന്നതാണ്.	
11. ചിരുകണ്ടത്ത് പാടശേഖരത്തിൽ പഴമ്പുഴതാഴത്ത് 30 എച്ച്പി യുടെ ഒന്നും, കെ. എൽ. ഡി. സി. യുടെ ബണ്ടിമേൽ 10 എച്ച്പിയുടെ ഒന്നും അതിന്റെ പെട്ടി പറയും, ഷെഡും ആവശ്യമാണ്. കൂടാതെ 1500 മീറ്റർ നീളത്തിൽ ചാൽ നിർമ്മിക്കണം	3	70 ഹെക്ടർ സ്ഥലത്തെ കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്നതാണ്,	50 ലക്ഷം
12. ഇരുനിലം പാടത്തേക്ക് കോൾ നിലങ്ങളിൽ നിന്ന് വെള്ളം ഇപ്പോഴുള്ള മൂന്ന് പാലങ്ങളുടെ അടിയിലൂടെ കടന്ന് കൃഷി നശിച്ചുപോകുന്നു. ഇതിനു പരിഹാരമായി പാലം അടയ്ക്കുകയും ഒരു പാലത്തിൽ കൂടി വെള്ളം പമ്പുചെയ്തു കളയുകയും വേണം. 30 എച്ച്പിയുടെ മോട്ടോറും പമ്പുസെറ്റും വേണം	7	പടവിലെ മുണ്ടകൻ, വിരിപ്പ് എന്നിവയെ രക്ഷിക്കാം	

പുതിയതായി വേണ്ട ഫാം റോഡുകൾ

1. ഒമ്പതു മുറികൽക്കഴ മുതൽ ചാത്തൻകോൾ പടവ് വരെ
2. കുറൂർപാറ റോഡിൽ നിന്ന് ആര്യമ്പാടത്ത് കൂടി നാലുമുറി ആക്കറ്റൻ കോൾ പടവ് വരെ
3. തുറക്കുളം പരിസരത്ത് നിന്ന് പൂപ്പില ക്കാടിന്റെമദ്ധ്യത്തിൽ കൂടി പാണൻതാഴം അടാട്ട് റോഡ് വരെ
4. ചിരുകണ്ടത്ത് കയ്യാലയിൽ നിന്ന് ചിരുകണ്ട ത്ത് പടവിന്റെ മദ്ധ്യത്തിൽ കൂടി നില വിലുള്ള ബണ്ട് ഉയർത്തുക
5. പഴമ്പുഴ ക്ഷേത്രം മുതൽ റെയിൽ പാതവരെ
6. മുള്ളൂർ റോഡിൽ നിന്ന് ചാത്തൻകോളിന്റെ മദ്ധ്യത്തിലേക്ക്
7. കുറൂർ പാറ മുതൽ 51 ന്റെ തറവരെയും അ വിടെ നിന്ന് പായിക്കോൾ പടവിലേക്കും തുരുത്തിന്മേൽ താഴം പടവിലേക്കും രണ്ട് ഫാം റോഡുകൾ
8. പണ്ടാറകോളിലൂടെ അയിനിക്കാട് വരെ
9. അയിനിക്കാട് നിന്ന് തുരുത്തിന്മേൽ താഴം, പുതുക്കോൾ എന്നീ പാടശേഖരങ്ങളിലേക്ക്
10. ചിറക്കൽ പടിഞ്ഞാറെ വഴി മുതൽ കണ്ണി കുളം വരെ
11. കരേക്കാട് - മേമ്പിളിക്കാട് - ആര്യംപാടം വഴി പത്തൻ റോഡിലേക്ക്
12. കാർത്തണി മുതൽ പുഴയ്ക്കൽ വണ്ടിപ്പേട്ട വരെ
13. എലിക്കടമ്പ് ചിറമുതൽ കട്ടം തിരുത്ത് ചിറവരെ
14. മുതുവറ അടാട്ട് റോഡിൽ നിന്ന് മുതു വറയിൽ നിന്നും ആദ്യത്തെ പൂർത്തിക രിക്കാത്ത റോഡ് ഇരുനിലപാടത്ത് നില വിലുള്ള ഫാം റോഡിലേക്ക് ബന്ധിപ്പിക്കുക
15. ആമ്പക്കാട് പള്ളിത്താഴം മുതൽ പടോടിവരെ
16. പേരാക്കോൾ മുതൽ തുലാക്കുളം
17. നാലുമുറി മുട്ട് തൊട്ട് മേപ്പട്ടികൽക്കഴവരെ
18. പ്ലാവളപ്പ് ദേവിത്തറ മുതൽ 24 ന്റെ തെക്കേ അറ്റം വരെ

ഫാം റോഡുകളും ഗുണങ്ങളും ദോഷങ്ങളും

ഗുണങ്ങൾ

1 വളം, വിത്ത് എന്നിവ കൃഷിയിടം വരെ വാഹനത്തിലെത്തിക്കാൻ കഴിയും.

2 കൃഷിക്കാർക്ക് ഇടയ്ക്കിടെ നെൽകൃഷി സന്ദർശിക്കാൻ സൗകര്യമുണ്ടാകുന്നു.

3 ഫാം റോഡു വരെ വാഹന മെത്തുന്നതു കൊണ്ട് കൊയ്ത്തുകാർക്ക് കറ്റ കുറവു ദൂരം തലചുമട് ആയി കൊണ്ടു പോയാൽ മതി

4. ട്രാക്ടർ, ടില്ലർ എന്നിവയുടെ യാത്ര സുഗ മമാകുന്നു.

ദോഷങ്ങൾ

1. ഫാം റോഡുകൾ ഉയരത്തിൽ നിർമ്മി ക്കുന്നതു മൂലം റോഡിനു് സമീപമുള്ള പാടങ്ങൾ നികത്താനും നെൽകൃഷി നശിച്ചു പോകാനും ഇടയാകുന്നു. പാടത്തിന് കൂടുതൽ വില ലഭിക്കാൻ ഇടയാകുന്നതു കൊണ്ട് നാടിന്റെ താല്പര്യം അവഗ ണിച്ചുകൊണ്ട് കൂടുതൽ ഫാം റോഡുകൾക്ക് വേണ്ടി സ്ഥലമുടമകൾ മറവിളികൂട്ടുന്നു.
2. ഇങ്ങിനെ പാടങ്ങൾ നികത്തുന്നതുമൂലം സമീപ പ്രദേശങ്ങളിലുള്ള കൃഷിക്കാർക്ക്, നെൽകൃഷി വിജയകരമായി നടത്താൻ സാധിക്കാതെ വരുന്നു.
3. കോൾ മേഖലയുടെ തനതായ സ്വഭാവം കാരണം ഇവിടെ ഉയർന്ന വിളവു ലഭിക്കുന്നുണ്ട്. സമഗ്രമായ ആസൂത്രണ മില്ലാതെ ഫാം റോഡുകൾ നിർമ്മിച്ചാൽ ക്രമേണ ജലത്തിന്റെ ഒഴുക്ക് നിന്ത്രിക്കപ്പെടുകയും കോൾ നിലങ്ങളുടെ വിളവിനെ ബാധിക്കുകയും ചെയ്യും.

ജലസേചനം

ജലസേചനത്തിന്റെ ആവശ്യകത വളരെയേറെയുള്ള പ്രദേശമാണ് അടാട്ട് പഞ്ചായത്ത്. താഴ്ന്ന പ്രദേശങ്ങളായ കോൾ നിലങ്ങളിൽ വെള്ളം പുറത്തേക്ക് പമ്പുചെയ്യുന്നതിനാണ് കൂടുതൽ പ്രാധാന്യമുള്ളത്. ഏപ്രിൽ, മേയ് മാസങ്ങളിൽ കോൾ നിലങ്ങളിലെ നെൽക്കൃഷിക്ക് ജലസേചനം അത്യാവശ്യമാണ്. ഉയർന്ന ഇരുപ്പു നിലങ്ങളിൽ രണ്ടാം പൂവ്വൽ നെൽകൃഷിക്ക് ജലദൗലഭ്യം ഏറെ അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ജലസേചന പദ്ധതികളുടെ അപര്യാപ്തത നെൽകൃഷിയെ സാരമായി ബാധിക്കുന്നുണ്ട്.

പ്രശ്നങ്ങൾ, സാധ്യതകൾ

1. കോൾ നിലങ്ങളിൽ നാലുമുറി, കുരുടൻ, വാലി ആക്കറ്റാൻ എന്നീ പടവുകളിൽ മൂന്ന് 50 എച്ച്പി രണ്ട് 30 എച്ച് പി മോട്ടോറുകളും, പെട്ടിപറകളും അവക്കാവശ്യമായ എഞ്ചിൻ തറ, ഷെഡ് ഡുകളും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

2. പായിക്കോൾ പടവിലേക്ക് 50 എച്ചപി യുടെ മോട്ടോറും പെട്ടിപറ എന്നീ സൗകര്യങ്ങളും വേണം

3. 8-ാം വാർഡിൽ വിരുപ്പും, മുണ്ടകനും കൃഷിചെയ്തു വരുന്ന ഇരുനിലം പാടത്ത് ഉദ്ദേശം 100 ഏക്കർ നിലങ്ങളിൽ മുണ്ടക കൃഷിക്ക് വർഷംതോറും ജലദൗലഭ്യം അനുഭവപ്പെട്ടുവരാറുണ്ട്. ഇത് പരിഹരിക്കുന്നതിനു വേണ്ടിയും മുണ്ടകൻ വിളവെടുപ്പിന് ശേഷം പച്ചക്കറികൃഷിചെയ്യുന്നതിനു വേണ്ടിയും സ്ഥിരമായ ജലസേചന സൗകര്യം ഏർപ്പെടുത്തേണ്ട താണ്. പുഴയ്ക്കൽ നിന്നോ, കോൾ നിലങ്ങളിൽ നിന്നോ വെള്ളം 50 എച്ച് പി മോട്ടോർ വെച്ച് ലിഫ്റ്റ് ചെയ്ത് പ്രസ്തുത പാടത്തേക്ക് വെള്ളം ലഭ്യമാക്കാവുന്നതാണ്. മഴക്കാലത്ത് വിരുപ്പ് കൃഷിക്കും മുണ്ടകകൃഷിക്കും വെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിനു വേണ്ടി വെള്ളം പുറത്തേക്ക് പമ്പ് ചെയ്യുന്നതിന് 20 എച്ച് പി. മോട്ടോറും, പെട്ടി പറയും ഏർപ്പെടുണ്ടേതാണ്. പാരിക്കാട്ട് കുളത്തിൽ നിന്നും പ്രസ്തുത നിലങ്ങളിലേക്ക് വെള്ളം ലിഫ്റ്റ് ചെയ്യുന്നതിന് 20 എച്ച്. പി മോട്ടോർ പമ്പ് സെറ്റും ആവശ്യമായിട്ടുണ്ട്

4. ചിറ്റിലപ്പിള്ളി വില്ലേജിൽ നാലാം വാർഡിൽ പെട്ട ആര്യമ്പാടം, മുണ്ടകൻ കൃഷിക്ക് വളരെയധികം ജലദൗർലഭ്യം അനുഭവപ്പെട്ട് വരുന്നുണ്ട്. കൂടാതെ ഈ പാടത്ത് വേനൽക്കാലത്ത് പച്ചക്കറി, വഴ എന്നിവ വ്യാപകമായി കൃഷിചെയ്യുന്നതിന് സൗകര്യമുള്ളതാണ്. ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുണ്ടുകുളവും കോട്ടക്കുളവും വിപുലപ്പെടുത്തി 20 എച്ച്പി മോട്ടോർ പമ്പു സെറ്റ് സ്ഥാപിച്ച് വെള്ളം ലിഫ്റ്റു ചെയ്ത് ജലദൗർലഭ്യം പരിഹരിക്കേണ്ടതാണ്.

5. തുറക്കുളത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്തു ബണ്ട് ഉയർത്തി 10 എച്ച്പി മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുകയാണെങ്കിൽ 20 ഏക്കറോളം നിലത്തിൽ രണ്ടാം പൂവ്വ് കൃഷിയും പച്ചക്കറി കൃഷിയും നടത്താവുന്നതാണ്. കൂടാതെ ഉയർന്ന പ്രദേശങ്ങളിലെ തോട്ടങ്ങൾക്ക് ജലസേചനം നടത്തുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

6. മൂന്നാം വാർഡിലെ പഴമ്പുഴ, ചാലപ്പുഴ, എന്നീ സ്ഥലങ്ങളിൽ കുളം വിപുലപ്പെടുത്തി 10 എച്ച്പി മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിച്ച് ഉയർന്ന പ്രദേശങ്ങളിലെ തോട്ടങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കാവുന്നതും ഒരു പരിധിവരെ ജലദൗർലഭ്യം പരിഹരിക്കാവുന്നതുമാണ്.

7. രണ്ടാം വാർഡിലെ ഈറ്റകുളം ആഴത്തിൽ താഴ്ത്തുകയും ഒരു ഏക്കർ സ്ഥലം വരുന്ന കുളം രണ്ടായി ഭാഗിച്ച് ഒരു ഭാഗം റിങ്ങ് സ്ഥാപിച്ച് കുടിവെള്ളത്തിനു വേണ്ടി പമ്പുചെയ്യുവാനും മറുഭാഗം കന്നുകാലികളെ കഴുകുവാനും നനക്കാനും ഉപയോഗിക്കാവുന്നതാണ്. ഇത് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

8. രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ചാത്തൻകോൾ, പൂപ്പിലക്കാട് കോൾ പടവിന്റെ പുറംചാലിൽ വെള്ളം കെട്ടിനിർത്തുകയും വേനൽക്കാലത്ത് ഈ വെള്ളം പുളിഞ്ചേരികുളത്തിൽ തോടുവഴി എത്തിക്കുകയും കുളത്തിൽ നിന്ന് അടാട്ട് മിച്ചഭൂമി. അടാട്ട് കുന്നിൻപുറം തുടങ്ങിയ, സ്ഥലങ്ങളിലേക്ക് (ഡ്രൈ ഏരിയ) വെള്ളം പമ്പ്ചെയ്ത് നേന്ത്രവാഴ കൃഷി, തെങ്ങ്, പച്ചക്കറികൾ തുടങ്ങിയ കര കൃഷികളെ പ്രോത്സഹിപ്പിക്കേണ്ടതാണ്.,

9. 9ാം വാർഡിലെ 24 ൽ തെക്കു ഭാഗത്ത് ബണ്ടു കെട്ടി 25 എച്ച്പി. മോട്ടോർ വെച്ച് ലിഫ്റ്റ്

ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ ഇരുപ്പൂ നെൽകൃഷിക്കും മുണ്ടകൻ നിലങ്ങളോട് ചേർന്നു കിടക്കുന്ന കരപ്രദേശങ്ങളിലും, കിറണറുകളിലും വെള്ളം ഉണ്ടാവുകയും തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ എന്നിവയ്ക്ക് വേനൽക്കാലത്ത് വെള്ളം ലഭ്യമാകുകയും ചെയ്യും. അതോടൊപ്പം ഒരു പരിധിവരെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും കഴിയും

കണികജലസേചന പദ്ധതി

തെങ്ങ്കവുങ്ങ് തുടങ്ങി ഒട്ടു മിക്ക കൃഷികൾക്കും വളരെ ഫലപ്രദമായ ഒരു ജലസേചന സംബ്രദായമാണ് കണിക ജലസേചന പദ്ധതി. ജലം അനാവശ്യമായി നഷ്ടപ്പെടുത്തിക്കളയാതെ വിളകൾക്ക് ആവശ്യാനുസരണമായി ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് ഈ പദ്ധതി വളരെയേറെ പ്രയോജനകരമാണ്. ഇക്കാര്യത്തിൽ കർഷർക്ക് വേണ്ടത്ര ബോധവത്ക്കരണം നടത്തി ജലദൗർലഭ്യമുള്ള എല്ലാകൃഷിയിടങ്ങളിലും ഈ സമ്പ്രദായം വ്യാപകമാക്കുന്നതിന് സാമ്പത്തിക സഹായം നൽകേണ്ടതാകുന്നു.

നീർമറി പ്രദേശ വികസനം

കുന്നുകളും, ചരിവുകളും, സമതലങ്ങളും കൂടിച്ചേർന്നു കിടക്കുന്ന ഒരു ഭൂവിഭാഗമാണ് അടാട്ട് ഗ്രാമ പഞ്ചായത്ത്. ശരാശരിയിൽ കൂടുതൽ മഴ ലഭിക്കുന്ന ഒരു ഭൂപ്രദേശമാണ് നമ്മുടേത്. വർഷത്തിൽ ഏകദേശം 3310 മില്ലിമീറ്റർ മഴ നമുക്ക് കിട്ടുന്നു എന്നാണ് കണക്ക്. അശാസ്ത്രീയമായ കൃഷി സമ്പ്രദായം മരം വെട്ടൽ തുടങ്ങിയവ നമ്മുടെ ഫലമഭൂയിഷ്ടമായ മേൽമണ്ണ് ഒലിച്ചുപോകുവാൻ കാരണമായിട്ടുണ്ട്. സാധാരണ സ്ഥലത്ത് ഒരു വർഷത്തിൽ 0.6 മതുൽ 1 സെൻറീമിറ്റർ വരെ മണ്ണ് ഒലിച്ചുപോകുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സസ്യപോഷകങ്ങളുടെ പ്രകൃതിദത്ത ആവരണമാണ് ഇതോടൊപ്പം നമുക്ക് നഷ്ടമാകുന്നത്.

മുഖ്യമായുമ കാർഷിക വിളകളുടെ വിലവർദ്ധനവിനെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങാണ് മണ്ണിൻെറ ഉൽപാദനക്ഷമത, ജലസംഭരണ ശേഷി, മേൽമണ്ണിൻെറ ആഴം തുടങ്ങിയവ. ഈ മൂന്ന് ഘടകങ്ങളുടെയും പുനരുജ്ജീവനത്തിനുള്ള ഏക മാർഗമാണ് സംയോജിത നീർമറി വികസന പദ്ധതി.

കുന്നുകളിലും ഉയർന്ന പ്രദേശങ്ങളിലും വീഴുന്ന മഴവെള്ളം ചെറിയ ചാലുകളായി ഒഴുകുന്നു. അവ കൂടിച്ചേർന്ന് ചെറിയ തോടുകൾ ഉണ്ടാകുന്നു. ഇത്തരം ചെറിയ തോടുകൾ ചേർന്ന് വലിയ തോടുകളും അവ കൂടിചേർന്ന് നദികളും ഉണ്ടാകുന്നു. നദിയിലേക്ക് ഒഴുകിയെത്തുന്ന തോടുകളും ചാലുകളും എല്ലാം ചേർന്ന് വിസ്തൃതമായ സ്ഥലമാണ് നീർമറി പ്രദേശം

നീർമറി വികസനം എന്നാൽ ആ പ്രത്യേക പ്രദേശത്തെ സ്ഥലം, ജലം, സസ്യങ്ങൾ , മൃഗങ്ങൾ എന്നിവയെ സംരക്ഷിക്കുകയും അവയ്ക്ക് പുതുജീവൻ കൊടുക്കുകയും എന്നാണ്. നീർമറി വികസനം കൊണ്ട് മണ്ണൊലിപ്പ് ജലക്ഷാമം, വെള്ളപ്പൊക്കം എന്നിവ ഒരു പരിധിവ്രെ തടയാൻ കഴിയുന്നു.

നീർമറി പ്രദേശ വികസനം കൊണ്ട് ആ പ്രദേശത്തെ സ്ഥലം, വെള്ളം, സസ്യജാലം എന്നിങ്ങനെയുള്ള പ്രാഥമിക വിഭവങ്ങളുടെ പുനരുജ്ജീവനം സാധ്യമാകുന്നു. തൽഫലമായി ആ പ്രദേശത്തെ വിഭലഭ്യതയിൽ കാര്യമായ വർദ്ധനവുണ്ടാകുന്നു. മാത്രമല്ല, ജീവിതനിലവാരം ഉയരുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ വസ്തുതകളെ പരിഗണിച്ചുകൊണ്ട് അടാട്ട് പഞ്ചായത്തിലെ മുഴുവൻ നീർമറി പ്രദേശങ്ങളും മൂന്നു യൂണിറ്റുകളായി തിരിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

1. വിലങ്ങൻകുന്നും അനുബന്ധ പ്രദേശങ്ങളും
2. ചെട്ടിക്കുന്നും അനുബന്ധ പ്രദേശങ്ങളും
3. അടാട്ട് കുന്നും അനുബന്ധ പ്രദേശങ്ങളും

ഈ മൂന്ന് യൂണിറ്റുകളും കൂടിചേർന്ന് ഒറ്റയൂണിറ്റായി അടാട്ട് പഞ്ചായത്തിന് കണക്കാക്കാം. നീർമറി പ്രദേശത്തെ സംയോജിത വികസന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1. ഭൂമിയെ അതിൻെറ കഴിവനുസരിച്ച് ഉപയോഗപ്പെടുത്തുക
2. മഴവെള്ളം കഴിയന്നത്ര സംഭരിക്കുക
3. സുരക്ഷിതമായ വേഗത്തിൽ മാത്രം ഒഴുക്കിവിട്ട് ഭാവിയിലെ ആവശ്യത്തിനായി ഭൗമജല സംഭരണത്തിലേക്ക് മുതൽ കൂട്ടുക
4. ഒഴുക്കു ചാലകുൾ ഒഴിവാക്കുകയും ഇടയ്ക്കിടെ കുത്തൊഴുക്കിന് തടസ്സം സൃഷ്ടിച്ച് മണ്ണൊലിപ്പ് തടയുക.
5. യൂണിറ്റ് വിസ്തീർണ്ണത്തിൽ യൂണിറ്റ് വെള്ളം കൊണ്ടുള്ള ഉൽപാദനം ഏറ്റവും അധികം ആക്കുക.

6. നടീൽ സാന്ദ്രത വർദ്ധിപ്പിക്കുക
7. ഭൂമിയുടെ മുകളിൽ സസ്യാവരണം ഉണ്ടാക്കുക

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിന് രണ്ടു ഘടകങ്ങളായി നീർമറി പ്രദേശ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാം

1. നീർമറി പ്രദേശങ്ങളുടെ പരിചരണം
2. പരിചരണം നല്കിയ നീർമറി പ്രദേശങ്ങളെ അവയുടെ ക്ഷമതയ്ക്ക് അനുസരിച്ച് ഉപയോഗപ്പെടുത്തൽ

പഞ്ചായത്തിലെ മൂന്ന് കുന്നിൽ പ്രദേശങ്ങളും അതിനോടനുബന്ധിച്ചുള്ള ചരിവുകളും താഴ്വരകളും മണ്ണ് സംരക്ഷണ പദ്ധതികളും ജലം സംരക്ഷണ പദ്ധതികളും വളരെ ആവശ്യമുള്ള പ്രദേശങ്ങളാണ്. ഇവയുടെ സംരക്ഷണത്തിന് ജൈവ ശാസ്ത്രപരവും യാന്ത്രികവുമായ ഒട്ടേറെ നടപടികൾ സംയുക്തമായും ഒറ്റക്കും നടപ്പിലാക്കേണ്ടതുണ്ട്. നമുക്ക് അനുയോജ്യമായ മണ്ണ് - ജലസംരക്ഷണ സംമ്പ്രദായമ താഴെ പറയുന്നു.


1. ബ്രഷ്വുഡ് ചെക്ക്ഡാം:- ഒഴുക്കു ചാലായി മാറിയ സ്ഥലത്തിൻെറ അടിയിലും വശങ്ങളിലും മണ്ണൊലിപ്പ് തടയുന്നതിനും വെള്ളമൊഴുക്കിൻെറ ഗതി സ്ഥിരമാക്കുന്നതിനും പുല്ലുകൾ, മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവ വളർത്തിയോ അവയുടെ അവശിഷ്ടങ്ങൾ നിക്ഷേപിച്ചോ ഇത് ഉണ്ടാക്കാം
2. ചപ്പുചവറുകൾ നിക്ഷേപിക്കൽ : ഇലകൾ അവശിഷ്ടങ്ങൾ തുടങ്ങിയ ജൈവ പദാർത്ഥങ്ങൾ ധാരാളമായി നിക്ഷേപിച്ചും മണ്ണിൻെറ ഉപരിതല ജലാംശം നിലനിർത്താം. ഇത് മണ്ണിൻെറ ഈർപ്പധാരണ ശേഷി വർദ്ധിപ്പിക്കുകയും മണ്ണൊലിപ്പ് കുറയ്ക്കുയും ചെയ്യുന്നു.
3. സസ്യങ്ങൾ വളർത്തൽ : കുറ്റിച്ചെടികൾ, പുല്ലുകൾ, എന്നിവ ചെറിയ ചെരിവുകളിലും ഒരേ നിരപ്പുള്ള ഭാഗത്തും വെറുതെ നടുകയോ ബണ്ടുകൾ ഉണ്ടാക്കി അവയിൽ വച്ചുപിടിപ്പിക്കുകയോ ചെയ്യാം.

മറ്റു പ്രവർത്തനങ്ങൾ

1. വേലിച്ചെടികൾ വളർത്തൽ
2. സമ്മിശ്ര കൃഷി
3. കാടു വെച്ചു പിടിപ്പിക്കലും സാമൂഹ്യ വനവൽക്കരണവും
4. ഭൂമി തട്ടാക്കൽ
5. മണ്ണുകൊണ്ടുള്ള ബണ്ടുകൾ.
6. ഒരേ നിരപ്പുള്ള കിടങ്ങുകളും അരികുകളും
7. താങ്ങുചുമരുകൾ
8. ജലസംഭരണ നിർമ്മിതികൾ
9. വൃത്താകൃതിയിലുള്ള തടങ്ങൾ
10. കുഴികൾ ഉണ്ടാക്കൽ

ശാസ്ത്രീയമായി നീർമറി പ്രദേശങ്ങൾക്ക് പരിചരണം നൽകുകവഴി ആ സ്ഥലങ്ങൾ നമ്മുടെ കാർഷിക വികസനത്തിനും വിഭവ സമാഹാരത്തിനും പരമാവധി മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്,


ഒറ്റപ്പെട്ട കൃഷിക്കാർക്കോ വ്യക്തികൾക്കോ ധനസഹായം നൽകുകയും ചില മണ്ണൊലിപ്പ് നിരോധന പണികൾ നടപ്പിലാക്കുകയും ചെയ്യാതെ നമ്മുടെ പഞ്ചായത്തിലെ മേൽപ്പറഞ്ഞ മൂന്ന് യൂണിറ്റുകളേയും സമഗ്രമായ പദ്ധതികളായിട്ടുവേണം നീർമറി വികസന പരിപാടികൾ ആസൂത്രണം ചെയ്യുവാൻ. വൻ ജനപങ്കാളിത്തത്തോടെ വികസന പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, നിന്ത്രണം എന്നിവയ്ക്ക് സമഗ്രമായ പ്രവർത്തനം ആവശ്യമാണ്.




കൃഷികലണ്ടർ

അടാട്ട് പഞ്ചായത്ത്

കാർഷികമേഖലയിൽ തൊഴിലാളികളുടെ പ്രവർത്തനം കൂടുതൽ ഉള്ള മാസം



മുഖ്യ കാർഷികവിളകൾ



5 (2) മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരളത്തിൽ മൃഗസംരക്ഷണരംഗത്ത്, പ്രത്യേകിച്ച് പാലിന്റെ ഉല്പാദനത്തിലും, ഉപഭോഗത്തിലും വലിയ വളർച്ചകൈവരിച്ചിട്ടുണ്ട്. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതക ഗുണമേന്മ വർദ്ധനവു ഉല്പാദനക്ഷമത വർദ്ധനവും സാധ്യമാക്കാൻ നമുക്കുകഴിഞ്ഞു. കന്നുകാലികളിലേക്ക് ജനിതക സ്വഭാവം പകരുന്നതിൽ നാം ഏറെക്കുറെ വിജയിച്ചെങ്കിലും അവയ്ക്കുവേണ്ടത്ര തീറ്റ നൽകാൻ നമുക്കു കഴിയുന്നില്ല. കാലിത്തീറ്റ ഘടകങ്ങൾ ഭൂരിഭാഗവും അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്.

കോഴിയിറച്ചിയുടേയും,കോഴിമുട്ടയുടേയും, ആഭ്യന്തര ഉപയോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉല്പാദനം ഇനിയും സാധിതപ്രായമായിട്ടില്ല. മാംസത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ്. മാംസോൽപാദന സംസ്കരണവിപണനമാകട്ടെ അസംഘടിത മേഖലയിലും. കേരളത്തിൽ ആവശ്യമായതിന്റെ 90% വരെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. സ്വയം പര്യാപ്തതക്കുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന സമ്പത്ത് ഗ്രാമീണ ഉല്പാദകന്റെ കൈകളിലെത്തിചേരും. പാലിന്റെയും മുട്ടയുടേയും, മറ്റും പ്രത്യേകത, അത് ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനനിക്ഷേപം കൊണ്ട് കൂടുതൽ സമ്പദ്വർദ്ധനവിനുള്ള സാഹചര്യം ഉണ്ടാക്കുന്നു എന്നുള്ളതാണ്. ഈ മേഖലയുടെ സാധ്യതകളെചൂഷണം ചെയ്യുവാൻ കഴിഞ്ഞ പഞ്ചവത്സര പദ്ധതികൾക്കൊന്നും കഴിഞ്ഞിട്ടില്ല

കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലിയുടമകളിൽ ഭൂരിപക്ഷവും, ചെറുകിടകർഷകരും, കർഷകതൊഴിലാളികളുമാണ്. മൃഗസംരക്ഷണമേഖല എന്നുവെച്ചാൽ പാലുല്പാദനം അല്ലെങ്കിൽ മുട്ടയുല്പാദനം മാത്രമാണെന്ന ധാരണ നമ്മുടെ ഇടയിലുണ്ട്. എന്നാൽ ഈ രംഗത്തെ മറ്റു മേഖലകൾ മാംസോൽപ്പാദനം, തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവയുടെ ഉല്പാദനം, വാക്സിൻ, ഹോർമോൺ, എൻസൈമുകൾ എന്നിവയുടെ ഉല്പാദനം, കാർഷികമേഖലയ്ക്ക് ആവശ്യമായ ജൈവവളം, ബയോഗ്യാസ്, വെറുതെ പാഴായി പോകുന്ന മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തൽ എന്നിവയാണ്. ഇവയുടെ പ്രാധാന്യം നാം വിസ്മരിച്ചുകൂടാ.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

വളർത്തുമൃഗങ്ങളായ പശു, കാള, എരുമ, പോത്ത്, കോലാട്, പന്നികൾ, കോഴികൾ എന്നിവയെ പണ്ടുകാലം മുതൽ ഈ പ്രദേശങ്ങളിൽ വളർത്തിയിരുന്നു. കൃഷിക്കും, ഉഴുവാനും വണ്ടി വലിക്കനുമായി കാള, എരുമ, പോത്ത് തുടങ്ങിയവയെ ഉപയോഗിച്ചിരുന്നു. ആധുനികകൃഷി സമ്പ്രദായത്തിൽ വന്ന അമിതമായ രാസവള പ്രയോഗവും, കീടനാശിനി പ്രയോഗവും, നാട്ടിലെ മൃഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട് എന്നതിന് ഉദാഹരണമാണ് കുറച്ചുകാലം മുമ്പ് പടർന്നുപിടിച്ച കന്നുകാലികളുടെ വാലുചീയൽ രോഗം. ഉയർന്നതോതിലുള്ള നഗരവൽക്കരണം, പച്ചപ്പുല്ലിന്റെ ദൗർലഭ്യം, മേച്ചിൽ സ്ഥലങ്ങളുടെ കുറവ്, വൈക്കോലിന്റെയും കാലിത്തീറ്റയുടേയും വിലക്കൂടുതൽ തുടങ്ങിയവ ഇന്നത്തെ പ്രശ്നങ്ങളാണ്. കഴിഞ്ഞ രണ്ടു ദശാബ്ദകാലത്തു മാത്രമാണ് പാലുല്പാദനരംഗത്ത് വളർച്ച കണ്ടു തുടങ്ങിയത്. കൂടുതൽ പാലുല്പാദനശേഷിയുള്ള സങ്കരവർഗ്ഗം പശുക്കളുടെ ആവിർഭാവവും സഹകരണരംഗത്തുള്ള വിതരണവും ഈ രംഗത്ത് ഉണർവ്വ് നൽകിയിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ബ്രോയിലർ കോഴികളെ വളർത്തുന്ന ചെറിയ കേന്ദ്രങ്ങൾ പഞ്ചായത്തിൽ വളർന്നു വന്നിട്ടുണ്ട്. പന്നി വളർത്തൽ മേഖലയിലും ചെറിയ ഉണർവ്വ് വന്നിട്ടുണ്ട്. പ്രത്യേകിച്ച് യുവജനങ്ങൾ ലാഭസാധ്യത മനസ്സിലാക്കി ഈ രംഗത്തേക്ക് കൂടുതലായി കടന്നു വരുന്നുണ്ട്. അടുക്കള മുറ്റത്തെ കോഴി വളർത്തലിൽ പ്രത്യേകിച്ചും സ്ത്രീകൾ താല്പര്യം കാണിയ്ക്കുന്നു. ഗിരിരാജാ, ആസ്ട്രോലൈറ്റ് എന്നീയിനിങ്ങളോടാണ് കൂടുതൽ താല്പര്യം

മൃഗാശുപത്രി

1964ൽ പുഴയ്ക്കൽ ബ്ലോക്കിനു കീഴിൽ ആരംഭിച്ച ഈ സ്ഥാപനം 1985 ലാണ് വെറ്റേർനറി ഡിസ്പെൻസറി ആകുന്നത്. പുറനാട്ടുകരയിലുള്ള സ്വന്തം കെട്ടിടത്തിലാണ് ആസ്പത്രി പ്രവർത്തിച്ചുവരുന്നത്. മൃഗങ്ങൾക്കും, പക്ഷികൾക്കുമുള്ള ചി

40

കിത്സ, കൃത്രിമബീജദാനം, പ്രതിരോധ കുത്തിവെയ്പ്പുകൾ തുടങ്ങിയവയാണ് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ. ഒരു വെറ്ററിനറി സർജനും,ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും, അറ്റൻഡറും, ഒരു പാർട്ട് ടൈം സ്വീപറുമാണ് ആശുപത്രിയിലെ ജീവനക്കാർ. ഈ ആശുപത്രിയുടെ സമഗ്രമായ പുരോഗതിക്ക് അടിയന്തിര ശ്രദ്ധ പതിയേണ്ട ഒട്ടനവധി പ്രശ്നങ്ങളുണ്ട്.

നടപ്പാക്കിയ കഴിഞ്ഞകാല പദ്ധതികൾ

കന്നുകുട്ടി പരിപാലന പരിപാടിയിൽ പുഴയ്ക്കൽ ക്ഷീരവ്യവസായ സഹകരണസംഘം ഉൾപ്പെട്ടിരുന്നതിനാൽ അതിന്റെ പ്രയോജനം സംഘത്തിലെ മെമ്പർമാർക്ക് ലഭ്യമായിരുന്നു. പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഇപ്പോൾ ആ പ്രയോജനം ലഭിക്കുന്നില്ല.

1992-93 കാലയളവിലാണ് അവസാനമായി വന്ധ്യതാ നിവാരണ ക്യാമ്പ് നടന്നത്. അതിനുശേഷം ക്യാമ്പ് പഞ്ചായത്തിലേക്ക് അനുവദിച്ചിട്ടില്ല. വർഷംതോറും നടക്കുന്ന ഗോരക്ഷാക്യാമ്പുകളാണ് ഈ രംഗത്ത് ചെറിയൊരാശ്വാസം.

പ്രത്യേക ഘടകപദ്ധതിയിലൂടെയാണ് പഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയിൽ പുതിയൊരു ഉണർവ് ഉണ്ടായിട്ടുള്ളത്. ഈ പദ്ധതിയനുസരിച്ച് കൂറൂർ പാറ കോളനിയിൽ 93-94ലും, ചെറ്റിക്കുന്ന് കോളനിയിൽ 94-95ലും, നാല്പത്തഞ്ചോളം കുടുംബങ്ങൾക്ക് കറവമാടുകളേയും, ഉഴവുമൃഗങ്ങളേയും വിതരണം ചെയ്യുകയുണ്ടായി. ഊർജ്ജിത കന്നുകാലി ഉല്പാദന പരിപാടിയനുസരച്ച് അടുക്കളമുറ്റത്തെ കോഴി വളത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടുമാസം പ്രായമായ 1200 കോഴിക്കുഞ്ഞുങ്ങളെ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പേവിഷ നിർമാർജ്ജന പരിപാടിയനുസരിച്ച് ഓരോ വർഷവും മുപ്പതോ, അമ്പതോ ഡോസ് വാക്സിൻ സൗജന്യനിരക്കിൽ കുത്തിവെക്കാറുണ്ടെങ്കിലും ഇത് ഒട്ടും പര്യാപ്തമല്ല.

പാൽ ഉൽപാദനരംഗം

ഏകദേശം ആറായിരം ലിറ്റർ പാൽ ദിനംപ്രതി പഞ്ചായത്തിൽ ഉലപാദിപ്പിക്കപ്പെടുന്നതായാണ് കണക്ക്. അതായത് പ്രതിവർഷം രണ്ടുകോടി രൂപ വിലവരുന്ന പാൽ. കർഷകരിൽനിന്നും പാൽ ശേഖരിക്കുന്നതിനായി പഞ്ചായത്ത് അതിർത്തിയിൽ സഹകരണമേഖലയിൽ പുഴയ്ക്കൽ ക്ഷീരവ്യവസായ സഹകരണസംഘവും, ചിറ്റിലപ്പിള്ളി ക്ഷീരവ്യവസായ സഹകരണസംഘവും നിലവിലുണ്ട്. ഈ രംഗത്ത് ഒറ്റപ്പെട്ട സ്വകാര്യവ്യക്തികളും കർഷകരിൽനിന്നും പാൽ നേരിട്ട് സംഭരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. സഹകരണാടിസ്ഥാനത്തിലുള്ള രണ്ടു സംഘങ്ങളിലും ചെറിയ തോതിൽ പാൽ സംസ്കരിച്ച് തൈര്, മോര്, വെണ്ണ, നെയ്യ്, ഐസ്ക്രീം, കട്ലറ്റ്, കേക്ക് തുടങ്ങിയവ നർമ്മിച്ച വിതരണം ചെയ്തുവരുന്നുണ്ട്.

പാൽ ഉല്പാദകരുടെ മുഴുവൻ പാലും സംഘങ്ങളിൽ എല്ലാക്കാലത്തും വാങ്ങിക്കുന്നില്ല. വില കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നില്ല. സംഭരിക്കുന്ന പാൽ മുഴുവൻ സംസ്കരിച്ച് ഉപോല്പന്നങ്ങളായി മാറ്റുവാനുള്ള സംവിധാനങ്ങൾ സംഘങ്ങളിൽ നിലവിലില്ല. സംഘങ്ങൾ വഴി ലഭ്യമായിരുന്ന സൗജന്യനിരക്കിലുള്ള കാലിത്തീറ്റ ഇന്ന് ലഭ്യമല്ല. ഇതൊക്കെയാണ് ഈ രംഗത്തെ പ്രധാനപ്രശ്നങ്ങൾ. കറവമാടുകളുടെ അകിടു വീക്കവും വന്ധ്യതയും കർഷകനെ തളർത്തുന്ന മറ്റു പ്രധാന പ്രശ്നങ്ങളാണ്

കാലിത്തീറ്റ ഉൽപാദനരംഗം

പഞ്ചായത്തിൽ തീറ്റപുല്ലുമാത്രമായി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ വളരെ വിരളമാണ്. സമൃദ്ധിയായി പുല്ല് ലഭ്യമായിരുന്ന പറമ്പുകളുടേയു എണ്ണം ഇന്ന് ഗണ്യമായി കുറഞ്ഞു. ഉയർന്നതോതിലുള്ള നഗരവൽക്കരണവും, പാർപപിടനിർമാണവുമാണ് ഇതിന് കാരണം. ശാസ്ത്രീയമായ കൃഷിരീതിയിൽ താരതമ്യേന ഉയരം കുറഞ്ഞ ഇനങ്ങൾ നെൽകൃഷിക്ക് കൂടുതലായി ഉപയോഗിച്ചുവരുന്നതുകൊണ്ട് വൈക്കോൽ നീളം കുറവുവന്നതും കൊയ്ത്തുപാടങ്ങളിൽ ഉയരത്തിൽ കുറ്റി നിർത്തി കൊയ്യുന്നതുമൂലം വൈക്കോലിന്റെ അളവും ലഭ്യതയും കുറഞ്ഞുപോവുകയുണ്ടായി. കോൾ പടവുകളിൽ കൊയ്ത്തു സമയത്ത് മാത്രമാണ് ഈ പരിസരത്ത് സമൃദ്ധിയായി വൈക്കോൽ ലഭിക്കുന്നത്. വിരിപ്പ്, മുണ്ടകൻ തുടങ്ങിയ വിളകളുടെ കൊയ്ത്തു കാലത്ത് അത്രതന്നെ വൈക്കോൽ ലഭിക്കുന്നില്ല. പുഞ്ച കൊയ്ത്തു സീസണിൽ ലഭ്യമാക്കുന്ന വൈക്കോൽ കന്നിന് ഒക്ടോബർ, നവംബർ മാസങ്ങളിൽ 4 രൂപ വരെ വില ഉയരുന്നു. പൊടി രൂപത്തിലും, പെല്ലറ്റ് രൂപത്തിലുള്ള കന്നുകാലി തീറ്റ പല തീറ്റ നിർമ്മാതാക്കളുടേയും, ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്തുവരുന്നു. കിലോവിന് 6 രൂപയോളമാണ് വില. കൂടാതെ പിണ്ണാക്ക്, തവിട്, പരുത്തിക്കുരു തുടങ്ങിയവയും സമീപപ്രദേശത്തുള്ള പല വ്യജ്ഞനകടകളിൽ നിന്നും കർഷകർ വാങ്ങി ഉപയോഗിക്കുന്നു.

നല്ലയിനം തീറ്റ പുൽവിത്തിനങ്ങളുടെ ദൗർലഭ്യം, ഒക്ടോബർ, നവംബർ മാസങ്ങളിൽ അനുഭവ

പ്പെടുന്ന വൈക്കോലിന്റെ അമിതവില, കാലിതീറ്റ യുടേയും, പിണ്ണാക്കിന്റെയും വിലക്കൂടുതൽ ഗുണ നിലവാരം കുറഞ്ഞ കാലിത്തീറ്റ മുതലായവയാണ് ഈ രംഗത്തെ പ്രശ്നങ്ങൾ. സഹകരണമേഖലയിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുക, ഒഴിഞ്ഞുകിടക്കു ന്ന പറമ്പുകളിലും, കുന്നിൻ ചെരിവുകളിലും, തെ ങ്ങിൻ തോട്ടങ്ങളിലും തീറ്റപ്പുൽ കൃഷി ചെയ്യുക. പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമായ കാലിത്തീറ്റ ഘടകങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് കാലിത്തീ റ്റ മിശ്രിത യൂണിറ്റുകൾ സ്ഥാപിക്കുക. കന്നുകുട്ടി പരിപാലന പരിപാടി എല്ലാക്കാലത്തും നടപ്പിലാക്കു ക. ഗവർമെന്റ് കാലിത്തീറ്റ ഫാക്ടറികളിൽ ഉല്പാ ദിപ്പിക്കുന്ന കാലിത്തീറ്റ സബ്സിഡി നിരക്കിൽ പാൽ സൊസൈറ്റികൾ മുഖേന വിതരണം ചെയ്യുക. ആറുമാസത്തിലൊരിക്കൽ കാലിത്തീറ്റയുടെ സാമ്പി ളുകളെടുത്ത് ഗുണനിലവാര പരിശോധന നടത്തു ക.

മാംസോല്പാദനം

ഇന്നേവരെ മൃഗസംരക്ഷണരംഗത്ത് തീർത്തും അവഗണിക്കപ്പെട്ട ഒരു മേഖലയാണി ത്. എന്നാൽ വളരെയേറെ വികസനസാധ്യതകൾ ഉള്ള ഒരു മേഖലയാണിത്. ശാസ്ത്രീയമായ ഒരു അറവുശാലയോ വിപണനശാലയോ ഇന്നും നമ്മു ടെ പഞ്ചായത്ത് അതിർത്തിയിൽ ഇല്ല. അടാട്ട് ചി റ്റിലപ്പിള്ളി, പേരാമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ മൃഗങ്ങളെ കശാപ്പു ചെയ്ത് പഞ്ചായത്തിന്റെ പല ഭാഗത്തുമായി വിപണനം ചെയ്യുന്ന സമ്പ്രദായമാ ണ് നിലവിലുള്ളത്.

ഉദ്ദേശം ആഴ്ചതോറും 7000 കി.ഗ്രാം. പശു, കാള, എരുമ, പോത്ത് തുടങ്ങിയ മൃഗങ്ങളുടെ മാം സവും 100 കി.ഗ്രാം ആട്ടിറച്ചിയും 500 കി.ഗ്രാം വ ളർത്തു കോഴിയിറച്ചിയും വിപണനം ചെയ്തു വ രുന്നു. ഇറച്ചിക്കോഴിയും പന്നിയും ഒഴിച്ചാൽ മാം സോല്പാദന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളൊ ന്നും നിലവിലില്ല. അടാട്ട് പഞ്ചായത്തിൽ മാത്രം പ്രതിവർഷം ചുരുങ്ങിയത് മുപ്പതുലക്ഷം രൂപയുടെ യെങ്കിലും മാംസം വിറ്റഴിയപ്പെടുന്നതായാണ് കണ ക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 80 ശതമാന വും പഞ്ചായത്തിന് അഥവാ സംസ്ഥാനത്തിന് പു റത്തുനിന്നുവരുന്ന മൃഗങ്ങൾ അഥവാ കോഴികളിൽ നിന്നാണ് ഉല്പാദിപ്പിക്കപ്പെടുന്നു. അതായത് ഏ കദേശം 20–24 ലക്ഷം രൂപ പഞ്ചായത്തിന് പുറത്തോ ട്ട് ഒഴുകി പ്പോകുന്നു. ഈ ഒഴുക്ക് തടയാൻ നമ്മു ക്ക് കഴിയില്ലേ. ഇവിടെയാണ് ഈ മേഖലയ്ക്ക് കൊടുക്കേണ്ട പ്രാധാന്യം കൂടുൽ വ്യക്തമാകുന്ന ത്.

മാംസാവശ്യത്തിനുവേണ്ടി കാളക്കുട്ടികളെ വളർത്തുന്ന പതിവ് നമുക്കില്ല. ഇവിടെയുണ്ടാകു ന്ന മൂരിക്കുട്ടികളിൽ 80 ശതമാനവും ശരിയായ പ രിപാലനം ലഭിക്കാതെ വിര ശല്യം മൂലവും, പോ ഷകാഹാര കമ്മി മൂലവും ചത്തു പോവുകയാണ് പതിവ്. ഇതിന് ഒരു മാറ്റം വരികയാണെങ്കിൽ ത ന്നെ ഒരു 40 ശതമാനം ഇറച്ചികമ്മി നികത്തുവാൻ സാധിക്കും.

ആടുവളർത്തൽ ഇന്ന് ജനങ്ങളുടെ വളരെ യധികം ശ്രദ്ധയാകർഷിച്ച ഒരു മേഖലയാണ്. പൊ തുവെ നമ്മുടെ പഞ്ചായത്തിൽ ആടുകളുടെ എണ്ണം കുറവാണ്. എങ്കിലും ഇപ്പോൾ വളരെയധികം ആ ളുകൾ ഈ രംഗത്ത് താല്പര്യം കാണിക്കുന്നുണ്ട്. പൊതുവെ മലബാറി, മലബാറി X ആൽപൈൻ, ജ മനാപാരി X മലബാറി എന്നീ ഇനം ആടുകളാണ് ഇവിടെ കണ്ടുവരുന്നത്. ധാരാളം കുന്നിൻ പ്രദേശ ങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ ആടു വളർത്തലി ന് നല്ലൊരു ഭാവിയുണ്ട്. ശുദ്ധജലക്ഷാമം അനുഭ വപ്പെടുന്ന കുന്നിൻ പ്രദേശങ്ങളിൽ ആടുപോലുള്ള ചെറിയ മൃഗങ്ങളെ വളർത്തുകയാണ് കൂടുതൽ അ നുയോജ്യം. മാംസാവശ്യത്തിനുള്ള ആടു ജനുസ്സു കളുടെ അഭാവം നല്ലയിനം ആട്ടിൻകുട്ടികളുടെ ദൗർലഭ്യം തുടങ്ങിയവ ഈ രംഗത്തെ പ്രശ്നങ്ങ ളാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക യും ശാസ്ത്രീയ പരിപാലനമുറയും ഉണ്ടെങ്കിൽ ഈ മേഖലയിൽ പഞ്ചായത്തിന് വളരെ വേഗം സ്വ യം പര്യാപ്ത കൈവരിക്കാൻ കഴിയും.

ഈ അടുത്തകാലത്തായി യുവജനങ്ങൾ വ ളരെയധികം താല്പര്യം കാണിക്കുന്ന ഒരു മേഖല യാണ് പന്നി വളർത്തൽ. പല ബുദ്ധിമുട്ടുകളു അ സൗകര്യങ്ങളും ഉണ്ടെങ്കിലും ഈ മേഖലയിലെ ലാഭസാധ്യത യുവജനങ്ങളെ ആകർഷിച്ചുവരുന്നു ണ്ട്. ലാർജ്വൈറ്റ്, യോർക്ക് ഷെയർ ഇനത്തിൽപ്പെ ട്ട പന്നികളെയാണ് പഞ്ചായത്തിൽ സാധാരണയാ യി വളർത്തി വരുന്നത്. തൃശൂർ നഗരത്തിലെ ഹോ ട്ടൽ വേസ്റ്റിനെ ആശ്രയിച്ചാണ് ഈ മേഖലയുടെ നിലനില്പ്. നല്ലയിനം പന്നിക്കുട്ടികളുടെ ലഭ്യത കുറവും വിപണനത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളു മാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

ബ്രോയിലർ കോഴിയിറച്ചി വിപണന കേന്ദ്ര ങ്ങൾ പഞ്ചായത്തിന്റെ എല്ലാ കവലകളിലും കാ ണാം. പക്ഷെ ഇവിടെ ലഭ്യമാകുന്ന കോഴികൾ ഭൂ രിഭാഗവും പഞ്ചായത്തിന് പുറത്ത് നിന്ന് വരുന്നവ യാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ഉയർന്ന വില നിലവാരം ലഭിക്കാനുള്ള പ്രയാസം, കയറിയി റങ്ങി നിൽക്കുന്ന വിലനിലവാരം തീറ്റയുടെ വില

കൂടുതൽ, രോഗങ്ങൾ മുതലായവയാണ് ഈ മേഖലയുടെ പരാധീനതകൾ. ഇതിനുപുറമെ പഞ്ചായത്തിൽ ചെറിയ തോതിൽ കാട, മുയൽ, ടർക്കി, താറാവ് എന്നിവയെയും വളർത്തുന്നു.

മുട്ടയുൽപാദനരംഗം

1996ലെ കന്നുകാലി സെൻസസ് റിപ്പോർട്ടിലെ പ്രാഥമിക കണക്കനുസരിച്ച് പഞ്ചായതതിലെ 75% വീടുകളിൽ കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിലെ കോഴികളിൽ അധികവും മുട്ടയുല്പാദന ശേഷി കുറഞ്ഞ രോഗപ്രതിരോധശേഷി കൂടിയ നാടൻ കോഴികളാണ്. ഗിരിരാജാ, ആസ്ട്രോ വൈറ്റ് എന്നിവയും കർഷകർക്ക് പ്രിയപ്പെട്ടയിനങ്ങളാണ്. താറാവ്, കാട, ഗിനികോഴി എന്നിവയെയും പഞ്ചായത്തിൽ ചുരുക്കം സ്ഥലങ്ങളിൽ വളർത്തുന്നുണ്ട്.

ഇതൊക്കെയാണെങ്കിലും പഞ്ചായത്തിലുപയോഗിക്കുന്ന മുട്ടയുടെ ഏറിയ പങ്കും പഞ്ചായത്തിന് പുറത്തുനിന്നാണ് വരുന്നത്. നാമക്കൽ മാതൃകയിലുള്ള കോഴിവളർത്തൽ നമ്മുക്ക് അനുയോജ്യമല്ലെങ്കിലും വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വീട്ടാവശ്യത്തിനുള്ള മുട്ടയുടെ കാര്യത്തിലെങ്കിലും നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

നല്ലയിനം രോഗ പ്രതിരോധശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക. പഞ്ചായത്തുതലത്തിൽ എഗ്ഗർ നേഴ്സറികൾ സ്ഥാപിക്കുക. സ്കൂൾ പൗൾട്രി ക്ലബുകൾ സ്ഥാപിക്കുക മുതലായ പരിപാടികൾ തീർച്ചയായും ഈ രംഗത്തെ കൂടുതൽ ഊർജ്ജസ്വലമാക്കാൻ സഹായിക്കുന്നു.

താറാവ് വളർത്തലിനും നമ്മുടെ പഞ്ചായത്തിൽ നല്ല സാധ്യതകളുണ്ട്. താറാവു മുട്ടയ്ക്ക് ഇന്ന് മാർക്കറ്റിൽ 2 രൂപ 50 പൈസ വരെ വിലയുണ്ട്. പ്രത്യേകിച്ചും കോൾ നിലങ്ങളോട് അടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ താറാവ് വളർത്തുന്നതിന് കൂടതൽ സൗകര്യമുണ്ട്.

ഉപോല്പന്നരംഗം

മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഈ മേഖലയിലെ ഉപോല്പന്നങ്ങളായ ജൈവവളം, മൃഗക്കൊഴുപ്പ്, തുകൽ, ബയോഗ്യാസ് എന്നിവയുടെ കാര്യം നാം വിസ്മരിച്ചുകൂടാ. പശു, കാള, എരുമ എന്നിവയുടെ തുകലൊന്നിന് ഇന്ന് മാർക്കറ്റിൽ 600 രൂപ വിലയുണ്ട്. ആട്ടിൻതോലൊന്നിന് 120 രൂപയും, ചാണകം, ആട്ടിൻകാഷ്ഠം, കോഴിക്കാഷ്ഠം, പന്നിവളം മുതലായവ കാർഷികമേഖലയ്ക്ക് ഏറ്റവും അനുയോജ്യമായ ജൈവവളങ്ങളാണ്. കാർഷികമേഖലയിൽ ഇതിന്റെ ആവശ്യകതയും മൂല്യവും ഒട്ടും അപ്രധാനങ്ങളല്ല. ഇതുപോലെ തന്നെ നമ്മുടെ പഞ്ചായത്തിൽ ഉഴവിനായും, ഭാരം വലിക്കുന്നതിനുമായി ഉപയോഗിക്കുന്ന കാളകളും പോത്തുകളും, നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് നൽകുന്ന സംഭാവനകളും ചെറുതല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പാലുല്പാദകരുടെ ശുദ്ധമായ പാൽ മുഴുവനും എല്ലാകാലത്തും സഹകരണ സംഘങ്ങൾ ശേഖരിക്കണം. ഉയർന്നവില നൽകണം. സംഘങ്ങളിൽ ശേഷിക്കുന്ന പാൽ സംസ്കരിച്ച് മറ്റ് ഉൽപ്പന്നങ്ങൾ തയ്യാറാക്കുവാൻ പദ്ധതി തയ്യാറാക്കണം.
2. പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ കന്നുകാലിത്തീറ്റ ഫാക്ടറി ആരംഭിക്കുകയും ഗുണനിലവാരം നിഷ്കർഷിച്ച് കുറഞ്ഞ വിലക്ക് കന്നുകാലിത്തീറ്റ വിതരണം ചെയ്യുകയും ചെയ്യുക.
3. മൃഗാശുപത്രികെട്ടിടവും, പരിസരവും അറ്റകുറ്റപ്പണികൾ നടത്തുക. വേണ്ടത്ര ജീവനക്കാരെ നിയമിക്കുക. മൈക്രോസ്ക്കോപ്പ് തുടങ്ങിയ സൂക്ഷ്മ പരിശോധന ഉപകരണങ്ങൾ നല്കുക. മൃഗാശുപത്രികളിൽ ടെലിഫോൺ സൗകര്യം ഏർപെടുത്തുക. നല്ല തൊഴുത്തു പണിയുവാൻ കർഷകർക്ക് സബ്സിഡി നൽകുക.
4. കറവപ്പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുക. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിക്കുക. കൃത്രിമ ബീജധാരണം സൗജന്യമാക്കുക.
5. പട്ടി പിടിത്തത്തിനുള്ള ലൈസൻസ് ചട്ടങ്ങൾ ലഘൂകരിക്കുക. പുതിയ ലൈസൻസ് നൽകുക.
6. മൃഗസംരക്ഷണം സംബന്ധിച്ചിട്ടുള്ള വിജ്ഞാന വ്യാപന സൗകര്യങ്ങൾ വിപുലീകരിക്കുക.
7. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൃഗാസ്പത്രിക്ക് സബ്സെന്റർ സ്ഥാപിക്കേണ്ടതാണ്. കന്നുകാലി ത്തീറ്റയുടെ നിലവാരം പരശോധിക്കുകയും വില നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.
6. ആധുനിക കശാപ്പുശാല നിർമിക്കുകയും മാംസ വിതരണത്തിന് വാർഡുതലത്തിൽ ചന്ത/കട നിർമിക്കുക. മാംസോല്പാദന സഹകരണ സംഘങ്ങൾ രൂപീകരിക്കുക. മാംസത്തിന്റെ ഗുണമേൻമ വില്പന നടത്തുന്നതിനു മുൻപ് ഡോക്ടർ പരിശോധിച്ച് സർട്ടിഫൈ ചെയ്യുക.

7. നല്ലയിനം ആട്ടിൻകുട്ടി, ശീമപന്നി, താറാവ്, മുയൽ, കാടപ്പക്ഷി തുടങ്ങിയവ വിതരണം ചെയ്യുക. വീട്ടമ്മമാർക്ക് നല്ലയിനം കോഴിക്കഞ്ഞുങ്ങളെ വിതരണം ചെയ്യുക. നല്ല വളർത്തുമൃഗങ്ങളെ വളർത്തുവാൻ സമ്മാനപദ്ധതികളും ഏർപ്പെടുത്തേണ്ടതാണ്.

8. തീറ്റപുല്ല് പദ്ധതി വിപുലീകരിക്കുക. കൊയ്ത്തുകാലങ്ങളിൽ വൈക്കോൽ സഹകരണസംഘങ്ങൾ വഴി ശേഖരിച്ച് വിലകയറ്റം വരുന്ന സമയത്ത് നിലവാരമനുസരിച്ച് വില്ക്കുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം. യന്ത്രവൽക്കരണം നടപ്പിലാക്കി വൈക്കോൽ ഉണക്കുന്നതിനും പ്രസ്സ് ചെയ്ത് ഒതുക്കിവക്കുന്നതിനും ഉള്ള സമ്പ്രദായം നടപ്പിലാക്കുക.

മത്സ്യബന്ധനം

ആദിമമനുഷ്യന്റെ ചരിത്രത്തിൽ മത്സ്യമാംസങ്ങൾ പച്ചയായും, ചുട്ട് പാകപ്പെടുത്തിയും ഭക്ഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രുചിയും ശരീരത്തിന് ഒരുവിധ അസുഖമില്ലാത്ത മത്സ്യഭക്ഷണം പോഷകസമ്പുഷ്ടമായ ഒരാഹാരമാണ്. മത്സ്യമാംസത്തിൽ എളുപ്പത്തിൽ ദഹിക്കുവാനുതകുന്ന രസങ്ങളും 15–24% മാംസ്യവും 9.1–22% കൊഴുപ്പും 0.8 –2% ധാതുലവണങ്ങളും ഒട്ടേറെ വിറ്റാമിനുകളും അടങ്ങിയിരിക്കുന്നു. മത്സ്യപോഷകത്തിന് റെഡി മെയ്ഡായി മീനെണ്ണഗുളികകളും ആസ്തമ രോഗത്തിനെതിരെ നേരിട്ടുള്ള മത്സ്യചികിത്സാസമ്പ്രദായങ്ങളും ഇന്നു നിലവിലുണ്ട്.

നാടൻ കുളങ്ങളിലും, ചാലുകളിലും, പാടശേഖരങ്ങളിലും, കോൾപടവുകളിലും കിണറുകളിലും പരമ്പരാഗതമായി മത്സ്യങ്ങൾ വളരാറുണ്ട്. വേനൽക്കാലമാകുമ്പോൾ വെള്ളം വറ്റുന്ന സ്ഥലങ്ങളിൽ ഒന്നിച്ചും അല്ലാത്ത സ്ഥലങ്ങളിൽ മറ്റു മാർഗങ്ങൾ വഴിയും മത്സ്യം പിടിക്കാറുണ്ട്. വരാൽ, വാള, കടു, മുശു, ഇട്ടിക്കണ്ണൻ, ആരൽ, പരൽ, മുണ്ടത്തി, ചെമ്മീൻ, മലിഞ്ഞീൻ, കല്ലുത്തി, കോലാൻ, പോട്ട തുടങ്ങി നാടൻ മത്സ്യങ്ങൾ ഈ ഭാഗങ്ങളിൽ ഈ ഭാഗങ്ങളിൽ സമൃദ്ധിയായി ഉണ്ടായിരുന്നു. അടുത്ത കാലത്ത് വരാലിനും, പരലിനും വന്ന വാലഴുകൾ രോഗമൊഴിച്ചാൽ, നാളിതുവരെ മത്സ്യങ്ങൾക്ക് രോഗം വന്നതായി കേട്ടിട്ടില്ല. ചൂണ്ടയിട്ടും, ഊത്തുളി, കുരുത്തി, ഒറ്റിൽ കണ്ടാടി, കോരുവല, വീശിവല തുടങ്ങി ഉപാധികളിലുടേയും മത്സ്യങ്ങളെ പിടിച്ചിരുന്നു. നഞ്ച്കുരുകലക്കിയും മത്സ്യങ്ങളെ പിടിക്കാറുണ്ട്. തോട്ട ഉപയോഗിച്ചും മത്സ്യബന്ധനം നടത്തിയിരുന്നു.

മത്സ്യകൃഷി ഇന്നു ആദായകരമായി നടത്താവുന്ന ഒന്നാണ്. ചെമ്മീൻ, കട്ല, രോഹു, മൃഗാൾ, സൈപ്രനസ്, ഗ്രാസ്, കാർപ്പ് തുടങ്ങിയ ഇനം മത്സ്യങ്ങൾ നമ്മുടെ പ്രദേശങ്ങളിൽ ഒന്നായി വളരുന്ന ഇന്നങ്ങളാണ്.

ഗ്രാമസഭാവലോകനം

മിക്കഗ്രാമസഭകളിലും ഈ വിഷയം ചർച്ചക്ക് വന്നു. കോൾപടവുകളിലും, കുളങ്ങളിലും മത്സ്യം വളർത്താമെന്ന അഭിപ്രായം പലരും പറഞ്ഞു. വാർഡുതലത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള മത്സ്യവിപണനശാല തുടങ്ങണമെന്ന് അഭിപ്രായമുള്ളവരുമുണ്ട്. മത്സ്യതൊഴിലാളികളുടെ ഒരു സംഘം രൂപീകരിക്കണമെന്ന അഭിപ്രായക്കാരുമുണ്ടായിരുന്നു.

പ്രശ്നങ്ങൾ – ഉപാധികൾ

1. പഞ്ചായത്തതിർത്തിയിൽപ്പെട്ട പുറമ്പോക്കു കുളങ്ങളിൽ അർഹമായവ തിരഞ്ഞെടുത്ത് ഒരു കമ്മറ്റിയുടെ നിയന്ത്രണത്തിൽ മത്സ്യം വളർത്തി വാർഡുതോറും മത്സ്യവിപണനകേന്ദ്രങ്ങൾ രൂപീകരിച്ച് അവ വഴി മത്സ്യം വിതരണം ചെയ്യുക.

2. കടലിൽനിന്നും പിടിക്കുന്ന മത്സ്യം ഈ പ്രദേശങ്ങളിൽ വരുമ്പോഴേക്കും പുതുമ നഷ്ടപ്പെടുന്നു. കായലിലെ മത്സ്യങ്ങളും സമയം വൈകുമ്പോൾ അഴുകുന്നുണ്ട്. പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോൾഡ് സ്റ്റോറോജ് സ്ഥാപിക്കുകയും ഓരോ വാർഡിലും ചില്ലറ വില്പനശാല തുടങ്ങുകയും ചെയ്യുക.

3. മത്സ്യതൊഴിലാളികളെ പഞ്ചായത്തുതലത്തിൽ ഏകീകരിച്ച് ഒരു സഹകരണസംഘം രൂപീകരിച്ച് മത്സ്യബന്ധനത്തിനാവശ്യമായ ഉപാധികൾ നൽകുകയും, കോൾഡ്സ്റ്റോറോജ് വിപണനം തുടങ്ങിയവയുമായി ബന്ധിപ്പിക്കുകയും ചെയ്യുക

4. വർഷക്കാലത്ത് കോൾപാടശേഖരങ്ങളിൽ ചെമ്മീൻ വളർത്തുക. തല്പരരായ മത്സ്യകൃഷിക്കാരെ കണ്ടെത്തി അവരുടെ കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുക. ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

5. വർഷാരംഭത്തിൽ പ്രത്യുൽപാദനാവസ്ഥയിലുള്ള മത്സ്യങ്ങളെ – ഏറ്റുമീൻ – പിടിക്കുന്ന പ്രവണത നിയമം മൂലം തടയുക.

6. മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തി നിവാരണം നടത്തേണ്ടതാണ്.

7. അലങ്കാരമത്സ്യകൃഷി ഈ പഞ്ചായത്തിൽ സാധ്യതകൾ ഏറെയാണ്.

അനുബന്ധം – 4
അടാട്ട് ഗ്രാമ പഞ്ചായത്ത്
4.1 വളർത്തു മൃഗസംഖ്യ

വാർഡ്	കാളനാടൻ		കാളസങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്ത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1		6			12	4	153	54	4	2	4	64	24	
2		4	1		11	2	107	35	5	1	2	174	27	
3		4			9	3	173	44	7	2	2	74	30	
4					6	3	150	23	5	2	2	94	34	
5					4	2	114	22	3	1	0	77	31	
6					7	3	101	23	5		2	52	23	
7		4			6	1	94	17	2	1		41	21	
8					4	1	107	21	3	2		73	25	
9		6			3	2	114	16	5	2		78	24	
10		4			4	1	81	20	3	1		80	29	
ആകെ എണ്ണം		28	1		66	22	1194	275	42	14	12	807	268	

അടാട്ട് ഗ്രാമപഞ്ചായത്ത്
4.2 വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോടി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1	123	340	152	5	60	
2	164	467	290	6	30	
3	341	898	582	11	54	
4	174	448	313			
5	151	367	221	3	20	
6	172	510	260			
7	160	411	237	3	12	
8	329	712	524	6	24	
9	183	502	287	2	8	
10	172	299	272	4	12	

46

അടാട്ട് ഗ്രാമപഞ്ചായത്ത്
മൃഗസംരക്ഷണം 4.3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരു	ആട്	പന്നി	പട്ടി	കോ	താറ	പൂച്ച	ആന	മറ്റു ള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ	192	8	53	2	9					
2	ശ്വാസകോശസംബന്ധം	32		44		5					
3	ഉപാപചയസംബന്ധം	25									
4	ത്വക്രോഗങ്ങൾ	292		17	5	6					
5	ധാതുലവണങ്ങളുടെ അഭാവം	314	14	6		4					
6	പരാദ രോഗങ്ങൾ	337	16	10	10		34				
7	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	173	4								
8	വന്ധ്യത	21	2	1							
9	അകിടുവീക്കം	61	1	5							
10	മുടന്തൻപനി	59									
11	പകർച്ചവ്യാധികൾ										

5 (2) മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരളത്തിൽ മൃഗസംരക്ഷണരംഗത്ത്, പ്രത്യേകിച്ച് പാലിന്റെ ഉല്പാദനത്തിലും, ഉപഭോഗത്തിലും വലിയ വളർച്ചകൈവരിച്ചിട്ടുണ്ട്. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതക ഗുണമേന്മ വർദ്ധനവു ഉല്പാദനക്ഷമത വർദ്ധനവും സാധ്യമാക്കാൻ നമുക്കുകഴിഞ്ഞു. കന്നുകാലികളിലേക്ക് ജനിതക സ്വഭാവം പകരുന്നതിൽ നാം ഏറെക്കുറെ വിജയിച്ചെങ്കിലും അവയ്ക്കുവേണ്ടത്ര തീറ്റ നൽകാൻ നമുക്കു കഴിയുന്നില്ല. കാലിത്തീറ്റ ഘടകങ്ങൾ ഭൂരിഭാഗവും അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്.

കോഴിയിറച്ചിയുടേയും,കോഴിമുട്ടയുടേയും, ആഭ്യന്തര ഉപയോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉല്പാദനം ഇനിയും സാധിതപ്രായമായിട്ടില്ല. മാംസത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ്. മാംസോൽപാദന സംസ്കരണവിപണനമാകട്ടെ അസംഘടിത മേഖലയിലും. കേരളത്തിൽ ആവശ്യമായതിന്റെ 90% വരെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. സ്വയം പര്യാപ്തതക്കുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന സമ്പത്ത് ഗ്രാമീണ ഉല്പാദകന്റെ കൈകളിലെത്തിചേരും. പാലിന്റെയും മുട്ടയുടേയും, മറ്റും പ്രത്യേകത, അത് ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനനിക്ഷേപം കൊണ്ട് കൂടുതൽ സമ്പദ്വർദ്ധനവിനുള്ള സാഹചര്യം ഉണ്ടാക്കുന്നു എന്നുള്ളതാണ്. ഈ മേഖലയുടെ സാധ്യതകളെചൂഷണം ചെയ്യുവാൻ കഴിഞ്ഞ പഞ്ചവത്സര പദ്ധതികൾക്കൊന്നും കഴിഞ്ഞിട്ടില്ല

കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലിയുടമകളിൽ ഭൂരിപക്ഷവും, ചെറുകിടകർഷകരും, കർഷകതൊഴിലാളികളുമാണ്. മൃഗസംരക്ഷണമേഖല എന്നുവെച്ചാൽ പാലുല്പാദനം അല്ലെങ്കിൽ മുട്ടയുല്പാദനം മാത്രമാണെന്ന ധാരണ നമ്മുടെ ഇടയിലുണ്ട്. എന്നാൽ ഈ രംഗത്തെ മറ്റു മേഖലകൾ മാംസോൽപ്പാദനം, തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവയുടെ ഉല്പാദനം, വാക്സിൻ, ഹോർമോൺ, എൻസൈമുകൾ എന്നിവയുടെ ഉല്പാദനം, കാർഷികമേഖലയ്ക്ക് ആവശ്യമായ ജൈവവളം, ബയോഗ്യാസ്, വെറുതെ പാഴായി പോകുന്ന മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തൽ എന്നിവയാണ്. ഇവയുടെ പ്രാധാന്യം നാം വിസ്മരിച്ചുകൂടാ.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

വളർത്തുമൃഗങ്ങളായ പശു, കാള, എരുമ, പോത്ത്, കോലാട്, പന്നികൾ, കോഴികൾ എന്നിവയെ പണ്ടുകാലം മുതൽ ഈ പ്രദേശങ്ങളിൽ വളർത്തിയിരുന്നു. കൃഷിക്കും, ഉഴുവാനും വണ്ടി വലിക്കനുമായി കാള, എരുമ, പോത്ത് തുടങ്ങിയവയെ ഉപയോഗിച്ചിരുന്നു. ആധുനികകൃഷി സമ്പ്രദായത്തിൽ വന്ന അമിതമായ രാസവള പ്രയോഗവും, കീടനാശിനി പ്രയോഗവും, നാട്ടിലെ മൃഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട് എന്നതിന് ഉദാഹരണമാണ് കുറച്ചുകാലം മുമ്പ് പടർന്നുപിടിച്ച കന്നുകാലികളുടെ വാലുചീയൽ രോഗം. ഉയർന്നതോതിലുള്ള നഗരവൽക്കരണം, പച്ചപ്പുല്ലിന്റെ ദൗർലഭ്യം, മേച്ചിൽ സ്ഥലങ്ങളുടെ കുറവ്, വൈക്കോലിന്റെയും കാലിത്തീറ്റയുടേയും വിലക്കൂടുതൽ തുടങ്ങിയവ ഇന്നത്തെ പ്രശ്നങ്ങളാണ്. കഴിഞ്ഞ രണ്ടു ദശാബ്ദകാലത്തു മാത്രമാണ് പാലുല്പാദനരംഗത്ത് വളർച്ച കണ്ടു തുടങ്ങിയത്. കൂടുതൽ പാലുല്പാദനശേഷിയുള്ള സങ്കരവർഗ്ഗം പശുക്കളുടെ ആവിർഭാവവും സഹകരണരംഗത്തുള്ള വിതരണവും ഈ രംഗത്ത് ഉണർവ്വ് നൽകിയിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ബ്രോയിലർ കോഴികളെ വളർത്തുന്ന ചെറിയ കേന്ദ്രങ്ങൾ പഞ്ചായത്തിൽ വളർന്നു വന്നിട്ടുണ്ട്. പന്നി വളർത്തൽ മേഖലയിലും ചെറിയ ഉണർവ്വ് വന്നിട്ടുണ്ട്. പ്രത്യേകിച്ച് യുവജനങ്ങൾ ലാഭസാധ്യത മനസ്സിലാക്കി ഈ രംഗത്തേക്ക് കൂടുതലായി കടന്നു വരുന്നുണ്ട്. അടുക്കള മുറ്റത്തെ കോഴി വളർത്തലിൽ പ്രത്യേകിച്ചും സ്ത്രീകൾ താല്പര്യം കാണിയ്ക്കുന്നു. ഗിരിരാജാ, ആസ്ട്രോലൈറ്റ് എന്നീയിനിങ്ങളോടാണ് കൂടുതൽ താല്പര്യം

മൃഗാശുപത്രി

1964ൽ പുഴയ്ക്കൽ ബ്ലോക്കിനു കീഴിൽ ആരംഭിച്ച ഈ സ്ഥാപനം 1985 ലാണ് വെറ്റേർനറി ഡിസ്പെൻസറി ആകുന്നത്. പുറനാട്ടുകരയിലുള്ള സ്വന്തം കെട്ടിടത്തിലാണ് ആസ്പത്രി പ്രവർത്തിച്ചു വരുന്നത്. മൃഗങ്ങൾക്കും, പക്ഷികൾക്കുമുള്ള ചി

കിത്സ, കൃത്രിമബീജദാനം, പ്രതിരോധ കുത്തിവെയ്പ്പുകൾ തുടങ്ങിയവയാണ് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ. ഒരു വെറ്ററിനറി സർജനും,ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും, അറ്റൻഡറും, ഒരു പാർട്ട് ടൈം സ്വീപറുമാണ് ആശുപത്രിയിലെ ജീവനക്കാർ. ഈ ആശുപത്രിയുടെ സമഗ്രമായ പുരോഗതിക്ക് അടിയന്തിര ശ്രദ്ധ പതിയേണ്ട ഒട്ടനവധി പ്രശ്നങ്ങളുണ്ട്.

നടപ്പാക്കിയ കഴിഞ്ഞകാല പദ്ധതികൾ

കന്നുകുട്ടി പരിപാലന പരിപാടിയിൽ പുഴയ്ക്കൽ ക്ഷീരവ്യവസായ സഹകരണസംഘം ഉൾപ്പെട്ടിരുന്നതിനാൽ അതിന്റെ പ്രയോജനം സംഘത്തിലെ മെമ്പർമാർക്ക് ലഭ്യമായിരുന്നു. പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഇപ്പോൾ ആ പ്രയോജനം ലഭിക്കുന്നില്ല.

1992-93 കാലയളവിലാണ് അവസാനമായി വന്ധ്യതാ നിവാരണ ക്യാമ്പ് നടന്നത്. അതിനുശേഷം ക്യാമ്പ് പഞ്ചായത്തിലേക്ക് അനുവദിച്ചിട്ടില്ല. വർഷംതോറും നടക്കുന്ന ഗോരക്ഷാക്യാമ്പുകളാണ് ഈ രംഗത്ത് ചെറിയൊരാശ്വാസം.

പ്രത്യേക ഘടകപദ്ധതിയിലൂടെയാണ് പഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയിൽ പുതിയൊരു ഉണർവ് ഉണ്ടായിട്ടുള്ളത്. ഈ പദ്ധതിയനുസരിച്ച് കൂറൂർ പാറ കോളനിയിൽ 93-94ലും, ചെറ്റിക്കുന്ന് കോളനിയിൽ 94-95ലും, നാല്പത്തഞ്ചോളം കുടുംബങ്ങൾക്ക് കറവമാടുകളേയും, ഉഴവുമൃഗങ്ങളേയും വിതരണം ചെയ്യുകയുണ്ടായി. ഊർജ്ജിത കന്നുകാലി ഉല്പാദന പരിപാടിയനുസരിച്ച് അടുക്കളമുറ്റത്തെ കോഴി വളത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടുമാസം പ്രായമായ 1200 കോഴിക്കുഞ്ഞുങ്ങളെ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പേവിഷ നിർമാർജ്ജന പരിപാടിയനുസരിച്ച് ഓരോ വർഷവും മുപ്പതോ, അമ്പതോ ഡോസ് വാക്സിൻ സൗജന്യനിരക്കിൽ കുത്തിവെക്കാറുണ്ടെങ്കിലും ഇത് ഒട്ടും പര്യാപ്തമല്ല.

പാൽ ഉൽപാദനരംഗം

ഏകദേശം ആറായിരം ലിറ്റർ പാൽ ദിനംപ്രതി പഞ്ചായത്തിൽ ഉലപാദിപ്പിക്കപ്പെടുന്നതായാണ് കണക്ക്. അതായത് പ്രതിവർഷം രണ്ടുകോടി രൂപ വിലവരുന്ന പാൽ. കർഷകരിൽനിന്നും പാൽ ശേഖരിക്കുന്നതിനായി പഞ്ചായത്ത് അതിർത്തിയിൽ സഹകരണമേഖലയിൽ പുഴയ്ക്കൽ ക്ഷീരവ്യവസായ സഹകരണസംഘവും, ചിറ്റിലപ്പിള്ളി ക്ഷീരവ്യവസായ സഹകരണസംഘവും നിലവിലുണ്ട്. ഈ രംഗത്ത് ഒറ്റപ്പെട്ട സ്വകാര്യവ്യക്തികളും കർഷകരിൽനിന്നും പാൽ നേരിട്ട് സംഭരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. സഹകരണാടിസ്ഥാനത്തിലുള്ള രണ്ടു സംഘങ്ങളിലും ചെറിയ തോതിൽ പാൽ സംസ്കരിച്ച് തൈര്, മോര്, വെണ്ണ, നെയ്യ്, ഐസ്ക്രീം, കട്ലറ്റ്, കേക്ക് തുടങ്ങിയവ നർമ്മിച്ച വിതരണം ചെയ്തുവരുന്നുണ്ട്.

പാൽ ഉല്പാദകരുടെ മുഴുവൻ പാലും സംഘങ്ങളിൽ എല്ലാക്കാലത്തും വാങ്ങിക്കുന്നില്ല. വില കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നില്ല. സംഭരിക്കുന്ന പാൽ മുഴുവൻ സംസ്കരിച്ച് ഉപോല്പന്നങ്ങളായി മാറ്റുവാനുള്ള സംവിധാനങ്ങൾ സംഘങ്ങളിൽ നിലവിലില്ല. സംഘങ്ങൾ വഴി ലഭ്യമായിരുന്ന സൗജന്യനിരക്കിലുള്ള കാലിത്തീറ്റ ഇന്ന് ലഭ്യമല്ല. ഇതൊക്കെയാണ് ഈ രംഗത്തെ പ്രധാനപ്രശ്നങ്ങൾ. കറവമാടുകളുടെ അകിടു വീക്കവും വന്ധ്യതയും കർഷകനെ തളർത്തുന്ന മറ്റു പ്രധാന പ്രശ്നങ്ങളാണ്

കാലിത്തീറ്റ ഉൽപാദനരംഗം

പഞ്ചായത്തിൽ തീറ്റപുല്ലുമാത്രമായി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ വളരെ വിരളമാണ്. സമൃദ്ധിയായി പുല്ല് ലഭ്യമായിരുന്ന പറമ്പുകളുടേയു എണ്ണം ഇന്ന് ഗണ്യമായി കുറഞ്ഞു. ഉയർന്നതോതിലുള്ള നഗരവൽക്കരണവും, പാർപപിടനിർമാണവുമാണ് ഇതിന് കാരണം. ശാസ്ത്രീയമായ കൃഷിരീതിയിൽ താരതമ്യേന ഉയരം കുറഞ്ഞ ഇനങ്ങൾ നെൽകൃഷിക്ക് കൂടുതലായി ഉപയോഗിച്ചുവരുന്നതുകൊണ്ട് വൈക്കോൽ നീളം കുറവുവന്നതും കൊയ്ത്തുപാടങ്ങളിൽ ഉയരത്തിൽ കുറ്റി നിർത്തി കൊയ്യുന്നതുമൂലം വൈക്കോലിന്റെ അളവും ലഭ്യതയും കുറഞ്ഞുപോവുകയുണ്ടായി. കോൾ പടവുകളിൽ കൊയ്ത്തു സമയത്ത് മാത്രമാണ് ഈ പരിസരത്ത് സമൃദ്ധിയായി വൈക്കോൽ ലഭിക്കുന്നത്. വിരിപ്പ്, മുണ്ടകൻ തുടങ്ങിയ വിളകളുടെ കൊയ്ത്തു കാലത്ത് അത്രതന്നെ വൈക്കോൽ ലഭിക്കുന്നില്ല. പുഞ്ച കൊയ്ത്തു സീസണിൽ ലഭ്യമാക്കുന്ന വൈക്കോൽ കന്നിന് ഒക്ടോബർ, നവംബർ മാസങ്ങളിൽ 4 രൂപ വരെ വില ഉയരുന്നു. പൊടി രൂപത്തിലും, പെല്ലറ്റ് രൂപത്തിലുള്ള കന്നുകാലി തീറ്റ പല തീറ്റ നിർമ്മാതാക്കളുടേയും, ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്തുവരുന്നു. കിലോവിന് 6 രൂപയോളമാണ് വില. കൂടാതെ പിണ്ണാക്ക്, തവിട്, പരുത്തിക്കുരു തുടങ്ങിയവയും സമീപപ്രദേശത്തുള്ള പല വ്യജ്ഞനകടകളിൽ നിന്നും കർഷകർ വാങ്ങി ഉപയോഗിക്കുന്നു.

നല്ലയിനം തീറ്റ പുൽവിത്തിനങ്ങളുടെ ദൗർലഭ്യം, ഒക്ടോബർ, നവംബർ മാസങ്ങളിൽ അനുഭവ

പ്പെടുന്ന വൈക്കോലിന്റെ അമിതവില, കാലിതീറ്റയുടേയും, പിണ്ണാക്കിന്റെയും വിലക്കൂടുതൽ ഗുണനിലവാരം കുറഞ്ഞ കാലിത്തീറ്റ മുതലായവയാണ് ഈ രംഗത്തെ പ്രശ്നങ്ങൾ. സഹകരണമേഖലയിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുക, ഒഴിഞ്ഞുകിടക്കുന്ന പറമ്പുകളിലും, കുന്നിൻ ചെരിവുകളിലും, തെങ്ങിൻ തോട്ടങ്ങളിലും തീറ്റപ്പുൽ കൃഷി ചെയ്യുക. പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമായ കാലിത്തീറ്റ ഘടകങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് കാലിത്തീറ്റ മിശ്രിത യൂണിറ്റുകൾ സ്ഥാപിക്കുക. കന്നുകുട്ടി പരിപാലന പരിപാടി എല്ലാക്കാലത്തും നടപ്പിലാക്കുക. ഗവർമെന്റ് കാലിത്തീറ്റ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ സബ്സിഡി നിരക്കിൽ പാൽ സൊസൈറ്റികൾ മുഖേന വിതരണം ചെയ്യുക. ആറുമാസത്തിലൊരിക്കൽ കാലിത്തീറ്റയുടെ സാമ്പിളുകളെടുത്ത് ഗുണനിലവാര പരിശോധന നടത്തുക.

മാംസോല്പാദനം

ഇന്നേവരെ മൃഗസംരക്ഷണരംഗത്ത് തീർത്തും അവഗണിക്കപ്പെട്ട ഒരു മേഖലയാണിത്. എന്നാൽ വളരെയേറെ വികസനസാധ്യതകൾ ഉള്ള ഒരു മേഖലയാണിത്. ശാസ്ത്രീയമായ ഒരു അറവുശാലയോ വിപണനശാലയോ ഇന്നും നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഇല്ല. അടാട്ട് ചിറ്റിലപ്പിള്ളി, പരാമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ മൃഗങ്ങളെ കശാപ്പു ചെയ്ത് പഞ്ചായത്തിന്റെ പല ഭാഗത്തുമായി വിപണനം ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.

ഉദ്ദേശം ആഴ്ചതോറും 7000 കി.ഗ്രാം. പശു, കാള, എരുമ, പോത്ത് തുടങ്ങിയ മൃഗങ്ങളുടെ മാംസവും 100 കി.ഗ്രാം ആട്ടിറച്ചിയും 500 കി.ഗ്രാം വളർത്തു കോഴിയിറച്ചിയും വിപണനം ചെയ്തു വരുന്നു. ഇറച്ചികോഴിയും പന്നിയും ഒഴിച്ചാൽ മാംസോല്പാദന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളൊന്നും നിലവിലില്ല. അടാട്ട് പഞ്ചായത്തിൽ മാത്രം പ്രതിവർഷം ചുരുങ്ങിയത് മുപ്പതുലക്ഷം രൂപയുടെയെങ്കിലും മാംസം വിറ്റഴിയപ്പെടുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 80 ശതമാനവും പഞ്ചായത്തിന് അഥവാ സംസ്ഥാനത്തിന് പുറത്തുനിന്നുവരുന്ന മൃഗങ്ങൾ അഥവാ കോഴികളിൽ നിന്നാണ് ഉല്പാദിപ്പിക്കപ്പെടുന്നു. അതായത് ഏകദേശം 20-24 ലക്ഷം രൂപ പഞ്ചായത്തിന് പുറത്തോട്ട് ഒഴുകി പ്പോകുന്നു. ഈ ഒഴുക്ക് തടയാൻ നമ്മുക്ക് കഴിയില്ലേ. ഇവിടെയാണ് ഈ മേഖലയ്ക്ക് കൊടുക്കേണ്ട പ്രാധാന്യം കൂടുൽ വ്യക്തമാകുന്നത്.

മാംസാവശ്യത്തിനുവേണ്ടി കാളക്കുട്ടികളെ വളർത്തുന്ന പതിവ് നമുക്കില്ല. ഇവിടെയുണ്ടാകുന്ന മൂരിക്കുട്ടികളിൽ 80 ശതമാനവും ശരിയായ പരിപാലനം ലഭിക്കാതെ വിര ശല്യം മൂലവും, പോഷകാഹാര കമ്മി മൂലവും ചത്തു പോവുകയാണ് പതിവ്. ഇതിന് ഒരു മാറ്റം വരികയാണെങ്കിൽ തന്നെ ഒരു 40 ശതമാനം ഇറച്ചികമ്മി നികത്തുവാൻ സാധിക്കും.

ആടുവളർത്തൽ ഇന്ന് ജനങ്ങളുടെ വളരെയധികം ശ്രദ്ധയാകർഷിച്ച ഒരു മേഖലയാണ്. പൊതുവെ നമ്മുടെ പഞ്ചായത്തിൽ ആടുകളുടെ എണ്ണം കുറവാണ്. എങ്കിലും ഇപ്പോൾ വളരെയധികം ആളുകൾ ഈ രംഗത്ത് താല്പര്യം കാണിക്കുന്നുണ്ട്. പൊതുവെ മലബാറി, മലബാറി X ആൽപൈൻ, ജമനാപാരി X മലബാറി എന്നീ ഇനം ആടുകളാണ് ഇവിടെ കണ്ടുവരുന്നത്. ധാരാളം കുന്നിൻ പ്രദേശങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ ആടു വളർത്തലിന് നല്ലൊരു ഭാവിയുണ്ട്. ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന കുന്നിൻ പ്രദേശങ്ങളിൽ ആടുപോലുള്ള ചെറിയ മൃഗങ്ങളെ വളർത്തുകയാണ് കൂടുതൽ അനുയോജ്യം. മാംസാവശ്യത്തിനുള്ള ആടു ജനുസ്സുകളുടെ അഭാവം നല്ലയിനം ആട്ടിൻകുട്ടികളുടെ ദൗർലഭ്യം തുടങ്ങിയവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും ശാസ്ത്രീയ പരിപാലനമുറയും ഉണ്ടെങ്കിൽ ഈ മേഖലയിൽ പഞ്ചായത്തിന് വളരെ വേഗം സ്വയം പര്യാപ്ത കൈവരിക്കാൻ കഴിയും.

ഈ അടുത്തകാലത്തായി യുവജനങ്ങൾ വളരെയധികം താല്പര്യം കാണിക്കുന്ന ഒരു മേഖലയാണ് പന്നി വളർത്തൽ. പല ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും ഉണ്ടെങ്കിലും ഈ മേഖലയിലെ ലാഭസാധ്യത യുവജനങ്ങളെ ആകർഷിച്ചുവരുന്നുണ്ട്. ലാർജ്വൈറ്റ്, യോർക്ക് ഷെയർ ഇനത്തിൽപ്പെട്ട പന്നികളെയാണ് പഞ്ചായത്തിൽ സാധാരണയായി വളർത്തി വരുന്നത്. തൃശൂർ നഗരത്തിലെ ഹോട്ടൽ വേസ്റ്റിനെ ആശ്രയിച്ചാണ് ഈ മേഖലയുടെ നിലനില്പ്. നല്ലയിനം പന്നിക്കുട്ടികളുടെ ലഭ്യത കുറവും വിപണനത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

ബ്രോയിലർ കോഴിയിറച്ചി വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ എല്ലാ കവലകളിലും കാണാം. പക്ഷെ ഇവിടെ ലഭ്യമാകുന്ന കോഴികൾ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്ത് നിന്ന് വരുന്നവയാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ഉയർന്ന വില നിലവാരം ലഭിക്കാനുള്ള പ്രയാസം, കയറിയിറങ്ങി നിൽക്കുന്ന വിലനിലവാരം തീറ്റയുടെ വില

കൂടുതൽ, രോഗങ്ങൾ മുതലായവയാണ് ഈ മേഖലയുടെ പരാധീനതകൾ. ഇതിനുപുറമെ പഞ്ചായത്തിൽ ചെറിയ തോതിൽ കാട, മുയൽ, ടർക്കി, താറാവ് എന്നിവയെയും വളർത്തുന്നു.

മുട്ടയുൽപാദനരംഗം

1996ലെ കന്നുകാലി സെൻസസ് റിപ്പോർട്ടിലെ പ്രാഥമിക കണക്കനുസരിച്ച് പഞ്ചായതതിലെ 75% വീടുകളിൽ കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിലെ കോഴികളിൽ അധികവും മുട്ടയുല്പാദന ശേഷി കുറഞ്ഞ രോഗപ്രതിരോധശേഷി കൂടിയ നാടൻ കോഴികളാണ്. ഗിരിരാജാ, ആസ്ട്രോ വൈറ്റ് എന്നിവയും കർഷകർക്ക് പ്രിയപ്പെട്ടയിനങ്ങളാണ്. താറാവ്, കാട, ഗിനികോഴി എന്നിവയെയും പഞ്ചായത്തിൽ ചുരുക്കം സ്ഥലങ്ങളിൽ വളർത്തുന്നുണ്ട്.

ഇതൊക്കെയാണെങ്കിലും പഞ്ചായത്തിലുപയോഗിക്കുന്ന മുട്ടയുടെ ഏറിയ പങ്കും പഞ്ചായത്തിന് പുറത്തുനിന്നാണ് വരുന്നത്. നാമക്കൽ മാതൃകയിലുള്ള കോഴിവളർത്തൽ നമ്മുക്ക് അനുയോജ്യമല്ലെങ്കിലും വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വീട്ടാവശ്യത്തിനുള്ള മുട്ടയുടെ കാര്യത്തിലെങ്കിലും നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

നല്ലയിനം രോഗ പ്രതിരോധശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക. പഞ്ചായത്തുതലത്തിൽ എഗ്ഗർ നേഴ്സറികൾ സ്ഥാപിക്കുക. സ്കൂൾ പൗൾട്രി ക്ലബുകൾ സ്ഥാപിക്കുക മുതലായ പരിപാടികൾ തീർച്ചയായും ഈ രംഗത്തെ കൂടുതൽ ഊർജ്ജസ്വലമാക്കാൻ സഹായിക്കുന്നു.

താറാവ് വളർത്തലിനും നമ്മുടെ പഞ്ചായത്തിൽ നല്ല സാധ്യതകളുണ്ട്. താറാവു മുട്ടയ്ക്ക് ഇന്ന് മാർക്കറ്റിൽ 2 രൂപ 50 പൈസ വരെ വിലയുണ്ട്. പ്രത്യേകിച്ചും കോൾ നിലങ്ങളോട് അടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ താറാവ് വളർത്തുന്നതിന് കൂടതൽ സൗകര്യമുണ്ട്.

ഉപോല്പന്നരംഗം

മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഈ മേഖലയിലെ ഉപോല്പന്നങ്ങളായ ജൈവവളം, മൃഗക്കൊഴുപ്പ്, തുകൽ, ബയോഗ്യാസ് എന്നിവയുടെ കാര്യം നാം വിസ്മരിച്ചുകൂടാ. പശു, കാള, എരുമ എന്നിവയുടെ തുകലൊന്നിന് ഇന്ന് മാർക്കറ്റിൽ 600 രൂപ വിലയുണ്ട്. ആട്ടിൻതോലൊന്നിന് 120 രൂപയും, ചാണകം, ആട്ടിൻകാഷ്ഠം, കോഴിക്കാഷ്ഠം, പന്നിവളം മുതലായവ കാർഷികമേഖലയ്ക്ക് ഏറ്റവും അനുയോജ്യമായ ജൈവവളങ്ങളാണ്. കാർഷികമേഖലയിൽ ഇതിന്റെ ആവശ്യകതയും മൂല്യവും ഒട്ടും അപ്രധാനങ്ങളല്ല. ഇതുപോലെ തന്നെ നമ്മുടെ പഞ്ചായത്തിൽ ഉഴവിനായും, ഭാരം വലിക്കുന്നതിനുമായി ഉപയോഗിക്കുന്ന കാളകളും പോത്തുകളും, നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് നൽകുന്ന സംഭാവനകളും ചെറുതല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പാലുല്പാദകരുടെ ശുദ്ധമായ പാൽ മുഴുവനും എല്ലാകാലത്തും സഹകരണ സംഘങ്ങൾ ശേഖരിക്കണം. ഉയർന്നവില നൽകണം. സംഘങ്ങളിൽ ശേഷിക്കുന്ന പാൽ സംസ്കരിച്ച് മറ്റ് ഉൽപ്പന്നങ്ങൾ തയ്യാറാക്കുവാൻ പദ്ധതി തയ്യാറാക്കണം.
2. പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ കന്നുകാലിത്തീറ്റ ഫാക്ടറി ആരംഭിക്കുകയും ഗുണനിലവാരം നിഷ്കർഷിച്ച് കുറഞ്ഞ വിലക്ക് കന്നുകാലിത്തീറ്റ വിതരണം ചെയ്യുകയും ചെയ്യുക.
3. മൃഗാശുപത്രികെട്ടിടവും, പരിസരവും അറ്റകുറ്റപ്പണികൾ നടത്തുക. വേണ്ടത്ര ജീവനക്കാരെ നിയമിക്കുക. മൈക്രോസ്ക്കോപ്പ് തുടങ്ങിയ സൂക്ഷ്മ പരിശോധന ഉപകരണങ്ങൾ നല്കുക. മൃഗാശുപത്രികളിൽ ടെലിഫോൺ സൗകര്യം ഏർപെടുത്തുക. നല്ല തൊഴുത്തു പണിയുവാൻ കർഷകർക്ക് സബ്സിഡി നൽകുക.
4. കറവപ്പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുക. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിക്കുക. കൃത്രിമ ബീജധാരണം സൗജന്യമാക്കുക.
5. പട്ടി പിടിത്തത്തിനുള്ള ലൈസൻസ് ചട്ടങ്ങൾ ലഘൂകരിക്കുക. പുതിയ ലൈസൻസ് നൽകുക.
6. മൃഗസംരക്ഷണം സംബന്ധിച്ചിട്ടുള്ള വിജ്ഞാന വ്യാപന സൗകര്യങ്ങൾ വിപുലീകരിക്കുക.
7. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൃഗാസ്പത്രിക്ക് സബ്സെന്റർ സ്ഥാപിക്കേണ്ടതാണ്. കന്നുകാലി ത്തീറ്റയുടെ നിലവാരം പരശോധിക്കുകയും വില നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.
6. ആധുനിക കശാപ്പുശാല നിർമിക്കുകയും മാംസ വിതരണത്തിന് വാർഡുതലത്തിൽ ചന്ത/കട നിർമിക്കുക. മാംസോല്പാദന സഹകരണ സംഘങ്ങൾ രൂപീകരിക്കുക. മാംസത്തിന്റെ ഗുണമേൻമ വില്പന നടത്തുന്നതിനു മുൻപ് ഡോക്ടർ പരിശോധിച്ച് സർട്ടിഫൈ ചെയ്യുക.

7. നല്ലയിനം ആട്ടിൻകുട്ടി, ശീമപന്നി, താറാവ്, മുയൽ, കാടപ്പക്ഷി തുടങ്ങിയവ വിതരണം ചെയ്യുക. വീട്ടമ്മമാർക്ക് നല്ലയിനം കോഴിക്കഞ്ഞുങ്ങളെ വിതരണം ചെയ്യുക. നല്ല വളർത്തുമൃഗങ്ങളെ വളർത്തുവാൻ സമ്മാനപദ്ധതികളും ഏർപ്പെടുത്തേണ്ടതാണ്.

8. തീറ്റപുല്ല് പദ്ധതി വിപുലീകരിക്കുക. കൊയ്ത്തുകാലങ്ങളിൽ വൈക്കോൽ സഹകരണസംഘങ്ങൾ വഴി ശേഖരിച്ച് വിലകയറ്റം വരുന്ന സമയത്ത് നിലവാരമനുസരിച്ച് വില്ക്കുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം. യന്ത്രവൽക്കരണം നടപ്പിലാക്കി വൈക്കോൽ ഉണക്കുന്നതിനും പ്രസ്സ് ചെയ്ത് ഒതുക്കിവക്കുന്നതിനും ഉള്ള സമ്പ്രദായം നടപ്പിലാക്കുക.

മത്സ്യബന്ധനം

ആദിമമനുഷ്യന്റെ ചരിത്രത്തിൽ മത്സ്യമാംസങ്ങൾ പച്ചയായും, ചുട്ട് പാകപ്പെടുത്തിയും ഭക്ഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രുചിയും ശരീരത്തിന് ഒരുവിധ അസുഖമില്ലാത്ത മത്സ്യഭക്ഷണം പോഷകസമ്പുഷ്ടമായ ഒരാഹാരമാണ്. മത്സ്യമാംസത്തിൽ എളുപ്പത്തിൽ ദഹിക്കുവാനുതകുന്ന രസങ്ങളും 15–24% മാംസ്യവും 9.1–22% കൊഴുപ്പും 0.8 –2% ധാതുലവണങ്ങളും ഒട്ടേറെ വിറ്റാമിനുകളും അടങ്ങിയിരിക്കുന്നു. മത്സ്യപോഷകത്തിന് റെഡി മെയ്ഡായി മീനെണ്ണഗുളികകളും ആസ്തമ രോഗത്തിനെതിരെ നേരിട്ടുള്ള മത്സ്യചികിത്സാസമ്പ്രദായങ്ങളും ഇന്നു നിലവിലുണ്ട്.

നാടൻ കുളങ്ങളിലും, ചാലുകളിലും, പാടശേഖരങ്ങളിലും, കോൾപടവുകളിലും കിണറുകളിലും പരമ്പരാഗതമായി മത്സ്യങ്ങൾ വളരാറുണ്ട്. വേനൽക്കാലമാകുമ്പോൾ വെള്ളം വറ്റുന്ന സ്ഥലങ്ങളിൽ ഒന്നിച്ചും അല്ലാത്ത സ്ഥലങ്ങളിൽ മറ്റു മാർഗങ്ങൾ വഴിയും മത്സ്യം പിടിക്കാറുണ്ട്. വരാൽ, വാള, കടു, മുശു, ഇട്ടിക്കണ്ണൻ, ആരൽ, പരൽ, മുണ്ടത്തി, ചെമ്മീൻ, മലിഞ്ഞീൻ, കല്ലുത്തി, കോലാൻ, പോട്ട തുടങ്ങി നാടൻ മത്സ്യങ്ങൾ ഈ ഭാഗങ്ങളിൽ ഈ ഭാഗങ്ങളിൽ സമൃദ്ധിയായി ഉണ്ടായിരുന്നു. അടുത്ത കാലത്ത് വരാലിനും, പരലിനും വന്ന വാലഴുകൾ രോഗമൊഴിച്ചാൽ, നാളിതുവരെ മത്സ്യങ്ങൾക്ക് രോഗം വന്നതായി കേട്ടിട്ടില്ല. ചൂണ്ടയിട്ടും, ഊത്തുളി, കുരുത്തി, ഒറ്റിൽ കണ്ടോടി, കോരുവല, വീശിവല തുടങ്ങി ഉപാധികളിലൂടേയും മത്സ്യങ്ങളെ പിടിച്ചിരുന്നു. നഞ്ച്കുരുകലക്കിയും മത്സ്യങ്ങളെ പിടിക്കാറുണ്ട്. തോട്ട ഉപയോഗിച്ചും മത്സ്യബന്ധനം നടത്തിയിരുന്നു.

മത്സ്യകൃഷി ഇന്നു ആദായകരമായി നടത്താവുന്ന ഒന്നാണ്. ചെമ്മീൻ, കട്ല, രോഹു, മൃഗാൾ, സൈപ്രനസ്, ഗ്രാസ്, കാർപ്പ് തുടങ്ങിയ ഇനം മത്സ്യങ്ങൾ നമ്മുടെ പ്രദേശങ്ങളിൽ ഒന്നായി വളരുന്ന ഇന്നങ്ങളാണ്.

ഗ്രാമസഭാവലോകനം

മിക്കഗ്രാമസഭകളിലും ഈ വിഷയം ചർച്ചക്ക് വന്നു. കോൾപടവുകളിലും, കുളങ്ങളിലും മത്സ്യം വളർത്താമെന്ന അഭിപ്രായം പലരും പറഞ്ഞു. വാർഡുതലത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള മത്സ്യവിപണനശാല തുടങ്ങണമെന്ന് അഭിപ്രായമുള്ളവരുമുണ്ട്. മത്സ്യതൊഴിലാളികളുടെ ഒരു സംഘം രൂപീകരിക്കണമെന്ന അഭിപ്രായക്കാരുമുണ്ടായിരുന്നു.

പ്രശ്നങ്ങൾ – ഉപാധികൾ

1. പഞ്ചായത്തതിർത്തിയിൽപ്പെട്ട പുറമ്പോക്കുകുളങ്ങളിൽ അർഹമായവ തിരഞ്ഞെടുത്ത് ഒരു കമ്മറ്റിയുടെ നിയന്ത്രണത്തിൽ മത്സ്യം വളർത്തി വാർഡുതോറും മത്സ്യവിപണനകേന്ദ്രങ്ങൾ രൂപീകരിച്ച് അവ വഴി മത്സ്യം വിതരണം ചെയ്യുക.

2. കടലിൽനിന്നും പിടിക്കുന്ന മത്സ്യം ഈ പ്രദേശങ്ങളിൽ വരുമ്പോഴേക്കും പുതുമ നഷ്ടപ്പെടുന്നു. കായലിലെ മത്സ്യങ്ങളും സമയം വൈകുമ്പോൾ അഴുകുന്നുണ്ട്. പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോൾഡ് സ്റ്റോറോജ് സ്ഥാപിക്കുകയും ഓരോ വാർഡിലും ചില്ലറ വില്പനശാല തുടങ്ങുകയും ചെയ്യുക.

3. മത്സ്യതൊഴിലാളികളെ പഞ്ചായത്തുതലത്തിൽ ഏകീകരിച്ച് ഒരു സഹകരണസംഘം രൂപീകരിച്ച് മത്സ്യബന്ധനത്തിനാവശ്യമായ ഉപാധികൾ നൽകുകയും, കോൾഡ്സ്റ്റോജ് വിപണനം തുടങ്ങിയവയുമായി ബന്ധിപ്പിക്കുകയും ചെയ്യുക

4. വർഷക്കാലത്ത് കോൾപാടശേഖരങ്ങളിൽ ചെമ്മീൻ വളർത്തുക. തല്പരരായ മത്സ്യകൃഷിക്കാരെ കണ്ടെത്തി അവരുടെ കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുക. ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

5. വർഷാരംഭത്തിൽ പ്രത്യുൽപാദനാവസ്ഥയിലുള്ള മത്സ്യങ്ങളെ – ഏറ്റുമീൻ – പിടിക്കുന്ന പ്രവണത നിയമം മൂലം തടയുക.

6. മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തി നിവാരണം നടത്തേണ്ടതാണ്.

7. അലങ്കാരമത്സ്യകൃഷി ഈ പഞ്ചായത്തിൽ സാധ്യതകൾ ഏറെയാണ്.

അനുബന്ധം – 4
അടാട്ട് ഗ്രാമ പഞ്ചായത്ത്
4.1 വളർത്തു മൃഗസംഖ്യ

വാർഡ്	കാളനാടൻ		കാളസങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്ത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1		6			12	4	153	54	4	2	4	64	24	
2		4	1		11	2	107	35	5	1	2	174	27	
3		4			9	3	173	44	7	2	2	74	30	
4					6	3	150	23	5	2	2	94	34	
5					4	2	114	22	3	1	0	77	31	
6					7	3	101	23	5		2	52	23	
7		4			6	1	94	17	2	1		41	21	
8					4	1	107	21	3	2		73	25	
9		6			3	2	114	16	5	2		78	24	
10		4			4	1	81	20	3	1		80	29	
ആകെ എണ്ണം		28	1		66	22	1194	275	42	14	12	807	268	

അടാട്ട് ഗ്രാമപഞ്ചായത്ത്
4.2 വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോടി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1	123	340	152	5	60	
2	164	467	290	6	30	
3	341	898	582	11	54	
4	174	448	313			
5	151	367	221	3	20	
6	172	510	260			
7	160	411	237	3	12	
8	329	712	524	6	24	
9	183	502	287	2	8	
10	172	299	272	4	12	

54

അടാട്ട് ഗ്രാമപഞ്ചായത്ത്
മൃഗസംരക്ഷണം 4.3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരു	ആട്	പന്നി	പട്ടി	കോ	താറ	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ	192	8	53	2	9					
2	ശ്വാസകോശസംബന്ധം	32		44		5					
3	ഉപാപചയസംബന്ധം	25									
4	ത്വക്രോഗങ്ങൾ	292		17	5	6					
5	ധാതുലവണങ്ങളുടെ അഭാവം	314	14	6		4					
6	പരാദ രോഗങ്ങൾ	337	16	10	10		34				
7	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	173	4								
8	വന്ധ്യത	21	2	1							
9	അകിടുവീക്കം	61	1	5							
10	മുടന്തൻപനി	59									
11	പകർച്ചവ്യാധികൾ										

5③ വ്യവസായം

മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വ്യവസായങ്ങൾ താരതമ്യേന കുറവായ പഞ്ചായത്താണ് അടാട്ട്. വൻകിട വ്യവസായങ്ങൾ ഇവിടെയില്ല.നെൽ, കൊപ്ര, പൊടിക്കുന്ന, മില്ലുകൾ, എഞ്ചിനിയറിങ്ങ് സ്ഥാപനങ്ങൾ, വൈരക്കൽ സംസ്കരണകേന്ദ്രങ്ങൾ, കുടിൽമേഖലയിലെ ഏതാനും യൂണിറ്റുകൾ വ്യവസായമേഖല ഇവിടെ ഒതുങ്ങുന്നു.

പഞ്ചായത്തിലെ ആദ്യകാല വ്യവസായങ്ങളിൽ കൃത്രിമ വൈരകക്കല്ലുസംസ്കരണം സജീവമായിരുന്നു. എന്നാൽ പരമ്പരാഗത വ്യവസായങ്ങൾ കുറവായിരുന്നു. ഓട്ടു പാത്രങ്ങളും, തഴപ്പായ, മുള ഉല്പന്നങ്ങളുടെ നിർമ്മാണവും കുടിൽ വ്യവസായങ്ങളുടെ രൂപത്തിലുണ്ടായിരുന്നു. വൈദ്യുതിയുടെ ആഗമനത്തോടെ നെൽ-കൊപ്ര-ഫ്ളവർമില്ലുകളും എഞ്ചിനിയറിംങ്ങ് സ്ഥാപനങ്ങളും നിലവിൽ വന്നു.

പഞ്ചായത്തിൽ നാളിതുവരെ 114 ചെറുകിട വ്യവസായങ്ങൾ ജില്ല വ്യവസായകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ തന്നെ 58 എണ്ണം മാത്രമാണ് ഇപ്പോൾ നിലനില്ക്കുന്നത്. മാത്രമല്ല 50ൽ താഴെ സ്വയം തൊഴിൽ, കുടിൽ വ്യവസായ സ്ഥാപനങ്ങൾ ഇതിനു പുറമെ പ്രവർത്തിക്കുന്നു.

വിവിധ വ്യവസായങ്ങളെ താഴെ പറയുന്ന വിധം തരംതിരിയ്ക്കാം.

ക്രമനമ്പർ	ഇനം	എണ്ണം
1.	നെല്ലുകുത്ത് - പൊടിയ്ക്കൽ - കൊപ്രമില്ലുകൾ	18
2.	റെഡിമെയ്ഡ് ഉല്പന്നങ്ങൾ	10
3.	ഫർണിച്ചർ	5
4.	എഞ്ചിനിയറിംഗ് / സർവ്വീസ്	9
5.	ഡ്രസുകൾ / ബുക്ക്നിർമ്മാണം	7
6.	മറ്റുള്ളവ	35
	ആകെ	**84**

ഈ യൂണിറ്റുകളിൽ ആകെ 500ൽ അധികം പേർ ജോലി ചെയ്യുന്നു. ഇവയെല്ലാം തന്നെ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. രണ്ടു DWCRA യൂണിറ്റുകൾ ഉൾപ്പെടെ നാല് സ്ഥാപനങ്ങൾ ചാരിറ്റബിൾ സംഘടനകൾ എന്ന നിലയിൽ പ്രവർത്തിക്കുന്നു. ഇത് 50ലധികം സ്ത്രീകൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്നുണ്ട്. കൂടാതെ, ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസ്സോസിയേഷന്റെ നൂൽനൂല്പു കേന്ദ്രവും ചൂരക്കാട്ടുകരയിൽ പ്രവർത്തിക്കുന്നു.

സഹകരണമേഖലയിൽ 1981ൽ പ്രവർത്തനം ആരംഭിച്ച് ഇന്ന് 20 ലക്ഷത്തിലധികം മുതൽമുടക്കോടുകൂടി പ്രവർത്തിക്കുന്ന വിലങ്ങൻ പവർലൂം വ്യവസായ സഹകരണസംഘത്തിൽ 48 പേർ ജോലി ചെയ്യുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയസ്ഥാപനവും (തൊഴിൽ ശാല എന്ന നിലയിൽ) ഇതുതന്നെയാണ്. സംഘത്തിന് ഇന്ന് സ്വന്തമായി ഉല്പാദനമില്ല. സീതാറാം ടെക്സ്റ്റയിൽസുമായി കരാർ അടിസ്ഥാനത്തിലാണ് ഉല്പാദനം നടത്തുന്നത്. 35 - 40 ക. മാത്രമാണ് ശരാശരി കൂലിനിരക്ക്.

ആദ്യകാലങ്ങളിൽ 30ലധികം തൊഴിലാളികൾ പ്രവർത്തിയെടുത്തിരുന്ന അടാട്ട് പഞ്ചായത്ത് കല്ലൊര വ്യവസായ സഹകരണസംഘത്തിൽ ഇന്ന് ഏഴുതൊഴിലാളികൾ മാത്രമാണുള്ളത്. ആധുനിക വൈരക്കല്ലുകളുടെ പ്രചാരത്തിൽ ഈസംഘത്തിന്റെ ഉല്പന്നങ്ങൾക്ക് വിപണി കുറവാണ്. അതിനാൽ സംഘത്തിൽ ഇന്നത്തെ നിലയിൽ പുരോഗതി കൈവരിക്കുക പ്രയാസം തന്നെ. സംഘം മറ്റു ഉല്പാദന മേഖലകളിൽ പ്രവേശിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചാൽ മാത്രമെ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിയ്ക്കുവാൻ കഴിയൂ.

പട്ടികജാതി വിഭാഗത്തിലെ അംഗങ്ങളെ മാത്രം ഉൾപ്പെടുത്തി രൂപികരിച്ച ഹരിജൻ കോ-ഓപ്റേറ്റീവ് പ്രസ്സ് അടാട്ട് പ്രവർത്തിക്കുന്നു. ഉയന്ന സർക്കാർ ഓഹരി പങ്കാളിത്തത്തിലൂടെ ദീർഘകാല വായ്പ ലഭിച്ചുവെങ്കിലും സംഘത്തിന്റെ വളർച്ച മന്ദഗതിയാണ്.

അടാട്ട് പഞ്ചായത്തിലെ പ്രധാന കാർഷിക വിളയായ നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതിന് 1981ലാണ് ഫാർമേഴ്സ് ബാങ്കിന്റെ കീഴിൽ ഒരു അരിയുല്പാദനകേന്ദ്രം ആരംഭിച്ചത്. 1986 മുതൽ രജിസ്റ്റർ ചെയ്ത വ്യവസായം എന്ന നിലയിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റിന്റെ ഉല്പന്നം 'അപ്പു' എന്ന പേരിൽ സുപരിചിതമാണ്. നമ്മുടെ നാട്ടിലെ നെൽലുല്പാദനത്തിന്റെ ചെറിയ ഒരു ഭാഗം സംസ്കരിക്കുന്നതിനുള്ള കഴിവ് മാത്രമെ ഇന്ന് നിലവിലുള്ളൂ. അതിനാൽ ഈ സംസ്കരണകേന്ദ്രത്തിന്റെ ഉല്പാദനക്ഷമത (capacity) ഇനിയുമേറെ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇതുമൂലം കൃഷിക്കാരന് ന്യായവിലയും ഉല്പന്നങ്ങൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങളും മതിയായ അളവിൽ ലഭിയ്ക്കുന്നു.

പരമ്പരാഗത ഓട്ടുനിർമ്മാണത്തിൽ 50 കുടുംബങ്ങൾ ഏർപ്പെട്ടിട്ടുണ്ട്. ഇവരുടെ ഉല്പന്നങ്ങൾ സഹകരണ വിപണനസംഘം വഴിയും സ്വകാര്യ വിപണിയിലും വിറ്റഴിക്കുന്നു. ഗാർഹികഉപകരണങ്ങൾ എന്ന സ്ഥാനം ഓട്ടുപാത്രങ്ങൾക്ക് ഇന്ന് ഇല്ലെങ്കിൽപ്പോലും അലങ്കാരവസ്തുക്കളായി വൻ ജനപ്രീതി നേടിയിട്ടുണ്ട്. ഇവിടെ ഉല്പാദനരീതികൾ പരമ്പരാഗതരീതിൽ തന്നെയാണ്. ആധുനിക സങ്കേതങ്ങൾ അവലംബിക്കുന്നതിനോ, മറ്റു നൂതന രീതികൾ ആവിഷ്കരിക്കുന്നതിനോ സാമ്പത്തിക സഹായങ്ങൾ ഇവർക്ക് ആവശ്യമാണ്.

കേരളത്തിന്റെ വൈരക്കൽ നിർമ്മാണ മേഖലയിൽ പഞ്ചായത്തിനും പ്രമുഖ സ്ഥാനമുണ്ട്. ഈ ദശകത്തിന്റെ ആരംഭത്തിൽ വളർച്ച ഉച്ചകോടിയിലെത്തിയ വൈരക്കൽ വ്യവസായം നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചയിൽ ഒരു നല്ല പങ്ക് വഹിച്ചിട്ടുണ്ട്. ഇവിടേയും സമീപ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഇന്നും 500 – ഓളം പേർ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ചെയ്യുന്നു. മാന്യമായ വേതനവും സ്ത്രീകൾക്ക് തുല്യ്മായ തൊഴിലവസരങ്ങളും ഈ മേഖലയുടെ പ്രത്യേകതകൾ തന്നെയാണ്. വൈരക്കല്ലുകളുടെ സംസ്കരണം മാത്രമാണിവിടെ ചെയ്യുന്നത്. അസംസ്കൃത വസ്തുക്കൾ ഉത്തരേന്ത്യയിലെ ഏതാനും മധ്യവർത്തികളിലൂടെയാണ്. വ്യവസായ മേഖലയുടെ നിലനില്പിന് ഈ സ്ഥിതി വിശേഷം നല്ലതല്ല. ഈ മേഖലയിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന Hindustan Diamond Corporation ന്റെ ഒരു ഘടകം ഇവിടെയോ ഈ ബ്ലോക്ക് പഞ്ചായത്തിലോ പ്രവർത്തിക്കണം എന്നത് ഒരു പ്രധാന ആവശ്യങ്ങളിലൊന്നാണ്. ഇതുമൂലം സംസ്കരണകേന്ദ്രങ്ങൾ എന്ന നിലയിൽ നിന്നും സ്ഥാപനങ്ങൾ ഉല്പാദനകേന്ദ്രങ്ങളായി മാറുകയും നേരിട്ട് വിദേശനാണ്യം നേടുന്നതിനും സഹായകമാകുന്നു.

സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിലും, മറ്റു സേവനങ്ങൾ കൈവരിയ്ക്കുന്നതിലും, പഞ്ചായത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുറകിലാണ് എന്ന് കഴിഞ്ഞ പദ്ധതിക്കാലത്തെ സ്ഥിതി വിവരക്കണക്കുകൾ പറയുന്നു.

1.4.1992 മുതൽ 31.3.1996

ക്രമനമ്പർ	പരിപാടി	എണ്ണം	തുക
1.	സബ്സിഡി	3	1,31,037.00
2.	ഉല്പന്നങ്ങൾക്ക് വില്പനനികുതിയിളവ്	2	94,053.00
3.	ഗ്രാമീണ കൈത്തൊഴിൽ പരിപാടി	2	5,695.00
4.	വനിതാവ്യവസായ പദ്ധതി	2	84,035.00
5.	സർക്കാർ വായ്പ (മാർജിൻ മണി)	3	1,29,920.00
6.	സർക്കാർ വായ്പ (ഹരിജനങ്ങൾക്ക്)	19	1,06,000.00

സർക്കാരിന്റെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള സ്ഥാപനങ്ങൾ ഇനിയുമുണ്ട്. പക്ഷെ, ഇത്തരം പദ്ധതികളെക്കുറിച്ച് അവർ ബോധവന്മാരല്ല എന്നതാണ് സത്യം.

പ്രശ്നങ്ങളും, സാധ്യതകളും

1. അടാട്ട് പഞ്ചായത്ത് തൃശൂർ നഗരത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ്. ഭൂമിയുടെ വില താരതമ്യേന ഉയർന്നതാണ്. അതിനാൽ മുതൽമുടക്കിന്റെ പ്രധാനഭാഗവും ഭൂമിവിലയായി ഒടുക്കേണ്ടി വരുന്നു എന്നതാണ് വസ്തുത. ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളിൽ ലഭിക്കുന്ന തരത്തിൽ വ്യവസായ എസ്റ്റേറ്റുകൾ ഇവിടെയില്ല. അതിനാൽ ചെറുകിട വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് കഴിയേണ്ടതാണ്.

പഞ്ചായത്തിലെ 4 – ാം വാർഡിൽ, ചിറ്റിലപ്പിള്ളിയിൽ സ്വന്തമായ 30 സെന്റ് സ്ഥലത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റിനുള്ള സാദ്ധ്യതകൾ വിലയിരുത്തേണ്ടതുണ്ട്. ഗ്രാമ വികസന ബോർഡുകളുടെ സാമ്പത്തിക സഹായത്തോടുകൂടി വ്യവസായ ഷെഡുകൾ പൂർത്തീകരിച്ച്, H.P വ്യവസ്ഥയിൽ യഥാർത്ഥ വ്യവസായ സംരംഭകന് കൈമാറാവുന്നതാണ്.

2. ഇന്നത്തെ വ്യവസായങ്ങൾക്ക് വൈദ്യുതി ആവശ്യ ഘടകം തന്നെയാണ്. എന്നാൽ സംസ്ഥാനത്തിലെ വൈദ്യുതിയുടെ ലഭ്യതയുടെ കുറവ് പരിഗണിയ്ക്കുമ്പോൾ കൂടുതൽ വൈദ്യുതി ഉപയോഗമുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ ഇപ്പോൾ സാങ്കേതിക തടസ്സങ്ങളുണ്ട്.

3. വ്യവസായങ്ങൾക്ക് വായ്പ നല്കുന്ന പ്രധാന സ്ഥാപനങ്ങൾ താഴെ പറയുന്നു.

   a. അടാട്ട് പഞ്ചായത്ത് ഫാർമേഴ്സ് ബാങ്ക്.

   b. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുഴയ്ക്കൽ ശാഖ, അമലനഗർ

   c. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വിലങ്ങൽ ശാഖ, അമലനഗർ

   d. കാത്തലിക്ക് സിറിയൻ ബാങ്ക്, മുതുവറ ശാഖ

   ഇവയിൽ ഫാർമേഴ്സ് ബാങ്ക് ഒഴികെ മറ്റു വാണിജ്യ ബാങ്കുകളുടെ സമീപനം ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ആശാസ്യമല്ല. മാത്രമല്ല, ഈ രംഗത്തെ മറ്റൊരു ഏജൻസി കൂടിയായ കാർഷിക ഗ്രാമ വികസന ബാങ്ക് വായ്പയുടെ വിനിയോഗത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്നവരും കുടിൽ ചെറുകിട വ്യവസായത്തിൽ ഏർപ്പെടുന്നവരും, നാടൻ പണമിടപാടുകാരുടെ ആശ്രിതരാണ് ഇന്നും.

   ഈ സ്ഥിതിവിശേഷത്തിനൊരു മാറ്റം ആവശ്യമാണ്. സംസ്ഥാന ആസൂത്രണ സമിതി അംഗീകരിച്ച് 500 വ്യവസായങ്ങളുടെ പട്ടിക ഇന്ന് ലഭ്യമാണ്. ഈ പദ്ധതികൾ ബാങ്കുകൾ കൂടി അംഗീകരിച്ചിട്ടുണ്ട് എന്നതിനാൽ പഞ്ചായത്തിന് അനുയോജ്യമായ വ്യവസായങ്ങൾ കണ്ടെത്തി അവയ്ക്ക് സമ്പത്തിക സഹായം നല്കുവാൻ വാണിജ്യ ബാങ്കുകൾ സന്നദ്ധത പ്രകടിപ്പിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് അംഗങ്ങൾ, വിവിധ ബാങ്ക് അധികൃതർ, പൊതു പ്രവർത്തകർ എന്നിവരുൾപ്പെടുന്ന ഒരു വ്യവസായ വികസന സമിതി രൂപവല്ക്കരിയ്ക്കേണ്ടതാണ്. അത്തരം ഒരു സമിതിയ്ക്ക് അതാത് കാലത്തെ പ്രശ്നങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിന് കഴിയുമെന്ന് സംശയമില്ല.

4. പ്രധാന കാർഷിക വിളയായ നെല്ലിന്റെ സംസ്ക്കരണത്തിനും, ഉപഉല്പന്നങ്ങൾ (കാലിത്തീറ്റ) നിർമ്മാണത്തിനും ഒരു വൻകിട സ്ഥാപനം സഹകരണമേഖലയിൽ ആവശ്യമാണ്. ഇതിനോടനുബന്ധിച്ച് മറ്റു അരിയുല്പന്നങ്ങളുടെ (ഇഡ്ഡലി പൊടി, പുട്ടു പൊടി, തുടങ്ങിയവ) സംരഭങ്ങൾ പ്രോത്സാഹിപ്പിയ്ക്കുകയും വേണം.

5. നാളികേരം ഇന്ന് വെളിച്ചെണ്ണ ഉല്പാദത്തിന് മാത്രമാണ് വ്യവസായിക അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത്. കൊപ്ര സംസ്ക്കരണത്തിന് മറ്റൊരു വൻകിട സ്ഥാപനത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല നാളികേര ഉല്പന്നങ്ങളുടെ സാധ്യതകൾ (തേങ്ങപ്പാൽ, തേങ്ങാപൊടി, തേങ്ങ, ഐസ്ക്രീം തുടങ്ങിയവ) പരിശോധിക്കുകയും വേണ്ടതാണ്.

6. ജില്ലയിലെ പ്രമുഖക്ഷീരോല്പാദന മേഖലയാണെങ്കിലും ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനം ഒരു സഹകരണസംഘം മാത്രമാണ്. ഈ ഉല്പന്നങ്ങൾക്ക് പ്രചാരവും കുറവാണ്. അസംസ്കൃതവസ്തുവായ പാൽ പ്രദേശികമായി വളരെ ലഭ്യമാണെങ്കിലും ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളില്ല.

7. ജില്ലയിലെ പ്രമുഖ അടയ്ക്ക വിപണനകേന്ദ്രം ഇവിടെത്തന്നെയാണ്. (കൃഷിക്കാർ ഉന്നതമായ വില ലഭിയ്ക്കുന്ന Regulated Market System ത്തിൽ പ്രവർത്തിയ്ക്കുന്നു.) ഒരു അടയ്ക്ക സംസ്കരണ സ്ഥാപനം നിലവിൽ വന്നാൽ കർഷകർക്ക് കൂടുതൽ ഗു

ണം ചെയ്യുന്നു.

8. വൈരക്കൽ മേഖലയിൽ അസംസ്കൃതവസ്തുക്കൾ ലഭിയ്ക്കുന്നതിന് ഇറക്കുമതി ലൈസൻസുള്ള ഏജൻസിയുടെ പ്രവർത്തനം ലഭിയ്ക്കുന്നില്ല.


9. സ്വയം തൊഴിൽ മേഖലയിലും കുടിൽ ചെറുകിട വ്യവസായങ്ങൾ എന്ന നിലയിലും പ്രവർത്തിക്കുന്നതിന് അഭ്യസ്തവിദ്യരും വിദഗ്ധതൊഴിലാളികളും ഇവിടെ ലഭ്യമാണ്. അവർക്ക് താഴെ പറയുന്ന സംരംഭങ്ങളിൽ സാധ്യതകൾ കണ്ടെത്തുന്നത് നന്ന്.

1. കശുവണ്ടി സംസ്കരണം
2. ചകിരിച്ചോർ ഉല്പന്നങ്ങൾ
3. വിവിധ ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണവും, അസ്സംബ്ലിങ്ങും.
4. ഓട്ടുപാത്ര നിർമ്മാണം
5. റെഡിമെയ്ഡ് വസ്ത്രങ്ങൾ
6. ഫർണിച്ചർ
7. കുട
8. പഴവർഗ്ഗസംസ്കരണം.
9. സംസ്കരിച്ച മാംസ ഉല്പന്നങ്ങൾ
10. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ

10. തൊഴിൽ രഹിതരായ സ്ത്രീകളെ ഉൾപ്പെടുത്തി ഒരു വനിതാവ്യവസായ സഹകരണസംഘവും പട്ടികജാതി വിഭാഗത്തിലപെട്ടുന്നവരുടെ വ്യവസായ സഹകരണസംഘവും രൂപീകൃതമാകേണ്ടതുണ്ട്.

ഇത്തരം വ്യവസായ സഹകരണസംഘങ്ങൾക്ക് പുറമെ സാങ്കേതികവിദഗ്ധരെകൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന സഹകരണസംഘങ്ങൾക്ക് വിവിധ വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടാവുന്നതാണ്. സർക്കാരിന്റെ ഓഹരി പങ്കാളിത്തവും, മറ്റു ആനുകൂല്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയേണ്ടതുണ്ട്.

പഞ്ചായത്തിൽനിന്നും ഗൾഫ്മേഖലയിൽ തൊഴിൽചെയ്ത് തിരിച്ചുവരുന്നവരുടെ വിവരങ്ങൾ ലഭ്യമല്ല. വ്യവസായ തല്പരരായവരെ കണ്ടെത്തി മുതൽ മുടക്കിനുള്ള സാധ്യതൾ വിലയിരുത്തേണ്ടതുണ്ട്.



5④ ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗ്രാമീണ വികസനത്തിന്റെ ജീവനാഡികളാണ് മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ. അടാട്ട് പഞ്ചായത്ത് തൃശൂർ നഗരത്തോട് അടുത്ത് കിടക്കുന്നതുകൊണ്ട് ഗതാഗത സൗകര്യങ്ങൾ താരതമ്യേന മെച്ചമാണെങ്കിലും റോഡുകളുടെ ശോചനീയാവസ്ഥ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നുണ്ട്. തൃശൂർ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ഗതാഗത സൗകര്യമുള്ള തൃശൂർ – കുന്നംകുളം സംസ്ഥാന പാത ഏകദേശം 2KM നീളത്തിൽ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മുതുവറ – അടാട്ട്, അമല നഗർ – ചാവക്കാട് എന്നീ റോഡുകളിലും വളരെയധികം ഗതാഗതമുണ്ട്. ഈ റോഡുകൾക്ക് മൊത്തം 10km ദൈർഘ്യം വരും. ഇതുകൂടാതെ 20km നീളത്തിൽ ടാർ ചെയ്ത റോഡുകളും, 116 KM നീളത്തിൽ ചെമ്മൺ പാതകളും ഉണ്ട്. അടിയന്തിരമായി ടാർ ചെയ്യാൻ യോഗ്യമായ 25km ദൈർഘ്യത്തിലുള്ള ചെമ്മൺ റോഡുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. പഞ്ചായത്തിന് ചതുരശ്ര കിലോ മീറ്ററിന് ശരാശരി 5.74km നീളത്തിൽ റോഡുകൾ ഉണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. വീതി കുറഞ്ഞ വഴികൾ ജനപങ്കാളിത്തത്തോടുകൂടി വീതി കൂട്ടി സഞ്ചാരയോഗ്യമായ റോഡുകളാക്കി മാറ്റുന്ന പ്രവർത്തനം പഞ്ചായത്തിലെ പല പ്രദേശങ്ങളിലും നടക്കുന്നുണ്ട്.

തൃശൂർ – കുന്നുംകുളം സംസ്ഥാന പാതയിൽ പുഴയ്ക്കൽ മുതൽ മുതുവറവരെയുള്ള ഏകദേശം അരകിലോ മീറ്റർ ദൂരം എല്ലാകാലങ്ങളിലും സഞ്ചാരയോഗ്യമല്ലാതായാണ് കാണുന്നത്. വെള്ളം കെട്ടികിടക്കുന്നതും റോഡിനിരുവശവും കാനകൾ ഇല്ലാത്തതും, ഉള്ള കാനകൾ വൃത്തിയാക്കാത്തതുമാണ് ഇതിനുള്ള കാരണങ്ങൾ. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മുതുവറ – അടാട്ട് – ചിറ്റിലപ്പിള്ളി, അമലനഗർ –മുള്ളൂർ റോഡുകൾ ആകെ തകർന്ന അവസ്ഥയിലാണ്. ഇത് അടിയന്തിരമായി റീടാറിംഗ് നടത്തി കാനകൾ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഏറ്റവും വലിയ ടാർ ചെയ്ത പഞ്ചായത്ത് റോഡായ ആമ്പക്കാട് – മാണിടംറോഡ് റീടാറിംഗ് നടത്താത്തതുകൊണ്ട് ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. പ്രധാന പാടശേഖരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിവിധ വാർഡുകളിലൂടെ കടന്ന് സംസ്ഥാന പാതയിലേക്ക് എത്തുന്ന ഈ റോഡിന്റെ പുനരുദ്ധാരണം പഞ്ചായത്തിന്റെ കാർഷികമേഖലയെ സംബന്ധിച്ച് പരമപ്രധാനമാണ്. ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ അറ്റകുറ്റപണികൾ നടത്തുകയും, മെറ്റൽ ചെയ്ത റോഡുകൾ എത്രയും പെട്ടെന്ന് ടാറിംഗ് ചെയ്യേണ്ടത് അത്യാവശ്യമാണ്. വിലങ്ങൻകുന്ന്, അടാട്ട്കുന്ന്, ചെട്ടിക്കുന്ന് എന്നിവിടങ്ങളിൽ നിന്ന് ഒഴുകിവരുന്ന മഴവെള്ളം റോഡുകളെ നശിപ്പിക്കാത്തവിധത്തിൽ എത്രയും പെട്ടെന്ന് ഒഴുക്കി കളയാനുള്ള ഒരു മാസ്റ്റർ പ്ലാൻ പഞ്ചായത്തിന് മൊത്തത്തിൽ ഉണ്ടാകേണ്ടതുണ്ട്. കുന്നിൻ താഴ്വരകളായ 4, 5, 6, 7, 10 എന്നീ വാർഡുകളിൽ റോഡുകൾ മണ്ണൊലിപ്പ് മൂലം വർഷം തോറും തകർന്നു പോകുന്നുണ്ട്. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിലെ റോഡുകൾ പ്രത്യേകം പരിഗണന അർഹിക്കുന്നുണ്ട്. നിലവിലുള്ള ചെറുവഴികൾ കാനകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് നടക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ നാശമായി കിടക്കുകയാണ്. പഞ്ചായത്തിലെ ഇത്തരത്തിലുള്ള എല്ലാവഴികളും വെള്ളം ഒഴിഞ്ഞുപോകാനായി കാനകൾ കുഴിച്ച് ഉപയോഗപ്രദമാക്കേണ്ടതുണ്ട്. പുറമ്പോക്ക് ചാലുകൾ ചില സ്വകാര്യ വ്യക്തികൾ അടച്ചുകെട്ടുന്നതുമൂലം വെള്ളക്കെട്ട് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇത്തരം ചാലുകൾ കണ്ടുപിടിച്ച് അളന്നു തിട്ടപ്പെടുത്തി ഒഴിപ്പിച്ച് എടുക്കേണ്ടതുണ്ട്. അതുപോലെ തന്നെ സുഗമമായ ഗതാഗതത്തിനു തടസ്സം നിൽക്കുന്ന റോഡിനു നടുവിലുള്ള ചില ഇലക്ട്രിക് പോസ്റ്റുകൾ മാറ്റേണ്ടതുണ്ട്.

തൃശൂർ – ഗുരുവായൂർ റെയിൽപാത ഈ പഞ്ചായത്തിൽ കൂടി കടന്ന് പോവുന്നുണ്ട്. ഈ പാത ഭാവിയിലേക്ക് ഒരു മുതൽക്കൂട്ട് ആണ്. ഈ പാതയുടെ ഗുണം പരമാവധി ലഭ്യമാകണമെങ്കിൽ ഗുരുവായൂർ – കുറ്റിപ്പുറം റെയിൽവെ ലൈനും, കൊങ്കൺറെയിൽവെ ലൈനും, യാഥാർത്ഥ്യമാകേണ്ടതുണ്ട്. പഞ്ചായത്തിലെ ഈ റെയിൽപാതയിൽ ചൂരക്കോട്ട് കാവ് റെയിൽവെ ക്രോസിൽ അപകടം പതിയിരിപ്പുണ്ട്. അമല നഗറിൽ റെയിൽവെ സ്റ്റേഷൻ ഉണ്ടെങ്കിലും യാത്രക്കാരുടെ എണ്ണം വളരെ കുറവാണ്.

എറണാകുളത്തേക്കും മറ്റും ജോലിക്കു പോകുന്നവർക്കായി ട്രയിൻ സമയം പരിഷ്കരിക്കേണ്ടതാണ്. അമല നഗറിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡ് ഉടൻതന്നെ ടാർ ചെയ്യേണ്ടതുണ്ട്. അടാട്ട്, മുതുവറ, അമലനഗർ എന്നിവയാണ് പ്രധാന വണ്ടിത്താവളങ്ങൾ. ഇതുകൂടാതെ പുറനാട്ടുകര, ചിറ്റിലപ്പിള്ളി, ഉടലക്കാവ്, മുള്ളൂർ റോഡ് എന്നിവിടങ്ങളിൽ ഓട്ടോസ്റ്റാന്റ് ഉണ്ട്. പഞ്ചായത്തിന്റെ വകയായി സൗകര്യമുള്ള പ്രത്യേകം സ്റ്റാന്റുകൾ ഒന്നും തന്നെയില്ല. ചരക്കു ഗതാഗതത്തിന് ടെമ്പോ, ലോറി ഓട്ടോറിക്ഷ എന്നിവ ലഭ്യമാണ്. കാളവണ്ടികൾ ഏറെക്കുറെ അപ്രത്യക്ഷമായി കഴിഞ്ഞു. കാർഷിക മേഖലകളിൽ ട്രാക്ടറുകൾ ചരക്കുഗതാഗതത്തിന് ഉപയോഗത്തിലായി കഴിഞ്ഞിട്ടുണ്ട്.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യം ഇല്ല.
2. നിലവിലുള്ള റോഡുകളുടെ നിലവാരം മോശമാണ്.
3. വീതി കൂട്ടേണ്ട റോഡുകൾ എല്ലാഭാഗത്തും ഉണ്ട്.
4. റോഡിന്റെ അറ്റകുറ്റപണികൾ വേണ്ടസമയത്ത് നടക്കാറില്ല
5. ഒട്ടുമിക്ക റോഡുകൾക്കും ഓടകൾ ഇല്ല. നിലവിലുള്ള ഓടകൾ കാര്യക്ഷമമല്ല.
6. ചില ബസ് സ്റ്റോപ്പുകളിൽ ഷെൽട്ടർ ഇല്ല.
7. സവിശേഷമായ ഭൂപ്രകൃതി മൂലം മണ്ണൊലിപ്പ് ഉണ്ട്. ഇത് ചില പ്രദേശങ്ങളിൽ റോഡുകൾ തകർന്നുപോകുന്നതിനും കാനകൾ മൂടിപോകുന്നതിനും കാരണമാകുന്നു.
8. പഞ്ചായത്ത് ടാർ റോഡുകൾ പലതും റീടാറിംഗ് നടത്തേണ്ടതുണ്ട്.
9. വെള്ളക്കെട്ട് ഒഴിവാക്കാൻ പലയിടത്തും കാനകളും, കൾവെർട്ടുകളും ഇല്ല.
10. പല പുതിയ റോഡുകളും ഉണ്ടാക്കേണ്ടതുണ്ട്.
11. സ്വകാര്യ വ്യക്തികൾ കൈയ്യേറിയ പുറമ്പോക്ക് ചാലുകളും വഴികളും ഉണ്ട്.
12. ആമ്പക്കാട് – മാനിടം റോഡിൽ ബസ്സ് സർവ്വീസ് ഇല്ല
13. തൃശൂർ – അടാട്ട് – ഗുരുവായൂർ റൂട്ടിൽ സ്വകാര്യ, കെ.എസ്.ആർ.ടി.സി. ബസ്സ് സൗകര്യം കുറവാണ്.
14. ട്രാൻസ്പോർട്ട് ബസ്സുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

അടിയന്തിര ശ്രദ്ധ പതിയേണ്ട റോഡുകൾ

പുതിയ റോഡുകൾ, കാനകൾ എന്നിവയുടെ നിർമ്മാണത്തിനും, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾക്കും, റോഡുകൾ മെറ്റൽ ചെയ്യാനും, റീടാറിംഗ് നടത്താനും, ടാറിംഗ് നടത്താനും പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളും വളരെയധികം നിർദ്ദേശങ്ങൾ ശക്തമായി അവതരിപ്പിച്ചിരുന്നു. അതിൽ പലതും കൃഷി വിഭാഗത്തിൽ വരുന്ന ഫാം റോഡുകളാണ്. ഫാം റോഡുകളെ ഒഴിവാക്കി കൂടുതൽ ജനങ്ങളെ ബാധിക്കുന്നതും, പല വാർഡുകളെ ബന്ധിപ്പിക്കുന്നതും അടിയന്തിര പ്രാധാന്യമുള്ളവയുമായ ചില റോഡുകൾ താഴെ കൊടുക്കുന്നു.

1. കോൺവെന്റ് – മാനിടം
2. ഉടലക്കാവ് – ആമ്പലംകാവ്
3. കഠാരിപ്പാലം – പനമ്പുഴ
4. അന്തിലംകാവ് – ഉടലക്കാവ്
5. കറുകയിൽ – പനമ്പുഴ
6. പനമ്പുഴ – ചിറ്റിലപ്പിള്ളി
7. സെൻട്രൽസ്ക്കൂൾ – വിലങ്ങൻ
8. വില്ലുപാറ – ചിറ്റിലപ്പിള്ളി
9. സംസ്കൃത കോളേജ് – വില്ലുപാറ
10. പുറനാട്ടുകര പള്ളി – വില്ലുപാറ
11. ചിറ്റിലപ്പിള്ളി – പോസ്റ്റ് ഓഫീസ് റോഡ്
12. ആശ്രമം – വിളക്കുംകാൽ
13. പാറക്കാവ് – അമലനഗർ
14. അമലനഗർ മഹാത്മാഗാന്ധി റോഡ്
15. പുത്തിശ്ശേരി – നേതാജി
16. കസ്തൂർബാറോഡ്
17. ഇല്ലിക്കൽ റോഡ്
18. മൂർപ്പാറ – കുരിശുപള്ളി
19. വിവേകാനന്ദ – മുശാരി ലൈൻ
20. ലക്ഷംവീട് – ശ്മശാനം
21. മുതുവറ – ചെട്ടിക്കുന്ന്
22. പുഴയ്ക്കൽ – പാറപ്പുറം
23. നടുവത്തുപാറ – പുല്ലഴി
24. കൂച്ചിപ്പാറ – വിളക്കുംകാൽ
25. മരതക റോഡ്
26. പുത്തിശ്ശേരി – കോളനി

27. അടാട്ട് കുന്നുംപുറം റോഡ്
28. അടാട്ട് കുഴൽ കിണർ റോഡ്
29. അടാട്ട് – ചിറ്റിലപ്പിള്ളി ചുങ്കൻ വഴി
30. പനമ്പുഴ – തോളൂർ
31. കോട്ടക്കുളം വഴി
32. ചിറ്റിലപ്പിള്ളി ഗ്രൗണ്ട് നിന്ന് വടക്കോട്ട് പേരാമംഗലം വരെ
33. ചെട്ടിക്കുന്ന് – ഇരുനിലംപാടം
34. ചെട്ടിക്കുന്ന് ചേലാച്ചികുളം
35. സംസ്കൃതം – ക്വാർട്ടേഴ്സ് റോഡ്
36. കൊല്ലാറ കുഞ്ഞുണ്ണി റോഡ്
37. കോളേജ് – അഞ്ചുസെന്റ്
38. അമ്പലംകാവ് – മിച്ചഭൂമി
39. പത്തൻസ് റോഡ്
40. കെട്ടോളികുളം റോഡ്
41. കൊട്ടാപ്പുറം – കണ്ണികുളം റോഡ്
42. പ്ലാവളപ്പ് റോഡ്
43. മാണിടം – ആയുർവേദ ഹോസ്പിറ്റൽ
44. ചിറ്റിലപ്പിള്ളി ഹെൽത്ത് സെന്റർ റോഡ്
45. ചിറ്റിലപ്പിള്ളി മിച്ച ഭൂമി നമ്പർ 2 (തെക്ക് റോഡ്)
46. ചോറയ്ക്കൽ ലൈൻ (കൈപറമ്പു പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നത്)
47. ജനശക്തി റോഡ് വാർഡ്10
48. വില്ലുപാറ – ശാന്തി നഗർ റോഡ്
49. വിവേകാനന്ദ റോഡ്
50. റെഡ് സ്റ്റാർ റോഡ്
51. എടത്ര റോഡ്

നിർദ്ദേശങ്ങൾ

1 റോഡുകൾ വീതി കൂട്ടുന്നതിന് പ്രാദേശിക ജനകീയ കമ്മിറ്റികൾ
2. പൊതുജനങ്ങളുടെ സന്നദ്ധ പ്രവർത്തനം കൊണ്ട് ഓടകൾ നിർമ്മിക്കൽ
3. റോഡു സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ
4. റോഡുകളും, ചാലുകളും, കാനകളും സ്വകാര്യ വ്യക്തികൾ കൈയ്യേറുന്നത് തടയുന്നതിനുള്ള നിയമനിർമ്മാണ്
5. ബഹുജനപങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റ പണികൾ നടത്താൻ പരിപാടികൾ
6. നടുവത്തുപാറ – പുല്ലഴി റോഡ് നിർമ്മിക്കുക

ഊർജ്ജം

കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന വൈദ്യുതിയാണ് അടാട്ട് പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സ്. വിൽവട്ടം പഞ്ചായത്തിലെ വിയ്യൂരിൽ സ്ഥിതിചെയ്യുന്ന 110 KV സബ് സ്റ്റേഷനിൽ നിന്ന് മുതുവറ, പുഴയ്ക്കൽ എന്നീ രണ്ടുഫീഡറുകൾ വഴിയാണ് പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത്. ഉപഭോക്താക്കളുടെ എണ്ണവും ഉപഭോഗവും വർഷംതോറും ക്രമാതീതമായി വർദ്ധിച്ച് വരുന്നുണ്ട്. സബ് സ്റ്റേഷനിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ അളവും പഞ്ചായത്തിലെ ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വളരെയധികം അന്തരം കാണാം. അമിതമായ ഈ ഉപഭോഗം പഞ്ചായത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഉണ്ടാക്കുന്നുണ്ട്. വൈദ്യുത ഉപഭോഗത്തിന്റെ 40% ഗാർഹിക മേഖലയിലും 40% കാർഷികമേഖലയിലും .5% വാണിജ്യമേഖലയിലും 15% വ്യാവസായിക മേഖലയിലും ഉപയോഗിക്കുന്നു. അടാട്ട് പഞ്ചായത്ത് കാർഷിക മേഖല ആയതുകൊണ്ട് കാർഷിക ഉപഭോഗം വളരെ കൂടുതലാണ്. ഗാർഹിക മേഖലയിൽ 4771ഉം കാർഷികമേഖലയിൽ 1572ഉം വ്യാവസായികമേഖലയിൽ 163ഉം വാണിജ്യമേഖലയിൽ 459ഉം കണക്ഷനുകൾ ഇപ്പോൾ നിലവിൽ ഉണ്ട്. കണക്ഷനുവേണ്ടിയുള്ള 348 അപേക്ഷകൾ മുതുവറ ഇലക്ട്രിസിറ്റി ഓഫീസിൽ ഇപ്പോൾ നിലവിൽ ഉണ്ട്. ഈ വർഷം മൊത്തം 119 പുതിയ കണക്ഷനുകൾ നൽകി കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ 81.6% വീടുകൾ വൈദ്യൂതീകരിച്ചിട്ടുണ്ട്. വൈദ്യൂതീകരിച്ച 13 ഹരിജൻ കോളനികൾ പഞ്ചായത്തിൽ ഉണ്ട്. ഈ കോളനികളിൽ ശരാശരി 75% വീടുകൾ വൈദ്യൂതീകരിച്ചിട്ടുണ്ട്. ഹരിജൻ കോളനികളിലെ വീടുകളിലാണ് കൂടുതലായി ഇനിയും വൈദ്യുതി എത്തിക്കേണ്ടത്. തെരുവു വിളക്കുകളായി 950 ബൾബുകളും 130 ട്യൂബുകളും ഉപയോഗിക്കുന്നുണ്ട്. മെർക്കുറി വേപ്പർ ലാമ്പുകളോ, സോഡിയം വേപ്പർ ലാമ്പുകളോ തെരുവുവിളക്കുകളായി ഉപയോഗിക്കുന്നില്ല. തെരുവു വിളക്കിനു വേണ്ടി പഞ്ചായത്ത് പ്രതിമാസം 14520 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടക്കുന്നുണ്ട്. തെരുവു വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ ഈ വർഷം 174240 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്തം വരുമാനത്തിന്റെ 10.15% വരുന്നു. 20.45 km നീളത്തിൽ 11 kv ലൈനും, 41.968km നീളത്തിൽ ലോടെൻഷൻ സിംഗിൾഫേസ് ലൈനും,

66.6 K.M. നീളത്തിൽ ലോ ടെൻഷൻ ത്രിഫേസ് ലൈനും 34 ട്രാൻസ്ഫോർമറുകളും ഇപ്പോൾ നിലവിൽ ഉണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും പല പ്രദേശങ്ങളിലും ഇനിയും എത്തേണ്ടതുണ്ട്. നിലവിലുള്ള തെരുവു വിളക്കുകൾ പലതും കാര്യക്ഷമമല്ല. തെരുവു വിളക്കുകളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളും പേരുകൾ

ക്രമനമ്പർ	ട്രാൻസ്ഫോർമറുകളുടെ പേര്	കപ്പാസിറ്റി KVA
1.	പുഴയ്ക്കൽ നമ്പർ 1	200
2.	പുഴയ്ക്കൽ നമ്പർ 2	100
3.	കരേക്കാട്	100
4.	അശോക	100
5.	വിലങ്ങൻ – മുതുവറ	160
6.	ഏല	160
7.	M.K.S.	100
8.	അബ്ദു സൺസ്	100
9.	അമല ഹോസ്പിറ്റൽ	250
10.	സതേൺ റബ്ബർ	160
11.	പഴമ്പുഴ	100
12.	ചിറ്റിലപ്പിള്ളി – പടിഞ്ഞാറ്	100
13.	പാനംതാഴം	250
14.	തുറക്കുളം	160
15.	സ്പിൻ കയർ	100
16.	പുറനാട്ടുകര	160
17.	സെട്രൽ സ്ക്കൂൾ	100
18.	പവർലൂം	63
19.	ധനലക്ഷ്മി	100
20.	പുറനാട്ടുകര – ടെമ്പിൾ	100
21.	എലൈറ്റ്	100
22.	അയ്യപ്പൻകോൾ	63
23.	ഉടലക്കാവ്	160
24.	ഉടലക്കാവ് മിച്ചഭൂമി	100
25.	മാണിടം റോഡ് അടാട്ട്	100
26.	ആമ്പക്കാട്	100
27.	നടുവത്തുപ്പാറ	100
28.	മൂർപ്പാറ	100
29.	കൂരുടൻകോൾ	63
30.	അമ്പലംകാവ്	160
31.	അടാട്ട് കോളനി	100
32.	കൂറൂർപ്പാറ കോൾ	100
33.	ആക്കറ്റാൻകോൾ	63
34.	51 – തറ കോൾ	63

വൈദ്യുതി കൂടാതെയുള്ള മറ്റു ഊർജ്ജ സ്രോതസ്സുകൾ വിറക്, തെങ്ങുൽപന്നങ്ങൾ, കാർഷിക അവശിഷ്ടങ്ങൾ, ഈർച്ചപ്പൊടി, മണ്ണെണ്ണ, പാചകവാതകം എന്നിവയാണ്. വീടുകളിൽ പാചകത്തിന് വിറക് ആണ് കൂടുതലായും ഉപയോഗിക്കുന്നത്. സ്വന്തം പുരയിടത്തിൽ നിന്നും സംഭരിക്കുന്ന വിറക് കൊണ്ട് ഭൂരിപക്ഷം പേർക്കും മുഴുവൻ ആവശ്യങ്ങളും പൂർത്തീകരിക്കാൻ കഴിയാറില്ല. വിറക് പലരും വില കൊടുത്തുവാങ്ങാറാണ് പതിവ്. ഈർച്ചപ്പൊടിയും വിറകും വണ്ടികളിൽ വീടുകളിലെത്തിക്കുന്ന സ്വകാര്യ ഏജൻസികൾ പഞ്ചായത്തിൽ ഉണ്ട്. പാചകവാതകവും, മണ്ണെണ്ണയും ഉപയോഗിക്കുന്നവരിൽ തന്നെ ഒരു വിഭാഗം പാചകത്തിന് വിറകും ഉപയോഗപ്പെടുത്തുന്നുണ്ട്. വിറകിനെ അപേക്ഷിചചു നോക്കുമ്പോൾ പാചകവാതകം വളരെ കുറച്ചുമാത്രമെ ഉപയോഗിക്കുന്നുള്ളു. ഇത് മൊത്തം ഉപഭോഗത്തിന്റെ ഏകദേശം 6.% മാത്രമെ വരുകയുള്ളു. ബയോഗ്യാസും ഇലക്ട്രിക്ക് അടുപ്പുകളും ഉപയോഗിക്കുന്നവർ വളരെ അപൂർവ്വമാണ്. കൃഷിഭവന്റെ സഹായത്തോടുകൂടി ബയോഗ്യാസ് സ്ഥാപിക്കാനുള്ള പദ്ധതി നിലവിൽ ഉണ്ട്. ആരും അത് ഉപയോഗപ്പെടുത്തുന്നില്ല. ഇതിനെക്കുറിച്ച് ഒരു ബോധവൽക്കരണം ആവശ്യമാണ്. Anert ന്റെ പ്രവർത്തനം അടുത്ത കാലത്ത് പഞ്ചായത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. Anertൽ നിന്നും പുകയില്ലാത്ത അടുപ്പുകൾ, പ്രഷർകുക്കർ, മണ്ണെണ്ണ അടുപ്പുകൾ, ഇലക്ട്രോണിക് ചോക്ക്, കോംപാകട് ഫ്ളൂറസന്റ് ലാമ്പ് എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. Anertന്റെ പ്രവർത്തനത്തെക്കുറിച്ച് ഭൂരിഭാഗം ജനങ്ങളും ബോധവാൻമാരല്ല. ഊർജ്ജസംരക്ഷണ രംഗത്ത് Anert-ന്റെ വിപുലമായ സാധ്യതകൾ സർക്കാർ ഇനിയം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

ഊർജ്ജരംഗത്തെ പ്രശ്നങ്ങൾ

1. വൈദ്യുതി എത്തേണ്ട പ്രദേശങ്ങൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ട്.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ച് ചിറ്റിലപ്പിള്ളി ചൂരക്കാട്ടുക്കര, പുത്തിശ്ശേരി, പുഴയ്ക്കൽ എന്നിവിടങ്ങളിൽ
3. നിലവിലുള്ള തെരുവുവിളക്കുകൾ പലതും കാര്യക്ഷമമല്ല
4. പുതിയ തെരുവുവിളക്കുകളുടെ അപര്യാപ്തത ഉണ്ട്
5. സങ്കീർണ്ണമായ പ്രേഷണ–വിതരണ ശൃംഖലമൂലം പ്രസരണനഷ്ടം വളരെ അധികം ഉണ്ട്.

6. വിറക്, മണ്ണെണ്ണ, പാചക വാതകം എന്നിവയുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നു.
7. വിറക് – മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില വർദ്ധനവ്
8. ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ജനങ്ങൾക്കും അജ്ഞത

നിർദ്ദേശങ്ങൾ

1. വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടി തൃശൂർ – കുന്നംകുളം റോഡിൽ വെള്ളപ്പായ, മുതുവറ എന്നീ 11 k.v. ഫീഡറുകളെ ബന്ധിപ്പിച്ചുകൊണ്ട് 1.4 km നീളത്തിൽ 11 KV ലൈൻ സ്ഥാപിക്കുക.
2. മുതുവറ – പുഴയ്ക്കൽ ഫീഡറുകളെ ബന്ധിപ്പിച്ചുകൊണ്ട് ഏകദേശം 1/2 KM നീളത്തിൽ 11 KV ലൈൻ സ്ഥാപിക്കുക.
3. പുതുതായി സ്ഥാപിച്ചിട്ടുള്ള പുറനാട്ടുകര മാണിടം റോഡ് ട്രാൻസ്ഫോർമറും, മൂർപ്പാറ ട്രാൻസ് ഫോർമറും തമ്മിൽ ബന്ധിപ്പിക്കുക
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ചിറ്റിലപ്പിള്ളി, ചിറ്റിലപ്പിള്ളി കിഴക്ക് എന്നിവിടങ്ങളിൽ 63 KVA ട്രാൻസ്ഫോർമറും, ചൂരക്കാട്ടുകര 150 KVA ട്രാൻസ്ഫോർമറും ഉടൻതന്നെ സ്ഥാപിക്കുക
5. ഇവ കൂടാതെ ചിറ്റിലപ്പിള്ളി IEA സ്ക്കൂൾ, ആമ്പലംകാവ്, ചിറ്റിലപ്പിള്ളി ഗ്രൗണ്ട്, മുള്ളൂർ റോഡ്, ചിറ്റിലപ്പിള്ളി മിച്ചഭൂമി, പുത്തിശ്ശേരി, അയ്യപ്പൻകാവ് എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
6. പഞ്ചായത്തിന്റെ പ്രധാന സെന്ററുകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക
7. Anertന്റെ സഹായത്തോടെ വിലങ്ങൻകുന്നിനുമുകളിലും കോൾനിലങ്ങളിലും കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തുക
8. കാർഷിക മേഖലയായ ആമ്പലംകാവ്, ചിറ്റിലപ്പിള്ളി പടിഞ്ഞാറ്, ചൂരക്കാട്ടുകര, പുറനാട്ടുകര എന്നീ സ്ഥലങ്ങളിൽ Anertന്റെ സഹായത്തോടു കൂടി കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുക.
9. ഇന്ധന ക്ഷമതകൂടിയ മെച്ചപ്പെട്ട പുകയില്ലാത്ത അടുപ്പുകൾ, ഊർജ്ജസംരക്ഷണത്തിന് ഉതകുന്ന മറ്റ് ഉപകരണങ്ങൾ എന്നിവ വ്യാപകമായി പ്രചരിപ്പിക്കുന്നതിന് പഞ്ചായത്തിൽ Anertന്റെ ഓഫീസ് തുറക്കുക
10. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ സൗരോർജ്ജം വഴി വിളക്കുകൾ സ്ഥാപിക്കുക.

Anertൽ നിന്നും വിതരണം ചെയ്ത ഉപകരണങ്ങളുടെ എണ്ണം


ഉപകരണം	എണ്ണം
പുകയില്ലാത്ത അടുപ്പ്	560
പ്രഷർകുക്കർ	402
ഇരുമ്പ് അടുപ്പ്	350
CFL	45
ഇലക്ട്രോണിക് ചോക്ക്	75
മണ്ണെണ്ണ സ്റ്റൗവ്	240

ഊർജ്ജസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ

1. Anert-ന്റെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് ഊർജ്ജസംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക
2. വൈദ്യുത പ്രേഷണ വിതരണ നഷ്ടം ഒരു പരിധിവരെ കുറക്കാൻവൈദ്യുത ലൈനിൽ മുട്ടികിടക്കുന്ന മരച്ചില്ലകൾ കാലാകാലങ്ങളിൽ മുറിച്ച് മാറ്റുക
3. തെരുവുവിളക്കുകളിൽ ഇലക്ട്രോണിക് ചോക്ക് സംവിധാനം ഏർപ്പെടുത്തുക
4. വീടുകളിൽ ഊർജ്ജ സംരക്ഷണത്തിന് ഉതകുന്ന ഇലക്ട്രോണിക് ചോക്ക്, ഇലക്ട്രോണിക് റെഗുലേറ്റർ, കോംപാക്ട് ഫ്ളൂറസന്റ് ലാമ്പ്, പ്രഷർകുക്കർ, പമ്പിംഗിനായി ഘർഷണ രഹിത ഫുട്ട്വാൾവ് എന്നിവ ഉപയോഗിക്കാനുള്ള ബോധവൽക്കരണം നടത്തുക
5. ദേശീയ ഗ്രാമീണ ഊർജ്ജാസൂത്രണ പരിപാടി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുക. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക. ഇതുമൂലം വിറകുലാഭത്തിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ലാഭവും, സ്ത്രീകളുടെ ആരോഗ്യരക്ഷയും ഗണ്യമായ നേട്ടമായിരിക്കും.
6. വൈദ്യുതിയുടെ പ്രേഷണ വിതരണ നഷ്ടത്തെകുറിച്ച് പഞ്ചായത്തിൽ വിശദമായ പഠനം നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സങ്കീർണമായ വിതരണ ശൃംഖലയെ പുനഃസംഘടിപ്പിക്കുകയും ചെയ്യുക.

64

വൈദ്യുത ലൈൻ മാപ്പ്



മാർക്കറ്റ്

തൃശൂർ നഗരത്തോട് അടുത്ത് കിടക്കുന്ന പഞ്ചായത്ത് ആയതുകൊണ്ട് വിപണനത്തിന് കൂടുതലായും നഗരത്തെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന് സ്വന്തമായി പൊതുമാർക്കറ്റുകളോ, ആഴ്ചചന്തകളോ ഇല്ല. എന്നാൽ സഹകരണമേഖലയിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ കീഴിൽ അമലനഗറിൽ ഒരു അടക്കമാർക്കറ്റ് ഉണ്ട്. പ്രധാന കാർഷികവിഭവങ്ങളായ നെല്ല്, നാളികേരം, അടക്ക എന്നിവ വിപണനം നടത്തുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് ഈ പഞ്ചായത്തിൽ തന്നെയുള്ള അടാട്ട് ഫാർമേഴ്സ് ബാങ്കിനെ തന്നെയാണ്. പച്ചക്കറി, മത്സ്യം, മാംസം എന്നിവ വിപണനം നടത്തുന്നതിന് മുതവറ, അടാട്ട് എന്നിവിടങ്ങളിലെങ്കിലും പൊതുമാർക്കറ്റ് സ്ഥാപിക്കേണ്ടതുണ്ട്. ആധുനികമായ ഒരു കശാപ്പുശാലക്കും സാധ്യതകളുണ്ട്. മത്സ്യവും, മാംസവും കേടുവരാതെ സൂക്ഷിക്കുന്നതിന് ഒരു കോൾഡ് സ്റ്റോറേജ് സൗകര്യവും ഏർപ്പെടുത്തേണ്ടതുണ്ട്. കാർഷീകോൽപന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തിൽ ഒരു ആഴ്ച ചന്ത ആരംഭിക്കണം. ഇതിന് വേണ്ടി പുഴക്കൽ ചാലിന് സമീപമുള്ള പഞ്ചാത്തിന്റെ സ്ഥലം ഉപയോഗിക്കേണ്ടതാണ്. കുടിൽ വ്യവസായങ്ങളുടേയും മറ്റുമുള്ള വ്യാവസായിക ഉൽപന്നങ്ങളുടെ വിപണനത്തിനായി അടാട്ട് ഫാർമേഴ്സ് ബോങ്കിന്റെ അടക്കാമാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഞായറാഴ്ച ചന്ത ആരംഭിക്കേണ്ടതാണ്. എല്ലാ വില്ലേജുകളിലും ഓരോ മാവേലി സ്റ്റോർ തുടങ്ങന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്. കൈതൊഴിൽ, കുടിൽ വ്യവസായ ഉൽപന്നങ്ങളുടെ വിപണനത്തിനായി ഹൈവേയോട് ചേർന്ന് ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും ഒരു സ്ഥിരം വിപണനകേന്ദ്രം ആരംഭിക്കേണ്ടതാണ്. അസുഖം ബാധിച്ച കന്നുകാലികളുടെ മാംസം വിറ്റഴിക്കുന്നത് തടയുന്നതിനായി ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാണ്. പുറനാട്ടുകര കേന്ദ്രീകരിച്ച് ധാരാളം ഉദ്യോഗസ്ഥർ താമസിക്കുന്നുണ്ട്. ഡോർ ഡെലിവറി സൗകര്യങ്ങളോടെ മുതുവറ കേന്ദ്രീകരിച്ച് ഒരു സൂപ്പർ മാർക്കറ്റ് ആരംഭിച്ചാൽ കുറെ പേർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

കച്ചവട ശാലകളിലെ അളവുകളിലും തൂക്കങ്ങളിലും വരുത്തുന്ന കുറവ് യഥാസമയം കണ്ടെത്തി കർക്കശ നടപടികൾ എടുക്കേണ്ടതാണ്. റേഷൻ ഷാപ്പുകളിൽ നിന്നും വിതരണം ചെയ്യുന്ന സാധനങ്ങളിൽ അളവുകളിലും തൂക്കങ്ങളിലും വരുത്തുന്ന കുറവ് പരിഹരിക്കുന്നതിനായി ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കേണ്ടതാണ്. കച്ചവട കേന്ദ്രങ്ങളിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ട നടപടികൾ എടുക്കാത്തതുമൂലം കാനകൾ അടഞ്ഞുപോകുകയും പരിസരപ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

5⑤ വിദ്യാഭ്യസം

'മനുഷ്യൻ അന്തർലീനമായിരിക്കുന്ന പൂർണ്ണതയുടെ ആവിഷ്ക്കരണമാണ് വിദ്യാഭ്യാസം' എന്ന് സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി. മസ്തിഷ്ക്കത്തിൽ കുറെ അറിവുകൾ കുത്തിച്ചെലുത്തലല്ല വിദ്യാഭ്യസം. മറിച്ച് സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ട ഉത്തമപൗരന്മാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് നമുക്കുണ്ടകേണ്ടത്. കുട്ടികളുടെ ഇച്ഛാശക്തി, ചിന്ത, കർമ്മഫലം സ്വഭാവരൂപീകരണം എന്നിവ വളർത്തികൊണ്ടുവരുവാൻ ഉതകുന്നവിധത്തിലുള്ള വിദ്യാഭ്യാസമാണ് അവർക്ക് നൽകേണ്ടത്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ വഹിച്ചിട്ടുള്ള പങ്ക് മഹത്തരമാണ്. ഈ പഞ്ചായത്തിന്റെ ചരിത്രത്തിൽ ഏറ്റവും പഴക്കംചെന്ന പ്രാഥമികവിദ്യാഭ്യാസസ്ഥാപനം ചൂരക്കാട്ടുകര ഗവർമെന്റ്. യു.പി. സ്ക്കൂളാണ്. 1095ൽ പരേതനായ ശ്രീ ചെമ്മങ്ങാട്ടു വളപ്പിൽ അപ്പൻ എഴുത്തച്ഛൻ എന്നറിയപ്പെടുന്നകിട്ടു എഴുത്തച്ഛൻ സ്വന്തം വീട്ടിലെ കയ്യാലപ്പുരയിലാണ് സ്ക്കൂൾ ആരംഭിച്ചത്. പിന്നീട് 1906ൽ ഇന്ന് സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് കെട്ടിടം പണിതു മാറ്റി. ഇതിന്റെ ഔപചാരികമായ ഉൽഘാടനം നിർവ്വഹിച്ചത് അന്നത്തെ കൊച്ചിരാജവംശത്തിലെ പതിനൊന്നാംകൂറ് തമ്പുരാനായിരുന്ന മഹാമഹിമശ്രീ കൊച്ചുണ്ണി തമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു.

ശിശുത്തരം, ഒന്നാംക്ലാസ്സ്, രണ്ടാംക്ലാസ്സ് എന്നീ മൂന്നുക്ലാസ്സുകൾ ഉള്ള ഒരു ആംഗ്ളോ വെർണാകുലർ സ്കൂൾ ആയിരുന്നു അന്ന് ഉണ്ടായിരുന്നത്. 1910ൽ ഒരു വെർണാകുലർ പ്രൈമറി സ്കൂളായി ഈ സ്ഥാപനം സർക്കാരിലേക്ക് ഏറ്റെടുക്കപ്പെട്ടു.

ആരംഭഘട്ടത്തിൽ സർവ്വ ശ്രീ അപ്പൻ തമ്പുരാൻ, ദിവാൻ, ഷൺമുഖചെട്ടി തുടങ്ങിയ പ്രശസ്ത വ്യക്തികൾ ഈ സ്കൂളിൽ വരികയുണ്ടായി. 1962-63ൽ ഈ വിദ്യാലയം ഒരു യു.പി. സ്ക്കുളായി ഉയർത്തപ്പെട്ടു.

രണ്ടാമതായി ഈ പഞ്ചായത്തിൽ രൂപംകൊണ്ട് വിദ്യാലയമാണ് അടാട്ട് ഗവ.ലോവർ പ്രൈമറി സ്ക്കുൾ. 1920ലാണ് ഇത് സ്ഥാപിക്കപ്പെട്ടത്. അടാട്ട് കുറൂർ മനവക കയ്യാലയിലാണ് വിദ്യാലയത്തിന് തുടക്കം കുറിച്ചത്. പിന്നീടത് 1940ൽ ഇന്ന് സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു.

പഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന ശ്രീരാമകൃഷ്ണഗുരുകുലവിദ്യാമന്ദിരം ഹൈസ്കൂൾ ത്യാഗീശാനന്ദസ്വാമികളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി സ്ഥാപിക്കപ്പെട്ടതാണ്. അദ്ദേഹം അന്ന് വിവേകോദയം ഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്നു. തൃശൂരിൽനിന്നും വിലങ്ങനിലേക്കും ചുറ്റുമുള്ള പ്രദേശങ്ങളിലേക്കും സ്വാമിജി നടക്കാൻ വരിക പതിവാണ്.

അങ്ങിനെയിരിക്കെയാണ് ഇവിടെയുള്ള പാരിക്കാട് കോളനിയിൽ ധാരാളം ഹരിജനങ്ങൾ പട്ടിണിയും പരിവട്ടവുമായി കഴിയുന്നത് സ്വാമിജിയുടെ ശ്രദ്ധയിൽപ്പെട്ടത്. അയിത്തവും അനാചാരവും കൊടികുത്തിവാഴുന്ന അക്കാലത്ത് ഈ പാവപ്പെട്ടവരെ ഉദ്ധരിക്കാൻ എന്താണ് മാർഗമെന്ന് സ്വാമിജി ചിന്തിച്ചു. ഹരിജനങ്ങളായ ഇവർക്ക് വിദ്യാഭ്യാസം നൽകുക മാത്രമാണ് ഉന്നതിക്കുള്ള മാർഗമെന്ന് അദ്ദേഹം കണ്ടെത്തി.

അക്കാലത്ത് ഈ പ്രദേശത്ത് രണ്ടോ മൂന്നോ ഡിവിഷനോടുകൂടി ഒരു സ്വകാര്യവ്യക്തി മതവിദ്യാലയം നടത്തിയിരുന്നതായി സ്വാമിജി മനസ്സിലാക്കി. അദ്ദേഹത്തിന്റെ കൈയിൽനിന്നും ആ സ്ഥലവും വിദ്യാലയവും സ്വാമിജി എറ്റെടുത്തു. അദ്ദേഹം സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. തുടർന്ന് ശ്രീരാമകൃഷ്ണമഠത്തിലെ സ്വാമിജിമാരുമായി ബന്ധപ്പെടുകയും വിദ്യാലയത്തിന്റെ ഭരണസാരഥ്യം അവരെ ഏല്പിക്കുകയുമാണ് ഉണ്ടായത്.

തുടർന്ന് ഹരിജനങ്ങളുടെ സർവതോമുഖമായ ഉന്നമനത്തിനുവേണ്ടി ഗുരുകുലസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസമാണ് ഏർപ്പെടുത്തിയത്. കുട്ടികൾക്ക് താമസിച്ചു പഠിക്കാനുള്ള ഹോസ്റ്റൽ ഏർപ്പെടുത്തി. സ്വാമിജിമാരും ബ്രഹ്മചാരികളും അധ്യാപകരായി. സ്വാമിവ്യോമകേശാനന്ദ സ്ക്കൂളിന്റെ പ്രഥമാദ്ധ്യാപകനായി. ഈശ്വരതുല്യനായ ഈശ്വരാനന്ദസ്വാമിജി ഗുരുകുലത്തിന്റെ പ്രസിഡണ്ടവുകയും ചെയ്തു.

വ്യോമകേശാനന്ദസ്വാമിജിയുടെ കാലത്താണ് വിദ്യാലയത്തിന്റെ സർവതോമുഖമായ വളർച്ചക്ക് അടിത്തറയിട്ടത്. വിദൂരസ്ഥലങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ വന്ന് അധ്യയനം നടത്തിയിരുന്നു. സ്വഭാവരൂപീകരണത്തിലും പഠിപ്പിലും പ്രശസ്തിയാർജ്ജിച്ച വിദ്യാലയമായിരുന്നു ഇത്. വിലങ്ങൻ ഹൈസ്ക്കൂൾ എന്ന പേരിലും വിദ്യാലയം അറിയപ്പെട്ടിരുന്നു. ഈ പഞ്ചായത്തിന്റെ സംസ്കാരത്തിലും ജനങ്ങളുടെ സാഹോദര്യ ചിന്താഗതിക്കും ഈ വിദ്യാലയം വഹിച്ചിട്ടുള്ള പങ്ക് സീമാതീതമാണ്.

ആതുര ശുശ്രൂഷാ രംഗത്തും ആശ്രമത്തിലെ സ്വാമിജിമാരുടെ സേവനം വിലപ്പെട്ടതാണ്. പാവപ്പെട്ട ഗ്രാമീണർക്കായി പണികഴിപ്പിച്ച ശ്രീരാമകൃഷ്ണമഠം ആശുപത്രി ഗ്രാമത്തിന് തിലകക്കുറിയായി നിലനിൽക്കുന്നു.

ആശ്രമത്തിന്റെ വളർച്ചയുടെ ഔന്നത്യത്തിൽ എത്തിനിൽക്കുന്ന ഇന്ന് വളരെയധികം പുരോഗതികൾ ഉണ്ടായിട്ടുണ്ട്. മഹത്തായ ശ്രീരാമകൃഷ്ണ ക്ഷേത്രവും, പ്രബുദ്ധകേരളം പ്രസ്സും എടുത്തുപറയത്തക്ക വസ്തുക്കളാണ്.

പിന്നീട് ഈ വിദ്യാലയത്തിൽനിന്നും പെൺകുട്ടികളെ വേർപ്പെടുത്തികൊണ്ട് ശ്രീ ശാരദാഹൈസ്ക്കൂൾ 1962ൽ സ്ഥാപിച്ചു. പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്ക്കൂളാണിത്. ഇപ്പോഴത്തെ ശാരദാമഠത്തിലെ മാതാജിയായ മേധാപ്രാണാമാതാജിയായിരുന്നു പ്രഥമ ഹെഡ്മിസ്ട്രസ്സ്. പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുള്ള ഹോസ്റ്റൽ, ശ്രീ ശാരദാദേവിയുടെ ക്ഷേത്രം എന്നിവ ഈ വിദ്യാലയത്തോടനുബന്ധിച്ചുണ്ട്. പഠിപ്പിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഉന്നതനിലവാരം പുലർത്തുന്ന ഒരു വിദ്യാലയമായി ഈ പാഠശാല ഉയർന്നുകഴിഞ്ഞു.

വിദ്യാഭ്യാസരംഗത്ത് നിസ്തുലസേവനം നൽകിയിട്ടുള്ള ക്രിസ്റ്റ്യൻ വിദ്യാലയങ്ങളിൽ ഒന്ന് ആമ്പക്കാട് ഭാഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതൊരു അപ്പർപ്രൈമറി സ്ക്കൂളാണ്. പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും നല്ല നിലവാരം പുലർത്തുന്ന വിദ്യാലയമാണിത്.ഇപ്പോൾ പഞ്ചായത്തിൽ 4 എൽ.പി.സ്ക്കൂളും 2 യു.പി. സ്ക്കൂളും 2 ഹൈസ്ക്കൂളും നിലവിലുണ്ട്. കൂടാതെ 1 ഇംഗ്ലീഷ്മീഡിയം സ്ക്കൂൾ, ഭാരതികലാലയം (പ്രീ.ഡിഗ്രി), കേന്ദ്രീയവിദ്യാലയം, ഗുരുവായൂർ സംസ്കൃതവിദ്യാപീഠം തുടങ്ങിയ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഗുരുവായൂർ കേന്ദ്രീയവിദ്യാപീഠം

സംസ്കൃതപ്രണയഭാജനം ശ്രീ. കുര്യാക്കോസ് മാസ്റ്ററാണ് പാവറട്ടിയിൽ ഗുരുവായൂർ സാഹിത്യദീപിക സംസ്കൃത വിദ്യാപീഠം ആരംഭിച്ചത്. പിന്നീട് ചാവക്കാടുള്ള ദ്വാരക ബീച്ചിലും കുറേക്കാലം വിദ്യാപീഠം പ്രവർത്തിച്ചു. അനന്തരം 1980ൽ കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുകയും കേന്ദ്രീയ സംസ്കൃതവിദ്യാപീഠം എന്നപേരിലറിയപ്പെടുകയും ചെയ്തു. 1984ൽ ആണ് പാവറട്ടിയിൽനിന്ന് അടാട്ടുഗ്രാമപഞ്ചായത്തിലെ പുറനാട്ടുകരയിൽ പുതിയ വിദ്യാപീഠം ഉയർന്നുവന്നത്.

ഇവിടെ പ്രാക്ശാസ്ത്രി (പ്രീഡിഗ്രി), ശാസ്ത്രി (ബി.എ.), ആചാര്യ (എം.എ.), വിദ്യാവാരിധി (പി.എച്ച്.ഡി), ശിക്ഷാശാസ്ത്രി (ബി.എഡ്.) തുടങ്ങിയ കോഴ്സുകൾ ഉണ്ട്. വ്യാകരണം, സാഹിത്യം, വേദാന്തം, ചരിത്രം തുടങ്ങിയ വിഷയങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. മൊത്തം 900 വിദ്യാർത്ഥികളും 24 അധ്യാപകരും, റിസർച്ച് അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റുമാർ തുടങ്ങി 24 ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്.

കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലാണ് വിദ്യാപീഠം പ്രവർത്തിക്കുന്നത്. ശിക്ഷാ ശാസ്ത്രി തുടങ്ങി ക്ലാസ്സുകളിൽ പ്രാദേശിക പ്രാതിനിധ്യം കുറവാണെന്നുള്ള അഭിപ്രായമുണ്ട്. ആയതു പരിഹരിക്കാൻ നടപടി എടുക്കണം.

പഞ്ചായത്തിൽ മൊത്തം 14 ബാലവാടികളിലായി 578 കുട്ടികൾ ഉണ്ട്. മിക്ക ബാലവാടികളിലും കിണർ, മൂത്രപ്പുര തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. അവ പരിഹരിക്കണം. സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന ഒരു പഞ്ചായത്താണിത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ സാക്ഷരതാ പ്രവർത്തനങ്ങൾ സ്തുത്യർഹമായ വിധത്തിൽ നിർവ്വഹിച്ച പഞ്ചായത്താണിത്. രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

വിദ്യാഭ്യാസ – സാമൂഹ്യ മേഖലകളിൽ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് തനതായ പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പഠനത്തിൽ അഭിരുചി വളർത്താനുതകുന്ന വിജ്ഞാനോത്സവം, ശാസ്ത്ര താല്പര്യം എന്നിവ പരിപോഷിപ്പിക്കുന്നതിനു വേണ്ടി കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് അംഗങ്ങളുടെ നിസ്തുലമായ സേവനം പ്രശംസനീയമാണ്.

അടാട്ട് ഗ്രാമപഞ്ചായത്തിൽപ്പെട്ട ബാലവാടികളുടെ പൊതുവിവരങ്ങൾ

ക്രമ നമ്പർ	പേരും അഡ്രസ്സും	കെട്ടിടം ഉണ്ടോ	കുട്ടികളും എണ്ണം	കിണർ ഉണ്ടോ	കക്കൂസ് ഉണ്ടോ	ജീവനക്കാരുടെ എണ്ണം
1.	C.P.W.P. ബാലവാടി അടാട്ട്, അടാട്ട് മഹിളാ സമാജം അടാട്ട്	ഉണ്ട്	30	ഉണ്ട്	ഉണ്ട്	2
2.	അമ്പിളി മഹിളാസമാജം ബാലവാടി ഉടലക്കാവ്	ഉണ്ട്	54	ഇല്ല	ഇല്ല	2
3.	B.S.S. ബാലവാടി ഒടലക്കാവ് അടാട്ട്	ഉണ്ട്	45	ഇല്ല	ഇല്ല	2
4.	ശ്രീ ശാരദാമഹിളാ സമാജം ഹരിജൻ ബാലവാടി അടാട്ട്	ഉണ്ട്	26	ഉണ്ട്	ഇല്ല	2
5.	ചൂരക്കാട്ടുകര മഹിളാസമാജം C.P.W.P. ബാലവാടി	ഉണ്ട്	40	ഉണ്ട്	ഇല്ല	2
6.	ചിറ്റിലപ്പിള്ളി മഹിളാസമാജം C.P.W.P. ബാലവാടി	ഉണ്ട്	30	ഇല്ല	ഉണ്ട്	2
7.	പുറനാട്ടകര മഹിളാസമാജം C.P.W.P. ബാലവാടി	ഉണ്ട്	40	ഇല്ല	ഉണ്ട്	2
8.	B.S.S. ബാലവാടി പുറനാട്ടുകര	ഇല്ല	50	ഉണ്ട്	ഇല്ല	2
9.	വിലങ്ങൻ മഹിളാസമാജം ഫിഡിങ്ങ് സെന്റർ & നഴ്സറി	ഇല്ല	70	ഇല്ല	ഇല്ല	2
10.	പുഴക്കൽ മഹിളാസമാജം ബാലവാടി	ഉണ്ട്	30	ഇല്ല	ഇല്ല	2
11.	ആമ്പക്കാട് മഹിളാസമാജം ഫിഡിങ്ങ് സെന്റർ	ഇല്ല	35	ഇല്ല	ഇല്ല	1
12.	ആമ്പക്കാട് കോൺവെന്റ് നഴ്സറി	ഉണ്ട്	30	ഉണ്ട്	ഉണ്ട്	2
13.	ഗവ. യു.പി. സ്കൂൾ ചൂരക്കാട്ടുകര ബാലവാടി	ഉണ്ട്	30	ഉണ്ട്	ഉണ്ട്	2
14.	സെന്റ് സെബാസ്റ്റ്യ് നേഴ്സറി സ്ക്കൂൾ പുറനാട്ടുകര	ഉണ്ട്	68	ഉണ്ട്	ഉണ്ട്	2

ഗ്രാമപഞ്ചായത്ത് ലൈബ്രറി, അടാട്ട്

സാധ്യതകൾ , നിർദേശങ്ങൾ

1. നേഴ്സറി ക്ലാസ്സുകൾ കുട്ടികളുടെ മാനസിക ഉല്ലാസത്തിനും, വിനോദത്തിനും ഉള്ള വേദിയായിരിക്കണം. ഇവിടെ അക്ഷര ബോധനം പാടില്ല. 5 വയസ്സു വരെയുള്ള കുട്ടികളെ ഒരു കാരണവശാലും ഇംഗ്ലീഷ് ഭാഷ അടിച്ചേല്പിക്കാൻ പാടില്ല. നേഴ്സറിക്ലാസ്സുകളിൽ കളിക്കാനുള്ള ഉപകരണങ്ങൾ വേണ്ടത്ര ഉണ്ടായിരിക്കണം.
2. 5 വയസ്സു പൂർത്തിയായ കുട്ടികളെ മാത്രം ഒന്നാം ക്ലാസ്സിൽ പ്രവേശനം അനുവദിക്കുക. ഒന്നാംക്ലാസ്സിലെ ഓൾപ്രമോഷൻ നിത്തലാക്കുക. അതതു ക്ലാസ്സുകളിൽ മിനിമം ലഭിക്കേണ്ട അറിവുള്ളവരെ മാത്രം വിജയിപ്പിക്കുക. ഒന്നാം ക്ലാസ്സിൽ നൽകിവരുന്ന സൗജന്യപഠനോപകരണങ്ങൾ അർഹതയുള്ളവർക്കു മാത്രം നൽകുക. പ്രൈമറി ക്ലാസ്സുകളിൽ മലയാളം എഴുതാനും, വായിക്കാനും, ചതുഷ്ക്രിയകൾ തെറ്റുകൂടാതെ ചെയ്യാനും മുൻഗണന കൊടുക്കുക.
3. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക. പ്രൈമറി ക്ലാസ്സുകളിൽ ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര ഉണ്ടായിരിക്കണം. 14 വയസ്സുവരെ വിദ്യാഭ്യാസം നിർബന്ധമായിരിക്കണം.
4. വിദ്യാലയത്തിന് ആകർഷകമായ നെയിം ബോർഡ് വേണം . നല്ല പൂന്തോട്ടം വേണം. വിദ്യാലയം മതിൽകെട്ടി സുരക്ഷിതമാക്കണം.
5. ക്ലാസ്സുറൂം ആകർഷകമായിരിക്കണം. ക്ലാസ്സിൽ മേശവിരി, ഫ്ളവർവേയ്സ്, ഡസ്റ്റർ, ചവറ്റുകൊട്ട, കുടിക്കാനുള്ള വെള്ളം, കലണ്ടർ, ചാർട്ടുകൾ, പട്ടികകൾ, ചിത്രങ്ങൾ എന്നിവ ഉണ്ടായിരിക്കണം.
6. പാഠപുസ്തകങ്ങൾ കൃത്യസമയത്തുതന്നെ കിട്ടിയിരിക്കണം. പുസ്തകങ്ങൾ ആകർഷകമായിരിക്കണം.ധാരാളം കളർചിത്രങ്ങൾ വേണം. പുസ്തകത്തിന്റെ കെട്ടുമട്ടും വലുപ്പവും (1/8 സൈസ്) പഴയതു പോലെ തന്നെ ആയിരിക്കണം.
7. എഴുത്തിനും വായനയക്കും ഒരേലിപി തന്നെ ആയിരിക്കണം. പുതിയ ലിപി സമ്പ്രദായം കുട്ടികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. ഇംഗ്ലീഷ്ഭാഷാപഠനത്തിന് 4 തരം ലിപികൾ ഉപയോഗിച്ച് എഴുതാൻ കുട്ടികളെ പരിശീലിപ്പിക്കണം.
8. സിലബസ് ക്രമീകരിക്കണം. പുസ്തകഭാരം കുറക്കണം. പരീക്ഷാ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്തണം. ഗ്രേഡ് തിരിച്ച് കുട്ടികളെ വിലയിരുത്തുക. റാങ്ക് സമ്പ്രദായം പാടില്ല. S.S.L.C.ക്കും കോളേജിലും ഗ്രേഡ് തിരിച്ച് മാർക്ക് നൽകുക.
9. അധ്യാപകർക്ക് തുടർച്ചയായി ഇൻ സർവീസ് കോഴ്സ് കൊടുക്കണം. ഇവ വെക്കേഷൻ കാലങ്ങളിൽ വേണംതാനും. പഠനോപകരണങ്ങളുടെ നിർമ്മാണവും, അവ ഉപയോഗിച്ചുള്ള പഠനരീതിയും പരിശീലിപ്പിക്കണം.
10. സയൻസ്ക്ലബ്, സാഹിത്യസമാജങ്ങൾ, കുട്ടികളുടെ കയ്യെഴുത്തുമാസികൾ, സ്ക്കൂൾ ലൈബ്രറി ഇവ നന്നായി പ്രവർത്തിക്കണം. ആനുകാലിക പ്രസിദ്ധീകരണങ്ങളും, ലൈബ്രറി പുസ്തകങ്ങളും വായിക്കാൻ ഓരോ റീഡിംങ്ങ് റൂം എല്ലാ സ്ക്കൂളിലും ഉണ്ടായിരിക്കണം
11. എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലം ഉണ്ടായിരിക്കണം. കായിക പരിശീലനം, മാസ്ഡ്രിൽ, പഠനയാത്ര, പരിസരശുചീകരണം എന്നിവ നടത്താൻ കായികാധ്യാപകരുടെ സേവനം ഉറപ്പുവരുത്തണം.
12. സംഗീതം, ക്രാഫ്റ്റ്, ഡ്രോയിംഗ്, തുന്നൽ എന്നീ വിഷയങ്ങളിൽ അഭിരുചിയും, പ്രോത്സാഹനവും ലഭിക്കാൻ അത്തരത്തിലുള്ള അധ്യാപകരെ എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തണം.
13. ദേശീയ ദിനങ്ങൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ ആചരിക്കണം. ദേശീയോദ്ഗ്രഥനവും, ദേശസ്നേഹവും ഊട്ടിയുറപ്പിൽ ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് അവതരിപ്പിക്കണം.
14. ഒരു പ്രദേശത്തുള്ള കുട്ടികളെ അവിടെത്തന്നെയുള്ള വിദ്യാലയങ്ങളിൽ പഠിപ്പിക്കണം. ഒരു പ്രദേശത്തുനിന്നും മറ്റു വിദ്യാലയങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തുവക പ്രത്യേക നികുതി ഏർപ്പെടുത്തണം.
15. പാഠ്യേതര വിഷയങ്ങളിലും, സന്നദ്ധപ്രവർത്തനങ്ങളിലും പരിശീലനം നേടാനുള്ള (N.C.C. Scout & Guides) N.S.S.) തുടങ്ങിയ സാധ്യതകളേയും അദ്ധ്യാപകരേയും സ്ക്കൂ

ളുകളിൽ ഉറപ്പാക്കേണ്ടതാണ്. അല്ലാത്ത സ്ക്കൂളുകളെ നടപടിക്കു വിധേയമാക്കണം.

16. പ്രൈമറി ക്ലാസ്സുകളിൽ 10 മുതൽ 1 മണിവരെ മാത്രം പാഠ്യവിഷയങ്ങൾ പഠിപ്പിക്കുക. ഉച്ചതിരിഞ്ഞ് 2 മുതൽ 3വരെ പാഠ്യേതര വിഷയങ്ങളൽ അഭിരുചി വളർത്തിയെടുക്കുക.

17. അവധിക്കാലത്ത് പഠനോത്സവ ക്യാമ്പുകൾ സംഘടിപ്പിക്കുക. ക്യാമ്പിൽ ഗണിതം, ശാസ്ത്രം, നിർമ്മാണം, കളികൾ, കളിപ്പാട്ട നിർമ്മാണം, ഗാനപരിശീലനം, പ്രസംഗപരിശീലനം, കലാപരിപാടികൾ എന്നിവ നടത്താം. രാത്രിയിൽ നക്ഷത്ര നിരീക്ഷണവും ആകാം.

18. തൊഴിൽപരമായ വിദ്യാഭ്യാസം ഏർപ്പെടുത്തണം. കുട്ടികളുടെ അഭിരുചിക്കനുസരിച്ച തൊഴിലുകളിൽ പരിശീലനം നൽകണം. കൃഷി സമ്പ്രദായം നടപ്പിലാക്കണം. എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടു സമ്പ്രദായം നിലവിൽ വരണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണം. കമ്പ്യൂട്ടർ കോഴ്സ് ഏർപ്പെടുത്തണം.

19. പഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പഞ്ചായത്തുതല അക്കാദമിക് കൗൺസിൽ രൂപീകരിക്കുക. സന്നദ്ധരായ യുവതീയുവാക്കളെകൊണ്ട് ചെറിയ തോതിൽ രക്ഷാകർത്താക്കളിൽനിന്നും പ്രതിഫലം വാങ്ങി ട്യൂഷൻ ക്ലാസ്സുകൾ നടത്തുക.

20. വിദ്യാലയങ്ങളിലേക്കും, കലാലയങ്ങളിലേയും കക്ഷി രാഷ്ട്രീയം അവസാനിപ്പിക്കുക. പഠനത്തിൽ മുന്നിട്ടു നിൽക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള പാർലിമെന്റ് സമ്പ്രദായം നടപ്പിലാക്കുക.

21. എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ., മാതൃസംഗമം എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അവ നന്നായി പ്രവർത്തിക്കണം. അമ്മമാക്ക് പരിസരശുചിത്വം, ആരോഗ്യം, പകർച്ചവ്യാധികൾ, പ്രഥമശുശ്രൂഷ, അടുക്കളത്തോട്ടം തുടങ്ങിയ വിഷയങ്ങളെ ക്കുറിച്ച് ക്ലാസ്സുകൾ നൽകണം.

22. അനൗപചാരികവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ വായനശാലകളും സംസ്കാരിക നിലയങ്ങളും നന്നായി പ്രവർത്തിക്കുക. സഞ്ചരിക്കുന്ന വായനശാലകൾ ഗുണകരമാണ്. സാക്ഷരതാപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും നവസാക്ഷരർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

23. അൺഎയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർത്തലാക്കുക. ഈ പഞ്ചായത്തിൽ ഇനി ഒരൊറ്റ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പോലും അനുവദിക്കാതിരിക്കുക.

24. എല്ലാ വിദ്യാലയങ്ങളിലേക്കും കുട്ടികൾക്കു വേണ്ടി കുടിവെള്ള സൗകര്യം പഞ്ചായത്തിൽ നിന്നും എത്തിച്ചുകൊടുക്കേണ്ടതാണ്. ഇതിനായി പീച്ചി ശുദ്ധജല വാട്ടർ കണക്ഷൻ നൽകണം.

25. പഞ്ചായത്തിൽ നിലവിലുള്ള L.P., U.P. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

26. പഞ്ചായത്തിൽ S.S.L.C. പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്ലസ്ടു കോഴ്സ് വിദ്യാലയങ്ങളിൽ തന്നെ ആരംഭിക്കേണ്ടതാണ്.

27. തൊഴിലിൽ പരിശീലനം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ സാങ്കേതിക പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.

S.S.L.C വിജയശതമാന ചാർട്ട്

സ്ക്കൂളിന്റെ പേര്	വിജയശതമാനം				
	91-92	92-93	93-94	94-95	95-96
1. S.R.K.G.V.M.H.S. പുറനാട്ടുകര	82.0	56.0	50.0	55.0	69.0
2. S.S.G.H.S. പുറനാട്ടുകര	91.5	78.7	84.3	82.0	89.4
3. കേന്ദ്രീയ വിദ്യാലയം, പുറനാട്ടുകര	100.0	98.2	96.8	92.4	98.8

അടാട്ട് ഗ്രാമ പഞ്ചായത്ത്– സ്ക്കൂളിന്റെ പൊതുവിവരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ഹൈസ്കൂൾ യു.പി. എൽ.പി.	സ്കൂളിന്റെ ഉടമസ്ഥത	കുട്ടികളുടെ എണ്ണം							അദ്ധ്യാപകരുടെ എണ്ണം
				ആൺ	പെൺ	ആകെ	എസ്.സി. ആൺ	എസ്.സി. പെൺ	ആകെ	എസ്റ്റി	
1	ഗവ. എൽ.പി. സ്ക്കൂൾ, അടാട്ട്	എൽപി	ഗവൺമെന്റ്	38	111	209	9	19	28		8
2	വി.വി. സ്ക്കൂൾ, ചിറ്റിലപ്പിള്ളി	എൽപി	എയിഡഡ്	116	119	235	13	8	21		9
3	എസ്സ്.ആർ.കെ.ജി.വി.എം.എൽ.പി.എസ്സ്. പുറനാട്ടുകര	എൽപി	എയിഡഡ്	326	271	597	49	34	83		16
4	മേരി റാണി എൽ.പി.എസ്. അമലനഗർ	എൽപി	അൺ എയിഡഡ്	163	142	305	—	2	2		6
5	ഗവ. യു.പി.സ്ക്കൂൾ, ചുരുങ്ങാട്ടുകര	യുപി	ഗവൺമെന്റ്	204	183	387	28	23	51		10
6	ആമ്പക്കാട്	യുപി	എയിഡഡ്	319	307	626	33	35	68	ബി. – 2 ജി. – 2	17
7	സെന്റ് എസ്.പബ്ലിക് സ്ക്കൂൾ ചിറ്റിലപ്പിള്ളി	യുപി	അൺ എയിഡഡ്	102	70	172					16
8	എസ്സ്. ആർ.കെ.ജി.വി.എം.എച്ച്.എസ്. പുറനാട്ടുകര	എച്ച്എസ്സ്	എയിഡഡ്	1069	—	1069	107		107		42
9	എസ്സ്.എസ്സ്.ജി.എച്ച്.എസ്സ്. പുറനാട്ടുകര	എച്ച്എസ്സ്	എയിഡഡ്	—	1059	1059		170	170		49
10	കേന്ദ്രീയവിദ്യാലയും പുറനാട്ടുകര	മുതൽ 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ	കേന്ദ്ര സർക്കാർ	791	533	1344	222	—	222		66
	ആകെ തുക			3268	2859	6023	293	826	1242		242

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലാബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം	കിണർ
1	ഗവ. എൽ.പി. സ്കൂൾ അടാട്ട്	2 ഏക്കർ	1	1	—	—	2	1	1	ഉണ്ട്	1/2 ഏ	ഉണ്ട്
2	വി.വി. സ്കൂൾ ചിറ്റിലപ്പിള്ളി	1ഏ. 23സ	1	1	—	ഉണ്ട്	2	1	1	ഉണ്ട്	25 സെന്റ്	ഉണ്ട്
3	എസ്.ആർ.കെ.ജി.യു.പി.എൽ.പി.എസ് പുറനാട്ടുകര	എച്ച്.എസ്സിന്റെ കീഴിൽ	1	1	—	ഉണ്ട്	2	1	1	ഉണ്ട്	ഇല്ല	ഉണ്ട്
4	മേരി റാണി എൽ.പി.എസ്. അമല നഗർ	1 ഏക്കർ	1	1	—	ഉണ്ട്	2	2	1	ഉണ്ട്	1 ഏ	ഉണ്ട്
5	ഗവ. യു.പി. സ്കൂൾ, ചുരക്കാട്ടുകര	1 ഏ. 23 സെന്റ്	1	1	ഉണ്ട്	ഉണ്ട്	2	2	1	ഉണ്ട്	25 സെ.	ഉണ്ട്
6	സെന്റ് മേരീസ് എച്ച്.എഫ്.സി.യു.പി.എസ്സ്. ആമ്പക്കാട്	1 ഏ. 29 സെന്റ്	1	1	ഉണ്ട്	ഉണ്ട്	3	4	1	ഉണ്ട്	30 സെ.	ഉണ്ട്
7	ഐ.ഇ.എസ്സ് പബ്ലിക് സ്കൂൾ, ചിറ്റിലപ്പിള്ളി	12 ഏക്കർ	1	1	ഉണ്ട്	ഉണ്ട്	15	15	1	ഉണ്ട്	2 ഏ.	ഉണ്ട്
8	എസ്.ആർ.കെ.ജി.വി.എം.എച്ച്.എസ്സ്. പുറനാട്ടുകര	3 ഏക്കർ	1	1	ഉണ്ട്	ഉണ്ട്	3	2	1	ഉണ്ട്	2 ഏ.	ഉണ്ട്
9	കേന്ദ്രീയ വിദ്യാലയം പുറനാട്ടുകര	10 ഏക്കർ	1	1	ഉണ്ട്	ഉണ്ട്	30	39	1	ഉണ്ട്	2 1/2 ഏ.	ഉണ്ട്
10	എസ്.എസ്.ജി.എച്ച്.എസ്സ്. പുറനാട്ടുകര	3 1/2ഏ.	1	1	ഉണ്ട്	ഉണ്ട്	2	1	1	ഉണ്ട്	1 ഏ	ഉണ്ട്

5 ⑥ കുടിവെള്ളവും പൊതുജനാരോഗ്യവും

ജലസമ്പത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നിട്ടും കേരളത്തിൽ കുടിവെള്ളക്ഷാമവും, വരൾച്ചയും ഒരു പ്രശ്നമായിരിക്കുകയാണ്. കേരളത്തിലെ ജലസമ്പത്ത് നാം ശരിക്കും ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഇതിനുകാരണം. അടാട്ട് ഗ്രാമപഞ്ചായത്തിലെ സ്ഥിതിയും ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല. ജലവിതരണത്തിൽ നമ്മൾ സ്വാശ്രയത്വം നേടേണ്ടിയിരിക്കുന്നു. കുടിവെള്ളത്തെകുറിച്ച് ചർച്ചചെയ്യുമ്പോൾ പഞ്ചായത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരമായ കിടപ്പ് കണക്കിലെടുക്കേണ്ടതുണ്ട്. അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന മൂന്നുകുന്നുകളും, അതിന്റെ താഴ്വരകളും, ഉയർന്നസമതലങ്ങളും, കോൾനിലങ്ങളും, അടങ്ങുന്നതാണ് അടാട്ട് പഞ്ചായത്ത്. ഭൂമിയുടെ ചെരിവ്കാരണം മഴവെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാതെ പെട്ടെന്ന് ഒഴുകിപോവുന്നു. ഇതു മൂലം വേനൽക്കാലത്ത് കിണറുകളിൽ വെള്ളം കുറയുന്നുണ്ട്. പഞ്ചായത്തിന്റെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. ഏകദേശം 50% പേരാണ് കുടിനീരിനായി സ്വന്തം കിണറുകളെ ആശ്രയിക്കുന്നത്. ബാക്കിയുള്ളവർ പൊതുടാപ്പുകളെയും, പൊതുകിണറുകൾ, കുഴൽകിണറുകൾ, അയൽവീടുകളിലെ കിണറുകൾ എന്നിവയെ ആശ്രയിക്കുന്നു. പ്രാദേശികമായി കൂടുതൽ പൊതു ടാപ്പുകളുടെയും, കിണറുകളുടെയും, അഭാവവും ഉള്ള കിണറുകളുടെ ശോചനീയാവസ്ഥയും, ജലക്ഷാമം രൂക്ഷമാക്കുന്നു.

പഞ്ചായത്തിൽ വർഷത്തിൽ നാലുമാസമെങ്കിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുടിവെള്ള വിതരണത്തിന് മാത്രമായി പഞ്ചായത്തിൽ 107 പൊതുടാപ്പുകളും, 18 കുഴൽകിണറുകളും, 35 പൊതുകിണറുകളും ഉണ്ട്. പീച്ചി ശുദ്ധ ജലവിതരണ പദ്ധതിയിൽ നിന്നാണ് കുടിവെള്ളം പൈപ്പ് ലൈൻവഴി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പഞ്ചായത്തിന് സ്വന്തമായി ശുദ്ധജല വിതരണ പദ്ധതികളില്ല. മുൻപ് പരിക്കാട് കോളനിയിൽ ഉണ്ടായിരുന്ന പദ്ധതിയും, അടാട്ട് കുഴൽകിണർപദ്ധതിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് കിണറുകൾ, കുഴൽകിണറുകൾ എന്നിവയിൽ ഭൂരിഭാഗവും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ജലഅതോറിട്ടി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ പലതിലും വേനൽക്കാലത്ത് ജലം ലഭിക്കുന്നില്ല. ഒരു പൊതുടാപ്പ് ശരാശരി 15 കുടുംബങ്ങളാണ് ഉപയോഗിക്കുന്നത്. പലപ്പോഴും ടാപ്പുകളിൽ നിന്ന് ലഭിക്കുന്ന ജലം ഒട്ടും ശുദ്ധമല്ല. വെള്ളത്തിന് രൂചിഭേദവും, ദുർഗന്ധവും, നിറവ്യത്യാസവും അനുഭവപ്പെടാറുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം ശേഖരികുന്നതിന് വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ആകെ ഇതുവരെ 18 കുഴൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്. മൂന്നോ, നാലോ വർഷത്തിനുശേഷം അവ ഉപയോഗശൂന്യമാകുന്നു എന്നതാണ് വസ്തുത. സമൃദ്ധിയായി ഭൂഗർഭജലം ലഭിക്കുന്ന സ്ഥലമല്ല ഈ പഞ്ചായത്തിത്തെന്നു വേണം കരുതാൻ. പഞ്ചായത്തിലെ മൊത്തം 35 പൊതു കിണറുകളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ ജലംലഭിക്കുന്ന 18 കിണറുകളുണ്ട്.

ഏപ്രിൽ മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം നേടിടുന്ന വീടുകൾ

		വീടുകളുടെ എണ്ണം
വാർഡ്	1	300
"	2	250
"	3	50
"	4	250
"	5	150
"	6	75
"	7	200
"	8	100
"	9	75
"	10	300

കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ട പഞ്ചായത്ത് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പ്രാദേശികമായി കിണറുകളും, കുഴൽകിണറുകളും കുഴിച്ചിട്ടുണ്ട്. ഒരു പരിധിവരെ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഉദ്ദേശിക്കുന്ന തരത്തിലുള്ള പ്രയോജനം ഇതിൽനിന്നും ലഭിക്കുന്നില്ല.

വേനലിന്റെ മൂർദ്ധന്യത്തിൽ ടാങ്കുകളിലും, വീപ്പകളിലും, ജലം നിറച്ച് വാഹനങ്ങൾ വഴി പഞ്ചായത അധികൃതർ അത്യാവശ്യദിക്കുകളിൽ കുടിവെള്ളമെത്തിച്ചിട്ടുണ്ട്. കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച മുഴുവൻ തുകയും ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലും ചെറിയ പദ്ധതികൾ ആവിഷ്കരിച്ച് സ്വയം പര്യാപ്തതനേടിയാൽ മാത്രമെ കുടിനീർക്ഷാമം പരിഹരിക്കാനാവൂ.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കേണ്ട സ്ഥലങ്ങൾ ധാരാളമായുണ്ട്.
2. ഇനിയും ധാരാളം പൊതുടാപ്പുകളും, കിണറുകളും ഉണ്ടാകേണ്ടതുണ്ട്.
3. പഞ്ചായത്തിന് സ്വന്തമായി ജലവിതരണ പദ്ധതികളില്ല.
4. കുടിവെള്ളത്തിനായി ഉപയോഗിച്ചിരുന്ന പദ്ധതികൾ ചില സ്ഥലങ്ങളിൽ മുടങ്ങികിടക്കുകയാണ്.
5. ജലവിതരണ പൈപ്പുകൾ പൊട്ടി ജലം നഷ്ടമാകുന്നുണ്ട്.
6. ബസ്സുകൾ കഴകാനും, നനയ്ക്കാനുമായി ജലം ദുരുപയോഗം ചെയ്യുന്നുണ്ട്.
7. വേനലിൽ ജലക്ഷാമം നേരിടുന്ന സ്ഥലങ്ങൾക്ക് വളരെ അകലെയാണ് ജല ലഭ്യതയുള്ള സ്ഥലങ്ങൾ അതുകൊണ്ട് കുടിവെള്ള പദ്ധതികൾക്ക് വൻ ചിലവു വരുന്നു.
8. പാർശ്വഭാഗങ്ങൾ ഇടിഞ്ഞുവീണ് പൊതുകിണറുകൾ ഉപയോഗശൂന്യമാവുന്നു.
9. ടാപ്പുകളിൽ നിന്നും ലഭിക്കുന്ന ജലം പലപ്പോഴും ശുദ്ധമല്ല
10. കുളി, വസ്ത്രങ്ങൾ കഴുകൽ, കന്നുകാലികളെ കഴുകൽ എന്നിവ പല കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നു.
11. പാടശേഖരങ്ങൾക്ക് സമീപമുള്ള കുടിവെള്ള സ്രോതസ്സുകളിൽ കീടനാശിനികളുടെ അംശം ഉണ്ടാകാറുണ്ട്.
12. ഉയർന്ന പ്രദേശങ്ങളിലുള്ള ടാപ്പുകളിലേക്ക് ജലം എത്തുന്നില്ല.
13. അടാട്ട് പഞ്ചായത്തിൽ റെയിൽവെ ലൈൻ ഉയർന്ന പ്രദേശങ്ങൾ തുരന്നെടുത്താണ് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് പരിസരപ്രദേശങ്ങളിലെ കിണറുകളിലേയും, കുളങ്ങളിലേയും ജലം, ആ പാതയുടെ ലൈവലിനു താഴെ മാത്രമെ നിൽക്കുന്നുള്ളൂ. എത്ര മഴ പെയ്താലും ഇപ്പോൾ ഈ ഭാഗങ്ങളിലെ കിണറുകൾ നിറയാറില്ല
14. പൊതുകിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല.

പൊതുനിർദ്ദേശങ്ങൾ

1. ചൂരക്കാട്ടുകര അയ്യപ്പൻകാവിനടുത്തുള്ള പുത്തൻകുളം ഏകദേശം ഒരു ഏക്കറിലധികം വിസ്തീർണ്ണമുള്ളതും സമൃദ്ധമായി വെള്ളം ലഭിക്കുന്നതുമാണ്. ഈ കുളം വൃത്തിയാക്കി വെള്ളം ലിഫ്റ്റ് ചെയ്യുകയാണെങ്കിൽ 5,6 എന്നീ വാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിയും.
2. പാരിക്കാട് കോളനിയിലുള്ള കുളം വൃത്തിയാക്കി അതിൽ തെക്കൻ കായലിൽ നിന്നുള്ള വെള്ളം എത്തിക്കുക. കുളത്തിനോട് അനുബന്ധിച്ചുള്ള നിലവിലുള്ള ടാങ്ക് പ്രവർത്തനക്ഷമമാക്കി, പുതിയ പൈപ്പ്ലൈൻ സ്ഥാപിച്ച് 8, 9 എന്നീ വാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിയും.
3. ജലസേചന വിഭാഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പുറനാട്ടുകര ആര്യംപാടം പദ്ധതി നടപ്പാക്കിയാൽ 9-ാം വാർഡിലുള്ള പദ്ധതി പ്രദേശത്ത് കിണറുകളിൽ സമൃദ്ധിയായി വെള്ളം ലഭിക്കും.
4. 10-ാം വാർഡിന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യുന്നതും, ഇപ്പോൾ കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ മുല്ലപ്പത്തടം കുളം കൂടുതൽ താഴ്ത്തി വെള്ളം ലിഫ്റ്റ് ചെയ്യുകയാണെങ്കിൽ വാർഡിന്റെ പടിഞ്ഞാറ് ഭാഗത്തുള്ളവർക്ക് വെള്ളമെത്തിക്കാൻ കഴിയും.
5. വിലങ്ങൻകുന്നിന് മുകളിൽ ടാങ്ക് സ്ഥാപിച്ച് K.T.D.C. യുടെ ബോർവെല്ലിൽ നിന്നും വെള്ളം പമ്പ് ചെയ്യുകയാണെങ്കിൽ വിലങ്ങൻ താഴ്വരയിൽ കുറച്ചു വീടുകൾക്ക് വെള്ളമെത്തിക്കാം.
6. രണ്ടാം വാർഡിലെ തുറക്കുളം, ഈറ്റക്കുളം എന്നിവ വൃത്തിയാക്കി വെള്ളം ലിഫ്റ്റ് ചെയ്താൽ ആ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

7. 7–ാം വാർഡിലെ പുഴയ്ക്കൽ പാറപ്പുറം പ്രദേശം ഉദ്ദേശം 30 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലമാണ്. നിലവിലുള്ള പഞ്ചായത്ത് കിണർ താഴ്ത്തി പത്തു റിംഗുകൾ സ്ഥാപിക്കുകയാണെങ്കിൽ അവർക്കാവശ്യമായ കുടിവെള്ളം ലഭിക്കും.

8. ഒന്നാം വാർഡിലെ പഞ്ചായത്ത് സ്ഥലത്ത് കിണർ കുഴിച്ച് കുന്നിൻമുകളിൽ ടാങ്ക് സ്ഥാപിച്ച് വെള്ളം ലിഫ്റ്റ് ചെയ്തു വിതരണം നടത്തുകയാണെങ്കിൽ വാർഡിലെ മുഴുവൻ കുടിവെള്ളപ്രശ്നത്തിന് പരിഹാരമാകും.

9. ഒന്നാംവാർഡിലെ കോൺവെന്റ് റോഡിലെ ഇറിഗേഷൻ വകുപ്പ് (K.S.J.S.) നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതി എത്രയും പെട്ടെന്ന് പൂർത്തയാക്കേണ്ടതാണ്.

10. അടാട്ട് ചന്ത സെന്ററിലെ കുറൂർമനവക കിണർ പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കി ഉപയോഗയോഗ്യമാക്കണം.

11. രണ്ടാം വാർഡിലെ ആയുർവേദ ആശുപത്രി കിണർ നന്നാക്കിയാൽ കുറേപേർക്ക് ഉപയോഗിക്കാം.

12. പഴമ്പുഴയിൽ നിലവിലുള്ള പഞ്ചായത്ത്കുളം നന്നാക്കുകയും, പാണംതാഴത്ത് പുതിയകുളം ഉണ്ടാക്കുകയും വേണം.

13. ചാത്തൻകോൾ ഓഫീസ് പരിസരത്ത് സ്ഥിതിചെയ്യുന്ന കുഴൽകിണറിൽ നിന്ന് സമൃദ്ധിയായി വെള്ളം കിട്ടുന്നുമെങ്കിൽ അവിടെ ഒരു ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി ജലം വിതരണം നടത്താം.

14. 6–ാം വാർഡിലെ പൊതുകുളവും, കിണറുകളും, അടിയന്തിരമായി നന്നാക്കേണ്ടതുണ്ട്.

15. 9–ാം വാർഡിലെ മാണിടം അഞ്ചുസെന്റ് കിണറിൽ റിംഗിറക്കി ഉപയോഗപ്രദമാക്കാം. മറ്റു പൊതുകിണറുകളിൽ ബോർവെൽ സംവിധാനം ചെയ്ത് ജലക്ഷാമം പരിഹരിക്കാം.

16. പഞ്ചായത്തിലെ I.H.D.P. കോളനിയിൽ നടപ്പാക്കിയിട്ടുള്ള L.I. പദ്ധതിപ്രകാരം കൃഷിയാവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ട്. ഇവിടെ നിന്ന് കുടിവെള്ള വിതരണത്തിനുള്ള സാഹചര്യം ഉണ്ട്.

17. അതിരൂക്ഷമായ ജലക്ഷാമം നേരിടുന്ന 10–ാം വാർഡിൽ പുത്തിശ്ശേരി നേതാജി റോഡ് കിണറിലും, ലക്ഷംവീട് കിണറിലും , കക്കട്ടുപാറ കിണറിലും റിംഗ് സ്ഥാപിച്ച് ഉപയോഗപ്രദമാക്കണം.

18. വാട്ടർ അതോറിട്ടി ടാപ്പുകളുടെയും, പൈപ്പ് ലൈനിന്റെയും സംരക്ഷണ ചുമതല പഞ്ചായത്തിനെ ഏൽപ്പിക്കുകയാണെങ്കിൽ, പൈപ്പുകൾ പൊട്ടി ജലം പാഴാവുന്നത് തടയാൻ സാധിക്കും. ഇതിന് ജനങ്ങളുടെ സന്നദ്ധ പ്രവർത്തനം കൂടി ആവശ്യമാണ്.

19. പഴയകാലത്ത് തൃശൂരിൽനിന്നും, പൂങ്കുന്നം വഴി അടാട്ട് പഞ്ചായത്തിലേക്ക് ജലഅതോറിറ്റി സ്ഥാപിച്ച വ്യാസം കുറഞ്ഞ പൈപ്പുകൾ മാറ്റി വ്യാസം കൂടിയവ സ്ഥാപിക്കേണ്ടതുണ്ട്.

20. പഞ്ചായത്തിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിന് ഒരു ജലപരിശോധനകിറ്റ് ആവശ്യമാണ്.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇനിയും കൂടുതൽ പൊതു ടാപ്പുകൾ ആവശ്യമാണ്. പുതിയ ലൈനുകൾ സ്ഥാപിക്കാനുള്ള സന്നദ്ധ പ്രവർത്തനം ഏറ്റെടുക്കാൻ പഞ്ചായത്തിന്റെ പല ഭാഗത്തുള്ളവരും തയ്യാറായിട്ടുണ്ട്. അതുപോലെ തന്നെ കിണറുകളുടെ ശുചീകരണത്തിനും ജനകീയ സമിതികൾ രൂപവല്കരിക്കാനുള്ള സാഹചര്യം ഇപ്പോഴുണ്ട്. സ്വകാര്യ കിണറുകളുടെ സംരക്ഷണത്തിന് താഴ്ന്ന വരുമാനമാർക്ക് ധനസഹായം ഏർപ്പെടുത്തേണ്ടതുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ മഴക്കാലത്തു പെയ്തുകിട്ടുന്ന ജലം ഒഴുകിപോകാതെ തടഞ്ഞുനിർക്കാൻ കഴിഞ്ഞാൽ അതിന്റെ പരോക്ഷമായ ഫലം ലഭിക്കാൻ സാധ്യതയുണ്ട്. ഈ പദ്ധതിയെകുറിച്ച് നീർമറി വികസന പ്രദേശങ്ങൾ എന്ന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്.

ആരോഗ്യം

അടാട്ട് പഞ്ചായത്തിലെ പൊതുജനാരോഗ്യ നിലവാരം സംസ്ഥാന നിലവാരത്തേക്കാൾ ഉയർന്നതാണ്. ആരോഗ്യ നിലവാരത്തിന്റെ അളവുകോലുകളായ പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, ജനനനിരക്ക്, കുട്ടികളുടെ പോഷണനിലവാരം എന്നിവയുടെ പഞ്ചായത്ത് നിരക്കും, സംസ്ഥാന നിരക്കും താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്തിലെ പൊതുജനാരോഗ്യ നിലവാരത്തെകുറിച്ച് ഒരു ഏകദേശരൂപം കിട്ടുന്നു. പഞ്ചായത്തിലെ പൊതുമരണനിരക്ക് 5.2 ആണ്. ഇത് സംസ്ഥാന ശരാശരി

യായ 5.9നേക്കാൾ കുറവാണ്. ശിശുമരണനിരക്ക് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. വൈകല്യം ബാധിച്ചവരുടെ നിരക്കും കുറവാണ്. ക്ഷയം, കുഷ്ഠം, മലമ്പനി എന്നീ രോഗികളുടെ എണ്ണവും കുറവാണ്. കുട്ടികളുടെ പോഷണനിലവാരത്തെ കുറിച്ചുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നുള്ള റിപ്പോർട്ട് പരിശോധിക്കുമ്പോൾ ഗുരുതരമായ പോഷകആഹാരകുറവ് അനുഭവപ്പെടുന്നില്ല എന്നു മനസ്സിലാക്കാം. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 1995ൽ 9073 രോഗികളും, ഗവർമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ 15613 രോഗികളും ചികിത്സാ സഹായം തേടിയിട്ടുണ്ട്.

ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും, ഒരു ഉപകേന്ദ്രവും, ഒരു ആയുർവേദ ഡിസ്പെൻസറിയും അടങ്ങുന്നതാണ് ഈ പഞ്ചായത്തിൽ സർക്കാർ തലത്തിലുള്ള പൊതുജന ആരോഗ്യസംവിധാനം. ഇതു കൂടാതെ ശ്രീരാമ കൃഷ്ണമഠം ഹോസ്പിറ്റലും, കേരളത്തിലെ തന്നെ ഒന്നാം നിരയിൽ നിൽക്കുന്ന അമല ക്യാൻസർ ഹോസ്പിറ്റലും ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യസംവിധാനങ്ങളാണ്. അമല കാൻസർ ഹോസ്പിറ്റൽ കോംപ്ലക്സിൽ ആയുർവേദവിഭാഗത്തിലും, അലോപ്പതി വിഭാഗത്തിലും ഹോമിയോപ്പതി വിഭാഗത്തിലുമുള്ള ചികിത്സാസൗകര്യങ്ങൾ ഉണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും, ഉപ കേന്ദ്രത്തിലുമായി 17 ജീവനക്കാരും സ്വകാര്യ ആശുപത്രികളിൽ 222 ജീവനക്കാരും ഉണ്ട്. ഇതുകൂടാതെ വീടുകളിൽ രോഗികളെ പരിശോധിക്കുന്ന ആയുർവേദ, ഹോമിയോ, അലോപ്പതി ഡോക്ടർമാരും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായുണ്ട്. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുള്ള ആശുപത്രി മൂന്നു കിലോമീറ്റർ ചുറ്റളവിൽ ലഭ്യമാണ്. 1995-96ൽ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 108ഉം, കുട്ടികളുടെ എണ്ണം 667-ഉം, വിറ്റാമിൻ A തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 392ഉം ആണ്. പഞ്ചായത്തിലെ പ്രസവങ്ങളെല്ലാംതന്നെ ആശുപത്രികളിലാണ് നടക്കുന്നത്. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനും, ഉപകേന്ദ്രത്തിനും ആയുർവേദ ആശുപത്രിക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. ആരോഗ്യരംഗത്ത് അൽപം മുൻപന്തിയിൽ ആണെങ്കിലും ജനസംഖ്യാ ആനുപാതികമായി കൂടുതൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ചിറ്റിലപ്പിള്ളി പടിഞ്ഞാറ്, ചൂരക്കാട്ടുകര, പുഴയ്ക്കൽ എന്നിവിടങ്ങളിലായി കുറഞ്ഞത് മൂന്നു ഉപകേന്ദ്രമെങ്കിലും ഉണ്ടാവേണ്ടതുണ്ട്. ഇവിടെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഭൗതിക സാഹചര്യങ്ങൾ ഇപ്പോൾ നിലവിൽ ഉണ്ട്. പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രം സംസ്ഥാനത്തിലെ മറ്റു കേന്ദ്രങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കാണാം. പക്ഷെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഈ ആരോഗ്യ കേന്ദ്രത്തെ ഉപയോഗപ്പെടുത്തുന്നില്ല. പലരും പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളെയോ, നഗരത്തിലെ ആശുപത്രികളെയോ ആണ് ആശ്രയിക്കുന്നത്. ഇതിനുള്ള കാരണങ്ങളെ കുറിച്ച് പരിശോധിച്ചാൽ ആരോഗ്യ കേന്ദ്രത്തിന്റെ പോരായ്മകളെ കുറിച്ച് മനസ്സിലാക്കാം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കിടത്തി ചികിത്സിക്കാനുള്ള വാർഡിനുള്ള കെട്ടിടമുണ്ടെങ്കിലും മറ്റു പശ്ചാത്തല സൗകര്യങ്ങളും, മുഴുവൻ സമയ സ്റ്റാഫിന്റെയും അഭാവമുണ്ട്. ലാബറട്ടറിയോ, ബ്ലഡ്ബാങ്കോ ആവശ്യത്തിനുള്ള മരുന്നുകളോ ഇല്ല. മരുന്നുകൾ ഭൂരിഭാഗവും പുറത്തുനിന്നാണ് വാങ്ങേണ്ടി വരുന്നത്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പ്രവർത്തകർ പലപ്പോഴും ഗൃഹസന്ദർശനം നടത്താറുണ്ട്. മഹിളാ സമാജങ്ങൾ, സ്കൂളുകൾ, നഴ്സറി സ്ക്കൂളുകൾ എന്നിവിടങ്ങളിൽ ആരോഗ്യക്ലാസ്സുകൾ നടത്താറുണ്ട്. പഞ്ചായത്തിലെ രൂക്ഷമായ പകർച്ചവ്യാധികളോ, ഗുരുതരമായ പോഷകആഹാരകുറവ് അനുഭവപ്പെടുന്ന മേഖലകളോ ഇല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ ഏകദേശരൂപം അവരുടെ സ്ഥിതിവിവരക്കണക്കിൽ നിന്നും മനസ്സിലാക്കാം.

ജലജന്യരോഗങ്ങളാണ് പ്രധാനമായും പഞ്ചായത്തിൽ കണ്ടുവരുന്ന പകർച്ചവ്യാധി. ചെങ്കണ്ണും ചില കാലങ്ങളിൽ നാട്ടിലാകെ പടരാറുണ്ട്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ കുറവാണ്. പരിസ്ഥിതി മലിനീകരമാണ് മറ്റൊരു പ്രശ്നം. കുഴി കക്കൂസുകൾ നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ട്. മുതുവറ, അടാട്ട്, അമലനഗർ എന്നീ പ്രധാന സെന്ററുകളും, പുഴയ്ക്കൽ പാടവും വളരെയധികം മലിനീകരണമുള്ള സ്ഥലങ്ങളാണ്. കടകളിൽ നിന്നും ഹോട്ടലുകളിൽ നിന്നം വരുന്ന മലിന വസ്തുക്കളും മലിനജലവും ഉടൻ തന്നെ നീക്കം ചെയ്യേണ്ട സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തിൽ പൊതുമാർക്കറ്റ് ഇല്ലാത്തതിനാൽ വഴിയോരങ്ങളിൽ മത്സ്യമാംസാദികൾ വില്പന നടത്തുന്നതിന്റെ ഭാഗമായി ശുചിത്വില്ലായ്മയും, അത മൂലമുണ്ടാകുന്ന രോഗങ്ങളും ഉണ്ടാകുന്നുണ്ട്. ഇതിന് പ്രതിവിധി കണ്ടെത്തേണ്ട

തുണ്ട്. പല വീടുകളിലും ഇപ്പോഴും കക്കൂസുകൾ ഉണ്ടായിട്ടില്ല. ഇതു പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിൽ ഏകദേശം 62% പേർക്കും സ്വന്തമായി ശുചിത്വമുള്ള കക്കൂസുകൾ ഉണ്ട്. ബാക്കി മുഴുവൻ പേർക്കും കക്കൂസുകൾ ഉണ്ടാക്കേണ്ടതുണ്ട്.

ആയുർവേദവും അലോപ്പതിയും തികച്ചും വ്യത്യസ്തമായ ചികിത്സാ രീതികളാണ്. ചില അസുഖങ്ങൾക്ക് ആയുർവേദവും ചില അസുഖങ്ങൾക്ക് അലോപ്പതിയും കൂടുതൽ ഗുണം ചെയ്യുന്നുണ്ട്. ഒരു രോഗി ഏതു ചികിത്സാസമ്പ്രദായം സ്വീകരിക്കണമെന്ന് ഉപദ്ദേശിക്കൻ കഴിയുള്ളവർ ഇന്ന് നാട്ടിലില്ല. രോഗി ഏതെങ്കിലും ഒരു ഡോക്ടറോട് ഉപദേശം തേടിയാൽ സ്വന്തം ചികിത്സാ സമ്പ്രദായം രോഗിയുടെ മേൽ അടിച്ചേല്പിക്കാനാണ് ഡോക്ടർ ശ്രമിക്കുക. രണ്ടു ചികിത്സാസമ്പ്രദായങ്ങളിലും അറിവുള്ളവരെ ഇന്ന് നാടിന് ആവശ്യമുണ്ട്. അതിനായി ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ വേണ്ട എല്ലാ സൗകര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്. ബാച്ചിലർ ഓഫ് മെഡിസിൻ, സർജറി ആന്റ് ആയുർവേദ (Bachiler of Medicine, Surgery and Ayurveda) ആയിരിക്കണം ബിരുദം. അമല ആയുർവേദ ആശുപത്രി, അമല കാൻസർ റിസർച്ച് സെന്റർ, സംസ്കൃതത്തേയും, ആയുർവേദത്തെയും പ്രോത്സാഹിപ്പിക്കാൻ താല്പര്യമുള്ള ശ്രീരാമകൃഷ്ണാശ്രമം, സാമ്പത്തികമായി സഹായിക്കാൻ കഴിയുന്ന അടാട്ട് ഫാർമേഴ്സ് ബാങ്ക്, സംസ്ഥാന ഗവർമെന്റ്, പൊതുജനങ്ങൾ ഇവയുടെ സംയുക്ത നേതൃത്വത്തിലായിരിക്കണം, മെഡിക്കൽ കോളേജ്. ആദ്യത്തെ നാലു സ്ഥാപനങ്ങൾക്കും ഇതിനാവശ്യമായ സ്ഥലം കൈവശമുണ്ട്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള വാർഡ് പണിതിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല
3. ജനസംഖ്യാനുപാതികമായി അർഹമായ എണ്ണം ഉപകേന്ദ്രങ്ങൾ അനുവദിക്കപ്പെട്ടിട്ടില്ല
4. പഞ്ചായത്തിലെ മഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല
5. സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ സ്ഥലമില്ലാത്ത വീടുകളുള്ള പ്രദേശങ്ങളിൽ പൊതു കക്കൂസ് നിർമ്മിക്കേണ്ടതുണ്ട്.
6. പഞ്ചായത്തിലെ പ്രധാന സെന്ററുകളിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്.
7. ഉപകേന്ദ്രങ്ങൾ, മഹിളാസമാജങ്ങൾ എന്നിവ വഴി പോഷകാഹാരം വിതരണം നടത്തേണ്ടതാണ്.
8. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആധുനിക ഉപകരണങ്ങളും, മരുന്നുകളും ലഭ്യമാക്കേണ്ടതുണ്ട്.
9. ആരോഗ്യകേന്ദ്രത്തിലേക്കുള്ള റോഡുകൾ ടാർ ചെയ്യേണ്ടതും മാർഗ്ഗനിർദ്ദേശക ബോർഡുകൾ ചെയ്യേണ്ടതുമാണ്.
10. ശുദ്ധമായ കുടിവെള്ളം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കേണ്ടതും, പഞ്ചായത്തു കിണറുകളും കുളങ്ങളും കാനകളും ശുദ്ധീകരിക്കേണ്ടതുമാണ്.
11. കൊതുകു നശീകരണത്തിന്റെ ഭാഗമായി വെള്ളക്കെട്ടുകൾ നീക്കം ചെയ്യേണ്ടതുണ്ട്.
12. മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതിന് റോഡുകളിൽ വേസ്റ്റ് ബിന്നുകളും, ശുചീകരണ പ്രവർത്തനത്തിനു മാത്രമായ പഞ്ചായത്തിനു ജീവനക്കാരും ഉണ്ടാകേണ്ടതുണ്ട്.
13. പഞ്ചായത്ത് അതിർത്തിയായ പുഴയ്ക്കൽ പാടത്ത് മറ്റു സ്ഥലങ്ങളിൽ നിന്ന് മലിന വസ്തുക്കൾ കൊണ്ട് വന്നിടുന്നത് തടയേണ്ടതായിട്ടുണ്ട്.
14. പുഴയ്ക്കൽ പാടത്ത് തീർത്ഥാടകരുടെ മല വിസർജ്ജനം വളരെയധികം മലനീകരണം ഉണ്ടാകുന്നുണ്ട്. ഇതിനൊരു പോംവഴി കണ്ടെത്തേണ്ടതുണ്ട്.
15. പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കേണ്ടതുണ്ട്.
16. ആരോഗ്യകേന്ദ്രത്തിനും ആയുർവ്വേദ ആശുപത്രിക്കും മതിൽകെട്ടുകയും, സ്റ്റാഫ്കാർട്ടേഴ്സ് നിർമ്മിക്കുകയും, കൂടുതൽ സ്റ്റാഫിനെ നയമിക്കുകയും വേണം.
17. പഞ്ചായത്ത് ശ്മശാനത്തിലേക്ക് റോഡ്, വൈദ്യുതി എന്നിവ ഉടനെ എത്തിക്കേണ്ടതുണ്ട്.
18. മൃതദേഹം കുഴിച്ചു മൂടുമ്പോൾ അടാട്ട് കുന്നിന്റെ ചെരുവിൽ സ്ഥിതി ചെയ്യുന്ന പൊ

തു ശ്മശാനത്തിന്റെ തൊട്ടടുത്ത പ്രദേശങ്ങളിൽ താമസിക്കുന്ന വീട്ടുകാരുടെ കിണറുകളിൽ വർഷക്കാലത്ത് ശവകോട്ടയിൽ നിന്നും നീരുറവയുണ്ടാകുകയും, കുടിവെള്ളം ഉപയോഗശൂന്യമാകുകയും ചെയ്യുന്നു. ഇത് തടയുന്നതിനുവേണ്ടി മൃതദേഹങ്ങൾ കരിച്ചുകളയുന്നതിനുവേണ്ടി വൈദ്യുത ശ്മശാനമാക്കി മാറ്റണ്ടതുണ്ട്.

19. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു ബ്ലഡ്ബാങ്ക്, ലാബോറട്ടറി എന്നിവ സ്ഥാപിക്കേണ്ടതുണ്ട്.

20. ആരോഗ്യകേന്ദ്രത്തിന് ഒരു ആബുലൻസ് സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

21. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരുടെയും സേവനം സാധാരണ ജനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും വേണം.

22. പഞ്ചായത്തിൽ ഫുഡ് ഇൻസ്പെക്ടറുടെ സേവനം ഉറപ്പുവരുത്തുക

23. താഴെകൊടുക്കുന്ന പദ്ധതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും സാധാരണ ജനങ്ങളുടെ ഇടയിൽ ഇതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, ആരോഗ്യവിദ്യാഭ്യാസം നൽകുകയും ചെയ്യുക.

(1) സംയോജിത മാതൃ ശിശു സംരക്ഷണ പദ്ധതി

(2) ദേശീയ കുഷ്ഠ രോഗ നിർമ്മാർജ്ജന പദ്ധതി

(3) ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി

(4) ത്വക്ക്രോഗ നിർമ്മാർജ്ജന പദ്ധതി

(5) ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

(6) മലമ്പനി നിർമ്മാർജ്ജന പദ്ധതി

(7) പോഷകാഹാര പദ്ധതി

(8) കണ്ണു രോഗനിർമ്മാർജ്ജന പദ്ധതി

പൊതുടാപ്പുകൾ	107
പൊതുകുഴൽ കിണർ	18
പൊതുകിണർ	35
കുളിക്കടവുകൾ	1
ശ്മശാനം	1

ആശുപത്രികൾ

	ആശുപത്രിയുടെ പേര്	ഉടമസ്ഥത	ചികിത്സാ വിഭാഗം	ജീവനക്കാരുടെ എണ്ണം
1	ശ്രീരാമകൃഷ്ണ മഠം ഹോസ്പിറ്റൽ	സ്വകാര്യം	അലോപ്പതി	5
2	അമല കാൻസർ ഹോസ്പിറ്റൽ	സ്വകാര്യം	അലോപ്പതി ആയുർവേദം ഹോമിയോ	189 25 3
3	പ്രാഥമിക ആരോഗ്യ കേന്ദ്രം, അടാട്ട്	സർക്കാർ	അലോപ്പതി	15
4	ഗവ. ആയുർവേദ ഡിസ്പെൻസറി	സർക്കാർ	ആയുർവേദം	2

പകർച്ചവ്യാധികൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ	ആകെ
1993-94	232	25	62	7053	7372
1994-95	2822	38	64	8574	8958
1995-96	296	16	74	8687	9073

പരിസര ശുചിത്വം

നമ്മുടെ നാട്ടിൽ പടരാൻ സാദ്ധ്യതയുള്ള പല സാംക്രമിക രോഗങ്ങൾക്കും നിദാനം ശുചിത്വമില്ലായ്മയാണ്. അനാരോഗ്യകരമായ ചുറ്റുപാടുകളേയും വസ്തുക്കളേയും രീതികളെയും തടയുവാനും ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയെയാണ് സാമാന്യമായി ശുചിത്വം കൊണ്ടുദ്ദേശിക്കുന്നത്. ഈ പ്രദേശത്ത് ഇന്നു കാണുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ജലസംബന്ധിയായ കാരണങ്ങളാൽ ഉണ്ടാകുന്നവയാണ്. ഇതു പരിഹരിക്കണമെങ്കിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയും പരിസര ശുചിത്വവും ഉറപ്പാക്കേണ്ടതുണ്ട്.

വ്യവസായത്തിലെ മാലിന്യങ്ങൾ, പാഴ്വസ്തുക്കൾ, രാസവളങ്ങളുടേയും, കീടനാശിനികളുടേയും ഉപയോഗം മനുഷ്യരുടേയും, മൃഗങ്ങളുടേയും, വിസർജ്ജ്യങ്ങൾ, ചപ്പുചവറുകൾ, ഗാർഹിക മാലിന്യങ്ങൾ തുടങ്ങിയവയാണ് ജലമലിനീകരണത്തിന്റെ പ്രധാനകാരണങ്ങൾ. ഇത്തരം മലിനീകരണങ്ങൾ കൊതുകും മറ്റുരോഗാണുക്കളും പെരുകുന്നതിന് കാരണമാകും. ചപ്പുചവറുകളും, ഗാർഹിക മാലിന്യങ്ങളും, ജീവികളുടെ വിസർജ്ജ്യങ്ങളും കംബോസ്റ്റുവളമാക്കുകയും ഉപയോഗശൂന്യമായതിനെ സംസ്കരിക്കുകയും ചെയ്യുക. ഇലട്രോണിക്സ്, എഞ്ചിനീയറിംങ് തുടിങ്ങിയ മേഖലയിലെ വ്യവസായങ്ങൾ കാര്യമായ മാലിന്യങ്ങൾ ഉണ്ടാക്കുന്നില്ല. മാലിന്യങ്ങളെ ഒരു പരിധി വരെ തടയാൻ വൃക്ഷലതാദികൾ സഹായിക്കുന്നു. കിണറിന്റേയും വീടിന്റേയും പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും മലിനജലവും ആഹാര അവശിഷ്ടങ്ങളും പാഴ്വസ്തുക്കളും നിർമാജ്ജനം ചെയ്യുക, കാലികളേയും അവയടെ സങ്കേതങ്ങളേയും വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയവയിലൂടെ പ്രാഥമിക തലത്തിലുള്ള ശുചിത്വം സാദ്ധ്യമാകുന്നതാണ്.

പ്രശ്നങ്ങൾ :-

1. തുറസ്സായ സ്ഥലങ്ങളിലുള്ള മലമൂത്രവിസർജ്ജനം പരിസരശുചിത്വത്തെ ബാധിക്കുന്നു.
2. മഴക്കാലത്ത് അടുത്തുള്ള കിണറുകളിലും കുളങ്ങളിലും എത്തുന്ന മലിനജലം ഉപയോഗിക്കുന്ന ജനങ്ങളുടെ ആരോഗ്യത്തെ അത് പ്രതികൂലമായി ബാധിക്കുന്നു.
3. ശരിയായ വിധത്തിലുള്ള തൊഴുത്തും, ചാണകക്കുഴിയും ഇല്ലാതെ കാലികളെ വളർത്തുന്നത് മലിനീകരണത്തിനും കൊതുകുശല്യത്തിനും കാരണമാകുന്നു.
4. കടകളിൽനിന്നും വീടുകളിൽ നിന്നും വലിച്ചെറിയുന്ന പാഴ്വസ്തുക്കൾ വഴിയരികിലെ കാനകളിൽ കെട്ടിക്കിടന്ന് മലിനജലത്തിന്റെ ഒഴുക്കിനെ തടഞ്ഞ് കൊതുകുകളേയും രോഗാണുക്കളേയും ഉൽപാദിപ്പിക്കുന്നു.
5. വഴിയരികിലെ വെയ്സ്റ്റ് ബാസ്ക്കറ്റുകൾ യഥാസമയം വൃത്തിയാക്കാത്തതുകൊണ്ട് പരിസരമലിനീകരണം ഉണ്ടാകുന്നു.
6. മോട്ടോർ വാഹനങ്ങളുടെ പുകയും, പൊടിയും വായുമലിനീകരണത്തിന് കാരണമാകുന്നു.
7. രാസവസ്തുക്കൾ അടങ്ങിയ വളവും അവശിഷ്ടങ്ങളും പരിസരമലിനീകരണം ഉണ്ടാക്കുന്നു.
8. സ്റ്റേറ്റ് ഹൈവേ കടന്നു പോകുന്ന ഭാഗത്ത് മലിനീകരണം അനുഭവപ്പെടുന്നുണ്ട്. ടൂറിസ്റ്റുകൾ അവിടെ കേന്ദ്രീകരിച്ച് പ്രാഥമികാവശ്യങ്ങൾ വഴിയരുകിൽ നിർവ്വഹിക്കുന്നതിനാൽ ആ പ്രദേശത്ത് കൂടിയുള്ള യാത്ര പോലും ബുദ്ധിമുട്ടാണ്. പരിസരമത്രയേറെ മലിനീകരിക്കപ്പെടുന്നു.
9. ആളുകൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിലെ കക്കൂസുകളുടെ അഭാവം പ്രാഥമികാവശ്യങ്ങൾക്കായി അവരെ പൊതു സ്ഥലങ്ങളിലെത്തിക്കുന്നു. ഇതു പല രോഗങ്ങൾക്കും കാരണമാകുന്നു.
10. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുള്ള റോഡരികിൽ വെച്ചുള്ള മത്സ്യ – മാംസ വില്പന പരിസരശുചിത്വത്തെ പ്രതികൂലമായി ബാധിക്കുന്നു.

പരിഹാരങ്ങൾ (സാധ്യതകൾ)

1. വീടുകളിൽ ശാസ്ത്രീയമായ രീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കാൻ പഞ്ചായത്തിൽനിന്നും സഹായം നല്കുക. പരിസര ശുചിത്വത്തെപ്പറ്റി ബോധവൽക്കരണം നടത്തുക

2. എല്ലാ വീടുകളിലും കിണറുകൾക്ക് ചുറ്റുമതിൽ കെട്ടാൻ ഏർപ്പാടു ചെയ്യുക

3. കാലി വളർത്തലിനെക്കുറിച്ചും പരിസരശുചിത്വത്തെക്കുറിച്ചും ആരോഗ്യപരമായ ചുറ്റുപാടുകളെക്കുറിച്ചും ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

4. വർഷക്കാലങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും കാനകൾ വൃത്തിയാക്കാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുക.

5. ഗ്രാമത്തിൽ 10 വീടുകൾക്ക് ഒന്നുവീതം കോൺക്രീറ്റ് ബോക്സ് വെയ്ക്കുകയും ആഴ്ചയിലൊരിക്കലെങ്കിലും അത് വൃത്തിയക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

6. അനിയന്ത്രിതമായ വാഹന പെരുപ്പവും ഉപയോഗവും നിയന്ത്രിക്കുകയും ചെയ്യുക.

7. റോഡുകൾ യഥാസമയം റിപ്പയർ ചെയ്ത് സംരക്ഷിക്കുക.

8. തുറന്ന വാഹനങ്ങളിൽ പൊടിയടങ്ങിയ വസ്തുക്കൾ കൊണ്ടുപോകുന്നതിനെ തടയുക.

9. കൃഷിയിടങ്ങളും കുടിവെള്ളവും പരസ്പരം ബന്ധപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക. രാസവസ്തുക്കൾ ശ്രദ്ധയോടെ ഉപയോഗിക്കുക.

10. പുഴയ്ക്കൽ ഭാഗത്ത് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും ചാലിൽ പൊതുകുളി സ്ഥലമുണ്ടാക്കുകയും അവിടെ വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

11. ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സൗകര്യം കുറവാണെങ്കിൽ പഞ്ചായത്തിൽനിന്നും പൊതുകക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം.

    അമല ഹോസ്പിറ്റലിന്റെ പരിസരത്ത് പൊതുകക്കൂസ്സ് ആവശ്യമാണ്.

12. പൊതുവായ മത്സ്യ-മാംസമാർക്കറ്റ് ഇത്തരം പ്രദേശങ്ങളിൽ സ്ഥാപിക്കണം.

വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനും, ആഴ്ചയിലൊരിക്കലെങ്കിലും ഫിനോയിലോ, ഡെറ്റോളോ ഉപയോഗിച്ച് വൃത്തിയാക്കുന്നതിനും വീട്ടമ്മമാരെ ബോധവൽക്കരിക്കേണ്ടത് ആവശ്യമാണ്. മഹിളാസമാജം അംഗൻവാടി, തുടങ്ങിയ സന്നദ്ധസംഘടനകൾ ഇത്തരം ബോധവൽക്കരണത്തിന് തയ്യാറായി മുന്നോട്ട് വരേണ്ടതാണ്. എന്തെന്നാൽ ആരോഗ്യപരിപാലനത്തിൽ അതിപ്രധാനമായ പങ്കുവഹിക്കുന്ന ഒരു ഘടകമാണ് പരിസര ശുചിത്വം.

5 ⑦ ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

അടാട്ട് ഗ്രാമപഞ്ചായതതിലെ ഇപ്പോൾ നിലവിലുള്ള 10 വാർഡുകളിലെ മൊത്തം വീടുകളുടെ എണ്ണം 6693 എന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ വീടുപണി പൂർത്തീകരിച്ച് നമ്പർ ഇടാത്തതും പുതിയതായി ഒരു ഭാഗം മാത്രം താമസയോഗ്യമാക്കി താമസിക്കുന്നതും പണി തുടർന്നു കൊണ്ടിരിക്കുന്നതുമായ വീടുകളും ഈ റിപ്പോർട്ടിൽ ചേർക്കേണ്ടതാണ്. ഏകദേശം പത്ത് വർഷം പുറകോട്ട് ചിന്തിച്ചാൽ ഇവിടത്തെ സ്ഥലവാസികൾ ഭൂരിഭാഗവും കർഷക തൊഴിലാളികളും, കർഷകരും ആയിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയിൽ വളരെ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഈ വ്യത്യാസം കൂടുതലായി സംഭവിച്ചിട്ടുള്ളത് ഗുരുവായൂർ കേന്ദ്രീയ സംസ്കൃത വിദ്യാപീഠം, സെൻട്രൽ സ്കൂൾ, അമല കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീ ശാരദാ, ശ്രീരാമ കൃഷ്ണ എന്നീ ഹൈസ്ക്കൂളുകൾ ഇവയെ ആശ്രയിച്ചാണ്.

ഇപ്പോഴത്തെ സ്ഥിതി വിവരകണക്ക് അനുസരിച്ച് ഒന്നിൽ കൂടുതൽ നിലകൾ ഉള്ള 903 വീടുകളും കോൺക്രീറ്റ് വീടുകൾ 2208, ഓടിട്ട മേൽക്കൂര ഉള്ള വീടുകൾ 3628 എണ്ണവും ഓലമേഞ്ഞ 418 വീടുകളും മറ്റുള്ളവ 235 എണ്ണവുമാണെന്ന് കണക്കാക്കിയിരിക്കുന്നു ഈ കണക്കുകളിൽ നിന്നു തന്നെ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നിലവാരം ചിന്തിക്കാവുന്നതാണ്. കോൺക്രീറ്റ് കെട്ടിടങ്ങൾ ഭൂരിഭാഗവും ഉദ്യോഗസ്ഥവിഭാഗത്തിൽ പെട്ടവരുടെ ആണ്. നല്ല സാമ്പത്തിക ഭദ്രതയുള്ള കൃഷിക്കാർ, കച്ചവടക്കാർ, ഭൂഉടമകൾ, വാസ്തുശില്പസൗന്ദര്യബോധം വിളിച്ചോതുന്ന അതിമനോഹരമായ ഒന്നും, അതിലധികവും നിലകൾ ഉള്ള വീടുകളും കാണാൻ സാധിക്കുന്നു. മറ്റ് സ്ഥലങ്ങളിൽ നിന്നും ഇവിടെ വന്ന് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നവർ അഞ്ച് സെന്റ് സ്ഥലവും അതിലൊരു കെട്ടിടവും എന്ന രീതിയിൽ കാണാൻ സാധിക്കുന്നു. ഇതിനെല്ലാം പുറമേ ഗൾഫ് കുടുംബങ്ങളും ഇവിടെ നന്നേ കുറവല്ല. ഗൾഫ് കുടുംബങ്ങളുടെ വീടുകളിൽ ചിലത് കാഴ്ചയിൽ വളരെ വലിയതും, സൗകര്യമുള്ളതും ആയി കാണുന്നു. പലപ്പോഴും ചില വീടുകൾ കാണുമ്പോൾ ഇത്രയും വലിയ ഒരു വീട്, അതും രണ്ടോ, മൂന്നോ അംഗങ്ങൾ ഉള്ള ഒരു ചെറിയ കുടുംബത്തിന് വേണമായിരുന്നുനോ? എന്നു പോലും ചിന്തിച്ചുപോകുന്നു. പണത്തിന്റെയും അദ്ധ്വാനത്തിന്റെയും മഹത്വമറിയാതെ സ്വയം മറന്ന് കൊണ്ട് മണിമന്ദിരങ്ങൾ പണിയാൻ തറപണി നടത്തുകയും എവിടെയും എത്താതെ നിരാശരായി ഗൾഫിൽ നിന്ന് മടങ്ങി വന്നവരും ഇല്ലാതില്ല. അവർ ഈ കാര്യത്തിൽ കുറ്റക്കാരെല്ലെന്ന് വേണം പറയുവാൻ.

കെട്ടിട നിർമ്മാണ സാമഗ്രികളിലെ ചെങ്കല്ല് കൂടാതെ മറ്റൊന്നും ഇവിടെ കാര്യമായി ലഭിക്കുന്നില്ല. കുറച്ച് കാലം മുമ്പ് വരെ കട്ടിള, ജനൽ തുടങ്ങിയവയ്ക്ക് ഉള്ള മരം സുലഭമായിരുന്നു. ഇന്ന് അതെല്ലാം പുറമെനിന്ന് വാങ്ങിക്കേണ്ടി വരുന്നു. തന്നെയുമല്ല നിർമ്മാണ സാമഗ്രികൾക്ക് ക്രമാതീതമായി അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റവും ലഭ്യത കുറവും നിർമ്മാതാവിനെ വളരെയേറെ നിരാശപ്പെടുത്തുന്നു. ഇക്കാരണങ്ങളാൽ നിർമ്മാണം തുടരുവാൻ സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനേക്കാൾ ഏറെ വിഷമകരമായ വസ്തുത വിദഗ്ധരായ നിർമ്മാണ തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല എന്നതും ഇടവിട്ട് വർദ്ധിച്ചു വരുന്ന കൂലി കൂടുതലും ആണ്. ഇതിനാൽ പലപ്പോഴും വീടും, സ്ഥലവും റെഡിമെയ്ഡ് ആയി വാങ്ങാമെന്ന് ചിന്തിക്കേണ്ടിവരുന്നു. ഇവിടെ സ്വന്തം അധ്വാനത്തിനും, പങ്കാളിത്തതിനും, താല്പര്യത്തിനും പ്രസക്തിയില്ലാതാകുന്നു.

പഞ്ചായത്തിന്റെ സ്ഥിതിവിവരകണക്കുകളിൽ തന്നെ പട്ടികജാതി, പട്ടികജനവിഭാഗങ്ങളുടെ അംഗീകൃത കോളനികൾ പതിമ്മൂന്നെണ്ണം ഉണ്ട്. മിച്ചഭൂമി, അഞ്ച് സെന്റ്, നാല് സെന്റ് എന്നീ സെന്റിൽ മെന്റ് കോളനികൾ എട്ടെണ്ണവും ഉള്ളതായി കണക്കാക്കുന്നു. ഇതെല്ലാം കൂടി 323 വീടുകൾ നിലവിൽ ഉണ്ട്. പാവപ്പെട്ടവരും, കർഷക തൊഴിലാളികളും മറ്റ് കൂലിവേല ചെയ്ത് ഉപജീവനം കഴിക്കുന്നവരുമായ ഇവർക്ക് അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പാർപ്പിടങ്ങൾ വിരളമാണ്. ഇങ്ങിനെ ഉള്ളവരുടെ വീടുകൾ മിക്കവയും ഓടുമേഞ്ഞ മേൽക്കൂരകൾ ഉള്ളതാണ്. ഇതിൽ കുറേ വീടുകൾ ശ്രീരാമകൃഷ്ണ ആശ്രമം നിർമ്മിച്ചു കൊടുത്തതാണ്. മറ്റ് ചിലത് സർക്കാറിന്റെ ഭവന നിർമ്മാണ് പദ്ധതി മുഖേന പണിതിട്ടുള്ളതാണ്. വീടുപണിയ്ക്ക് വേണ്ടി ലോൺ എടുത്ത് അത് തിരിച്ചടയ്ക്കുവാൻ സാധിക്കാതെ നടപടികളുമായി കഷ്ടപ്പെടുന്നവരും ഈ കൂട്ടത്തിൽ ഉണ്ട്. താമ


സ്സിച്ചുവരുന്ന വീടും പറമ്പും വിറ്റ് കടം വീട്ടിയതിനുശേഷം തീരെ സൗകര്യങ്ങൾ കുറഞ്ഞ ഉൾനാടൻ ഭാഗങ്ങളിലേയ്ക്കും അതുപോലെ തന്നെ ലക്ഷംവീട്, മിച്ഭൂമി ഭാഗങ്ങളിലേയ്ക്കും മാറി പോകുന്നത് സാധാരണ സംഭവമായി കാണുന്നു. ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പാക്കിയിരുന്ന പദ്ധതികൾ അതിന്റെ അർഹിക്കുന്ന ഫലം ലഭിക്കാതെ കടന്നുപോകുന്നു. ഇതിന്റെ കാരണങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ചാൽ കഴിഞ്ഞ കാല പദ്ധതിയും അവയുടെ നടത്തിപ്പും തീർത്തും ഫലപ്രദമായിരുന്നില്ല എന്നു പറയേണ്ടി വരുന്നു. പാവപ്പെട്ട രക്ഷിതാക്കളിൽ പെൺമക്കളുടെ വിവാഹത്തിന് കടമെടുത്ത്, കിടപ്പാടം വിറ്റ് ഭവനരഹിതരായി വാടകവീടുകളിൽ കഴിച്ചുകൂടുന്നവരും ഉണ്ട്. സ്വന്തമായി സ്ഥലമില്ലാതെ സ്വന്തക്കാരുടെ വീടുകളിൽ കഴിയുന്നവരും ഇല്ലാതില്ല. ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം സ്വന്തമായ സ്ഥലവും പാർപ്പിടവും തന്നെ. ഇതിനെല്ലാം പുറമേ കൊല്ലങ്ങളായി പുറംമ്പോക്ക് ഭൂമികളിൽ സ്ഥിരമായി താമസ്സിക്കുകയും ഭൂമിയേ സംബന്ധിക്കുന്ന യാതൊരു രേഖകളും ഇല്ലാതിരിക്കുകയും ആയതിനുവേണ്ടി ഓഫീസിന്റെയും ഏജൻസികളുടെയും പടിവാതിലുകൾ കയറിയിറങ്ങി നിരാശരായവരും ഉണ്ട്.

ഈ രംഗത്ത് 1970–75 കാലഘട്ടത്തിൽ സർക്കാർ നടപ്പിലാക്കിയ ലക്ഷംവീട് പദ്ധതി വിപ്ലവകരമായ ഒരു കാൽ വെയ്പായിരുന്നു. എന്നാൽ പിൻകാലങ്ങളിൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ നിലനിറുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. ഇതിന് ഒരു ശാശ്വത പരിഹാരം കാണേണ്ടതാണ്. സ്ഥിരമായ കോളനി പ്രദേശങ്ങളിലും സെറ്റിൽമെന്റ് കോളനികളിലും എല്ലാ വിഭാഗം ജനങ്ങളും സഹകരിച്ച് സന്തോഷത്തോടെ താമസ്സിക്കുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ അനുവദിച്ചതിലും, അതിന്റെ രൂപകല്പനയിലും അടിസ്ഥാനകാര്യങ്ങളിൽ പോലും സർക്കാരുകൾക്ക് ദീർഘവീക്ഷണം ഇല്ലായ്മയോ, പദ്ധതി നടത്തിപ്പിൽ അപാകതയോ സംഭവിച്ചിട്ടുണ്ട്. മാത്രവുമല്ല ഇന്ന് പട്ടിക ജാതി പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ ഭൂമി അന്യാധീനപ്പെട്ട് കൊണ്ടിരിക്കുകയും ചെയ്യുന്നു. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഒട്ടനവധി പ്രശ്നങ്ങളിൽ ഭൂരഹിതർക്ക് കുടികിടപ്പ് നിയമത്തിന്റെ പേരിൽ സ്വന്തമായി പത്ത് സെന്റ് സ്ഥലം മുൻകാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള ഭൂമിയുടെ ഇന്നത്തെ അവസ്ഥവെച്ച് നീക്കി വെയ്ക്കുവാൻ ഭൂമി ഇല്ല എന്ന വസ്തുത വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷമമാണ്. ഭവനനിർമ്മാണ വിഷയം സമഗ്രമായി ചിന്തിച്ചാൽ സാമൂഹ്യ സാമ്പത്തിക, സാംസ്ക്കാരിക തലങ്ങളെ കോർത്തിണക്കികൊണ്ടും കഴിഞ്ഞ കാലങ്ങളിലെ പാഠങ്ങൾ ഉൾകൊണ്ടും പൂർണ്ണമായും കുറ്റമറ്റതാക്കാൻ ഒമ്പതാം പഞ്ചവത്സര പദ്ധതി നടത്തിപ്പിലേയ്ക്ക് ചില നിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർത്തു കൊള്ളട്ടെ.

നിർദ്ദേശങ്ങൾ

1. സാമ്പത്തികമായ പരാധീനത ഉള്ളവർക്ക് പഴയവീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക
2. ലക്ഷം വീടുകളിൽ താമസ്സിക്കുന്നവർക്ക് അറ്റകുറ്റപണികൾക്ക് സഹായം അനുവദിക്കുക
3. നിലവിൽ ഉള്ള കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾക്കായി പ്രത്യേകം ശ്രദ്ധ നൽക്കുകയും, പുതിയതായി കോളനി അംഗീകരിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽക്കുകയും ചെയ്യുക.
4. വീട് കൊള്ളയടിച്ച് നാശനഷ്ടങ്ങൾ വരുത്തൽ, കത്തിനശിക്കൽ, പ്രകൃതിക്ഷോഭം ഇത്തരം സംഗതികൾ വസ്തു നിഷ്ഠമായി പരിശോധിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും മറ്റ് സഹായങ്ങൾ ചെയ്യുന്നതിനും ഒരു പൊതുജന സമിതി രൂപീകരിക്കുക.
5. ഭവനനിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലക്ക് ലഭ്യമാക്കുന്നതിനും തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നല്കുന്നതിനും സംവിധാനം ഉണ്ടാക്കുക.
6. ചിലവ് കുറഞ്ഞതും, ഈടുറ്റതും, സൗകര്യപ്രദവുമായ വീട് നിർമ്മാണത്തിന് ജനങ്ങളെ ബോധവൽക്കരിക്കുക.
7. ഭവന നിർമ്മാണ വായ്പാ തുക കാലോചിതമായി ഉയർത്തുക
8. പുനരധിവാസപ്രക്രിയയിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപികരിക്കുകയും സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് പഞ്ചായത്ത് തലത്തിൽ ഫ്ളാറ്റുകൾ നിർമ്മിക്കുകയും ചെയ്യുക.
9. ഭൂപരിധി നിയമങ്ങൾ പുനപരിശോധിച്ച്, പരിധി ചുരുക്കി നിശ്ചയിക്കുക.
10. മിച്ച ഭൂമി പതിച്ചു നൽകിയതിലെ അപാകതകൾ പരിഹരിക്കുകയും, അനുവദിച്ച ഭൂമിയിൽ താമസ്സക്കാരില്ലെങ്കിൽ തിരിച്ചെടുക്കുകയും ചെയ്യുക.
11. ചേരി പ്രദേശങ്ങളിലേയും, പുറംമ്പോക്ക് ഭൂമികളിലേയും താമസ്സക്കാർക്ക് പട്ടയം നൽകുക.

വാർഡ് നമ്പർ	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം				
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	571	47	173	300	36	15
II	741	23	204	398	91	25
III	607	54	201	273	59	20
IV	1072	172	229	430	68	73
V	798	112	212	431	28	15
VI	544	93	114	299	8	30
VII	670	86	213	337	24	10
VIII	638	47	234	327	20	10
IX	807	123	244	405	18	17
X	934	146	284	428	56	20
ആകെ	7382	903	2208	3628	408	235



പഞ്ചായത്തിന്റെ മൊത്തം കെട്ടിടങ്ങളിലുണ്ടായ വർദ്ധന

സാമൂഹ്യക്ഷേമം

ഏതൊരു പ്രദേശത്തിന്റെയും സാമൂഹ്യോന്നമനത്തിനുവേണ്ടി വികസന പ്രവർത്തനങ്ങളിൽ നേരിടേണ്ടിവരുന്ന പ്രധാന വെല്ലുവിളിയാണ് ദാരിദ്ര്യം. നമ്മുടെ പഞ്ചായത്തിൽ 5925 കുടുംബങ്ങളിൽ 1859 കുടുംബങ്ങൾ ദുർബല വിഭാഗങ്ങളാണ്. ഇതിൽ 449 കുടുംബങ്ങൾ പട്ടികജാതി വിഭാഗങ്ങളിലും 1410 കുടുംബങ്ങൾ മറ്റു വിഭാഗങ്ങളുമാണ്. 1345 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു വളരെ താഴെയുള്ളവരാണ്. സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടുപോകുന്ന അവസ്ഥാവിശേഷം ഇവരിൽ കൂടുതലായും കണ്ടുവരുന്നു. ദാരിദ്ര്യം മൂലം രോഗാതുരത കൂടുകയും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലേക്ക് പോകുകയും ചെയ്യുന്നു. കുടുംബപരമായ ശൈഥില്യം ഇവരിൽ കൂടുതലായി കണ്ടുവരുന്നു.

ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ പദ്ധതിക്കാലത്ത് 227 വീടുകൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 107 വീടുകൾ പട്ടികജാതിയിൽപ്പെട്ടവരുടെതാണ്. സാമ്പത്തിക സഹായ പദ്ധതികളുടെ ഫലമായി 83 വീടുകൾ ദാരിദ്ര്യ രേഖയ്ക്ക് മുകളിലായിട്ടുണ്ട്. എന്നിരുന്നാലും ഈ പദ്ധതികൾ ഇനിയും കൂടുതലായി ജനങ്ങളിലേക്ക് എത്തിപ്പെടേണ്ടതുണ്ട്.

ട്രൈസം പദ്ധതിയനുസരിച്ച് ബുക്ക് ബൈന്റിംഗ്, ടി.വി. റിപ്പയറിംഗ്, വാച്ച് റിപ്പയറിംഗ് തുടങ്ങീ വിഭാഗങ്ങളിൽ നിരവധി പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പരിശീലനം ലഭിച്ചവർ എല്ലാവരും തന്നെ സ്വയം തൊഴിൽ കണ്ടെത്തിയവരോ മറ്റു തൊഴിൽ ശാലകളിൽ പണിയെടുക്കുന്നവരോ ആണ്. DWCRA പ്രകാരം രണ്ട് തൊഴിൽ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇവ രണ്ടും വളരെ വിജയകരമായി നടന്നുവരുന്നു. RAP പദ്ധതി പ്രകാരം നിരവധി കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും നിരവധി കുടുംബങ്ങൾക്ക് ഇത്തരം സഹായങ്ങൾ ലഭിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുതകുന്നതും യഥാർത്ഥ വികസനത്തിന്റെ ഭാഗമായ ഭക്ഷണം, കുടിവെള്ളം ആരോഗ്യം, തൊഴിൽ എന്നിവയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായ പ്രവർത്തനം ഇന്ന് നമുക്ക് ആവശ്യമാണ്. ഇതിനായി ദാരിദ്ര്യ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾക്കാണ് രൂപം നൽകേണ്ടത്. ഇത്തരം ക്ഷേമപദ്ധതികളുടെ അഭാവമാണ് മുൻകാല ആസൂത്രണങ്ങൾ പാളിപോകാൻ കാരണമായത്. ദുർബല വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ കൃഷിതൽ ഉല്പാദനത്തിനും തൊഴിലിനും സാദ്ധ്യതയുള്ള പദ്ധതികളായിരിക്കണം നമ്മളാവിഷ്കരിക്കേണ്ടത്. ക്രിയാത്മകമായ പരിപാടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് ആവശ്യമാണ്.

ദുർബല വിഭാഗക്കാരുടെ കുട്ടികളെ വിദ്യാഭ്യാസപരമായും, ആരോഗ്യപരമായും സാമൂഹ്യപരമായും ഉന്നതിയിലേക്ക് നയിക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ ഇതുവരെയും ആരംഭിച്ചിട്ടില്ല. പുഴയ്ക്കൽ ബ്ലോക്കിന്റെ കീഴിൽ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് (ICDS) സ്കീമിന്റെ പ്രൊജക്ട് ഓഫീസ് സ്ഥാപിക്കുകയും അതിന്റെ പ്രധാന ക്ഷേമപരിപാടികളിൽലൊന്നായ അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലും ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ 8 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. ഇവയിൽ കൂടിയുള്ള ആവശ്യ സാധനങ്ങളുടെ വിതരണം സാധാരണജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നുണ്ട്. എങ്കിൽകൂടിയും ഒട്ടേറെ പരാധികളും ജനങ്ങൾക്കുണ്ട്. പൊതുവിതരണം പൂർണ്ണമായും പഞ്ചായത്തിനെ ഏൽപ്പിക്കുകയാണെങ്കിൽ ഈ മേഖലയെ കുറ്റമറ്റതാക്കാൻ സാധിക്കും. പൊതുവിതരണത്തിന് 4655 ഗുണഭോക്താക്കളുണ്ട്. പൊതുവിതരണത്തിലെ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഒരു മാവേലി സ്റ്റോർ നമ്മുടെ പഞ്ചായത്തിലുണ്ട്. സഹരണബാങ്കുകൾ ഓണത്തിന് നടത്തുന്ന ചന്തകൾ എടുത്തുപറയത്തക്ക ഒന്നാണ്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി, കർഷക തൊളിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ബോധവത്ക്കരണത്തിന്റെ അഭാവം മൂലം പലരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പ്രശ്നങ്ങളും സാദ്ധ്യതകളും

1. സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത
2. ഇത്തരം പദ്ധതികൾ അർഹമായ ഗുണഭോക്താക്കൾക്ക് മുഴുവൻ ലഭിക്കുന്നില്ല.
3. ഇത്തരം പദ്ധതികളെകുറിച്ച് ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ
4. സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ചും ധനസഹായത്തെക്കുറിച്ചും പഞ്ചായത്ത് വാർഡ് തലത്തിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.
5. ICDS നു കീഴിലുള്ള അംഗൻവാടികൾ പഞ്ചായത്തിൽ സ്ഥാപിക്കുക
6. പഞ്ചായത്തിൽ നിലവിലുള്ള ബാലവാടികൾ, അംഗൻവാടികൾ എന്നിവ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് വേണ്ട സാമ്പത്തിക സഹായം നല്കുകയും പുതിയവ തുടങ്ങേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7. കുട്ടികളുടെ കലാകായിക തൊഴിൽ പരിശീലന മേഖലകളിലെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന്, ബാലഭവൻ മാതൃകയിലുള്ള സംരംഭം തുടങ്ങുവാൻ വേണ്ട നടപടികളുണ്ടാകണം.
8. ക്ഷേമ നിധികളിൽ അർഹരായ എല്ലാ തൊഴിലാളികളും അംഗത്വം എടുത്തിട്ടില്ല.
9. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുക.
10. JRY തുടങ്ങി ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ റോഡുനിർമ്മാണം തുടങ്ങി പ്രവർത്തനത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നു.
11. ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുക
12. പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കുന്ന സാമൂഹ്യാവസ്ഥ ഉണ്ടാക്കുക.
13. തൊഴിലിലായ്മ വേതനം ഗുണഭോക്താക്കൾക്ക് യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.
14. തൊഴിലിലായ്മ വേതനത്തിന് അർഹരായ പഞ്ചായത്തിലെ മുഴുവൻ യുവതിയുവാക്കളുടെ സേവനം, പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് (ഉദാ. തൊഴിൽദാനം, സർവ്വേ) നിർബന്ധമായും വിനിയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
15. പഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകൾക്ക് വേണ്ടി വിവിധ തൊഴിലുകളിൽ തൊഴിൽ പരിചയക്ലാസ്സുകൾ നടത്തുകയും, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽക്കേണ്ടതാണ്.
16. തൊഴിലിലായ്മ വേതനം ചുരുങ്ങിയത് 100 രൂപയാക്കി ഉയർത്താനും അതിന്റെ വിതരണം ഗ്രാമപഞ്ചായത്ത് മുഖേന നടത്താനും നടപടിയുണ്ടാകണം.
17. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ കലാസാംസ്കാരിക സംഘടനകളെയും പഞ്ചായത്തിൻ കീഴിൽ എകീകരിക്കാനും നടപടിയെടുക്കണം. ഈ സംഘടനകൾക്ക് വികസന പ്രവർത്തനങ്ങൾക്ക് വേണ്ടതായ ഗ്രാന്റുകൾ ലഭ്യമാക്കുക.
18. പഞ്ചായത്തിലെ കലാകായിക പ്രതിഭകളെ കണ്ടെത്തുകയും, അവരുടെ ഉപരിപഠന സൗകര്യം, ധനസഹായം എന്നിവയ്ക്ക് സൗകര്യം ചെയ്തുകൊടുക്കേണ്ടതുമാണ്.
19. വികലാംഗക്ഷേമ പ്രവർത്തനമെന്ന നിലയിൽ വികലാംഗർക്കുവേണ്ടി ഒരു സഹകരണ സംഘം സ്ഥാപിക്കുകയും അവർക്ക് തൊഴിൽ പരിശീലനം നൽകുകയും വേണം.
20. പൊതുവിതരണകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ അധീനതയിലാക്കണം.
21. പൊതുവിതരണകേന്ദ്രങ്ങളിൽ കൂടി ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുകയും അളവുതൂക്കവെട്ടിപ്പുകൾ തടയുകയും വേണം.
22. കൂടുതൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
23. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും,

കുറ്റമറ്റതാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കണം.

24. വിധവാ പെൻഷനുള്ള അർഹത കണക്കാക്കുമ്പോൾ, സാമ്പത്തിക പിന്നോക്കവസ്ഥയും, പ്രായപരിധിയും നോക്കാതെ എല്ലാ വിധവകൾക്കും പെൻഷൻ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അവരുടെ പെൺമക്കളുടെ വിവാഹ സഹായധനം വർദ്ധിപ്പിക്കേണ്ടതാണ്.

25. വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവകൾക്ക് അർഹതയുള്ള എല്ലാവർക്കും ലഭ്യമാക്കാൻ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

26. വർഷത്തിലൊരിക്കൽ, കാൻസർ, എയ്ഡ്സ്, മുതലായ രോഗങ്ങൾ നിർണ്ണയിക്കുന്നതിന് ആധുനിക സജ്ജീകരണങ്ങളോടെ ക്യാംപുകൾ നടത്തേണ്ടതാണ്.

വിതരണം ചെയ്ത പെൻഷനുകളുടെ വിവരം – 1995– 96	
വാർദ്ധ്യകാല പെൻഷൻ	37 എണ്ണം
വിധവാ പെൻഷൻ	37 എണ്ണം
വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം	12 എണ്ണം

RAP പദ്ധതി പ്രകാരം സഹായം ലഭിച്ചവരുടെ എണ്ണം

വർഷം	IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈതോഴിൽക്കാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
93–94	62	8	54
94–95	97	9	89

5 (8) സംസ്കാരം

ഓരോ ഗ്രാമത്തിന്റെയും സാംസ്കാരിക പശ്ചാത്തലം അതിന്റെ ഭൂപ്രകൃതിയിലും, നിരവധി ഐതിഹ്യങ്ങളിലും, പാരമ്പര്യങ്ങളിലും ആചാരമര്യാദകളിലും അധിഷ്ഠിതമാണ്. കേരളത്തിന് പൊതുവായ ഒരു സാംസ്കാരിക അന്തരീക്ഷം ഉണ്ടെങ്കിലും ഗ്രാമങ്ങളോരൊന്നിനും തനതായ ചില സവിശേഷതകൾ ഉണ്ട്. ഈ പഞ്ചായത്തിലെ സാംസ്കാരിക സവിശേഷതകളെ തനിമയോടെ കണ്ടെത്താനുള്ള ഒരു എളിയ ശ്രമം മാത്രമാണിത്.

മുന്നിലേറെ ഭാഗവും കോൾനിലങ്ങളാൽ വലയം ചെയ്യപ്പെട്ട ഒരു പഞ്ചായത്താണിത്. ജൂൺ മുതൽ ഡിസംബർ വരെ കോൾ നിലങ്ങളിൽ വെള്ളം കയറിക്കിടക്കുന്നതിനാൽ ഒരു ദ്വീപിന്റെ പ്രതീതിയാണ് ഈ പ്രദേശത്തിനുള്ളത്. തൃശൂർ വടക്കുന്നാഥൻ ക്ഷേത്രനിർമ്മാണത്തിനുശേഷം തിരിച്ചു പോകുമ്പോൾ ദേവന്മാർ കുട്ടയിലെ മണ്ണുതട്ടികുടഞ്ഞ സ്ഥലമാണ് വിലങ്ങൻകുന്ന് എന്നാണ് പഴമക്കാർക്കിടയിലെ ഐതിഹ്യം. ഇന്ന് കോൾ നിലങ്ങളായ സ്ഥലം പണ്ടു പണ്ട് ഗാന്ധാർ വനമായിരുന്നത്രെ. ഒരിക്കൽ വനം അഗ്നിക്കിരയാവുകയും ഒരു സർപ്പം മാത്രം രക്ഷപ്പെടുകയും അത് പുള്ളുവന്റെ കുടത്തിൽ കയറിയിരുന്നെന്നും ഒരു പഴങ്കഥയുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരായിരുന്നു. ഇന്ന് കാർഷികവൃത്തിയിൽ നിന്ന് കുറെപ്പേർ അകന്നുപോയിരിക്കുന്നു എങ്കിലും ഒരു കാർഷിക സംസ്കാരികാടിത്തറയാണ് പഞ്ചായത്തിനുള്ളത്. ജാതി അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരുന്ന തൊഴിലുകളിന്ന് ആ അതിർവരമ്പുകളെ ലംഘിച്ച് ജാതിമതഭേതമന്യേ എല്ലാവരും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസത്തിൽ ഭേതപ്പെട്ട നിലവാരം പുലർത്തുന്ന പ്രദേശമാണിത്. സംസ്കൃത ഭാഷയുടെ ശക്തി ജനങ്ങളിലേക്കെത്തിക്കാൻ ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം, കേന്ദ്രീയ സംസ്കൃതവിദ്യാപീഠം എന്നിവ വഹിക്കുന്ന പങ്ക് സ്വാഗതാർഹമാണ്.

ക്ഷേത്രങ്ങൾ

വിഖ്യാതമായ സംസ്കൃതകാവ്യമായ ചന്ദ്രോത്സവത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതും പ്രസ്തുത ചന്ദ്രോത്സവം നടന്നതുമായ ചിറ്റിലപ്പിള്ളിയിലെ പൗരാണികമായ പഴംമ്പുഴ വിഷ്ണുക്ഷേത്രം, ചെങ്കല്ലിലുള്ള വാസ്തുശില്പകലയുടെ പ്രകടോദാഹരണമായ പുറനാട്ടുകരയിലെ കീഴ്പ്പാട്ടിരി ശാസ്താ ക്ഷേത്രം, ചിറ്റിലപ്പിള്ളി ശിവക്ഷേത്രം, ആമ്പലങ്കാവ് ദേവീക്ഷേത്രം, അടാട്ട് ശിവ-വിഷ്ണു ക്ഷേത്രം, ഉടലക്കാവ് അയ്യപ്പക്ഷേത്രം, പുറനാട്ടകര വിഷ്ണു ക്ഷേത്രം, പാരിക്കാട്, സുബ്രഹ്മണ്യക്ഷേത്രം, പുത്തിശ്ശേരി ചെറുമുക്ക് ക്ഷേത്രം, മുതുവറ ശിവക്ഷേത്രം, ചൂരക്കാട്ടുകാവ്, ചൂരക്കാട്ടുകര അയ്യപ്പൻ കാവ്, ചീരക്കുഴി സുബ്രഹ്മണ്യക്ഷേത്രം, രാമഞ്ചിറ ശ്രീരാമക്ഷേത്രം, ചിറ്റിലപ്പിള്ളി ശ്രീ വാസപീഠം തുടങ്ങി ചിലതറവാട്ടുക്ഷേത്രങ്ങൾ ഉൾപ്പെടെ ഹിന്ദുക്കളുടെ ആരാധനാലയങ്ങൾ എല്ലാ പവിത്രതയോടും കൂടി സംരക്ഷിക്കപ്പെടുന്നുണ്ട്. പ്രദേശിക അതിർ വരമ്പുകളിലാതെ ഇവയിൽ പലതിലും വിപുലമായ ഉത്സവങ്ങൾ നടത്താറുണ്ട്. ആ ഉത്സവങ്ങൾ മത-ജാതി വ്യത്യാസങ്ങൾക്കതീതമായി ഗ്രാമത്തിന്റെ ഉത്സവങ്ങളായി ആഘോഷിക്കപ്പെടുന്നു.

പള്ളികൾ

പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ആമ്പക്കാട് സെന്റ് മേരീസ് ചർച്ച്, പുറനാട്ടുകര സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റിലപ്പിള്ളി സെന്റ് റീത്താസ് ചർച്ച് എന്നിവയാണ് പ്രധാന പള്ളികൾ. ഓരോ പള്ളികളുടേയും കീഴിലായി ആരാധനാസൗകര്യത്തിനായി കുരിശുപള്ളികളുമുണ്ട്. ഇവിടത്തെ തിരുനാളുകൾ നാനാജാതി മതസ്ഥരുടെ ഉത്സവങ്ങളായാണ് ആഘോഷിച്ചുവരുന്നത്.

മുസ്ലീംപള്ളികൾ

അമലനഗറിലുള്ള ഒരേയൊരു മുസ്ലീം പള്ളി മാത്രമാണ് ഇന്നു നിലവിലുള്ളത്. ഈ പഞ്ചായത്തിൽ മുസ്ലീം ജനസംഖ്യ വിരലിലെണ്ണാവാന്നതു മാത്രമായതിനാൽ മറ്റു പ്രദേശങ്ങളിൽ മുസ്ലിം ആരാധനാലയങ്ങളില്ല.

അമല ആശുപത്രിയിലെ ഹിന്ദു-മുസ്ലിം-ക്രിസ്റ്റ്യൻ ആരാധനാലയ സമുച്ചയം ഐക്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും പ്രതീകമാണ്.

വായനശാലകൾ

സംസ്കാരിക നവോത്ഥാനത്തിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ള അഞ്ചു ഗ്രാമീണ വായനശാലകൾ

ഈ പഞ്ചായത്തിലുണ്ട്. അടാട്ട്, ചിറ്റിലപ്പിള്ളി, പുറനാട്ടുകര മുതുവറ, ചൂരക്കാട്ടുകര എന്നീ പ്രദേശങ്ങളിലാണ് അവ സ്ഥിതി ചെയ്യുന്നത്.

കലാ-കായിക-സംസ്കാരിക സംഘടനകൾ

പുറനാട്ടുകര ആർട്സ് & സ്പോർട്സ് ക്ലബ്, അടാട്ട് അമ്പിളി തിയ്യറ്റേഴ്സ്, അടാട്ട് ആർട്സ് & സ്പോർട്സ് ക്ലബ് ബ്ലൂസ്റ്റാർ മരതക, പുറനാട്ടുകര, ചിറ്റിലപ്പിള്ളി കേരളാതിയ്യറ്റേഴ്സ്, ചിറ്റിലപ്പിള്ളി M.R.K.K. സ്പോർട്സ് ക്ലബ്, ചിറ്റിലപ്പിള്ളി വാസ്ക്, ചിറ്റിലപ്പിള്ളി YASC, നിരഞ്ജന ആർട്സ് & സ്പോർട്സ് ക്ലബ് പുറനാട്ടുകര, M.D.S.F. പുറനാട്ടുകര, സംഗം തിയ്യറ്റേഴ്സ് പുത്തിശ്ശേരി, മുതുവറ പുരോഗമന കലാസമിതി, യംഗ്സ്റ്റേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ് മുതുവറ, റിക്രിയേഷൻ ക്ലബ് ചൂരക്കാട്ടുകര, കേരള ഉദയകലാസമിതി, ചൂരക്കാട്ടുകര ശ്രീ ദുർഗ്ഗ കലാസമിതി, സമന്വയ ആമ്പക്കാട്, ന്യൂബ്ലോസംസ് ആർട്സ് & സ്പോർട്സ് ക്ലബ് ആമ്പക്കാട്, ഫൈറ്റേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ് പുറനാട്ടുകര, ഗ്രാമസുധ പുറനാട്ടുകര, ബ്രില്യന്റ് സ്പോർട്സ് ക്ലബ് പുറനാട്ടുകര, സൂപ്പർ സോക്കർ അമലനഗർ, സ്കിൽ കലാകായിക വേദി ചിറ്റിലപ്പിള്ളി, ഉദയ ആർട്സ് & സ്പോർട്സ് ക്ലബ് ചിറ്റിലപ്പിള്ളി തുടങ്ങി നിരവധി കലാ-കായിക സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വാർത്താ മാധ്യമങ്ങൾ

മാതൃഭൂമി, മനോരമ, ദേശാഭിമാനി, എക്സ്പ്രസ്സ്, ജന്മഭൂമി, കേരളകൗമുദി, വീക്ഷണം, ദീപിക, രാഷ്ട്രദീപിക തുടങ്ങിയ മലയാളദിനപത്രങ്ങളും ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങളും മറ്റു നിരവധി സംസ്കാരിക-സാഹിത്യ പ്രസിദ്ധീകരണങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. പഞ്ചായത്തിലെ ഏക സിനിമാ തിയ്യറ്റർ ചിറ്റിലപ്പിള്ളി മിനി ടാക്കീസാണ്. കേരളത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഏക സംസ്കൃതമാസികയായ ഭാരതമുദ്ര പുറനാട്ടുകരയിൽ നിന്നുമാണ് പുറത്തിറങ്ങുന്നത് എന്നത് നമുക്കേറെ അഭിമാനകരമാണ്.

പ്രശ്നങ്ങൾ, സാധ്യതകൾ

ടി.വി.യുടെ അതിപ്രസരം മൂലം ജനങ്ങളുടെ വായനാശീലം വളരെകുറഞ്ഞിരിക്കുന്നു. ഗ്രാമീണ വായനശാലകളിൽ വായനയ്ക്കായി പുസ്തകങ്ങൾ തേടിയെത്തുന്നവരുടെ എണ്ണം വിരളമാണ്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി അർപ്പിത മനോഭാവത്തോടെ ഏറ്റെടുത്തു നടത്തിയിരുന്ന വായനശാല പ്രവർത്തനം ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായിരിക്കുന്നു. ആവശ്യമായ സമയങ്ങളിൽ കൃത്യമായി കണക്കും രേഖകളും ഹാജരാക്കി സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ വാങ്ങുന്നതിൽപ്പോലും പ്രവർത്തകർ വീഴ്ച വരുത്തിയതിന്റെ പേരിൽ അവ നഷ്ടപ്പെട്ട വായനശാലയും പഞ്ചായത്തിലുണ്ടെന്ന് ഖേദപൂർവ്വം സമ്മതിക്കുന്നു. വായനയുടെ അഭാവം പുതിയ തലമുറയുടെ അറിവിലും അനുഭവത്തിലും സംസ്കാരത്തിലും നാശോന്മുഖമായ വ്യതിയാനം ഉണ്ടാക്കുന്നുണ്ട്. വായനശാലകൾ അടഞ്ഞുകിടക്കുകയും വിലമതിക്കാനാവാത്ത പുസ്തകങ്ങൾ ചിതലരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ നിന്നും മോചനം നേടുന്നതിലുള്ള അശ്രാന്ത പരിശ്രമം ഇനിയും ഉണ്ടാകുന്നില്ലെങ്കിൽ വരുംതലമുറയുടെ മാനസിക സംസ്കാരികാന്ധതക്കും അപചയത്തിനും നാം ഉത്തരവാദികളായിത്തീരും എന്ന സത്യം അംഗീകരിക്കാതെ വയ്യ.

കേരള സർക്കാരിന്റെ കേരളോത്സവത്തിന് മാതൃകയായി 1980-81 വർഷത്തിൽ ആരംഭിച്ച അടാട്ട് പഞ്ചായത്ത് കലാ-കായികോത്സവം ഈ പഞ്ചായത്തിലെ കലാകായിക സമിതികൾക്ക് പുതിയൊരുണർവും, ഉത്തേജനവും നല്കി. പക്ഷേ കലാ-കായിക സമിതികൾക്ക് സുഗമമായ പ്രവർത്തനത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്. കലാ-കായിക സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണം

ഗ്രാമീണകലകളായ ഐവർകളി, കോൽക്കളി, മുടിയാട്ടം, കൈകൊട്ടിക്കളി, തുകിലുണർത്തുപാട്ട്, പുള്ളുവൻ പാട്ട്, നന്തുണിപ്പാട്ട്, ഉടുക്കുപാട്ട്, ദാരികൻ തുള്ളൽ വിവിധതരം പൂതൻ കളികൾ, പൊറാട്ടനാടകം എന്നിവ ഈ പ്രദേശത്ത് പാരമ്പര്യമായി തന്നെ നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഈ കലാരൂപങ്ങളെല്ലാം വിസ്മൃതിയിലാഴ്ന്നു പോകാൻ തുടങ്ങിയിരിക്കുന്നു. പുതിയ തലമുറയ്ക്ക് ഇവ കാണാനും, പരിശീലിക്കാനും നിലനിർത്താനുമുള്ള അവസരങ്ങൾ ഉണ്ടായില്ലെങ്കിൽ പൂർണ്ണമായും നശിച്ചുപോകാൻ ഇടയുണ്ട്. ഈ കലാ പ്രകടനങ്ങളിൽ അവശേഷിക്കുന്ന പ്രഗത്ഭന്മാർക്ക് ആവശ്യമായ സാമ്പത്തികസഹായം നല്കുകയും മറ്റുള്ളവർക്ക് അവ പരിശീലിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

മഹാകവി ടി.ആർ. നായർ, തിരുത്തിക്കാട് പ്രഭാകരൻ നായർ എന്നിവർ കാവ്യരചനയിലൂടെ നാടിന്റെ പ്രശസ്തി വർദ്ധിപ്പിച്ച മഹൽ വ്യക്തിക

ളാണ്. അന്തരിച്ച ഈ രണ്ടുപേർക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുകയും അവരുടെ സാഹിത്യസംഭാവനകളെ ജനങ്ങൾക്കു പരിചയപ്പെടാനും, വായിക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

വായനയുടെ പ്രസക്തിയെക്കുറിച്ച് ബോധവൽക്കരണം വ്യാപകമായി നടത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം ഏറ്റവും അനുയോജ്യമായതും ഇപ്പോൾ വായനശാലകളില്ലാത്തതുമായ പ്രദേശങ്ങളിൽ അവ സ്ഥാപിക്കുന്നതിന് മുൻകൈയ്യെടുക്കണം.

പഞ്ചായത്തിൽ നിലവിലുള്ള പൊതു കളിസ്ഥലങ്ങൾ അറ്റകുറ്റ പണികൾ തീർത്ത് സംരക്ഷിക്കുകയും അനധികൃതമായ ഭൂമി കയ്യേറ്റത്തിന്റെ ഭീഷണിയിൽ നിന്ന് രക്ഷിച്ചുനിർത്തുകയം വേണം. കായികരംഗത്തെ പ്രോത്സാഹിപ്പിക്കാനായി മിനിസ്റ്റേഡിയം നിർമ്മിക്കുകയും പ്രഗത്ഭരായ കായിക താരങ്ങളെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനവും സാമ്പത്തികസഹായവും നല്കി പരിരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

പഞ്ചായത്ത് ആപ്പീസിനോടുചേർന്ന വായനശാല സംസ്കാരിക നിലയമാക്കി മാറ്റണം. അതു കേന്ദ്രമാക്കിക്കൊണ്ട് വ്യത്യസ്ത ദിവസങ്ങളിലായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നൃത്തം, സംഗീതം, ഉപകരണസംഗീതം എന്നിവ പഠിപ്പിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിന്റെ പലഭാഗത്തുമുള്ള പ്രശസ്തരായ നാടകകലാകാരന്മാരെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഒരു നാടകസംഘം രൂപീകരിക്കണം. അവർക്ക് നാടകപഠനത്തിനും, അവതരണത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തണം.

കലാകായികസംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുകയം, പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രസമിതി ഉണ്ടാക്കി ആയതിന്റെ നേതൃത്വത്തിലും, നിയന്ത്രണത്തിലും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണം. കായിക സമിതികൾക്ക് സ്പോർട്സ് കിറ്റുകൾ നല്കണം.

അടാട്ട്, പുത്തിശ്ശേരി എന്നിവിടങ്ങളിൽ ഓരോ പബ്ലിക് റേഡിയോസെറ്റുകൾ ഉണ്ടായിരുന്നു. ഇന്ന് ഇവ നിലവിലില്ല. ഹരിജൻ കോളനി പ്രദേശങ്ങളിൽ പബ്ലിക് ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുകയും അവയുടെ സംരക്ഷണം ഗ്രാമസഭകൾ ഏറ്റെടുക്കുകയും വേണം.

നഗരങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബാലഭവനുകൾ പഞ്ചായത്തുക്കളിലേക്ക് വ്യാപിപ്പിക്കുകയും ഓരോ പഞ്ചായത്തിലും ഓരൊ ബാലഭവനുകൾ സ്ഥാപിക്കുകയം വേണം.

നിരന്തരമായ സമര പ്രക്ഷോഭണങ്ങളിലൂടെ സ്വകാര്യസ്ഥാപനത്തിനു കൈമാറാനിരുന്ന വിലങ്ങൻ ഇന്ന് പൊതു സ്വത്താണ്. ടൂറിസം വികസനത്തിന്റെ ഭാഗമായി പരിമിതമായ ചിലനിർമ്മിതികൾ അവിടെ നടന്നിട്ടുണ്ട്. പ്രകൃതിദൃശ്യങ്ങൾ നുകരുന്നതിന് അനുയോജ്യമായ കുന്നിൻപുറം ഇന്ന് അസാന്മാർഗ്ഗിക പ്രവർത്തനങ്ങളുടേയും സംസ്കാരരഹിതമായ പെരുമാറ്റങ്ങളുടെയും മേച്ചിൽപ്പുറമായി മാറിക്കൊണ്ടിരിക്കുന്നു. ഒരു പ്രദേശത്തിന്റെ തനതായ സാംസ്കാരിക പാരമ്പര്യത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്ന ഈ പ്രവണതയെ തടയേണ്ടതാണ്.

സ്വാതന്ത്ര്യസമരത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചൂരക്കാട്ടുകരയിൽ സ്ഥാപിച്ചിരിക്കുന്ന സംസ്കൃതപാഠശാല ഇന്ന് നാശത്തിലേക്ക് നീങ്ങുകയാണ്. അത് പുനരുദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഒരു പരിധിവരെ പരസ്യദർശനമായി മാറിയിരിക്കുന്ന ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികൾ ഒട്ടും നിലവാരമുള്ളതല്ല. പ്രേക്ഷകരിൽ പ്രത്യേകിച്ചും വളരുന്ന തലമുറയിൽ അക്രമ-അധമവാസനകളെ പ്രോത്സാഹിപ്പിക്കുന്നരീതിയിലുള്ള പരിപാടികൾ ദൂരദർശനിൽനിന്നും ഒഴിവാക്കണം. സാമൂഹ്യദ്രോഹികളെ വാർത്തെടുക്കാനെന്നമട്ടിലുള്ള ഇത്തരം പരിപാടികൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയരേണ്ടിയിരിക്കുന്നു. ആയതിനു വേണ്ട ബോധവൽക്കരണം നടത്തണം.

ആധുനികതയുടെ കടന്നുകയറ്റവും, നഗരത്തിന്റെ ആക്രമണവും ഗ്രാമങ്ങളുടെ സംസ്കാരിക തനിമയെ കാർന്നുതിന്നുന്ന ഈ അസുരകാലത്തിൽ സ്വന്തം പാരമ്പര്യത്തെയും, സംസ്കാരിക തെളിമയെയും സംരക്ഷിക്കുന്നതിന് നാം നിതാന്ത ജാഗ്രത പുലർത്തണം. നാട്യ പ്രധാനമായ നഗരം നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറങ്ങളെ വിഴുങ്ങാതിരിക്കണമെങ്കിൽ ശക്തമായ ചെറുത്ത് നില്പ് അത്യന്താപേക്ഷിതമാണ്.

ക്രമ നമ്പർ	വായനശാലയുടെ പേര്	സ്ഥാപിച്ച തിയ്യതി	സ്ഥലത്തിന്റെ വിസ്തീർണ്ണം	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	ഗ്രേഡ്
1.	ഗ്രാമീണ വായനശാല, അടാട്ട്	1935	27സെന്റ്	130	60000	എ.
2.	ഗ്രാമീണ വായനശാല, ചിറ്റിലപ്പിള്ളി	1953	15സെന്റ്	300	7001	ബി
3.	ഗ്രാമീണ വായനശാല പുറനാട്ടുകര	1942	5 സെന്റ്	190	11420	എ
4.	ഗ്രാമീണ വായനശാല ചൂരക്കാട്ടുകര	1925	11/4 സെന്റ്	140	8329	ബി
5.	പബ്ലിക് ലൈബ്രറി പുഴക്കൽ	1940	11/2 സെന്റ്	886	16000	എ
6.	പഞ്ചായത്ത് ഗ്രന്ഥശാല അടാട്ട് ഗ്രാമപഞ്ചായത്ത്	1990	---		300	

5 ⑨ വനിതക്ഷേമം

സാമൂഹ്യ ശാസ്ത്ര സാങ്കേതിക ചരിത്രരംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന വനിതകളെ സാമൂഹ്യമായ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാവണം വനിതാക്ഷേമ പ്രവർത്തനങ്ങളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അപകർഷതാബോധത്തിൽ നിന്നും, അടിമത്വബോധത്തിൽ നിന്നും അവരെ കൈപിടിച്ചുയർത്തി സ്വാശ്രയത്തിന്റേതായ, സാമൂഹ്യമായ കൂട്ടായ്മയുടേതായ, ഒരു മേഖലയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. ഇതിനായി സാമൂഹ്യക്ഷേമബോർഡ്, വേൾഡ്ഹെൽത്ത് ഓർഗനൈസേഷൻ വനിതാ കമ്മീഷൻ, ജനാധിപത്യമഹിളാ അസോസിയേഷൻ, ഭാരത്സേവക് സമാജ് തുടങ്ങി വനിതാക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അടാട്ടുപഞ്ചായത്തിലെ എല്ലാ മഹിളാസമാജങ്ങളേയും മഹിളാസംഘടനകളേയും ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഒരു വനിതാസംഘടന രൂപികരിക്കേണ്ടതാവശ്യമാണ്.

അടാട്ട് പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇവർ വ്യവസായം, കാർഷികം, ആരോഗ്യം തുടങ്ങി പല മേഖലകളിൽ പ്രവർത്തിക്കുന്നു. ഇവരുടെ സാമ്പത്തിക സാമൂഹിക ഭദ്രതയ്ക്കുവേണ്ടി പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. നിലവിലുള്ളവയെ പോഷിപ്പിക്കേണ്ടതുണ്ട്. അത്തരം ഒരു സംഘടനയാണ്, പുഴയ്ക്കൽ ബ്ലോക്കിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പുഴയ്ക്കൽ ബ്ലോക്ക് യൂണിയൻ മഹിളാസാമജം. ഈ പഞ്ചായത്തിൽ ഇതിന്റെ കീഴിൽ 8 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു.

ഈ സമാജങ്ങളിൽ നേഴ്സറി ക്ലാസ്സുകൾ പ്രയുക്ത പോഷകാഹാര പരിപാടി എന്നിവ നടത്തുന്നു. ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും കുട്ടികളുടെയും, ആരോഗ്യപരിപാലനത്തിനായി പോഷകാഹാര വിതരണം ബ്ലോക്കുകൾ വഴി നടത്തുന്നു. മരുന്നുകൾ, പ്രതിരോധകുത്തിവയ്പുകൾ തുടങ്ങിയവ പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക് വഴി ഈ പഞ്ചായത്തിൽ 2 DWCRA യൂണിറ്റ് പ്രവർത്തിക്കുന്നു. ഇവിടത്തെ വനിതകളുടെ പ്രധാന തൊഴിൽ മേഖല കൃഷി, കെട്ടിടനിർമ്മാണച്ചുമടെടുക്കൽ എന്നിവയാണ്. ബഹുജനസംഘടനകളിലെ വനിതാ പങ്കാളിത്തം കുറവാണ്. കൂടുതലായി വനിതകൾ പൊതുരംഗത്ത് വരുന്നില്ല. കാരണം ബോധവൽക്കരണക്കുറവും കുടുംബനാഥൻ അനുവദിക്കാത്തതുമാണ്. സ്ത്രീകളെ സംഘടിപ്പിക്കുകയും ആ മേഖലയിൽ ആവിഷ്കരിക്കാൻ കഴിയുന്ന വികസനനിർദ്ദേശങ്ങൾ ഉൾക്കൊള്ളുകയും അവരെ പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യേണ്ടത്. സ്ത്രീകളുടെ സാമൂഹ്യപദവിക്കെതിരായി നിൽക്കുന്ന ഘടകങ്ങളെ തിരിച്ചറിഞ്ഞു പരിഹരിക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ നടപ്പിലാക്കുന്നത് ബാലവാടികൾ വഴിയാണ്. .ബാലവാടികൾക്കു വേണ്ടതായ ആനുകൂല്യങ്ങൾ നൽകുകയാണ്. നിലവിലുള്ള മഹിളാസമാജങ്ങൾ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ബാലവാടികൾ 6 എണ്ണമാണ്. മറ്റു രണ്ടു സമാജങ്ങൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല ആയതുകൊണ്ട് ആ സമാജങ്ങൾക്ക് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാക്കാനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്യണം. ഓരോ വാർഡിലും പുതിയ സമാജങ്ങളും ബാലവാടികളും ഉണ്ടാക്കണം. ബാലവാടിയിലേക്ക് വേണ്ടതായ ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ മുതലായവ അനുവദിക്കണം.

വനിതക്ഷേമ വികസനചർച്ചയിൽ കൃഷി, തൊഴിൽ, വ്യവസായം മുതലായവയിൽ സ്ത്രീ പങ്കാളിത്തത്തിന് വലിയ പ്രാധാന്യമുണ്ട്. സമ്പത്തുല്പാദനവുമായി ബന്ധപ്പെടുത്തിയാലേ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തിലെ മൊത്തം സ്ത്രീകളുടെ തൊഴിൽശക്തി കണക്കാക്കി അഭ്യസ്തവിദ്യരായവർക്കും അല്ലാത്തവർക്കും സ്വയംതൊഴിൽ കണ്ടെത്തണം. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് ജില്ലാ രജിസ്ട്രാഫീസിൽ രജിസ്ററർ ചെയ്തു പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ, അതാത് ബ്ലോക്ക്ല

വൽ യൂണിയൻ മഹിളാസമാജത്തിൽ അംഗമായി ചേർന്നു പ്രവർത്തിക്കുന്ന സമാജങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകേണ്ടതാണ്. സ്ത്രീകൾക്ക് അനുയോജ്യമായ യൂണിറ്റുകൾ സ്ഥാപിച്ച് അവർക്ക് വരുമാനമാർഗ്ഗം ഉണ്ടാക്കുക. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് അവരുടെ അഭിരുചിക്കനുസരണമായ ജോലികൾ തയ്യാറാക്കുക.

ദേശീയ സമ്പാദ്യപദ്ധതിയിൽ ധാരാളം വനിതകൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി അവർ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ചു കുറവാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം നോക്കുമ്പോൾ സ്ത്രീതൊഴിലാളികൾ ഭാഗിക തൊഴിലാളികളാണ്. കർഷകത്തൊഴിലാളികൾ, അദ്ധ്യാപകർ, ഖാദിനെയ്ത്തുകാർ, കൈത്തറിവസ്ത്ര നിർമ്മാതാക്കൾ എന്നീനിലകളിൽ മാത്രമാണ് സ്ത്രീകൾ മുൻപന്തിയിൽ നിൽക്കുന്നത്. കൈത്തറി മേഖലയിൽ നൂൽനൂൽപ്പ് സ്ത്രീകൾ മാത്രം ചെയ്യുന്ന ഒരു തൊഴിലാണ്. കൈത്തറി നെയ്ത്തുകാരിലും സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ കാണുന്നത്. പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. തൊഴിൽരഹിതരായ യുവജനങ്ങളിൽ കൂടുതലും വനിതകളാണ്. ഇതിന്റെ കാരണം തൊഴിൽരംഗത്തു വനിതകളുടെ പങ്കാളിത്തക്കുറവാണ്. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളരെ കുറവാണ്. സ്ത്രീകളുടെ നേതൃത്വം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി ഒന്നും തന്നെ ഇവിടെയില്ല. കാർഷിക മേഖലയിലെ മുരടിപ്പ് സ്ത്രീതൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി കൃഷിപ്പണി എടുത്തിരുന്ന സ്ത്രീകൾ കെട്ടിടനിർമ്മാണം, റോഡുപണി, മണ്ണെടുക്കുന്ന പണി മുതലായവയ്ക്കായി പഞ്ചായത്തു വിട്ടുപോകുന്നു. കൂലിപ്പണി കൂടുതലായി പട്ടണപ്രദേശങ്ങളിലായതുകൊണ്ട് യാത്രയും മറ്റും ആവശ്യമായി വരുന്നു. ശാരീരിക അദ്ധ്വാനം കൂടുതലും, സുരക്ഷിതത്വം കുറഞ്ഞതുമായ ഇത്തരം ജോലികളിൽ നിന്നും അവരെ കാർഷികവൃത്തിയിലേക്ക് തിരിച്ചുകൊണ്ടു വരണം. കാർഷിക മുന്നേറ്റ പ്രവർത്തനങ്ങളിൽ ക്രിയാത്മക ഘടകമായി മാറാൻ സ്ത്രീകൾക്ക് കഴിയും. അതിനു വേണ്ടതായ സഹചര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടാകണം. ഇവിടെ കൈത്തറി നെയ്ത്തുസ്ഥാപനങ്ങളിൽ സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്. കൂടാതെ പുറനാട്ടുകരയിലെ പവർലൂമിലും ചൂരക്കാട്ടുകര, പുറനാട്ടുകര ആശ്രമം എന്നിവിടങ്ങളിൽ നെയ്ത്തുമായി ബന്ധപ്പെട്ടും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. നാല് കല്ലൊര കമ്പനികളിലും സ്ത്രീകൾ പണിയെടുക്കുന്നുണ്ട്.

വിദ്യാഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞ് ചെറിയ കുടുംബമായിട്ടും വരുമാനമുണ്ടാകുന്ന തൊഴിലിലേർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. കുടിൽ വ്യവസായമായി വീട്ടിൽ ഇരുന്നു ചെയ്യാൻ പറ്റിയതോ, യൂണിറ്റുകളായി ചെയ്യാൻ സാധിക്കുന്നതോ ആയ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള തൊഴിലില്ലാത്ത സ്ത്രീകളെ സംഘടിപ്പിച്ച് തൊഴിൽ സാധ്യത ഉണ്ടാക്കേണ്ടതാണ്. തൊഴിലില്ലായ്മ വേതനമോ, സ്വയം തൊഴിൽ സഹായമോ സംഘാടിസ്ഥാനത്തിൽ സമാഹരിച്ച് പൊതുവായ ഒരു വ്യവസായ യൂണിറ്റ് സംഘടിപ്പിക്കുന്നത് ആ പണം ശരിയായ രീതിയിൽ ഉല്പാദനപരമായി വിനിയോഗിക്കുവാനും, വിപുലമായ തോതിൽ ഉല്പാദനം നടത്താനും മനോഹരമായ പേക്കിംഗുകളിലൂടെ വിപണനസാദ്ധ്യത കൂട്ടാനും സഹായകമാണ്. പരമ്പരാഗതവ്യവസായങ്ങളിൽ സാങ്കേതികനവീകരണമുണ്ടാകുമ്പോൾ സ്ത്രീകളെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. പുരയിടക്കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട സർവ്വീസ് സഹകരണസ്ഥാപനങ്ങളിൽ, കൂടുതൽ വനിതാ സഹകരണ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുക.

പൊതുസ്ഥാലങ്ങളിലും മറ്റും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം സ്ത്രീകൾക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. പുരുഷന്മാർക്ക് തുല്യമായ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്കും കൂലിയിൽ അവർക്കൊപ്പം സ്ഥാനം നൽകുന്നില്ല. ഇതു പരിഹരിക്കണം. സ്ത്രീ പുരുഷ സമത്വബോധം വളർത്താനുപകരിക്കുന്ന വിദ്യാഭ്യാസപരിഷ്കരണം ആവശ്യമാണ്. സ്ത്രീ നേതൃത്വം നൽകുന്ന കുടുംബങ്ങളുണ്ട്. അവർക്ക് പ്രത്യേക പരിഗണന നൽകണം.

പ്രശ്നങ്ങൾ

സ്ത്രീകളുടെ സാമൂഹിക പദവിക്കെതിരായി നിൽക്കുന്ന ഘടകങ്ങളായ സാംസ്കാരികവും സാമൂഹികവും ശാരീരികവുമായ ആക്രമണങ്ങൾ തടയേണ്ടതാണ്. വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങൾ പരിശോധിക്കുമ്പോൾ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ചെറിയ പങ്കുണ്ട് എന്നു കാണാൻ കഴിയും. സ്ത്രീകളുടെ ഇടയിൽ ആത്മഹത്യാനിര

ക്കു വർദ്ധിച്ചുവരുന്നു. അതു തടയാനായി ബോധവൽക്കരണം അനിർവാര്യമാണ്.

പ്രയാസങ്ങൾക്കെതിരെ ബോധപൂർവ്വം സംഘടിതമായി ചെറുത്തുനിൽക്കണം. സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങളിന്മേലുള്ള സമൂഹത്തിന്റെ ഇടപെടലുകളും പരിശോധിക്കണം. സ്ത്രീ പീഡനങ്ങളെ നിയമപരമായി നേരിടാൻ ബ്ലോക്കുതലത്തിൽ ഒരു ലീഗൽ സെൽ സ്ഥാപിക്കണം. പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, പീഡനത്തിനു വിധേയരായ സ്ത്രീകളുടെ പുനരധിവാസത്തിനു സഹായപദ്ധതികൾ എന്നിവ ഏർപ്പെടുത്തുക. സ്ത്രീകൾക്കു സ്വതന്ത്രമായി അവരുടെ പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ചചെയ്യാനുള്ള പൊതുവേദിയാണ് മഹിളാ സമാജങ്ങൾ. ധാരാളം ഗ്രാമീണവായനശാലകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അവിടേയ്ക്ക് കടന്നു ചെന്ന് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ വളരെ കുറവാണ്. സ്ത്രീകൾക്കു മാത്രമായ വായനശാല, സഞ്ചരിക്കുന്ന വായനശാല എന്നിവ ഏർപ്പെടുത്തുക. സ്ത്രീകളെ സംഘടിപ്പിക്കുന്ന പ്രധാന കണ്ണികളാണു മഹിളാസമാജങ്ങൾ, വനിതാസഹകരണസംഘങ്ങൾ. പഞ്ചായത്തിലെ വനിതകൾക്കു വീടുകൾതോറും അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യമായി നൽകുന്നതിനോടൊപ്പം തന്നെ നനയ്ക്കുന്നതിനാവശ്യമായ ജലസേചനം എത്തിക്കുക. കോഴിവളർത്തൽ, ആടുവളർത്തൽ മുതലായവ അനുവദിക്കുക. ചെടിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക. നമ്മുടെ പഞ്ചായത്തിൽപ്പെട്ട സ്ത്രീകൾ 'തൊഴിലില്ലാ' എന്നു പറയുന്ന പ്രവണത മാറ്റിയെടുക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം.

നമ്മുടെ നാട്ടിൽ സ്ത്രീ നേതൃത്വം കൊടുക്കുന്ന പല വീടുകളും ഉണ്ട്. അവർക്ക് സംരക്ഷണം ഉണ്ടാകണം. കർഷകപെൻഷൻ, വാർദ്ധക്യ പെൻഷൻ മുതലായവ അർഹതപ്പെട്ട എല്ലാവർക്കും അനുവദിക്കുക. ഈ പഞ്ചായത്തിൽ പെൻഷൻ കിട്ടാത്ത പലരും ഉണ്ട്. 40 വയസ്സുകഴിഞ്ഞു വിവാഹപ്രായം കഴിഞ്ഞ സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യം എന്തെങ്കിലും നൽകണം. അച്ഛനും സഹോദരന്മാരും ഇല്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനും വിദ്യാഭ്യാസത്തിനും സഹായങ്ങൾ നൽകുക. പ്രത്യേകിച്ച് പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾക്ക് ഇതിനെല്ലാം മുൻഗണന നൽകേണ്ടതാണ്.

വനിതകൾക്ക് മാത്രമായി സ്ത്രീ കോളേജുകൾ നടപ്പിലാക്കുക. പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടതായ കായിക പരിശീലനം കൊടുക്കുക. ധാരാളം വനിതാ സ്പോർട്ട്സ് താരങ്ങൾ ഇവിടെയുണ്ട്. അവർക്ക് വേണ്ടതായ പ്രോത്സാഹനങ്ങൾ കിട്ടുന്നില്ല. അതിനാൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം. വളർന്നു വരുന്ന തലമുറയുടെ വ്യക്തിത്വവികസനത്തിലും ആരോഗ്യസംരക്ഷണത്തിലും കായികപ്രവർത്തനങ്ങൾക്ക് നിസ്തുലമായ സംഭാവന നല്കാനുണ്ട് എന്ന ബോധം സമൂഹത്തിന്റെ ബോധമായി മാറ്റണം. അവർക്കുവേണ്ടതായ പ്രോത്സാഹനങ്ങൾ നൽകി അവരെ ഉയർത്തുവാനായി വനിതാസംഘടനകൾ പ്രതിസന്ധികൾ അതിജീവിച്ച് മുമ്പോട്ടുവരേണ്ടതത്യാവശ്യമാണ്. സാക്ഷരതയില്ലാത്ത സ്ത്രീകളെ സാക്ഷരതയിലേക്ക് കൊണ്ടുവരിക. സാക്ഷരതാക്ലാസ്സുകൾ സംഘടിപ്പിച്ച് സ്ത്രീകൾക്ക് മുൻഗണന കൊടുക്കുക. സാക്ഷരതയില്ലാത്ത ഒരൊറ്റ വനിതപോലും അടാട്ട് പഞ്ചായത്തിൽ ഉണ്ടാകാൻ പാടില്ല എന്ന ലക്ഷ്യത്തോടുകൂടി ഇതിനുവേണ്ടി മുൻകൈ എടുത്തു പ്രവർത്തിക്കണം.

നിർദ്ദേശങ്ങൾ :-

1. പഞ്ചായത്തുതലത്തിൽ വനിതാ യൂണിറ്റുകൾ നടപ്പിലാക്കുക, (റെഡിമെയ്ഡ്, സോപ്പുനിർമ്മാണം, കറി പൗഡറുകൾ, ബേക്കറി, പ്ലാസ്റ്റിക് ഉപകരണങ്ങൽ ഉണ്ടാക്കുക, തയ്യൽ പരിശീലനം, പപ്പടം, പായ നെയ്ത്, STD ബൂത്തുകൾ, ട്യൂഷൻ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ എന്നിവ ഏർപ്പെടുത്തി സാങ്കേതിക പരിശീലനം കൊടുക്കുക
2. കാർഷികമേഖലയിൽ പണി ചെയ്യുന്നവർക്ക് ആ മേഖലയിൽ കൂടുതൽ താല്പര്യം വളർത്താനും തൊഴിലിനോടുള്ള പ്രതിപത്തി ഉണ്ടാക്കാനും ഈ മേഖലയിൽ മിനിമം ജോലിയുടെ ദിവസങ്ങൾ കണക്കാക്കി സർക്കാരിൽ നിന്നും ബോണസ്സ് ഏർപ്പെടുത്തേണ്ടതാണ്.
3. പൊതുവിതരണകേന്ദ്രങ്ങളിൽ നിന്നു കിട്ടുന്ന മണ്ണെണ്ണയുടെ ദൗർലഭ്യം കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്. ഇവ വേണ്ടത്ര അനുപാതത്തിൽ പൊതുവിതര

ണകേന്ദ്രത്തിൽ നിന്നുകിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യുക.

4. പരസ്യങ്ങൾ കഴിയുന്നതും ഒഴിവാക്കുക. പരസ്യങ്ങളിൽ അധികം പെട്ടുപോകുന്നത് സ്ത്രീകളാണ് എന്നതിനാൽ വനിതകളെ ബോധവതികളാക്കുന്നതിനുവേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ ഏർപ്പെടുത്തുക.
5. വനിതകളെ അപഹാസ്യമായ രീതിയിൽ ചിത്രീകരിക്കുന്ന ശരീര സൗന്ദര്യമത്സരങ്ങൾ, ആക്ഷേപകരമായ പരസ്യചിത്രങ്ങളിൽ പങ്കാളികളാക്കൽ, എന്നിവ ഒഴിവാക്കുക.

ഏതൊരു കുടുംബവും സമാധാനം നിറഞ്ഞതായിരിക്കണം. സംസ്കാരസമ്പന്നയായ അമ്മയാണ് തന്റെ കുഞ്ഞുങ്ങളെ സാമൂഹ്യ പുരോഗതിക്കുവേണ്ട ഉത്തമപൗരന്മാരായി വളർത്താൻ പ്രധാനപങ്കുവഹിക്കേണ്ടത്. പക്ഷെ ഭോഗവേഗങ്ങളുടെ ഈ കാലഘട്ടത്തിൽ സ്ത്രീകൾക്ക് തങ്ങളുടെ കടമ പൂർണ്ണമായും നിർവഹിക്കാനാകുന്നുണ്ടോ? എന്ന് ചിന്തിക്കേണ്ടതുണ്ട്. ക്ഷമയും ത്യാഗമനോഭാവവും, സേവനസന്നദ്ധതയും, സഹിഷ്ണതയും, ധീരതയുമുള്ള സ്ത്രീകൾക്ക് സമൂഹത്തിൽ ഗുണകരമായ പരിവർത്തനം ഉണ്ടാക്കാനാകും. തങ്ങൾക്ക് അർഹതപ്പെട്ടത് നേടിയെടുക്കാൻ സ്ത്രീകൾ സുധീരം പോരാടേണ്ടതുണ്ട്.

ഇച്ഛാശക്തിയും, ജ്ഞാനശക്തിയും സമ്മേളിച്ചിരിക്കുന്ന സ്ത്രീകളിൽ സ്വതന്ത്രമായി ചിന്തിക്കാനും, ഹിതകരമായി പ്രവർത്തിക്കാനും, കൂട്ടുബൈക്യം നിലനിർത്താനും സ്ത്രീ സംസ്കാരസമ്പന്നയാകേണ്ടതുണ്ട്. മാധ്യമങ്ങളും, പരസ്യങ്ങളും സ്ത്രീത്വത്തെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു നൂതന സംസ്കാരം വളർത്തിയെടുക്കാനായി നിസ്വാർത്ഥരും ത്യാഗസന്നദ്ധരുമായ സ്ത്രീകൾ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. മാത്രമല്ല പെൺകുട്ടികളുടെ കലാപരവും കായികവുമായ അഭിരുചികളെ പരിപോഷിപ്പിക്കാനും ഇക്കൂട്ടർക്ക് കഴിയണം. പ്രധാനമായും കാർഷികരംഗത്തേക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ അഭ്യസ്തവിദ്യകർ കൂടി കടന്നു വരികയാണെങ്കിൽ സമൂലമായ ഒരു മാറ്റം നമുക്ക് കൈവരിക്കാനാകും. 50% സംവരണം എല്ലാരംഗത്തും സ്ത്രീകൾക്ക് നൽകേണ്ടത് അനിവാര്യമാണ്.



അടാട്ട് ഗ്രാമപഞ്ചായത്ത് മഹിളാസമാജങ്ങളുടെ (ബാലവാടി, ഫീഡിംഗ് സെന്റർ) വിവരങ്ങൾ

നമ്പർ	സെന്ററിന്റെ പേര്	സ്ഥാപിച്ച തിയ്യതി	സ്ഥലം കെട്ടിടം	സ്ഥലത്തിന്റെ വിസ്തീർണം	കുട്ടികളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഉടമസ്ഥത	ഫീഡിംഗിനു വരുന്ന കുട്ടികൾ സ്ത്രീകൾ, ഗർഭിണികൾ	കിണർ ഉണ്ടോ	കക്കൂസ് ഉണ്ടോ	തൊഴിൽ രംഗങ്ങൾ ഉണ്ടോ	മറ്റു ആവശ്യങ്ങൾ വല്ലതും വേണോ
1.	ചൂരക്കാട്ടുകര C.P.W.P. ബാലവാടി	1976	ഉണ്ട്	5 സെന്റ്	40	2	പ്രസിഡന്റ്	60, 10, 2	ഉണ്ട്	ഉണ്ട്	ടൈലറിംഗ്, കാന്റീൻ	വൈദ്യുതി
2.	ആമ്പക്കാട് മഹിളാസമാജം ഫീഡിംഗ് സെന്റർ	1986	ഇല്ല	-	-	1	പ്രസിഡന്റ്	35, 10 3	ഇല്ല	ഇല്ല	ഇല്ല	എല്ലാം വേണം
3.	ചിറ്റിലപ്പിള്ളി C.P.W.P. ബാലവാടി	1964	ഉണ്ട്	6.5 സെന്റ്	30	2	പ്രസിഡന്റ്	40, 30, 2	ഇല്ല,	ഉണ്ട്	ഇല്ല	കിണർ, കറന്റ് (വയറിംഗ് കഴിഞ്ഞതാണ്) D.W.C.R.A. യൂണിറ്റ്
4.	വിലങ്ങൻ മഹിളാസമാജം	1990	ഇല്ല	-	-	1	പ്രസിഡന്റ്	60, 20, 2	ഇല്ല,	ഇല്ല,	ബുക്ക് ബൈന്റിംഗ്	സ്ഥലം, കെട്ടിടം, മറ്റെല്ലാസൗകര്യം വേണം
5.	ശ്രീശാരദാമഹിളാസമാജം (ഹരിജൻ, അടാട്ട്)		ഉണ്ട്	40 സെന്റ്	40	2	ആശ്രമം	40	ഉണ്ട്	ഉണ്ട്	ഇല്ല	തൊഴിൽ
6.	അടാട്ട് C.P.W.P. മഹിളാസമാജം ബാലവാടി		ഉണ്ട്	5 സെന്റ്	30	2	പ്രസിഡന്റ്	60, 10	ഉണ്ട്	ഉണ്ട്	ഇല്ല	വനിതകൾ തൊഴിൽ
7.	പുറനാട്ടുകര C.P.W.P. മഹിളാസമാജം ബാലവാടി	1956	ഉണ്ട്	5 സെന്റ്	40	2	പ്രസിഡന്റ്	70, 10, 2	ഇല്ല	ഉണ്ട്	ഇല്ല	കിണർവേണം തൊഴിൽ വേണം
8.	അമ്പിളി മഹിളാസാമജം ബാലവാടി ഉടലക്കാവ്, അടാട്ട്	1981	ഉണ്ട്	5 സെന്റ്	54	2	പ്രസിഡന്റ്	-	ഇല്ല	ഉണ്ട്	-	കിണർ, വനിതകൾക്ക് തൊഴിൽ ഫർണിച്ചറുകൾ കളിക്കോപ്പുകൾ
9.	പുഴയ്ക്കൽ മഹിളാസമാജം, പുഴയ്ക്കൽ	1964	ഉണ്ട്	5 സെന്റ്	30	2	പ്രസിഡന്റ്	-	ഇല്ല	ഇല്ല	-	കിണർ, കക്കൂസ്, തൊഴിൽ, ഫർണിച്ചറുകൾ, കളികോപ്പുകൾ
10.	B.S.S. മഹിളാസമാജം ഉടലക്കാവ്, അടാട്ട്	1983	ഉണ്ട്	5 സെന്റ്	45	2	B.S.S.	-	ഇല്ല	ഇല്ല	-	കിണർ, കക്കൂസ് ആവശ്യമാണ്.
11.	B.S.S. ബാലവാടി പുറനാട്ടുക്കര	1985	ഇല്ല	-	50	2	B.S.S.	-	ഉണ്ട്	ഇല്ല	-	എല്ലാം ആവശ്യം
					സ്കൂൾ ബാലവാടികളുടെ വിവരങ്ങൾ							
12.	ഗവ.യു. പി. സ്കൂൾ, ചൂരക്കാട്ടുകര		ഉണ്ട്	-	30	2	ഗവൺമെന്റ്	ഉണ്ട്	ഉണ്ട്	-	-	-
13.	സെന്റ് സെബാസ്റ്റ്യൻ നേഴ്സറി സ്കൂൾ പുറനാട്ടുകര	1985	ഉണ്ട്	-	68	2	പള്ളിവക		ഉണ്ട്	ഉണ്ട്	-	-
14.	ആമ്പക്കാട് കോൺവെന്റ് നേഴ്സറി സ്കൂൾ	1980	ഉണ്ട്	-	30	2	കോൺവെന്റ് വക		ഉണ്ട്	ഉണ്ട്	-	-

5 (10) സഹകരണം

അടാട്ട് ഗ്രാമ പഞ്ചായത്തിൽ 1980ന് മുമ്പ് പ്രവർത്തിച്ചിരുന്ന പുറനാട്ടുകര ഫാർമേഴ്സ് സർവീസ് സഹകരണബാങ്ക്, ചൂരക്കാട്ടുകര സർവീസ് സഹകരണബാങ്ക്, ചൂരക്കാട്ടുകര സർവീസ് സഹകരണബാങ്ക്, അടാട്ട് ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം എന്നിവ സംയോജിപ്പിച്ചു, R. 689-ാം നമ്പർ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക് ആയി പ്രവർത്തനമാരംഭിച്ചു. അടാട്ട് ഗ്രാമപഞ്ചായത്തിലെ എന്നല്ല തൃശൂർ ജില്ലയിലെ തന്നെ മികച്ച സർവ്വീസ് സഹകരണബാങ്കാണ്. കാർഷിക ആവശ്യത്തിന് കോൾപടവുകളുടെ നടത്തിപ്പ് മാത്രമായി നടത്തിയിരുന്ന പുറനാട്ടുകര സംഘം, ചൂരക്കാട്ടുകര സഹകരണസംഘം, അയ്യന്തോൾ, അടാട്ട്, തോളൂർ പഞ്ചായത്തുകളിലെ ഇറിഗേഷൻ പ്രവർത്തനം നടത്തിയിരുന്ന അടാട്ട് ലിഫ്റ്റ് ഇറിഗേഷൻ, സഹകരണ സംഘം എന്നിവ വളം, കീടനാശിനി വില്പന, കർഷകരുടെ ആവശ്യത്തിന് വായ്പ എന്നിവ മാത്രം നടത്തിയരുന്നതാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ ബാങ്കിംഗ് ബിസ്സിനസ്സിനുപുറമെ അടാട്ട് പഞ്ചായത്തിലെ 2500 ഏക്കറോളം നെൽകൃഷി ഭൂമിയുടെ സംരക്ഷണം നടത്തിവരുന്നു. വിളവെടുപ്പ് കാലത്ത് കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ലിൽ അവരുടെ ആവശ്യം കഴിച്ച് മിച്ചമുള്ളത് ബാങ്ക് വാങ്ങി അരിയാക്കി വിതരണം ചെയ്യുന്നു. ഈ കച്ചവടംകൊണ്ട് ബാങ്കിന് ഉണ്ടാകുന്ന ലാഭം കർഷകർക്ക് തന്നെ വീതിച്ചു നൽകിവരുന്നു. കേരളത്തിൽ ഇപ്പോൾ നെല്ലെടുപ്പു നടത്തുന്ന മറ്റൊരു സർവീസ് സഹകരണ ബാങ്ക് ഇല്ല. കേര കർഷകരുടെ നാളികേരം വാങ്ങി കൊപ്രയാക്കിയും, സംസ്ഥാന ഗവണ്മെന്റിന്റെ കൊപ്രാ സംഭരണ പരിപാടിയിൽ നേരിട്ട് കൊപ്ര വാങ്ങിയും സർക്കാർ ഏജൻസികൾക്ക് കൊടുത്തുവരുന്നു.

അടയ്ക്ക സംഭരണ രംഗത്ത് കാംപ്കോവിന്റെ ഏജന്റ് വഴി അടക്ക വാങ്ങുകയും പൊതുമാർക്കറ്റിലൂടെയുള്ള വിപണനസൗകര്യവും ഉണ്ടാക്കിയിട്ടുണ്ട്.

കർഷകരുടെ ആവശ്യത്തിന് വളം, കീടനാശിനി, വിത്ത് എന്നിവ വിതരണം ചെയ്തുവരുന്നു. കൂടാതെ മലബാർ സിമന്റ് കമ്പനിയുടെ ഏജന്റായി സിമന്റുവിതരണവും നടത്തിവരുന്നു. സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി എല്ലാ തരം വായ്പകൾക്കും പുറമെ ചെറുകിട കച്ചവടക്കാരെ സഹായിക്കുന്നതിന് ദിവസപ്പതിപ്പ് വായ്പയും നൽകി വരുന്നു. ബാങ്കിന് ഹെഡ്ഡാഫീസിന് പുറമെ 6 ബ്രാഞ്ചുകളും ഒരു എക്സ്റ്റൻഷൻ കൗണ്ടറും പ്രവർത്തിച്ചുവരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ രണ്ട് ക്ഷീര സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. മുതുവറ കേന്ദ്രമായി പുഴക്കൽ ക്ഷീരവ്യവസായ സഹകരണ സംഘവും, ചിറ്റിലപ്പിള്ളി കേന്ദ്രമായി ചിറ്റിലപ്പിള്ളി ക്ഷീരോല്പാദക സഹകരണസംഘവും, പുഴക്കൽ ക്ഷീരവ്യവസായ സഹകരണസംഘത്തിന് മുതുവറക്ക് പുറമെ അടാട്ട് ചന്ത, പുറനാട്ടുകര, ആമ്പലങ്കാവ് പ്രദേശത്ത് കളക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. മുതുവറയിൽ തീറ്റവില്പനയും, പാൽ ഉൽപന്നങ്ങളുടെ വിപണനവും നടത്തുന്നു. ചിറ്റിലപ്പിള്ളി ക്ഷീരവ്യവസായ സഹകരണസംഘത്തിന് ചിറ്റിലപ്പിള്ളിയിൽ രണ്ടും അടാട്ട് ഉടലക്കാവ് പ്രദേശത്ത് ഒന്നും കളക്ഷൻ സെന്ററുകൾ ഉണ്ട്. ചിറ്റിലപ്പിള്ളിയിൽ പാൽ ഉല്പന്നങ്ങളുടെ വിപണനവും നടത്തി വരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു വ്യവസായ സഹകരണസംഘം; വിലങ്ങൻ പവർലൂം വ്യവസായ സഹകരണ സംഘമാണ്. ഈ സംഘത്തിൽ 2 ഷിഫ്റ്റുകളിലായി 45 സ്ത്രീകൾ അടക്കം 55 പേർ ജോലി ചെയ്തു വരുന്നു. ഇപ്പോൾ ഈ സംഘത്തിൽനിന്ന് നല്ലയിനം മുണ്ടുകൾ മറ്റു മില്ലുകളുടെ വിലയേക്കാൾ കുറഞ്ഞ സംഖ്യക്ക് ലഭ്യമാക്കിവരുന്നു.

അടാട്ട് ചന്തക്ക് സമീപം അടാട്ട് പഞ്ചായത്ത് SC/ST സർവീസ് സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ നേതൃത്വത്തിൽ സ്വന്തമായി ഒരു പ്രസ്സ് നടത്തിവരുന്നു.

നമ്മുടെ പഞ്ചായത്തതിർത്തിയിൽ പുറനാട്ടുകര ശ്രീരാമ കൃഷ്ണാശ്രമം ഹൈസ്ക്കൂളിലും, ചൂരക്കാട്ടുകര ഗവ. യു.പി.സ്ക്കൂളിലുമായി മൂന്നു സ്ക്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിച്ചവരുന്നു.

പുറനാട്ടകരയിൽ 8-ാം വാർഡിൽ രണ്ടു വനിത സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്നിൽ ബൂസ്റ്ററും മറ്റേതിൽ സ്റ്റെബിലൈസറും അസംബ്ലിങ്ങും നടത്തുന്നു.

ഖാദി ഗ്രാമോദ്യോഗ സഹകരണസംഘ

ത്തിൻ കീഴിൽ ചൂരക്കാട്ടുകരയിൽ ഖാദി നെയ്ത്തും, പുറനാട്ടുകരയിൽ ഖാദി നൂൽനൂൽപ്പും നടത്തുന്നുണ്ട്.

അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൻരെ ഓരോ ബ്രാഞ്ച് പുഴയ്ക്കൽ പ്രദേശത്തും അടാട് ആമ്പലങ്കാവ് പ്രദേശത്തും വേണ്ടതാണ്. കൂടാതെ വിലങ്ങൻകുന്നിൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നവിധം അവിടെ വിവിധതരം ഉല്പന്നങ്ങളുടേയും മറ്റു സാധനങ്ങളുടേയും ഒരു കച്ചവടകേന്ദ്രം ബാങ്ക് പ്രമോട്ടറായോ നേരിട്ടോ നടത്തുക. അതോടുകൂടി ബാങ്കിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുക.

കർഷകർക്കും, കർഷകതൊഴിലാളികൾക്കും 60 വയസ്സ് കഴിയുമ്പോൾ കിട്ടത്തക്കവിധം പെൻഷൻ പദ്ധതി ഫാർമേഴ്സ് ബാങ്ക് നടപ്പിലാക്കേണ്ടതാണ്.

അടാട്ട് ഫാർമേഴ്സ് സഹകരണബാങ്കിന്റെ നാളികേരസംസ്കരണയൂണിറ്റ് ഇപ്പോഴുള്ള സ്ഥലത്തുനിന്ന് ബാങ്കിന്റെ പുറനാട്ടുകരയിലുള്ള (ബാങ്ക് ഓഫീസിന്റെ അടുത്തായുള്ള സ്ഥലം) സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക. അവിടെ തൊണ്ടോടുകൂടിയ തേങ്ങ വാങ്ങി വെട്ടുന്നതിന് ഏർപ്പാടാക്കുക. ചകിരി, ചിരട്ട എന്നിവ ഡ്രയറിന് ഉപയോഗിക്കാം. വെട്ടുന്ന തേങ്ങയുടെ വെള്ളം ആവശ്യമായ ക്രമീകരണം നടത്തി ശീതള പാനീയമാക്കുന്നതിനുള്ള യൂണിറ്റായി പ്രവർത്തിക്കുക. പച്ചതേങ്ങയുടെ പാൽ എടുത്തു പാക്കറ്റുകളാക്കി വിതരണം നടത്തുക. കൊപ്രയാട്ടമിൽ സ്ഥാപിച്ച് വെളിച്ചെണ്ണയുണ്ടാക്കി മറ്റു സഹകരണസംഘങ്ങൾക്കും കേരഫെഡിനും വിപണനം നടത്തുക. പിണ്ണാക്കും പച്ചപ്പാൽ എടുത്ത തേങ്ങാത്തരിയും കാലിത്തീറ്റയാക്കുക. നാളികേര സുപ്പാരി പേക്കറ്റ് ഉണ്ടാക്കി വിതരണം നടത്തുക. ഇതുവഴി പുതിയ തൊഴിൽ സാദ്ധ്യതയും കർഷകർക്ക് ഉല്പന്നത്തിന് നല്ല വിലയും പ്രതീക്ഷിക്കാം.

അടക്കാ മാർക്കറ്റിനോടനുബന്ധിച്ച് അടക്ക സംസ്ക്കരണയൂണിറ്റ് തുടങ്ങി സുപാരി ഉണ്ടാക്കി വിപണനം നടത്താം.

അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ കീഴിൽ ഒരു സൂപ്പർ മാർക്കറ്റും അതുവഴി നിത്യോപയോഗ സാധനങ്ങൾ ഡോർ ഡെലിവറി സമ്പ്രദായവും ഏർപ്പെടുത്തുക.

കാർഷികരംഗത്ത് ഉൽപാദനം വർദ്ധിക്കുമ്പോൾ അവ കേടു കൂടാതെ സൂക്ഷിക്കുന്നതിന് ഗോഡൗൺ സൗകര്യം അതിൽ തന്നെ ശീതികരണസൗകര്യമുള്ളവിധം ബാങ്ക് നിർമിച്ച് വാടകക്ക് കൊടുക്കാവുന്നതാണ്.

അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ ഒരു ബ്രാഞ്ച് ഇപ്പോൾ ലഭ്യമല്ലാത്ത സമയം ഉൾപ്പെടുത്തി ഞായറാഴ്ട കൂടി പ്രവർത്തി ദിവസമാകുന്നവിധം ആക്കുക. (1 മണി മുതൽ 7 വരെയുള്ള സമയം) ഈ ബ്രാഞ്ച് നിലവിലുള്ള ഏതെങ്കിലും ബ്രാഞ്ചിനോട് ചേർന്ന് പ്രവർത്തിക്കാം.

പുഴക്കൽ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ ഒരു പാൽ കളക്ഷൻ സെന്റർ പുഴക്കൽ ആമ്പക്കാട് പ്രദേശത്തായി തുടങ്ങേണ്ടതാണ്.

പുഴക്കൽ – ചിറ്റിലപ്പിള്ളി സംഘങ്ങളിൽ പ്രവർത്തനസമയത്ത് മുഴുവൻ പാൽ, മോര്, തൈര്, സമ്പാരം തുടങ്ങിയവ കേടുകൂടാതെ സൂക്ഷിച്ചു വില്പന നടത്തുന്നതിന് ഏർപ്പാടുകൾ ഉണ്ടാക്കുക. ആയതിനാവശ്യമായ സാമ്പത്തികസഹായം ബന്ധപ്പെട്ട സർക്കാർ വകുപ്പ് മുഖേന ലഭ്യമാക്കുക.

അടാട്ട് പഞ്ചായത്ത് SC/ST സംഘം മുഖാന്തിരം ഈ വിഭാഗങ്ങൾ പരമ്പരാഗതമായി ചെയ്തുവന്നിരുന്ന കൊട്ട നെയ്ത്ത്, തഴപായ് നെയ്ത്ത് എന്നിവയും, പുതിയതായി നോട്ടു പുസ്തക നിർമ്മാണം, ബുക്ക് ബയിന്റിംഗ് എന്നിവയിൽ പരിശീലനം നൽകിയും നിർമാണരംഗത്ത് കൂടുതൽ തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.

വിലങ്ങൻ പവർലൂം, സഹകരണസംഘത്തിൽ സെമി. ആട്ടോലൂം മേന്മയുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ ഇപ്പോഴുള്ള രണ്ട് ഷിഫ്റ്റ് എന്നതു മൂന്നാക്കിയാൽ മൊത്തം 80, 85 പേർക്കായി ജോലി ചെയ്യാനും മെച്ചപ്പെട്ട വേതനം നൽകാനു കഴിയും. കൂടാതെ മില്ലിൽ സൈഷണൽവാർപ്പിംഗ്, ജനറേറ്റർ പ്ളാന്റ്, തണുപ്പിക്കുന്നതിനാവശ്യമായ വെള്ളം എന്നിവ സുലഭമായാൽ 12 പേർക്കുകൂടി ജോലി സാധ്യത കൂടുന്നതാണ്. ഇപ്പോൾ പലപ്പോഴായി പവർകട്ട് ഉള്ളതിനാൽ ജനറേറ്റർ വളരെ അത്യാവശ്യമാണ്. വേനൽക്കാലമായാൽ വെള്ളത്തിന് ക്ഷാമുള്ളതിനാൽ മെഷീൻ തണുപ്പിക്കുന്നതിന് കഴിയാത്തതിനാൽ ഓഫ് ചെയ്ത് തണുപ്പിക്കേണ്ടി വരുന്നു. മാത്രമല്ല പവർ ലൂമുകൾക്ക് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനും ഉൽപ്പന്നം വിറ്റഴിക്കുന്നതിനും ജില്ലാതലത്തിൽ ഒരു സംഘത്തിന്റെ പ്രവർത്തനം നടപ്പിലാക്കുന്നത് നല്ലതാണ്.

സ്ക്കൂൾ സഹകരണസംഘങ്ങൾ വെക്കേഷൻ കാലത്തു സ്ക്കൂൾ വിദ്യാർത്ഥികളെ പുസ്തകനിർമ്മാണം പരിശീലിപ്പിച്ച് സംഘം കടലാസ്സ് വാങ്ങി കൊടുത്ത് നോട്ടുപുസ്തകം ഉണ്ടാക്കേണ്ട



താണ്. ഇതുവഴി പാവപ്പെട്ട വീടുകളിലെ കുട്ടികൾക്ക് അടുത്ത വർഷത്തെ അദ്ധ്യയനത്തിന് ആവശ്യമായ സാമ്പത്തിക സഹായം കിട്ടുക മാത്രമല്ല സ്കൂൾ സംഘങ്ങൾക്ക് മിച്ചമുണ്ടാക്കുകയും ചെയ്യാം.

പുതിയതായി തുടങ്ങേണ്ടവ

1. അടാട്ട് പഞ്ചായത്തിലെ 250 വനിതകൾക്ക് നേരിട്ടും 50 പേർക്ക് പരോക്ഷമായും ജോലി ലഭിക്കാവുന്ന വിധം വിവിധ ഉദ്ദേശത്തോടുകൂടി വനിത സഹകരണസംഘം ഉണ്ടാക്കുക, ഇതിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ, ജെട്ടി, ബ്രേസിയർ, പാവാട, നൈറ്റി,, അച്ചാറുകൾ, മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി, മുളക്, മസാലപ്പൊടികൾ, കുട എന്നിവ നിർമ്മിച്ച് വിതരണം നടത്താം. ഇതിലെ പല സാധനങ്ങളും അംഗങ്ങൾക്ക് വീട്ടിലിരുന്ന് തയ്യാറാക്കി സംഘത്തെ ഏൽപ്പിക്കാവുന്നതാണ്.
2. സ്ത്രീകളും, പുരുഷൻമാരും അടങ്ങുന്ന ആർട്ടിസാൻസ് വിഭാഗത്തെ സംഘടിപ്പിച്ച് ആർട്ടിസാൻസ് സഹകരണസംഘം ഉണ്ടാക്കുക. ഇതുവഴി വിവിധ ഫർണീച്ചറുകളുടെ നിർമാണവും, വിതരണവും ഹോളോബ്രിക്സ് തുടങ്ങിയവും ഉണ്ടാക്കാം. സംഘം നേരിട്ട് വീടുപണി മുതലായ കരാറുപണിയിൽ ഏർപ്പെട്ട് നടത്തുക. ഇതിനാവശ്യമുള്ള തൊഴിലാളികൾ ധാരാളമുള്ള ഒരു ഗ്രാമ പഞ്ചായത്താണ് നമ്മുടേത്. തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിൽ സംവിധാനവും ലാഭവിഹിതവും ലഭ്യമാക്കാവുന്നതാണ്.
3. വൈദഗ്ധ്യമുള്ള ചെറുപ്പക്കാരെ സംഘടിപ്പിച്ച് P.V.C. പൈപ്പുകളുടെ ബെന്റുകൾ വിവിധ ഇലക്ട്രോണിക്ക് ഉപകരണങ്ങൽ എന്നിവ നിർമ്മിച്ചു നടത്താവുന്ന സഹകരണസംഘം ഉണ്ടാക്കിയാൽ 100 പേർക്കെങ്കിലും തൊഴിൽ സാധ്യതയുണ്ട്.
4. ബേക്കറി സാധനങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരികയാണല്ലോ? ഗുണമേന്മയുള്ള സാധനങ്ങൾ ലഭിക്കുകയെന്നതാണ് പ്രധാനം. ഇക്കാര്യം സാധ്യമാവുന്നതിന് അടാട്ട് ഗ്രാമപഞ്ചായത്തിൽ ഒരു ഹോട്ടൽ & ബേക്കറി സഹകരണസംഘം ആരംഭിക്കുക. ഈ സംഘത്തിന്റെ നേതൃത്വത്തിൽ മുറ്റിച്ചുവറയിലും, അമലനഗറിലും വേണ്ടി വന്നാൽ വിലങ്ങൻകുന്നിലും ഓരോ ഹോട്ടൽ സാധ്യമാക്കുന്നതാണ്.
5. അടാട്ട് ഗ്രാമപഞ്ചായത്തിലെ മത്സ്യ-മാംസവിതരണ വിപണന രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഈ സംഘത്തിന്റെ നേതൃത്വത്തിൽ പുഴയ്ക്കൽ, അടാട്ട് ചന്ത എന്നിവിടങ്ങളിൽ മാർക്കറ്റ് സംഘടിപ്പിക്കുക. പഞ്ചായത്തിലെ വിവിധകുളങ്ങൾ മീൻ വളർത്തുകേന്ദ്രങ്ങളാക്കുക. സംഘത്തിന്റെ നേതൃത്വത്തിൽ മുയൽ, പന്നി, ആട്, കോഴി വളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കുക. പഞ്ചായത്ത് അതിർത്തിയിൽ ഇപ്പോഴുള്ള കോൾനിലങ്ങൾ മീൻ വളർത്തുന്നതിന് വേണ്ടി വാടകക്ക് ലഭ്യമാക്കുക. വർഷകാലങ്ങളിൽ ഇതിൽ മീൻ വളർത്തുക. പാടശേഖരങ്ങൾക്ക് നേരത്തെ കിട്ടിയിരുന്ന സംഖ്യവാടകയായി ലഭിക്കുന്നതാണ്. ഈ സംഘത്തിന് സ്റ്റോറേജ് സൗകര്യം ലഭ്യമാക്കേണ്ടതാണ്.
6. വൈദ്യുതി ലഭിക്കാത്ത വീടുകൾ വളരെ കുറവാണ്. ഈ ഉപഭോക്താക്കൾ മുഴുവൻ ചാർജ്ജ് അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ടും പറയേണ്ടതില്ല. ഇതൊഴിവാക്കുന്നതിന് വൈദ്യുതി, ടെലിഫോൺ ഉപഭോക്താക്കളുടെ ഒരു സഹകരണസംഘം ഉണ്ടാക്കുക. ഈ സംഘം ബില്ലു സംഖ്യയും കളക്റ്റ് ചെയ്ത് ഒന്നിച്ച് അടക്കുന്ന സംവിധാനം ഏർപ്പെടുത്തുക. ഇതിന് ഒരു ചെറിയ തോതിൽ കമ്മീഷൻ നൽകിയാൽ തന്നെ ഉപഭോക്താക്കൾക്ക് ലാഭമാണെന്ന് പറയേണ്ടതില്ലല്ലോ. കൂടാതെ ഈ സംഘത്തിന് പാചകവാതകത്തിന്റെ വിതരണ ഏജൻസി എടുക്കുക. ഊർജലാഭമുണ്ടാക്കുന്ന വിവിധതരം അടുപ്പുകൾ, പ്രഷർകുക്കറുകൾ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ വിതരണക്കാരായും പ്രവർത്തിക്കാം.
7. നമ്മുടെ പഞ്ചായത്തിലെ പച്ചക്കറി കൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കാനും ഉണ്ടാക്കുന്ന സാധനങ്ങൾ ഏറ്റെടുത്തു വില്പന നടത്താനും, പഴം പച്ചക്കറി സഹകരണസംഘം ഉണ്ടാക്കുക സംഘത്തിന്റെ നേതൃത്വത്തിൽ പ്രധാന സ്ഥലങ്ങളിൽ പച്ചക്കറി വില്പനശാലകൾ തുറക്കുക.
8. നമ്മുടെ പഞ്ചായത്തിൽ ഗ്രാമീണ പൊതു മരാമത്തുപണികൾ നടത്തുന്നതിന് രൂപീകരിക്കപ്പെടുന്ന ചാരിറ്റബിൾ സംഘത്തിന് ഫാർമേഴ്സ് സർവീസ് സഹകരണബാങ്കും, പഞ്ചായത്തിലെ മറ്റുകമ്മേഴ്സിയൽ ബാങ്കുകളും വായ്പ അനുവദിക്കേണ്ടതാണ്.
9. ലൈറ്റ് മോട്ടോർ തൊഴിലാളികളെ സഹകരണാ

ടിസ്ഥാനത്തിൽ ഒരു സംഘമായി പ്രവർത്തിപ്പിക്കുക. തൊഴിലാളികൾ വായ്പയെടുക്കുന്നതിനും, സ്പെയർപാർട്ടുകൾ ലഭ്യമാക്കുന്നതിനും ഷോറും മുതലായവ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്. നാഷണൽ ഹൈവേയിൽ ഇത്തരം ഒരു ഷോറും ഉണ്ടായാൽ നല്ല കച്ചവടസാധ്യതകൂടിയുള്ളതാണ്.

10. പഞ്ചായത്തിൽ അമ്പതിലധികം വീടുകൾ ഓട്ടുപാത്രനിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. അവർക്കായി ഒരു സഹകരണസംഘം ആരംഭിക്കേണ്ടതുണ്ട്.

11. അസംഘടിത തൊഴിലാളികൾക്കുവേണ്ടി ഒരു സഹകരണസംഘം ഉണ്ടാവേണ്ടതുണ്ട്. സംഘം ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുപോലെ പ്രവർത്തിക്കുന്നതോടൊപ്പം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കുന്നതിനും പ്രവർത്തിക്കണം.

അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്
30-6-96ലെ സ്ഥിതി വിവരം

പ്രവർത്തന പരിധി :	അടാട്ട് പഞ്ചായത്ത് മുഴുവനും പേരാമംഗലം വില്ലേജിലെ ഏതാനും ഭാഗങ്ങളും
പ്രവർത്തനം ആരംഭിച്ച തിയ്യതി	26-1-1980
അംഗങ്ങൾ	17381
ഓഹരിവില	10/-
അംഗീകൃത ഓഹരി	60,00,000/-
പിരിഞ്ഞു കിട്ടിയ ഓഹരി	35,58,860/-
സർക്കാർ ഓഹരി	3000/-
ജീവനക്കാരുടെ എണ്ണം	50
നിക്ഷേപം	11,04,10,721.87/-
വായ്പ	9,26,62,304.41/-
ശമ്പളം	27,64,814.94/-

പാൽ സഹകരണസംഘം

സംഘത്തിന്റെ് പേര്	ചിറ്റിലപ്പിള്ളി ക്ഷീരോല്പാദക സംഘം	പുഴയ്ക്കൽ ക്ഷീരവ്യവസായ സഹ.സംഘം.
പ്രവർത്തനം ആരംഭിച്ച തിയ്യതി	2-4-1982	8-3-1977
ആകെ അംഗങ്ങൾ	499	1947
ഒരു ഓഹരിയുടെ വില	10	10
അംഗീകൃത ഓഹരി	4990	25000
പിരിഞ്ഞുകിട്ടിയ ഓഹരി	4990	20470
സർക്കാർ ഓഹരി	--	--
ജീവനക്കാരുടെ എണ്ണം	4	16
ശേഖരിയ്ക്കുന്ന പാൽ	300 ലി.	1100 ലി.
പഞ്ചായത്തിൽ തന്നെ വില്ക്കുന്നത്	35 ലി.	150 ലി.

5 (11) പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

അടാട്ട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പട്ടികജാതി വിഭാഗം ആളുകൾ താമസിച്ചു വരുന്നു. മൊത്തം ജനസംഖ്യയിൽ 8% ത്തോളം പട്ടികജാതിക്കാരാണ്. പട്ടികവർഗ്ഗത്തിൽ പെട്ട ഒരു കുടംബംമാത്രമാണ് ഈ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ഉള്ളത്. പട്ടികജാതിക്കാർ അധികവും കോളനികളിലാണ് താമസിക്കുന്നത്. ഇത്തരത്തിലുള്ള അംഗീകൃതകോളനികൾ 13ഉം അംഗീകരിക്കേണ്ടതായ കോളനികൾ 2ഉം ഉണ്ട്. ഇതിൽ പരിപൂർണ്ണ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരും ഉണ്ട്. ഇതിനെല്ലാം പുറമെ മിച്ചഭൂമി, ലക്ഷംവീട്, 5 സെന്റ്, 4 സെന്റ് 3 സെന്റ് എന്നീ സ്ഥലങ്ങളിലും, ഒറ്റപ്പെട്ടും കൂട്ടമായും പട്ടികജാതിക്കാർ താമസിച്ചു വരുന്നു. കുന്നിൻ പ്രദേശങ്ങൾ ഒഴികെ (അടാട്ട് കുന്ന്, വിലങ്ങൻകുന്ന്, ആമ്പക്കാട് കുന്ന്) ബാക്കി സ്ഥലങ്ങളിലേക്ക് ഒരുവിധം സഞ്ചാരയോഗ്യമായ റോഡുകൾ ഉണ്ട്. കുന്നിൻ പ്രദേശങ്ങളിൽ ഏറ്റവും ക്ലേശം അനുഭവിക്കുന്നത് 7-ാം വാർഡിൽ ആണ്.

പാർപ്പിട സൗകര്യങ്ങൾ വളരെ കുറവാണ്. ശാസ്ത്രീയരീതിയിൽ പണിതിട്ടുള്ള വീടുകൾ 2% ഉണ്ടാവും. ബാക്കിയെല്ലാം ഒരു മുറി, അടുക്കള, ചെറിയ ഇറയം, നാലുഭാഗവും ഭിത്തികളില്ലാത്തവ, മേൽപ്പുര ഓലമേഞ്ഞത് എന്നിങ്ങനെയുള്ളവയാണ്. കുടിവെള്ള ക്ഷാമം പഞ്ചായത്തിന്റെ മൊത്തം വിഷയമാണെങ്കിലും മേൽപറഞ്ഞ കോളനി പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്. കുത്തനെയുള്ള കുന്നിൻ മുകളിലേക്ക് ഏകദേശം 1/2 കി.മീറ്റർ ദൂരം വെള്ളം തലചുമടായി കൊണ്ടുപോകേണ്ട സ്ഥിതിവിശേഷവും ഉണ്ട്. ഇതുപോലെ തന്നെ വെളിച്ചത്തിന്റെ കാര്യത്തിലും പോരായ്മകൾ ഉണ്ട്. ഇലക്ട്രിക്ക് ലൈൻ എത്തിയിട്ടില്ലാത്ത സ്ഥലങ്ങളും ഉണ്ട്. ചില ഭാഗത്ത് 11 കെ.വി. ലൈൻ വീടിനു മുകളിൽ കൂടി കടന്നുപോകുന്നു. വഴിവിളക്കുകളും, കുടിവെള്ളവും ഏറ്റവും എളുപ്പമായ രീതിയിൽ ലഭ്യമാക്കുവാൻ എത്രയും വേഗം നാം കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. മറ്റു വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതിക്കാരുടെ ആരോഗ്യസ്ഥിതി തൃപ്തികരമല്ല. ഇതിന്റെ കാരണം നല്ല കക്കൂസുകളുടെ അപര്യാപ്തതയാണ്. കുഴികക്കുസുകളും ഉപയോഗിക്കുന്നുണ്ട്. ഇവ മഴക്കാലത്ത് പരിസ്ഥിതി പ്രശ്നങ്ങളും, ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. തന്മൂലം കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ ഇവർക്കെല്ലാം പകർച്ച വ്യാധികൾ എളുപ്പത്തിൽ വ്യാപിക്കുന്നു. കൂടുതൽ ജനങ്ങളും കൂലിപ്പണിക്കാരായതിനാൽ രോഗം വന്നാൽ കടം വാങ്ങി ചികിത്സിക്കേണ്ടിവരുന്നു. നിത്യജീവിതത്തിൽ നിത്യവരുമാനം മിച്ചം വെയ്ക്കുന്ന പ്രവണതകൂടി ഉണ്ടാകേണ്ടിയിരിക്കുന്നു.

വിദ്യഭ്യാസം, സാമ്പത്തികം, സാമൂഹികം എന്ന കാര്യങ്ങളിൽ സർക്കാരിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ പൂർണ്ണമായും അർഹതപ്പെട്ടവരിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. 2% പേർ SSLC പാസ്സായവർ ഉണ്ടെങ്കിൽ കോളേജ് വിദ്യാഭ്യാസം നേടുന്നവരും, വിജയിക്കുന്നവരും ഏകദേശം ഒരു ശതമാനത്തിനു താഴെയാണ്. പ്രൊഷണൽ വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണവും വളരെ കുറവാണ്. ഇതിന് സാമ്പത്തികപ്രശ്നങ്ങളാണ് തടസ്സം നിൽക്കുന്ന മുഖ്യഘടകം. 4-ാം പഞ്ചവത്സര പദ്ധതിയിലൂടെ കാര്യക്ഷമമായ ആസൂത്രണങ്ങളും, പരിപാടികളും നടപ്പിലാക്കുകയം അതിൽ SC, ST, വിഭാഗക്കാരുടെ ഉന്നമനം പ്രത്യേകം ലക്ഷ്യമാക്കി പ്രവർത്തിച്ചതിന്റെ ഫലമായി വിദ്യഭ്യാസരംഗത്തും ഉദ്യോഗരംഗത്ത്. സംവരണം പാലിച്ചുകൊണ്ടുള്ള ചില നടപടികൾ, സ്പെഷൽ റിക്രൂട്ട്മെന്റുകൾ. കൂടാതെ പാർപ്പിടകാര്യത്തിൽ ഗ്രാന്റ് സൗജന്യം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി. ഇതിന്റെ ഫലമായി പട്ടികജാതി പട്ടിക വർഗ്ഗ ജനങ്ങളിൽ സാമൂഹ്യസാമ്പത്തിക സാംസ്കാരികരംഗത്ത് വളർച്ച വന്നിട്ടുണ്ട്. നാട്ടിൽ പൊതുവെ ജാതിമത ഉച്ചനീചത്വമില്ലാതെ ജീവിച്ചുവരുന്നു. ഈ വിഭാഗത്തിലെ അധികം ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിച്ചുപോരുന്നു. കൃഷിനിലങ്ങൾ അധികഭാഗവും കോൾനിലങ്ങൾ ആയതുകൊണ്ട് ഒരു പ്ലാ

കൃഷി മാത്രമാണുള്ളത്. ആയതുകൊണ്ട് മറ്റു കാലങ്ങളിൽ വേറെ തൊഴിൽ അന്വേഷിക്കേണ്ടിവരുന്നു. ഒരു പാരമ്പര്യ തൊഴിൽ സമ്പ്രദായം ഇപ്പോൾ ഇവർക്കില്ല. ഉദ്യോഗസ്ഥരായവർ വളരെ കുറവാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കവസ്ഥയാണ്. സാമ്പത്തികമായി പിന്നോക്കക്കാരായതുകൊണ്ട് വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്തവരും ഉണ്ട്. പലപ്പോഴും കുടുംബഭാരം ഏറ്റെടുക്കേണ്ടി വരുന്നതുകൊണ്ട് പലരും സ്കൂൾ തലത്തിൽ തന്നെ വിദ്യഭ്യാസം പൂർത്തീകരിക്കുന്നില്ല. അടുത്തകാലത്തായി വൈരക്കൽ, വർക്ക്ഷോപ്പ്, ഓട്ടോറിക്ഷ, തുണൽ തുടങ്ങിയ ജോലിക്കായി പോകുന്നു. നൂറ്റാണ്ടുകളായി അനുഭവിച്ചുവന്ന അടിമതം അടിമുടി അവരെ പിന്നോക്കാവസ്ഥയിൽ എത്തിച്ചു. രാഷ്ട്രപിതാവായ മഹാത്മജിയും, മഹാനായ ഡോക്ടർ അംബേദ്കറും, അയ്യൻകാളിയും, ശ്രീനാരായണഗുരുദേവനും ഇവരുടെ ഉന്നമനത്തിനും സാഹോദര്യത്തിനും, ക്ഷേമത്തിനും, പരിവർത്തനത്തിനും മാർഗ്ഗദർശികളായിരുന്നു. ഇന്നത്തെ തലമുറ കൂടുതൽ ക്രിയാത്മകവും പൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ സമത്വം കൈവരിച്ചു തുടങ്ങിയിട്ടുണ്ട്. മാത്രവുമല്ല കലാസാംസ്കാരികസാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിച്ച ഒട്ടനവധി പട്ടികജാതി വിഭാഗക്കാരും ഈ പഞ്ചായത്തിൽ ഉണ്ട്.

പദ്ധതി നിർദ്ദേശങ്ങൾ

പട്ടികജാതി, പട്ടികവർഗ്ഗജനങ്ങളുടെ ക്ഷേമത്തിനു ജനപങ്കാളിത്തത്തോടെ, നടപ്പിലാക്കുന്ന പദ്ധതികളിലേക്ക് ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി, പട്ടികവർഗ്ഗജനങ്ങളെ അവരുടെ സമൂലമായ പരിവർത്തനത്തിനുയോഗ്യമായ തരത്തിൽ ബോധവൽക്കരണം നടത്തുക
2. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
3. ഭൂരിഭാഗവും ഭൂരഹിത കർഷകത്തൊഴിലാളികളാകയാൽ കൃഷിക്കനുയോജ്യമായ നിലം, വിത്ത് തുടങ്ങിയവ മിനിമം വിലയ്ക്ക് നൽകുക.
4. പരമ്പരാഗത വ്യവസായങ്ങളിലുള്ള തൊഴിൽ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുകയും സഹകരണ മേഖലയിൽ ഉല്പന്നങ്ങൾ വാങ്ങുന്നതിനും, വിൽക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.
5. ചികിത്സാ കേന്ദ്രങ്ങൾ, പോഷകാഹാര വിതരണ കേന്ദ്രങ്ങൾ, കുട്ടികളുടെ വിദ്യഭ്യാസം, സ്ത്രീ തൊഴിലാളി സഹകരണതൊഴിൽ സംരംഭങ്ങൾ എന്നീ സൗകര്യങ്ങൾ ഉണ്ടാക്കുക.
6. പൊതുവിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോറുകൾ എല്ലാ വില്ലേജുകളിലും സ്ഥാപിക്കുക.
7. കോളനികളിൽ വായനശാല, റേഡിയോ ക്ലബ്, ആർട്സ് & സ്പോർട്ട്സ് ക്ലബ്, ടെലിവിഷൻ സെറ്റ് എന്നിവ സ്ഥാപിക്കുക.
8. പട്ടികജാതി കേന്ദ്രങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക. നിലവിലുള്ള കിണറുകൾ ഉപയോഗ്യമാക്കുക. ടാപ്പുകളും, പൈപ്പുകളും, പൊട്ടിയൊഴുകി പോകുന്നത് തടയാനുള്ള സംവിധാനം ഉണ്ടാക്കുക. ടാപ്പു ഉപയോഗത്തിൽ ശുചിത്വ പാലനം കർക്കശമാക്കുക. ജലദുരുപയോഗം ശിക്ഷാർഹമാക്കുക.
9. വായ്പകൾ, സൗജന്യങ്ങൾ എന്നിവ തികച്ചും അടിസ്ഥാനവർഗ്ഗത്തിൽ അർഹിക്കുന്നവർക്ക് മുൻഗണനാക്രമത്തിൽ നൽകുക. അവയുടെ പ്രയോജനം അർഹിക്കുന്നവർക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.
10. പുറമ്പോക്കിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് ഭൂമി പതിച്ചു നൽകുക.
11. എല്ലാ വാർഡുകളിലും പട്ടികജാതി പട്ടികവർഗ്ഗ സംഘടന രൂപീകരിച്ച് അവരുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടതാണ്.
12. ഇവരുടെ തനതായ നാടൻ കലകളെക്കുറിച്ച് പഠനം നടത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
13. സ്വയം തൊഴിലിനുള്ള പദ്ധതികൾ രൂപകല്പന ചെയ്യുക
14. വ്യവസായ സംരംഭങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകുക
15. പട്ടിക ജാതി കേന്ദ്രങ്ങളിൽ സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക

16. പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി നിലകൊള്ളുന്ന സഹകരണസംഘം എല്ലാ ഹരിജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ കാര്യക്ഷമമാക്കേണ്ടതാണ്.

17. ബാങ്കുകളിൽ സഹായത്തിനുവേണ്ടി സമീപിക്കുന്ന പട്ടികജാതിക്കാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾക്ക പരിഹാരം കണ്ടെത്തേണ്ടതാണ്.

18. പട്ടിക ജാതി കേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്ന മദ്യഷാപ്പുകൾ നീക്കം ചെയ്യണം.


19. പായനെയ്ത്ത്, കൊട്ടനെയ്ത്ത് എന്നീ പരമ്പരാഗതതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ സൗകര്യങ്ങളും ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തേണ്ടതും ആവശ്യമാണ്.

20. പട്ടികജാതി കേന്ദ്രങ്ങളിൽ ക്ഷേമപ്രവർത്തനത്തിനും, വിദ്യഭ്യാസനിലവാരം, ഉയർത്തുന്നതിനും, ബാലവാടികളും നേഴ്സറിസ്കൂളുകളും ആവശ്യമാണ്.

21. പട്ടികജാതി കേന്ദ്രങ്ങളിൽ പബ്ലിക്ക് ടെലിഫോൺ ബുത്തുകൾ തുടങ്ങിയ വാർത്താവിനിമയ സൗകര്യങ്ങൾ ആവശ്യമാണ്

22. പഞ്ചായത്തിൽ വിവിധമേഖലകൾ കണ്ടെത്തി തൊഴിൽ ലഭിക്കുന്നതിന് വിവിധയിന, ചെറുകിട വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക.

ആനുകൂല്യങ്ങളും സൗജന്യങ്ങളും അസ്ഥിരമാണ്. ഇതിൽ നിന്ന് എത്രയും വേഗം പിൻമാറുന്നതിനും, സ്വാശ്രയമനോഭാവവും, സ്വാഭിമാനവും വളർത്തുന്നതിനും വേണ്ടി അഭ്യസ്തവിദ്യരും, സാമൂഹ്യപ്രവർത്തകരും, പട്ടികജാതി പട്ടികവർഗ്ഗജനങ്ങളിലെ പ്രബുദ്ധരും, അടങ്ങുന്ന സമിതികൾ രൂപീകരിച്ചുപ്രവർത്തിക്കേണ്ടതാണ്. അതോടൊപ്പം ഏതേതുകാര്യങ്ങളിൽ ഇവർക്ക് ആനുകൂല്യങ്ങൾ ഉണ്ട് എന്നതും, അതു പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ അവരെ പ്രോത്സാഹിപ്പിക്കുക എന്നതും ഈ സമിതിയുടെ പ്രവർത്തനലക്ഷ്യമാകേണ്ടതാണ്



അടാട്ട് ഗ്രാമ പഞ്ചായത്തിൽപ്പെട്ട പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ

No. കോളനികളുടെ വിവരം	ആകെ വീടുകൾ	ജനസംഖ്യ പു	സ്ത്രീ	ആകെ	വൈദ്യുതീകരിച്ച വീടുകൾ	കക്കുസില്ലാത്ത വീടുകൾ	SSLC. പാസായവർ	PDC പാസ്സായവർ	DC പാസ്സായവർ
1. O.L.H. കോളനി അടാട്ട്	15	30	28	58	14	4	2	1	1
2. കുന്നുംപുറം കോളനി	25	51	45	96	20	5	2	3	1
3. കുറുർപാറ (T.H.D.P.)	45	67	76	148	41	5	10	7	...
4. ചിറ്റിലപ്പിള്ളി കിണർ	22	42	29	71	18	7	2	2	1
5. ചിറ്റിലപ്പിള്ളി മിച്ചഭൂമി	25	53	44	97	20	5	10	7	4
6. ചുരക്കാട്ടുകര	21	40	44	84	10	3	8	6	2
7. ചെട്ടിക്കുന്ന് 52	105	100	205	33	37	16	4	...	
8. മോസ്കോറോഡ്	11	27	33	66	8	7	4	2	...
9. പ്ലാവളപ്പിൽ	19	45	44	89	17	2	3	3	1
10. മരതകം	18	38	35	73	7	8	4	1	1
11. പാരിക്കാട് കോളനി	52	109	122	231	30	18	14	12	...
12. പുത്തിശ്ശേരി കോളനി	15	28	41	69	12	4	4	...	...
13. കക്കാട്ടുപാറ കോളനി	10	16	18	34	9	2	4	2	...
ആകെ	490	651	659	1310	239	10	83	50	11

5(12) വിഭവസമാഹരണം

വിഭവങ്ങളുടെ പോരായ്മയെക്കുറിച്ച് നിരന്തരം ചർച്ചകൾ നടക്കുമ്പോൾ പരിമിതികളും സാധ്യതകളും കണക്കിലെടുക്കേണ്ടതാണല്ലോ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വികസന പ്രവർത്തനങ്ങൾ പ്രാഥമിക സൗകര്യങ്ങളുടെ കാര്യത്തിലേക്ക് കൂടി വ്യാപിക്കേണ്ടിവരുമ്പോൾ സാമ്പത്തിക ഭാരം വലിയൊരു പ്രശ്നമായിത്തീരുകയാണ്. പഞ്ചായത്തിന്റെ വരുമാനം പ്രധാനമായും തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, കെട്ടിട നികുതികൾ എന്നിവയാണ്. കൂടാതെ കാലാകാലങ്ങൾ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറുകൾ, ഫണ്ടുകൾ എന്നിവയും പെടുന്നു. പഞ്ചായത്ത് സ്വന്തമായി ഗ്രാമവികസന ബോർഡിന്റെ സഹായത്തോടെ പണി കഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനവും, പഞ്ചായത്തിന്റെ വരുമാന ഇനത്തിൽ വരുന്നുണ്ട്. പക്ഷേ ഷോപ്പിംഗ് കോംപ്ലക്സ് പണിചെയ്ത ഗ്രാമവികസനബോർഡിന് കടബാധ്യത നിലനിൽക്കുന്നുണ്ട്.


വിഭവസമാഹരണം **95-96**

	വരവിനങ്ങൾ	തുക	ശതമാനം
1	കെട്ടിടനികുതി	3,59,980	20%
2	ലൈറ്റിംഗ് ടാക്സ്	1,19,941	6%
3	തൊഴിൽ നികുതി	2,37,609	13%
4.	വസ്തു കൈമാറ്റ നികുതി	1,66,897	9%
5.	സർക്കാർ ഗ്രാൻറ്	6,39,244	35%
6.	ഡെപ്പോസിറ്റ്	16,575	1%
7.	മറ്റു നികുതികൾ	22,414	1%
8.	വാടക, ലേലം	2,31,003	13%
9.	മറ്റുവരവുകൾ	31,979	2%
	ആകെ	18,25,638	100%

ചിലവിനങ്ങൾ 95-96


1	ഭരണം	2,29,786	14%
2.	പൊതുമരാമത്ത്	38,173	2%
3.	വിദ്യാഭ്യാസം	9,079	0.5%
4.	ജലവിതരണം, റോഡുകൾ , പൊതുജനാരോഗ്യം	2,79,443	17%
5.	തെരുവിളക്കുകൾ	1,73,690	10%
6.	നിർമ്മാണപ്രവർത്തനങ്ങൾ	259742	15.5%
7.	ലോൺ	312966	19%
8.	മറ്റുള്ളവ	375042	22%
	ആകെ	16,77,921	100%

വരവ്



1	കെട്ടിട നികുതി	20%
2.	ലൈറ്റിംഗ് ടാക്സ്	6%
3	തൊഴിൽ നികുതി	13%
4	വസ്തു കൈമാറ്റ നികുതി	9%
5	സർക്കാർ ഗ്രാൻറ്	35%
6	ഡെപ്പോസിറ്റ്	1%
7	മറ്റു നികുതികൾ	1%
8	വാടക, ലേലം	13%
9	മറ്റുവരവുകൾ	2%

ചിലവ്



1	പൊതുമരാമത്ത്	2%
2.	വിദ്യാഭ്യാസം	0.5
3	തെരുവിളക്ക്	10%
4	റോഡുകൾ, പൊതുജനാരോഗ്യം	17%
5	നിർമ്മാണപ്രവർത്തനങ്ങൾ	15.5%
6	ലോൺ	19%
7	മറ്റുള്ളവർ	22%
8	ഭരണം	14%

പ്രശ്നങ്ങളും പരിഹാരങ്ങളും

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 200 ഓളം ഓട്ടോറിക്ഷാ, കാർ, ടെംപോ മുതലായവ പാർക്കു ചെയ്യുകയും, ഓടുകയും ചെയ്യുന്നു. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അവയ്ക്ക് പാർക്കിംഗ് സൗകര്യങ്ങളോ പഞ്ചായത്തിൽ റജിസ്ട്രേഷനോ ഇല്ലാത്തതാണ്. അടാട്ട്, ആമ്പലങ്കാവ് പ്രദേശത്ത് ബസ്സുകൾ വന്ന് പാർക്ക് ചെയ്ത് തിരിച്ചുപോകുന്നു. ഇവിടേയും പാർക്കിംഗ് സൗകര്യവും ബസ് സ്റ്റാൻറും ഇല്ല. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഓട്ടോറിക്ഷ, ടെമ്പോ, കാർ പാർക്കിംഗ് സൗകര്യവും അടാട്ട് ബസ്സ്റ്റാൻറ് സൗകര്യവും ഉണ്ടാക്കിക്കൊടുക്കുകയും അതിൽ നിന്ന് ഫീസ് ചുമത്തുകയും ചെയ്യേണ്ടതാണ്.

മുതുവറ, അമലനഗർ പ്രദേശങ്ങളിലായി രാത്രി കാലങ്ങളിൽ ധാരാളം ബസ്സുകൾ പാർക്കു ചെയ്യുന്നതായി കാണാം. ഈ വാഹനങ്ങളിലെ തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾക്ക് കുറവുണ്ട്. വാഹനം കഴുകുന്നതിനും സൗകര്യമില്ല. പൊതുസ്ഥലവും, ടാപ്പുകളും ഇതിന് ഉപയോഗപ്പെടുത്തുന്നു. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് പഞ്ചായത്ത് സൗകര്യമേർപെടുത്തുകയും, ഫീസ് ചുമത്തുകയും ചെയ്യേണ്ടതാണ്.

ശബരിമല സീസണിൽ ധാരാളം ടൂറിസ്റ്റ് ബസ്സുകളും, അയ്യപ്പഭക്തരും പുഴക്കൽ പ്രദേശത്ത് പാർക്ക് ചെയ്ത് വിശ്രമിക്കുന്നത് കാണാം. പ്രാഥമിക ആവശ്യങ്ങൾക്ക് പൊതുസ്ഥലം ഉപയോഗിക്കുന്നു. കുളിക്കാൻ പുഴയ്ക്കൽ ചാലും ഉപയോഗിക്കുന്നു. ഈ സീസണിൽ നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ബസ്സ്യാത്രക്കാർക്കുപോലും ഇതു ശല്യമാകുന്നു. സമീപവാസികളുടെ കാര്യം പറയേണ്ടതില്ല. ഇതൊഴിവാക്കാൻ കുളിക്കടവു സൗകര്യവും, പ്രാഥമിക സൗകര്യവും ഏർപ്പെടുത്തുക. കച്ചവട കേന്ദ്രവും, വിശ്രമ കേന്ദ്രവും സ്ഥാപിച്ച് അവയിൽനിന്ന് വാടക, പാർക്കിംഗ് ഫീസ് എന്നിവ ലഭ്യമാക്കാം. കച്ചവടകേന്ദ്രവും, വിശ്രമകേന്ദ്രവും പണിയുന്നതിന് ഗ്രാമവികസന വകുപ്പിൽ നിന്നുള്ള വായ്പയും പൊതുജനങ്ങളിൽ നിന്നുള്ള ഡെപ്പോസിറ്റുകളും സ്വീകരിക്കാം.

അടാട്ട് പഞ്ചായത്തിൽ പൊതുശ്മശാനം ഉണ്ട്. പരിസരനിവാസികൾക്ക് ഇതുമൂലമുള്ള വിഷമം ഒഴിവാക്കേണ്ടതാണ്. ജനപ്പെരുപ്പം മൂലം വീടുവെയ്ക്കുന്നതിനുള്ള സ്ഥലം പോലും കുറവായതിനാൽ ഇനിയുള്ള കാലങ്ങളിൽ കൂടുതൽ പേർ പൊതുശ്മശാനം ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഇതു മൂലമുള്ള ബുദ്ധിമുട്ടൊഴിവാക്കാൻ ശ്മശാനം വൈദ്യുതീകരിക്കുക. പഞ്ചായത്തു പ്രദേശത്തു മരണമടയുന്നവരെ നിർബദ്ധമായും പൊതുശ്മശാനം ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും അതിനുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക. ശ്മശാനം ഉപയോഗിക്കുന്നവർക്ക് ഫീസ് ചുമത്തുക.

പഞ്ചായത്തു പ്രദേശത്ത് 986 ബൾബുകളും 132 ട്യൂബുലൈറ്റുകളും ഉണ്ട്. ഇതിനു കഴിഞ്ഞ വർഷം പഞ്ചായത്തു ചിലവഴിച്ചത് 173690 രൂപയാണ്. എന്നാൽ രാത്രികാലങ്ങളിൽ തെളിയുന്ന ബൾബുകളും, ട്യൂബുകളും കുറവാണ് എന്ന പരാതിയുണ്ട്. ഇതൊഴിവാക്കുന്നതിന് സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സംവിധാനം ഉണ്ടാക്കുക. ഇതുവഴി കത്താത്തതിന് ചാർജ്ജ് നൽകേണ്ടിവരില്ല. അല്ലെങ്കിൽ മുഴുവൻ ബൾബുകളും, ട്യൂബുകളും പ്രകാശിക്കുന്നതാണ്. ഏതുവിധമായാലും പഞ്ചായത്തിന് നേട്ടമാണ്.

ഇന്ന് നമ്മുടെ നാട്ടിൽ പരക്കെ കേബിൾ ടി.വി.യുടെ ഉപയോഗം കൂടിവരുന്നു. കേബിൾ ടി.വി.ക്ക് ഉപയോഗിക്കുന്നത് പഞ്ചായത്ത് വഴികളാണ്. ഇത്തരം പ്രവർത്തനം നടത്തുന്നതിന് കണക്ഷൻ എണ്ണത്തിന്റെ ഫീസ് ചുമത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിട്ടി നടത്തുന്ന വ്യക്തികളും, സ്ഥാപനങ്ങളും ഉണ്ട്. ഈ സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ലൈസൻസ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്.

കച്ചവടക്കാരിൽ നിന്ന് ലൈസൻസ് ഫീസ് ചുമത്തുന്നത് കച്ചവടത്തിന്റെ തോതനുസരിച്ചായിരിക്കണം പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരേയും ലൈസൻസിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

കേരള സർക്കാർ വകയോ, പഞ്ചായത്തുവകയോ ആയി ലഭിച്ച മിച്ചഭൂമി, ലക്ഷംവീട് തുടങ്ങിയവ യഥാർത്ഥമായി ലഭിച്ചവരല്ല ഇപ്പോൾ ഉപയോഗിച്ചു വരുന്നത് എന്നു കാണുന്നു. ഇത് യഥാർത്ഥമാണോ എന്ന് പരിശോധിക്കണം. യഥാർത്ഥ കക്ഷികളല്ല ഉപയോഗിക്കുന്നതെങ്കിൽ ഇത്തരക്കാർക്ക് മേലിൽ ഇതുപോലുള്ള ആനുകൂല്യം നൽകാൻ പാടില്ലാത്തതാണ്. മാത്രമല്ല വിൽപന നടത്തിയതിന് പഞ്ചായത്തിന് പിഴ ചുമത്താം. ഇപ്പോഴത്തെ യഥാർത്ഥ ഉപഭോക്താവിന് ഫീസ് വാങ്ങി കൈവശം കൊടുക്കാം.

നമ്മുടെ പഞ്ചായത്തിൽ ധാരാളം വസ്തു ബ്രോക്കർമാർ ഉണ്ട്. ഭീമമായ സംഖ്യ ബ്രോക്കറേജ് പറ്റുന്നതായും കാണാം. പാടശേഖരങ്ങൾ മണ്ണിട്ടു നികത്തുകയും കുന്നുകൾ ഇടിച്ചു നിരത്തുകയും സമതലം തുണ്ടുകളാക്കി വില്പന നടത്തുകയും ചെയ്യുന്നു. ഇത്തരം വില്പനകൾ പഞ്ചായത്തിന്റെ അനുമതിയോടെ വേണം നടത്താൻ. ഇതിന് പഞ്ചായത്തിലേക്ക് ഫീസ് നൽകണം.

അടാട്ട് പഞ്ചായത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വിലങ്ങൻ കുന്നിൽ നിന്നുള്ള വരുമാനത്തിന്റെ നിശ്ചിത തോത് പഞ്ചായത്തിന് ലഭ്യമാക്കണം.

ഈ പഞ്ചായത്തതിർത്തിയിൽ സെയിൽസ് ടാക്സ് നൽകുന്ന കച്ചവടക്കാർ ധാരാളം ഉണ്ട്. ചുരുങ്ങിയത് വർഷത്തിൽ 5 ലക്ഷം രൂപയെങ്കിലും ഈ ഇനത്തിൽ സർക്കാരിന് ലഭിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ നിന്നുള്ള ടാക്സിന്റെ 10% എങ്കിലും പഞ്ചായത്തു വികസനത്തിന് ലഭ്യമാക്കേണ്ടതാണ്. ഇലക്ട്രിസിറ്റി ബോർഡ് പിരിക്കുന്ന 10% മെങ്കിലും പഞ്ചായത്തു വികസനത്തിന് ലഭ്യമാക്കേണ്ടതാണ്.

പുതിയ വികസനരേഖ അനുസരിച്ച് ധാരാളം തൊഴിൽ സാധ്യതയുള്ളതായി കാണാം. ഇത്തരം തൊഴിൽ ശാലകൾ സഹകാര്യ-പൊതുമേഖല, സഹകരണമേഖല എന്നിവയിൽ തുടങ്ങാൻ വേണ്ട സഹായങ്ങളും, നിർദ്ദേശങ്ങളും, സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. ഇപ്പോൾ സ്വയം തൊഴിൽ വായ്പ, ഐ.ആർ.ഡി.പി. മുതലായവയിൽ സർവീസ് സഹകരണ ബാങ്ക് നൽകുന്ന വായ്പക്ക് റീ ഇമ്പേഴ്സ് മെൻറ് കിട്ടാത്തതിനാൽ പുതിയ വായ്പ കൊടുക്കാൻ അടാട്ട് ഫാർമേഴ്സ് ബാങ്ക് താൽപര്യം കാണിക്കുന്നില്ല. കുറഞ്ഞ പലിശക്ക് കൊടുക്കുന്ന ഇത്തരം വായ്പക്ക് ബാങ്കുകൾക്ക് റീ ഇമ്പേഴ്സ്മെൻറ് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ബാങ്ക് സ്വീകരിക്കണം. പഞ്ചായത്തതിർത്തിയിൽ ബാങ്കുകൾ പിരിക്കുന്ന ഡെപ്പോസിറ്റിന്റെ തോതിൽ വ്യാവസായിക സ്വയം തൊഴിൽ വായ്പ പൊതുജനങ്ങൾക്ക് സഹകരണ ബാങ്ക്, മറ്റു കമേഴ്സിയൽ ബാങ്കുകൾ എന്നിവയിൽ നിന്നും ലഭ്യമാക്കേണ്ടവയാണ്. ഇപ്രകാരം പുതിയ സംരംഭം ഉണ്ടാകുന്നത് പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ സഹായിക്കും.

ഇതിനെല്ലാമുപരി 25000ത്തോളം വരുന്ന ജനസംഖ്യയിൽ കുട്ടികളും, വാർദ്ധക്യമുള്ളവരേയും മാറ്റിയാൽ ചുരുങ്ങിയത് 15000 എങ്കിലും ഉണ്ടാകും. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് കൊല്ലത്തിൽ ഒരു ദിവസത്തെ ശാരീരിക അധ്വാനം അല്ലെങ്കിൽ തുല്യമായ വിഭവം സംഭാവനയായി സ്വീകരിക്കാം. ഏറ്റവും ചുരുങ്ങിയത് ഒരു ദിവസം 50 പേരുടെ അധ്വാനം അല്ലെങ്കിൽ തുല്യവിഭവം ഉപയോഗിച്ചും നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന്റെ പാതയിലെത്തിക്കാം. ഇതിനായി പഞ്ചായത്ത് നേരിട്ടോ അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചോ പ്രവർത്തിക്കാവുന്നതാണ്.

ലൈസൻസു പുതുക്കാത്ത വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ഫീസ് പിരിച്ചെടുക്കേണ്ടതുണ്ട്. വിനോദനികുതി, പരസ്യനികുതി , തൊഴിൽ നികുതി എന്നിവ കൂടുതൽ കാര്യക്ഷമമായി പിരിച്ചെടുക്കേണ്ടതാണ്. 2500 സ്കയർ ഫീറ്റിനേക്കാൾ വിസ്തീർണ്ണം കൂടുതലുള്ള വീടുകൾക്ക് കെട്ടിട നികുതിയിൽ പ്രത്യേക വർധനവും ആവശ്യമാണ്.

പഞ്ചായത്തിലെ മരാമത്തു പണികൾ ഇടത്തട്ടുകാരായ കോൺട്രാക്ടറെ ഒഴിവാക്കി ജനകീയ കമ്മറ്റികൾ മുഖേന നടത്തണം.

5 (13) ടൂറിസം

അടാട്ട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിലങ്ങൻകുന്ന് തൃശൂർ നഗരത്തോട് അടുത്ത് കിടക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. തൃശൂർ പട്ടണത്തിൽ നിന്ന് 8 കിലോമീറ്റർ മാറി തൃശൂർ – ഗുരുവായൂർ സംസ്ഥാനപാതക്കരികിലാണ് വിലങ്ങൻ സ്ഥിതി ചെയ്യുന്നത്. പ്രകൃതിരമണീയമായ അടാട്ട് പഞ്ചായത്തിൽ വിലങ്ങൻകുന്ന് ഒഴിച്ചാൽ മറ്റ് ടൂറിസ്റ്റ് കേന്ദ്രം ഒന്നുമില്ല. ഏകദേശം 5 വർഷംമുമ്പ് പൊതുജനങ്ങളുടെ താൽപര്യപ്രകാരം കേരള ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ ഏറ്റെടുത്തു. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. നാടൻകലകൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ പ്രത്യേകമാസങ്ങൾ നോക്കി വിലങ്ങൻ കുന്നിന്മേൽ അവതരിപ്പിച്ച് ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. അതുപോലെ ഒരു ദ്വീപുപോലെ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് വർഷക്കാലത്ത് ബോട്ടുസൗകര്യം ഏർപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കേണ്ടതാണ്.

നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. വിലങ്ങൻകുന്നിൻ മുകളിൽ ആവശ്യമായ വെള്ളമോ ലൈറ്റോ ഇല്ല.
2. സെക്യൂരിറ്റികളുടെ അഭാവം മൂലം പ്രത്യേകിച്ച് രാത്രി കാലങ്ങളിൽ അനാശാസ്യപ്രവർത്തനങ്ങൾ നടമാടുന്നു.
3. കേരള ടൂറിസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓപ്പൺ സ്റ്റേജ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതു മുഴുവനാക്കി ടൂറിസ്റ്റുകൾക്ക് ഉപയോഗയോഗ്യമാക്കിയിട്ടില്ല.
4. തണലിനുവേണ്ടി ധാരാളം മരങ്ങൾ വെച്ചുപിടിപ്പിക്കണം
5. വിലങ്ങൻക്കുന്നിലേക്ക് നല്ല റോഡുകളുടെ അഭാവമുണ്ട്.
6. നല്ല ഒരു ഗാർഡൻ വെച്ചുപിടിപ്പിച്ചാൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.
7. വേണ്ട സെക്യൂരിറ്റികളെ ഏർപ്പെടുത്തിയാൽ അനാശാസ്യ പ്രവർത്തനങ്ങൾ തടയുന്നതിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.
8. പൈപ്പ് സൗകര്യം ഏർപ്പെടുത്തിയാൽ വേണ്ടത്ര വെള്ളവും ഇലക്ട്രിസിറ്റി സൗകര്യവും ഏർപ്പെടുത്തിയാൽ വേണ്ടത്ര വെളിച്ചവും ലഭിക്കും
9. ഓപ്പൺ സ്റ്റേജിൽ പ്രത്യേക മാസങ്ങളിൽ നാടകമോ, നാടൻ കലകളോ അവതരിപ്പിച്ച് ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാം.
10. വിലങ്ങൻ കുന്നിനുമുകളിൽ ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് ഒരു ടൂറിസ്റ്റ് ബംഗ്ലാവ് ആവശ്യമാണ്.
11. കരകൗശല വിദഗ്ദ്ധരുടെ കരകൗശല സാധനങ്ങൾ വിറ്റഴിക്കുന്നതിന് വിലങ്ങൻ കുന്നിന്മേൽ ഒരു കരകൗശല സ്റ്റാൾ സ്ഥാപിക്കണം.
12. മോട്ടോർ, സൈക്കിൽ, ടാക്സി, കുതിരവണ്ടി, എന്നിവ കുന്നിൻ മുകളിലേക്കുള്ള യാത്രയ്ക്കായി മുതുവറ, അമല കേന്ദ്രീകരിച്ച് ഏർപ്പെടുത്തേണ്ടതാണ്.
13. മുൻപ് നടത്തിയിട്ടുള്ളതുപോലെ മുള്ളൂർ കായലിൽ ഓണക്കാലത്ത് വള്ളംകളി നടത്തി ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നതാണ്.
14. വിലങ്ങൻ കുന്നിന്മേൽ ടൂറിസ്റ്റുകൾക്ക് പ്രാഥമിക സൗകര്യങ്ങൾ നടത്താൻ കെട്ടിടം വേണ്ടതാണ്.
15. വിലങ്ങൻകുന്ന് ടൂറിസ്റ്റ് കേന്ദ്രത്തോട് ചേർന്ന് ഒരു റോളർ സ്കേറ്റിങ്ങ് ക്ലബ് ആരംഭിക്കേണ്ടതാണ്.
16. വർഷകാലത്ത് കായലുകളിൽ ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തിയാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.
17. മുടങ്ങികിടക്കുന്ന ഗജമേള പുനരാരംഭിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.
18. വിലങ്ങൻകുന്ന് ടൂറിസ്റ്റ് കേന്ദ്രത്തോട് അനുബന്ധിച്ച് ഒരു സ്വിമിംഗ് പൂൾ തുടങ്ങേണ്ടതാണ്.
19. വിലങ്ങൻകുന്നിലെ രണ്ടാം ലോകമഹായുദ്ധകാലത്തെ സൈനികതാവളത്തിന്റെ അവശിഷ്ടം സംരക്ഷിക്കേണ്ടതും ടൂറിസം വികസനത്തിന് ആവശ്യമാണ്.
20. വാനനിരീക്ഷണത്തിന് വിലങ്ങൻ കുന്നിൻ മുകളിലെ ദൂരദർശിനി സ്ഥാപിക്കേണ്ടതാണ്.

ഉപസംഹാരം

ഒൻപതാം പദ്ധതിയുടെ ഭാഗമായ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ അന്ത്യത്തോടടുത്തിരിക്കുകയാണ് നാം. ഈ പഞ്ചായത്തിന്റെ പ്രധാന പ്രശ്നങ്ങളെല്ലാം ഇവിടെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു. ഒന്നാം ഘട്ട പ്രവർത്തനം ഗ്രാമസഭകളുടെ രൂപീകരണത്തിലും, അവിടെ നടന്ന വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന അതാതു പ്രദേശങ്ങളിലെ പ്രശ്നങ്ങളെയും, അവയുടെ പരിഹാരങ്ങളെയും, സാധ്യതകളെയും നിർദ്ദേശിക്കുന്നതിലും ആണ് അവസാനിച്ചത്. രണ്ടാം ഘട്ട പ്രവർത്തനമാവട്ടെ ആ നിർദ്ദേശങ്ങളുടെ ക്രോഡീകരണത്തിലും വിശദമായ പഠനങ്ങളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട, പഞ്ചായത്തിന്റെ വികസന രേഖയിൽ എത്തി നില്ക്കുന്നു. പഞ്ചായത്തുവികസന സെമിനാറിൽ അവതരിപ്പിച്ച് ഈ കരടു രേഖയിലെ സാമൂഹ്യ സാമ്പത്തിക മേഖലകളെ വീണ്ടും വിശദമായി ചർച്ച ചെയ്ത് ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സമാഹരിക്കുന്നതോടെ രണ്ടാംഘട്ട പ്രവർത്തനവും പൂർത്തിയാകും.

ഗ്രാമസഭകളിൽ നിന്നുയർന്നു വന്നതും, വികസന സെമിനാറിൽ നിന്ന് നിർദ്ദേശിക്കുന്നതും ആയ എല്ലാ പ്രശ്നങ്ങളും, പരിഹാരങ്ങളും, സാധ്യതകളും ചേർന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസന റിപ്പോർട്ട്. ഇവയിൽ നിന്നും അടിയന്തിര പ്രാധാന്യമുള്ളതും, ക്ഷേമകരവും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും, ഉല്പാദന വർദ്ധന വിനോ, ഉല്പാദനക്ഷമതാ വർദ്ധന വിനോ സാധ്യതയുള്ളതും ആയ പ്രശ്നങ്ങൾക്ക് തീർച്ചയായും മുൻഗണന നൽകേണ്ടതായുണ്ട്. നാട്ടറിവുകളും, സാങ്കേതിക വിദഗ്ദ്ധരുടെ വൈദഗ്ദ്ധ്യവും, ജനപ്രതിനിധികളുടെ വിവേചന ബുദ്ധിയും ചേർന്നാണ് ആസൂത്രിത വികസന പ്രക്രിയയിൽ മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കേണ്ടത്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതുണ്ട്. പൈപ്പുജലത്തെ ഏറെ ആശ്രയിക്കാതെ പ്രാദേശികമായ സംവിധാനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് മുൻഗണന നല്കുയാവും നിലവിലുള്ള സാഹചര്യത്തിൽ ഏറ്റവും ഉചിതം. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഏർപ്പെടുത്തേണ്ടതും ആവശ്യമാണ്. ഓരോ കുടുംബത്തിനും കാർഷികോല്പാദന വർദ്ധനവിന് ഒരു പദ്ധതിയുണ്ടായിരിക്കുക, ഈ ഉല്പന്നങ്ങളുടെ വിനിയോഗത്തിലൂടെ നാടിന്റെ പുരോഗതിക്കുതകുന്ന പൊതുസംരംഭങ്ങൾ നടപ്പിലാക്കുക, സാമൂഹ്യ നീതിക്കുവേണ്ടി പ്രവർത്തിക്കുക, ക്ഷേമകരങ്ങളായ പദ്ധതികൾ നടപ്പാക്കുക, ഓരോ സ്ത്രീയ്ക്കും

സമൂഹത്തിൽ മഹനീയമായ സ്ഥാനമുണ്ടാക്കുക എന്നിങ്ങനെ സമഗ്രതലസ്പർശിയായ ഒരു വികസന ക്രമം സാധിതമാക്കേണ്ടതുണ്ട്.

കാർഷിക മേഖലയിലേയും, വ്യാവസായിക മേഖലയിലേയും ഉല്പാദന രംഗത്തെ മുരടിപ്പ് പരിഹരിച്ചാലേ നാടിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളു. അതിനാൽ ഈ രംഗങ്ങളിലെ ഉല്പാദന വർദ്ധനവിനും, ഉല്പാദനക്ഷമതാ വർദ്ധനവിനും നിലവിലുള്ള സാഹചര്യങ്ങളെ പരമാവധി ഉപയോഗിച്ചുകൊണ്ട് മുൻഗണന നല്കേണ്ടതുണ്ട്. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നല്കുന്നതോടൊപ്പം വിദ്യാസമ്പന്നരെ കാർഷിക മേഖലയിലേതടക്കം ഏതു തൊഴിലും ചെയ്യുവാൻ സന്നദ്ധരാക്കുമാറ് നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് പല തൊഴിലുകളും കൂടുതൽ ആകർഷകമാക്കേണ്ടതുണ്ട്.

ബഹുജന പങ്കാളിത്തത്തോടെ കൃഷി, മൃഗ-സംരക്ഷണം, ചെറുകിട-വൻകിട വ്യവസായ സംരംഭങ്ങൾ, സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, വനിതാ ക്ഷേമ പ്രവർത്തനങ്ങൾ, ശിശുക്ഷേമപ്രവർത്തനങ്ങൾ എന്നിവയ്ക്കും പ്രാധാന്യം നല്കാൻ ഉദ്ദേശിക്കുന്നു. ദേശസാൽകൃത ബാങ്കുകളും, സഹകരണബാങ്കുകളും ലാഭത്തിൽ നിന്ന് ഒരു വിഹിതം നാടിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കാൻ തയ്യാറായാൽ സ്വകാര്യസ്ഥാപനങ്ങളും ആമാതൃക പിൻതുടരാൻ തയ്യാറാകും. ഇത് സഹകരണരംഗത്തും വിഭവ സമാഹരണരംഗത്തും വമ്പിച്ച ഒരു നേട്ടവും, പുതിയ ഒരു കാൽ വെയ്പും ആയിരിക്കും.

പ്രകൃതിയിൽ നിന്ന് വേറിട്ട് മനുഷ്യന് ഒരു ജീവിതം സാധ്യമല്ലെന്ന സത്യം മനസ്സിലാക്കി നമ്മുടെ നിലനില്പിനു തന്നെ ആധാരമായ പ്രകൃതിവിഭവങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ശ്രമിക്കാം. പ്രധാന കാർഷികമേഖലയായ ഈ പ്രദേശത്തെ ഹരിതമയിയാക്കി നില നിർത്താം. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ എല്ലാ മേഖലകളിലുമുള്ള സമഗ്ര വികസനത്തിന് മുൻ തൂക്കം നല്കാം. ഇതിനായി വ്യക്തി, ജാതി, മത, കക്ഷി രാഷ്ട്രീയത്തിന്നതീതമായി ഒരു കൂട്ടായ്മ ആവശ്യ മാണ്.




ഫാർമേഴ്സ് അടക്ക

